# ANNUAL 89



annual '89
sacred heart college thevara



അക്രമിക്കപ്പെടൽ പുതിയ പദമല്ല.
മർദ്ദനം ഒരു പുതിയ പദമല്ല.
മരണം നമുക്ക് പുതിയ പദമല്ല.
സഫ്ദർ ഹഷ്മി പുതിയ പദമാണ്.
ഉണരുക. ജാഗരൂകരാകുക
എന്നാണതിനർത്ഥം.
ഞങ്ങൾ ഈ സ്മരണിക സഃ സഫ്ദർ 'ഹഷ്മിക്ക്'
സമർപ്പിക്കുന്നു.

We acknowledge

- Sculptures & Paintings
  Lalith Kala Contemporary 7 & 8
  Thiruvarangu
- 'Viplavathinte Calendar' from Chintha
- Kalamandalam Krishnan Nairude atmakatha from Kalakaumudi
- Pictures in 'Reincarnation' from Reincarnation and Rebirth
- 'Puramkavithakal' from Student
- 'Street theatre' from Students Struggle.
- Thakar Commission Reportinu Sesham' from Kalakaumudi

  Cover:
  Colour Transparency
  Nazar.
- Printing: Orient House of Printing, Ambelipadam Road, Vyttila, Cochin-19.
  Cover Printing: S. T. Reddyar & Sons,, Ernakulam.
  Blocks: Ernakulam Blocks, Ernakulam.



PRINCIPAL

REV. FR. DR. DAN THOTTAKKARA

ex-officio members
rev. fr. dan thottakkara
manoj kumar c. m.
beji mathew.

staff advisors
narayanan namboodiri
tom varghese
c. s. francis

editorial board
rajeev
sunil
ullas

feature unit
thankachan p. a.
soumini k.
thomas. t. varghese

editor
prasanth balachandran

statement and ownership form iv (rule viii)

| | |
|---|---|
| place of publication | thevara |
| periodicity | annual |
| printer's name | rev. fr. dan thottakkara |
| nationality | indian |
| address | principal, s h. college, thevara |
| publisher's name | same as above......... |
| nationality | indian |
| editor's name | prasanth balachandran |
| nationality | indian |
| address | editor, s. h college, thevara |
| owner ship | s. h. college, thevara |

i, fr.dan thottakkara,here by declare that the particulars given above are true to the best of my knowledge and belief

s/d
rev. fr. dan thottakkara



കാലത്തിന്റെ വഴിത്താരയിൽ
ആയവിറക്കാൻ ഒരു
നിമിഷം.
കഴിഞ്ഞുപോയ അനുഭവങ്ങൾക്ക്
ഒരടിക്കുറിപ്പ്.

എഡിറ്റർ

സ്വാന്തനങ്ങളോ പരിലാളനകളോ ഏശാത്ത,
മനസ്സുകളും പേറിക്കൊണ്ട് നാമിന്ന് യാത്ര
തുടരുകയാണ്. ശൂന്യത മാത്രം കളിയാടുന്ന
ഈ പാന്ഥാവിൽ കുളിർമ്മയേകാൻ തണലു
കളോ വരണ്ടുണങ്ങിയ തൊണ്ട നനയ്ക്കാൻ
ഒരിററ് ഇളനീരോ നമുക്ക് വേണ്ടി കാത്തി
രിക്കുന്നില്ല എന്ന സത്യം അവശേഷിക്കുന്നു.
മാതൃത്വത്തിന്റെ മാധുര്യം
പേർത്തും പേർത്തും ആസ്വദിച്ചു വന്ന
തലമുറയുടെ അന്ത്യം കാണുന്നു.
അമ്മയുടെ മടിത്തട്ടിലമർന്ന്,
കൈകാലുകൾ അന്തരീക്ഷത്തിൽ ചുഴററിയെറിഞ്ഞ്,
മുലപ്പാൽ നൊട്ടിനുണഞ്ഞിരുന്ന കുഞ്ഞ്,
ഇപ്പോഴാകട്ടെ,
കൈകാലുകൾ മരവിച്ച
അവൻ
തൊട്ടിലാട്ടുന്ന കൈകളുടെ
തലോടലിനായി
കാത്തിരിക്കുന്നു.



മഴ അൽപ്പം കുറഞ്ഞതേയുള്ളൂ.
എങ്കിലും ഇറയ്ത്തിലെ ചിണുങ്ങിപ്പതിക്കുന്ന നീർത്തുള്ളികൾ.
അവനിക്കിളി തോന്നി.
എന്തു ഇടങ്ങിയതാണീ മഴ. ഇന്നലെ.......ഇന്ന്.....
....നാളെ.
അവനറിയാതെ ആശിച്ചുപോയി.
എന്നും മഴയായിരുന്നെങ്കിൽ!
പക്ഷേ ഒരു കാര്യം, ഇടിയും മിന്നലും അതു മാത്രം വേണ്ട.

മാനം നിറഞ്ഞു മഴ പെയ്യാലേ താഴത്തെ ചിറയിൽ വെള്ളമെത്തു. പിന്നെ കൈതക്കാടുകൾക്കിടയിലൂടെ.......... പുഞ്ചവയലിലൂടെ.......ചിറയുടെ തിട്ടകളിലൂടെ..........
ആദ്യമഴയുടെ ആരവം അകന്നപ്പോൾ അവർ ഇറങ്ങിയിരുന്നു. രാത്രിയുടെ കോട്ട ഭേദിച്ച്, അന്നൊരത്തിരി മിന്നാമിനുങ്ങുകൾ പാടത്തിറങ്ങി. ഒരുനൂറ്..........ഒരായിരം റാന്തലുകൾ.
തിരിച്ചെത്തുമ്പോൾ വട്ടികളിൽ ഒത്തിരി മീനുകൾ. ചത്ത മീനുകൾ, പിടയുന്ന ജീവനുള്ളവയും—



അവ ചൂരൽ വട്ടികൾക്കുള്ളിൽ ചേറിനും പുൽപ്പററുകൾക്കും നടുവിൽ കണ്ണുതുറിച്ച് കിടന്നു. ചേറിന്റെ മണം. അവനാഞ്ഞു ശ്വസിച്ചു. ഈ ഗന്ധമാസ്വദിക്കാൻ എത്ര കൊതിച്ചിരുന്നു! വയൽ വരമ്പത്ത് ആരോ വെട്ടിയിട്ട കൈതയോലകൾ. മുള്ളിൽ ചവിട്ടാതെ നടക്കുമ്പോൾ പാടത്തിന് നടുവിലെ കുളത്തിൽ കളിക്കുന്ന പെണ്ണുങ്ങളുടെ ഉറക്കെയുള്ള ചിരി. ദൂരമധികമൊന്നുമില്ല. അൽപ്പമകലെ.

"വേണ്ട". അവന്റെ മനസ്സവനോട് പറഞ്ഞു. "വേണ്ട നടക്കാം."

കണ്ണുകളിലിപ്പോഴും ഉറക്കം ബാക്കിനിൽക്കുന്നു. തലയിലെ എണ്ണ ഊർന്നിറങ്ങിയ ക്ഷീണം വേറെയും. എങ്കിലും അവന് ഉന്മേഷം തോന്നി. മാനത്തുനിന്ന് ഒരു മഴക്കാറ് മാറിയപ്പോൾ പെട്ടെന്ന് പുഞ്ചപ്പാടത്തും ചിറയിലും പിന്നെ മേലേക്കുന്നുകളിലും വെളിച്ചം വന്നു. പകലിന്റെ അനുഗ്രഹം അവന് മേലെയും പതിച്ചു. നല്ല വെയിൽ.

നോക്കെത്താ ദൂരത്ത് പരന്നു കിടക്കുന്ന പാടം. അങ്ങകലെ എവിടെയോവച്ച് ആററിലെ വെള്ളം പുഞ്ചയിലേക്ക് കയറുന്നു. വർഷകാലത്തെ കനത്ത മഴയിൽ, അവർ കണ്ടു നിന്നിട്ടുണ്ട്, ആററുവെള്ളം പുഞ്ചപ്പാടത്ത് കയറിയെത്തുന്നത്. ആദ്യം പാടങ്ങളെ തൊട്ടുരുമ്മിയുരുമ്മി. പിന്നെ മുട്ടനനച്ചു കൊണ്ട്. നീന്തിക്കളിക്കാനുള്ള തൃഷ്ണ. സന്ധ്യയ്ക്കു പോലും ഒരു ലാഞ്ഛനയുമില്ല ആററുവെള്ളത്തിന്റെ. രാത്രി നാടുകുളിർപ്പിച്ചുകൊണ്ട് പേമാരി. പകൽ ശാന്തമായ അലയാഴി പോലെ കുഞ്ഞോളങ്ങൾ നിറഞ്ഞ പുഞ്ചപ്പാടം കാണാറാകും. പാടത്തിന്റെ കരയിൽ വരിവരിയായി തീരത്തെ കുട്ടികൾ കാഴ്ചക്കാരായി. പൊള്ളുന്ന ചൂടിലും സുഖദമായ സ്പർശമായി, സാന്ത്വനമായി കുളിർമ്മയുള്ള കാററ് പാടത്തിന്റെ അങ്ങേത്തലയ്ക്കൽ നിന്നും. ആ കാററിന്, ആറിന്റെ ഗന്ധം പുഞ്ചപ്പാടത്തിന്റെ ഗന്ധം. പാടത്തെ കൈതയോലകളുടെ ഗന്ധം പിന്നെ അവരുടെ ഗന്ധം.

ഈ വെയിലിലൂടെ, വെളിച്ചത്തിലൂടെ ഒററയ്ക്ക് നടക്കാൻ എന്തു രസം.

ആദ്യമേ മനസ്സിലുയർത്തിയ വേലിയേററങ്ങൾ.

ഇറക്കമില്ലാതെ അതെല്ലാം ഇപ്പോഴുമവന്റെ മനസ്സിൽ. കൂട്ടം തെററിയ കുഞ്ഞാടിനെപ്പോലെ, വാഗ്ദത്ത ഭൂമിയിലെ സഞ്ചാരിയെപ്പോലെ അവൻ ആ തീരത്തുകൂടി നടന്നു. കണ്ണെത്താദൂരത്തായിക്കഴിഞ്ഞിരുന്നു അപ്പോഴേയ്ക്കു അവന്റെ കുന്നും പുൽമേടുകളും.

അബ്ദുൾഹക്കീം
II വർഷ രസതന്ത്രം

അക്ഷരം അറിവിന്റെ താക്കോലാണ്. ഐശ്വര്യത്തിലേയ്ക്കുള്ള രാജവീഥി തുറക്കപ്പെടുന്നത് അക്ഷരജ്ഞാനത്തിലൂടെയാണ്. നമ്മുടെ ഭരണാധികാരികളെ തെരഞ്ഞെടുക്കാനവകാശപ്പെട്ട പൗരന്മാരിൽ അറുപതു ശതമാനവും നിരക്ഷരരാണെങ്കിൽ രാജ്യത്തിന്റെ ഭാവി ഭാസുരമാവുക അസാധ്യമാണ്. ജനസംഖ്യാവർദ്ധനവിന് ആനുപാതികമായ വളർച്ച വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്നില്ല. പുരോഗതിയും നിരക്ഷരതയും ഒരുമിച്ചു പോകില്ല എന്നതാണ് വാസ്തവം.

അവിരാമമായ വിദ്യാഭ്യാസത്തിന്റെയും വയോജന വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യം സാധാരണക്കാർക്ക് ബോധ്യപ്പെടുത്താൻ നാം ശ്രമിക്കണം. വയോജന വിദ്യാഭ്യാസത്തിന്റെയും സാക്ഷരതാ പ്രസ്ഥാനത്തിന്റെയും മേഖലയിൽ ഗൗരവ ബുദ്ധിയോടെ നേതൃത്വം നൽകുന്നതിനുള്ള സംരംഭങ്ങൾ ആവിഷ്കൃതമാകേണ്ടിയിരിക്കുന്നു. അതിനുവേണ്ടി വയോജന വിദ്യാഭ്യാസ കേന്ദ്രങ്ങളും സാക്ഷരതാ കേന്ദ്രങ്ങളും ഗ്രാമപ്രദേശങ്ങളിലും പട്ടണങ്ങളിലും തുടങ്ങിവയ്ക്കണം.

സാക്ഷരതാ പ്രസ്ഥാനത്തിന്റെ പ്രധാന ശക്തികേന്ദ്രം വ്യാപകവും സമ്പൂർണ്ണവുമായ ബഹുജനസഹകരണമാണ്. എന്നാൽ, സാക്ഷരതയെത്തുടർന്ന് മറ്റു വിദ്യാഭ്യാസ പരിപാടികൾ ഉണ്ടായില്ലെങ്കിൽ സാക്ഷരതകൊണ്ട് ഒന്നും നേടാനാവില്ല— അക്ഷരജ്ഞാനം ലക്ഷ്യമല്ല; മാർഗ്ഗമാണ്.

# 'ബേ ഓഫ് പിഗ്സ്' വീണ്ടും

ജനകീയ ചൈന റിപ്പബ്ലിക്കിലെ മെയ്–ജൂൺ കാലത്തെ അസ്വാസ്ഥ്യം അടുത്ത കാലത്തെ സാർവ്വദേശീയ സംഭവവികാസങ്ങളിൽ ഏററവും ശ്രദ്ധേയമാണ്. ടിയാനെൻമെൻസ്ക്വയറിൽ വിദ്യാർത്ഥികൾ തുടങ്ങിവച്ച കലാപവും പിന്നീടുണ്ടായ അനിഷ്ടകരങ്ങളായ സംഭവവികാസങ്ങളും പരിശോധിച്ചാൽ ഈ കലാപത്തിനു പിന്നിലുള്ളവരുടെ മുഖങ്ങൾ വ്യക്തമാകും.

മെയ്മാസത്തിലാണ് ബെയ്ജിങ്ങ് യൂണിവേഴ്സിററിയിലെ വിദ്യാർത്ഥികളിൽ ചിലർ 'കൂടുതൽ സ്വാതന്ത്ര്യ'ത്തിനുവേണ്ടിയും അവകാശങ്ങൾക്കു വേണ്ടിയും സമരമാരംഭിച്ചത്. സമരപരിപാടികളുമായി മുന്നോട്ട് പോകുന്ന ഘട്ടങ്ങളിലും തങ്ങളുടെ പ്രതിഷേധപ്രകടനത്തിന്റെ സ്വഭാവത്തെപ്പററിയോ ഉദ്ദേശ ലക്ഷ്യങ്ങളെപ്പററിയോ വ്യക്തമായ യാതൊരു രൂപവും സമരക്കാരായ വിദ്യാർത്ഥികൾക്കില്ലായിരുന്നുവെന്നത് ലോകമെമ്പാടുമുള്ള സോഷ്യലിസ്റ്റ് വിരുദ്ധരും കുത്തകമുതലാളിത്ത മാദ്ധ്യമങ്ങളും കൂടി സമ്മതിക്കുന്നകാര്യമാണ്. നിയതമായ ഒരു രൂപവുമില്ലാതെ ആരംഭിച്ച കലാപം എങ്ങനെ ഒരു രാജ്യത്തെ വ്യവസ്ഥിതിയെയും ഭരണകൂടത്തെയും മാററി മറിക്കാനുള്ള ഉദ്ദേശ്യത്തോടെ ഒരു പ്രതിവിപ്ലവമായി രൂപം പ്രാപിച്ചുവെന്നത് ചിന്തിക്കേണ്ട കാര്യമാണ്.



ഷാവോ സിയാങ്ങ്

## വിദേശ സ്വാധീനം

ചൈനയിൽ നിന്നും ആയിരക്കണക്കിന് വിദ്യാർത്ഥികൾ ഓരോ വർഷവും പുറംരാജ്യങ്ങളിൽ വിദ്യാഭ്യാസാവശ്യങ്ങൾക്കായി എത്തുന്നുണ്ട്. പ്രധാനമായും മുതലാളിത്ത രാജ്യങ്ങളായ അമേരിക്ക, ബ്രിട്ടൻ തുടങ്ങിയ രാഷ്ട്രങ്ങളിൽ – ഈ രാജ്യങ്ങളിലെ സാമൂഹ്യജീവിതക്രമം ഇത്തരം വിദ്യാർത്ഥികളെ ഗണ്യമായി സ്വാധീനിച്ചിട്ടുണ്ട്. ഇത്തരം സ്വാധീനങ്ങൾക്ക് വശംവദരായ വിദ്യാർത്ഥികൾ, മടങ്ങിപ്പോരുമ്പോൾ അവർ പരിചയിച്ച ജീവിതക്രമത്തിന്റെയും സംസ്കാരത്തിന്റെയും അവശിഷ്ടങ്ങളുമായാണ് ജന്മനാട്ടിൽ തിരിച്ചെത്തുന്നത്. രണ്ട് രാജ്യങ്ങളിലെ വ്യവസ്ഥിതികളെയും മൂല്യബോധത്തെയും പൗരസ്വാതന്ത്ര്യത്തിന്റെ അളവിനെയും അളന്നുനോക്കുവാനും പരസ്പരം താരതമ്യം ചെയ്യുവാനുമുള്ള സൂചിക നമുക്ക് ലഭ്യമല്ല. ഒരു സോഷ്യലിസ്റ്റ് സമൂഹത്തിന്റെ അന്തരീക്ഷത്തിൽ നിന്നും സാമ്രാജ്യത്വ മോഹങ്ങൾ മനസ്സിൽ പൂവിട്ടു നിൽക്കുന്ന വ്യവസ്ഥിതിയിലേക്ക് മാറിനിൽക്കാൻ ഇടയായ യുവഹൃദയങ്ങൾക്ക് സംഭവിക്കാവുന്ന വിഭ്രാന്തി, സ്വാഭാവികമായും ഇവിടെയും സംഭവിച്ചു.

തുടക്കത്തിൽ അൽപ്പം തമാശയായും ബാക്കി കാര്യവുമായെ വിദ്യാർത്ഥികൾ അവരുടെ സമരത്തെ വീക്ഷിച്ചിരുന്നുള്ളൂ. ആദ്യഘട്ടങ്ങളിലെ അവരുടെ പ്രതിഷേധത്തിന്റെ മാർദ്ദവത്വവും നിഷ്കളങ്കതയും അത് വെളിവാക്കുന്നുണ്ട്. ആദ്യമൊക്കെ സമരത്തോട് ഒരു പരിഗണനയും കാട്ടാതിരുന്ന ഗവൺമെന്റ് ചർച്ചാസന്നദ്ധമാണെന്ന് കണ്ടപ്പോൾ ഉൽസാഹഭരിതരായ വിദ്യാർത്ഥി നേതാക്കൾ സമരം നിർത്താൻ ആലോചിച്ചിരുന്നു എന്നതിൽ നിന്നും അവരീ സമരത്തെ കാര്യമായെടുത്തിരുന്നില്ല എന്ന് വ്യക്തമാകുന്നു. തൽക്കാലം തങ്ങളുടെ ആവശ്യങ്ങൾ എല്ലാവരും അറിയണമെന്നേ അവർക്കുണ്ടായിരുന്നുള്ളൂ. ഈ ഘട്ടത്തിൽ വിദ്യാർത്ഥി നേതാക്കൾ തങ്ങളുടെ കൂട്ടുകാരോട് പറഞ്ഞു. ''മതി, ഇനി നമുക്ക് പിരിയാം. നമുക്കീ പ്രകടനം അവസാനിപ്പിക്കാം. നിങ്ങൾ എന്റെ കൂടെ കാമ്പസിലേക്ക് മടങ്ങുക.''

എന്നാൽ അപ്പോഴേയ്ക്കും ചെന്നായ്ക്കൾ ആട്ടിൻതോലണിഞ്ഞെത്തിയിരുന്നു. ഇവിടം മുതൽ കലാപത്തിന്റെ നേതൃത്വം ചൈനയുടെ ശത്രുക്കളുടെ കൈകളിലായി. തുടർന്ന്, നിഷ്കളങ്കമായ പ്രതിഷേധത്തിൽ തുടങ്ങിയ സമരം ഒരു വ്യവസ്ഥിതിയെ മുഴുവൻ അട്ടിമറിക്കാനുള്ള ശ്രമമായി മാററപ്പെട്ടു. ഈ പ്രതിവിപ്ലവത്തിൽ ഇരകളായി മാറിയത്, ഒരു പക്ഷേ നിസ്സഹായരായി മാറിയ വിദ്യാർത്ഥികളും.

കലാപകാരുടെ ലക്ഷ്യം വ്യ



ഡെങ്ങ് സിയാവോ പിങ്ങ്



ലീപെങ്ങ്

ക്ഷമായിത്തുടങ്ങിയത് മെയ് 18–നാണെന്ന് തോന്നുന്നു. പ്രധാനമന്ത്രി ലീപെങ്ങും മറ്റും വിദ്യാർത്ഥികളെ കണ്ടത് അന്നാണ്. ചർച്ചയിലുടനീളം ഗവണ്മെന്റ് സമരക്കാർക്ക് കീഴടങ്ങണമെന്ന രീതിയിലാണ് അവർ സംസാരിച്ചത്. ഒത്തുതീർപ്പു ചർച്ചയെ കലാപം വ്യാപിപ്പിക്കുവാനുള്ള അവസരമായി ഉപയോഗപ്പെടുത്തുവാനും അവർ ശ്രമിച്ചു. അവരുടെ വാക്കുകൾ പ്രതിവിപ്ലവം ഏതാണ്ട് വിജയിച്ച മട്ടിലായിരുന്നു. കലാപകാരികളുടെ ഉദ്ദേശ്യം വ്യക്തമായതോടെ ബഹുജനങ്ങളെ അണിനിരത്തുവാനുള്ള ശ്രമം പാർട്ടിയും ഗവണ്മെന്റും ആരംഭിച്ചു. ലീപെങ്ങ്, ജനങ്ങളോട് മെയ് 19–ന് നടത്തിയ പ്രസ്താവന ഈ പശ്ചാത്തലത്തിലായിരുന്നു. കുഴപ്പക്കാരിൽ നിന്നും മാറി നിൽക്കാനും അവരെ ഒറ്റ തിരിച്ച് പരാജയപ്പെടുത്തുവാനും അദ്ദേഹം ജനങ്ങളോട് അഭ്യർത്ഥിച്ചു. തുടർന്ന് മെയ് 20–ന് പട്ടാള നിയമം പ്രഖ്യാപിച്ചു. വിദ്യാർത്ഥികളോട് സ്ക്വയർ ഒഴിഞ്ഞു പോകണമെന്നും ആവശ്യപ്പെട്ടു. ജനകീയ വിമോചന സേനയ്ക്ക് ജനങ്ങളെ കാര്യം ബോദ്ധ്യപ്പെടുത്തുവാനും കുഴപ്പക്കാരെ കുററയൊറെക്ക ഒററപ്പെടുത്തുവാനും കഴിഞ്ഞു. ഒരു വിഭാഗം വിദ്യാർത്ഥികൾ പിരിഞ്ഞു പോയി. ജൂൺ നാലുവരെ സൈന്യം ശക്തി പ്രയോഗം നടത്തിയതായി അമേരിക്കൻ പത്രങ്ങൾ പോലും ആക്ഷേപിച്ചിട്ടില്ല. കഴിവില്ലാഞ്ഞിട്ടല്ലെന്ന് വ്യക്തമാണല്ലോ. തികഞ്ഞ ആത്മസംയമനം പാലിച്ചുകൊണ്ട് കലാപകാരികളുടെ ഉദ്ദേശ്യം എന്തെന്ന് ജനങ്ങളെ പറഞ്ഞു ബോധ്യപ്പെടുത്തി പിന്തിരിപ്പിക്കുന്ന ജോലിയിലാണ് സൈനികർ ഏർപ്പെട്ടത്.

സൈനികർക്കു നേരെ കലാപകാരികൾ നടത്തിയ സായുധാക്രമണത്തെപ്പോലും ശക്തി ഉപയോഗിച്ച് നേരിടാൻ ജൂൺ നാലുവരെ സൈന്യം തയ്യാറായില്ല. കലാപകാരികൾ നടത്തിയ സായുധ ആക്രമണത്തിൽ 180 സൈനിക വാഹനങ്ങളും 40 കവചിത വാഹനങ്ങളും 90 പോലീസ് കാറുകളും 80 ബസ്സുകളും 40 മററ് സൈനിക വാഹനങ്ങളും നശിച്ചു. ഇതിൽ ടാങ്കുകളും പെടും. സൈനികരിൽ നിന്നും മെഷീൻ ഗണ്ണുകൾ വരെ കലാപകാരികൾ പിടിച്ചെടുത്തു. ഇവയെല്ലാം തങ്ങളുടെ വിജയമായി പ്രദർശിപ്പിച്ച് ഊററം കൊണ്ടു. നൂറോളം സൈനികരെ വധിച്ചു. ബെയ്ജിങ്ങിലെ പോലീസ് ഹെഡ്ക്വാർട്ടേഴ്സ്, പാർട്ടി കമ്മിററി ഓഫീസ് പൊതുജന സുരക്ഷിത മന്ത്രാലയം എന്നിവ കലാപകാരികൾ ആക്രമിച്ചു. ഇങ്ങനെ ലളിതമായ ലക്ഷ്യങ്ങളോടെ ആരംഭിച്ച പ്രതിഷേധം ക്രമേണ രാഷ്ട്രത്തിന്റെ കെട്ടുറപ്പിനെത്തന്നെ ചോദ്യം ചെയ്യത്തക്ക രീതിയിൽ വളർന്നപ്പോഴാണ് ജനകീയ വിമോചനസേന രംഗത്തിറങ്ങിയത്.

## അമേരിക്കയുടെ കൈ

ഈ പ്രതിവിപ്ലവ ശ്രമത്തിൽ



ഫാങ്ങ് ലിഷി
പരാജയമടഞ്ഞ
സി ഐ എ ദൗത്യം.

സാമ്രാജ്യത്വ ശക്തികളുടെ പങ്ക്
പ്പോൾ മറനീക്കി പുറത്തുവ
ണ്ട്. അമേരിക്കൻ ബന്ധങ്ങ
ആസ്ട്രോഫിസിസിസ്റ്റായ
പ്രൊ : ഫാങ്ങ്ലിഷിയായിരു
ലാപങ്ങൾക്ക് പിന്നിലെന്ന്
ക്കറെ വ്യക്തമായിട്ടുണ്ട്.
ലിസത്തിനെതിരെയും അമേ
സാമ്രാജ്യത്വ നയങ്ങൾക്ക്
മായും പ്രവർത്തിച്ചുവെന്ന
ആരോപിക്കപ്പെട്ട് തുടർച്ചയാ
ക്ഷിതുകൾക്ക് വിധേയനായ
സോഷ്യലിസ്റ്റ് വിരുദ്ധനാണ്
ങ്ങ്ലിഷി. ലിഷിയുടെ അ
യങ്ങളെപ്പററി അമേരിക്കൻ
ങ്ങൾ പറയുന്നതിങ്ങനെയാ
''സോഷ്യലിസം അപകടമാ
ന്നും മുതലാളിത്തമാണ് ശരി
മാണെയാളുടെ വിശ്വാസപ്രമാണം
ലാപത്തിലൂടെ മുതലാളിത്തം പു
സ്ഥാപിക്കുവാനാണയാൾ ശ്ര
ത്.'' കലാപം പരാജയപ്പെട്ടപ്പോ
അയാൾ ഓടി അഭയം തേടിയത് അ
മേരിക്കൻ എംബസിയിലേക്കാ
ണ്. ടിയാനെൻമെൻ സ്ക്വയറിൽ
ലാപകാരികൾ സ്ഥാപിച്ച പ്ര
മ, അമേരിക്കൻ സ്വാതന്ത്ര്യപ്ര
ആയതും തീർച്ചയും യാദൃച്ഛി
മായിരുന്നില്ല. സോവിയറ്റ്
ചൈനാ ഉച്ചകോടിക്കാലം



പിടിച്ചെടുത്ത ആയുധവുമായി പട്ടാളക്കാരുടെ മുന്നിൽ ആഹ്ളാദപ്രകടനം നടത്തുന്ന സമരക്കാരിലൊരാൾ.

കലാപത്തിന്റെ സമയമായി തിരഞ്ഞെടുത്തതും വളരെ ബോധപൂർവ്വമായിരുന്നു. കലാപത്തിന് പിന്തുണ നൽകിയ കേന്ദ്രങ്ങൾ ഏതെല്ലാമെന്നതും കലാപത്തിന്റെ ലക്ഷ്യങ്ങളെ വ്യക്തമാക്കുന്നു. അമേരിക്ക, ഗ്രേററ് ബ്രിട്ടൻ, ഫ്രാൻസ്, പടിഞ്ഞാറൻ ജർമ്മനി, ഇററലി, കാനഡ, ആസ്ത്രേലിയ തുടങ്ങിയ സാമ്രാജ്യത്വ രാജ്യങ്ങളാണ് കലാപത്തിന് പിന്തുണ നൽകിയവരിൽ പ്രമുഖർ. ജനാധിപത്യത്തെ ശക്തിപ്പെടുത്തുവാനുള്ള ഇവരുടെ മോഹം കുപ്രസിദ്ധമാണല്ലോ.

ബെയ്ജിംഗിലെ വിദ്യാർത്ഥി കലാപം അമേരിക്കൻ പ്രേരിതമായിരിക്കാൻ സാധ്യതകളേറെയുണ്ടെന്ന് കൽക്കത്തയിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന ടെലഗ്രാഫ് പത്രം ജൂൺ 30-ന് റിപ്പോർട്ട് ചെയ്തിരുന്നു. വിദ്യാർത്ഥികളുടെ പ്രക്ഷോഭത്തിന് ശക്തി വർദ്ധിച്ചാൽ ജനങ്ങളൊററക്കെട്ടായി ഉണർന്നുവന്ന് മുതലാളിത്ത ജനാധിപത്യം പുനഃസ്ഥാപിക്കുമെന്നായിരുന്നു സി. ഐ. എയുടെ കണക്കുകൂട്ടൽ. ഇങ്ങനെയൊരു അട്ടിമറി നടത്താൻ അമേരിക്കൻ ചാരസംഘടനയ്ക്കുള്ള താൽപ്പര്യത്തെപററി ടെലഗ്രാഫ് റിപ്പോർട്ട് ചെയ്യുന്നുണ്ട്. നിക്സൺ പ്രസിഡന്റായിരുന്ന കാലത്ത് പുനഃസ്ഥാപിക്കപ്പെട്ട അമേരിക്ക—ചൈന ബന്ധങ്ങൾ കൊണ്ട് അമേരിക്കയുടെ ഒട്ടനവധി താൽപ്പര്യങ്ങൾ സംരക്ഷിക്കുവാൻ കഴിഞ്ഞു. ഈ ബന്ധം നിലനിർത്താൻ വേണ്ടിയാണ് റെയ്ഗൻ. ഹോങ്കോംഗ് ചൈനയ്ക്ക് വിട്ടുകൊടുക്കാൻ ബ്രിട്ടീഷ് പ്രധാനമന്ത്രി താച്ചറുടെമേൽ സമ്മർദ്ദം ചെലുത്തിയതു്. ഇതിന്റെ ഫലമായി 1997-ൽ ഹോങ്കോംഗ് ചൈനയ്ക്ക് ലഭിയ്ക്കുകയാണ്. എന്നാൽ ചൈനീസ് കമ്പോളങ്ങളിലേക്ക് ജപ്പാന്റെ രംഗപ്രവേശം അമേരിക്കൻ താൽപ്പര്യങ്ങളെ നശിപ്പിക്കുവാനുതകുന്നവയാണ്. ഇതു കൂടാതെയാണ് പരസ്പര ബന്ധം നന്നാക്കുന്നതിന്റെ ഭാഗമായുള്ള ഗോർബച്ചോവിന്റെ ചൈനാ സന്ദർശനവും. ചൈന സോവിയററ് യൂണിയനുമായി അടുക്കുന്നതു് അമേരിക്കയുടെ ആഗോള നയത്തിന് നിരക്കുന്നതല്ല. സോഷ്യലിസ്റ്റ് സമൂഹത്തിലുള്ള അഭിപ്രായ വ്യത്യാസങ്ങൾ കുറഞ്ഞതും ജർമ്മൻ ഏകീകരണം വേണമെന്ന ആഗ്രഹം പശ്ചിമ ജർമ്മനിയിൽ പ്രബലമായിത്തുടങ്ങുന്നതും ഇതിന്റെ ഭാഗമായി സോവിയററ് യൂണിയനുമായി അടുക്കുവാനും പശ്ചിമജർമ്മനിയിൽ വിന്യസിച്ചിരിക്കുന്ന അമേരിക്കൻ മിസൈലുകൾ നീക്കം ചെയ്യാനും പശ്ചിമജർമ്മൻ ചാൻസലർ കോൾ ആവശ്യപ്പെട്ടതും അമേരിക്കൻ സാമ്രാജ്യത്വത്തെ വിറളിപിടിപ്പിച്ചിട്ടുണ്ട്.

ഈ ഒററപ്പെടലിൽ നിന്നും രക്ഷപ്പെടാനും ചൈനയെ കൂടെ നിർത്താനും വേണ്ടിയാണ് വിദ്യാർത്ഥി പ്രക്ഷോഭത്തിൽ സി. ഐ. എ. യും മററും ഇടപ്പെട്ടതത്രേ. ക്യൂബയിൽ 1962-ൽ സി. ഐ. എ യുടെ തന്നെ നേതൃത്വത്തിൽ അരങ്ങേറിയ 'ബേ ഓഫ് പിഗ്സും' മററും ഇതുപോലെ തന്നെ പാളിപ്പോയി., ഇന്ത്യയ്ക്കും ബ്രസീലിനും ജപ്പാനുമെതിരെ 'സൂപ്പർ 301' കാണിച്ച് ഉയർത്തിയ ഭീഷണിയും ഏതാണ്ട് ഇതേ ഫലമാണ് ഉളവാക്കിയതു്. ചവിട്ടേററ സാമ്രാജ്യത്വ സർപ്പം കൂടുതൽ പകയോടെ തിരിഞ്ഞു കൊത്താനിടയുണ്ട്. ചൈനയും ഇന്ത്യയുമൊക്കെ കൂടുതൽ ജാഗ്രത പാലിക്കേണ്ട കാര്യമാണിതു്.

വിനോദ്

ഒന്നാം വർഷ ബി. കോം



അഭിപ്രായ സ്വാതന്ത്ര്യത്തിനു നേരെ കനത്ത വെല്ലുവിളികളുയർന്ന വർഷമായിരുന്നു, കഴിഞ്ഞു പോയതു്. സൽമാൻ റഷ്ദിയുടെ 'സാത്താന്റെ വചനങ്ങൾ' എന്ന നോവലിനു നേരെ, പൊതുവെ ലോകരാഷ്ട്രങ്ങളിലെയും പ്രത്യേകിച്ച് ഇസ്ലാമിക രാഷ്ട്രങ്ങളിലെയും യാഥാസ്ഥിതികരുടെ ഭാഗത്ത് നിന്നുയർന്നു വന്ന എതിർപ്പ് അഭൂതപൂർവ്വമായിരുന്നു. ഇറാന്റെ ആത്മീയ നേതാവായിരുന്ന അന്തരിച്ച അയത്തുള്ള ഖൊമീനി ലോകമെമ്പാടുമുള്ള മുസ്ലീം സമുദായക്കാരോട്, നോവലിസ്റ്റിനെ വധിക്കാൻ ആഹ്വാനം ചെയ്തു. അസഹിഷ്ണുതയും അന്ധമായ മതവിശ്വാസങ്ങളും അവയുടെ പാരമ്യത്തിലെത്തിയതു് ലോകം കണ്ടു നിന്നു. നോവലിനെ ആദ്യമായി നിരോധിച്ച രാജ്യം ഇന്ത്യയായിരുന്നുവെന്നതു് ലജ്ജാവഹമാണ്. പ്രസ്തുത നോവലിന്റെയോ ഗ്രന്ഥകാരന്റെ മറ്റു കൃതികളുടെയോ സാഹിത്യമൂല്യമല്ല ഇവിടെ പ്രശ്നം. തങ്ങളുടെ അന്ധമായ വിശ്വാസങ്ങൾക്കെതിരായി ആരു നീങ്ങിയാലും വകവച്ചു കൊടുക്കില്ലെന്ന പ്രവണതയെപ്പററിയാണ് ചിന്തിക്കേണ്ടതു്. ഇരുപത്തൊന്നാം നൂററാണ്ടിലേക്ക് നീങ്ങുന്ന ലോകസമൂഹത്തിന് ഒപ്പം കൊണ്ടുപോകാവുന്ന ഒന്നല്ല, ഈ മനോഭാവം. 'സാത്താന്റെ വചനങ്ങൾ' ക്കെതിരെയും ഇതേ സ്വഭാവമുള്ള മററ് കൃതികൾക്കെതിരെയുമുള്ള നിരോധന ഭീഷണിയ്ക്കെതിരെ ഞങ്ങൾ പ്രതിഷേധിക്കുന്നു.

# The Relevance of a Moral Vision of Life

"Look down, you gods.
And on this couple drop a blessed crown,
For it is you that have chalked forth the way,
Which brought us hither."

The Tempst Act V. Scene I lines 201f.

When Gonzale blessed Ferdinand and Miranda, it was his moral sensibility that spontaneously awakened in his mind the above song.

An instance of the negation of a moral vision of life is ostensible in King Lear, where Gloncester curses the absolute because he appearses to be malevolent.

"As flies to wanton boys are we to the gods,
They kill us for their Sport"

Act IV Scene 1. line 36 f

'Moral' means directed towards or conformed to right. Conzalo prayed that the couple fullfil the duties befitting their conjugal status because 'there is a destiny that directed their end'. Provicence raised a tempest in their lives so that they would be united in love and would be reconciled to the adverse situtations. Gloucester remained obdurate. He is prejudiced against a meaningful explanation of life.

'Gods' designates the mysteriod power that influences the existence and essence of every thing in the universe. 'Look down' refers to the benevolence of that transcendent Reality who is at once immanment in



the world. Gonzalo is eloquenthy melodising humanism and focusing the light of a moralvision of life whereas Glourcester is a symbol of the Greek Pessimism that was disappearing at the wake ofthe Renaissance.

Shakespeare furnishes two contrasting instances of thecodicy. Both the representatives stand for tradition and the human consensus on the objective existence of providence. Is this a blind belief or a rational explanation? Human actions become meaningfull only if God exists really. Philosophy enlightens us on the question of the existence of God.

**1. On Tological Argument.**

God means a perfect Being
Existance is a perfection
Therefore God exists.

Necessary existence is a greater perfection than mere existence. God, therefore exists necessarily.

**2. Cosmological Argument.**

This intends to prove the exisfence of a necessary being who is the primemover or first cause of the universe.

(a) There is movement (transition from potencey to act) in the world. Whatever is moved is moved by another, mediately or immediately. Unless there is an absolute, transcendent, prime mover who is the fullness of sctivity and complete independence, nothing can be moved. That prime mover (God) exists necessarily.

(b) We find in the world subordinote causes. Whatever is caused, is caused by another. Unless there is a

causeless being (a cause who is not caused by another cause) nothing can be caused. That means there exists a First cause who is not subordinated, whose nature is to cause.

(c) The beings in the world are only contingent beings. Whatever is contingent, exists by virtue of another contingent being. Unless there is an ultimate' absolute, necessary being (God), no contingent being can exist.

(d) In the world there is a gradation in the perfection of beings. Whatever exists as more or less perfect, can not exist, unless it participates in the most perfect being whose existence is necessary.

This argument can be simplified like these:-

(1) An imperfect will aiming at what is good cannot be explained except by a perfect will identified with the fulness of good.

(2) A finite good cannot exist except in a relation of dependence to the absolute good.

(3) A limited intelligibility cannot exist except in relation to the absolute intelligibility.

Therefore God's existence stands to human reason.

**Telelogical Argument.**

This argument is intended to prove the existence of an all-good designer and creator of the universe.

We find order in the universe.

Order means right disposition of all things towatds an end. Where there is order, there needs an intellect for it. Therefore the order of tne universe requires the existence of a transcendent creative intellect.

**Explanation of the terms 'Order':**

Order may be intrinsic. when the parts constitute one complete being. For example, the human body is so constituted that every organ has a specific function; yet there is a correlation. Even an atom has an electron a Protan and a neutron It is amazing that the splitting of an atom can produce stupendous energy. Everything functions according to its nature. There is one symbiosis, organisation in all things in the universe.



Order may also be extrinsic, when a being is useful to a superior being For instance grass is useful to animals. Animals are beneficial for man.

Extrinsic order may sometimes escape us. For example we do not know the extrinsic order (utility) of a cobra. But who can deny the intrinsic value of it?

**IV. Proof from moral obligation:**

This argument is drawn from the personal experience of every individual. Let me refer to my own case I am conscious of an absolute moral necessity to do what is good and to avoid what is bad. This moral obligation can be immediately accounted for by the very nature of my will—faculty. But ultimately that consciousness (of moral obligation) is claiming for a personal and actual

subordination to a transcendent will which identifies itself with the absolute fulness of good. It is that self-existing perfect person that we call God.

## V. Argument from the consensus of Mankind:

Mankind as a whose admits the existance of God. Such a conviction cannot be explained except by the capacity of the intellect to catch the cause and effect relationship. We cannot despise the convictionof mankind.

## VI. Argument from the unity of beings:

Things in the world are unified. Any kind of unification calls for a unifier because whatever is un fied, is unified by another. If the unifier is unified by another, then ultimately there should be one who is not unified. who is one by nature. Therefore that unifier who is one by nature (God) must exist.

## VII Proof from Universal Truths:

I am conscious of knowing truths that are universal' necessary and absolute, such as the first principles (e. g. every effect has a cause: a being exists either by itself or with the help of another being), rules of logic (e. g. every action is motived by the agent, nature does nothing in vain, a thing cannot, at the same t me exist and not exist) and axioms of mathematics (e g. $2+2=4$; $(a+b)^2 = a^2 + b^2 + 2ab$; $6\times6=36$)

Though such general and universal truths are accounted for by the very nature of my human intellect (the faculty of knowledge) by abstraction and universal notion, ultimately the very nature of my intellectual faculty, longing to conform itself to the ontological reality, is claiming for the actual dependence upon a transcendent intellect identifying itself with its own transcendent intelligiblity.

That means this: the transcendental and universal character of our human intellect requires the existence of a transcendent,



uniquee and simple intellect. And the nature of this absolute Reality is an act of pure consciousness.

## Value of the proofs for the existence God

Kierkegoard, an existentilalist is of the following opinion, "Whoever therefore attempts to demonstrate the existence of God ........................ is an excellent subject for a comedy of the higher lunacy". Mordecai M. Kaplan, a proponent of naturalist religion remarks, "The immense amount of mental effort to prove the existence of God............ was in vain, since unbelievers seldom become believers as a result of logical arguments." Some of us also think alike. Religion may be rationally attacked or defended: but to refute the philosophic proofs for the existence of God is not to attack religion: and to support philosophic proofs for the existence of God is not to defend religion.

Man is essentially religious, besides being rational. Religious experience is as old as creation itself. A religious man

draws some mvstic powerfrom within himself. He is able to inspire others, and he plays the role of the "light of the world", "the salt of the earth", the temple of the Holy Spirit". The Spirit in man makes him call "Abba father". Such a sage is a living example for the presence of God in man. A moral vision of life is connaturai to man and a pure heart can see God

The Psalmist animates us on the problem of a moral vision of life. Out of the depth of his personality he proclaims the magnificence of God He worships God in spirit. He believes in Him' he loves others for His sake, and hopes to be with Him for ever He sings O Lord, our God,

How majestic is thy name in all the earth:
Thou, whose glory above the heavnes is chanted
By the mouth of babes and infansts.
Thou hast founded a bullwork because of thy foes,
to still the enemy and the avenger.
When I look at they heavens, the work of thy fingers,
The moon, and the stars which thou has testablished;
What is man that thou art mindful of him?
And the son of man thou doest care for him?
Yet thou hart made him littlc less than God,
And dost crown him with glory and honour
Thou hast put all things under his feet,
All sheep and oxen,
And also the beasts of the field,
The birds of the air, and the fish of the sea,

(Psalms & on God's glory)

C. M. DAS, Lecturer
Department of English.

---

## ഞാൻ

ഒന്ന്

ഞാനൊരു പൈതൽ.
ഈ പ്രപഞ്ചമെന്റെ മാതാവ്.
അമ്മിഞ്ഞ പാലൂട്ടുന്നു,
താരാട്ട് പാടിയുറക്കുന്നു,
ഈ പ്രപഞ്ചമെന്റെ മാതാവ്.
ഞാനൊരു പൈതൽ.

ഞാനൊരു പൈതൽ
ഈ ഭൂമിയെന്റെ കളിത്തൊട്ടിൽ.
പിച്ചവച്ചുനടക്കാൻ,
വീണ് വീണുയരാൻ
ഈ ഭൂമിയെന്റെ കളിത്തൊട്ടിൽ.
ഞാനൊരു പൈതൽ.

രണ്ട്

ഞാൻ വളർന്നു.
വെള്ള മേഘങ്ങൾ
എന്നെത്തഴുകി കടന്നുപോകുന്നു.
ജ്യോതിർഗോളങ്ങൾ
എനിക്ക് പ്രകാശം പകരുന്നു.
ഞാൻ വളർന്നു.

ഞാൻ വളർന്നു.
അനാദികാലം എന്നിലുണ്ട്.
വർത്തമാനവും ഭാവിയും എന്നിലുണ്ട്.
അറിവും പൊരുളും എന്നിലായി.
ഞാനജ്ഞനായി: ഞാൻ വിശ്വപൗരനും
ഞാൻ വളർന്നു.

പി. വി. ബാലസുബ്രഹ്മണ്യം
രണ്ടാം വർഷ രസതന്ത്രം.

ഓരോ സായാഹ്നത്തിലും
പകൽ പ്രദോഷം പ്രാപിക്കുമ്പോഴും,
ഓരോ പ്രഭാതവും
നമ്മെ വിട്ടുപോകുമ്പോഴും
നമ്മിൽ ഒരായിരം
നൊമ്പരങ്ങളുയരുന്നു.
ഓരോ വേർപാടും
നമുക്കൊരു നഷ്ടമാണ്.
ഓരോ മനുഷ്യന്റെ മരണവും
നമുക്ക് ഒരു കുറവു വരുത്തുന്നു.

“ഓരോ വേർപാടും നമുക്കൊരു നഷ്ടമാണ്”. ഓരോ മനുഷ്യന്റെ മരണവും നമ്മെയൊരു കുറവുവരുത്തുന്നു



ഗ്രാമത്തിന്റെ നാമ്പ്

'ഭുജംഗയ്യനി'ലൂടെ മലയാളികൾക്ക് പ്രിയങ്കരനായിത്തീർന്ന കന്നടസാഹിത്യകാരൻ ശ്രീകൃഷ്ണ ആലനഹള്ളി, തന്റെ നാല്പത്തിരണ്ടാമത്തെ വയസ്സിൽ, പോയവർഷം നമ്മോട് വിടപറഞ്ഞു. തന്നിൽ എപ്പോഴും എല്ലാററിനും മീതെ മിഴിഞ്ഞു നിൽപ്പുണ്ടായിരുന്ന കട്ടിത്തത്തിന്റെ അംശം, ഗ്രാമീണമായ, പ്രാകൃതമായ, ഒരന്തർധാരയായി കൃതികളിൽ ഫലിപ്പിച്ച്, ഒരു കൂസലും കൂടാതെ ഏതു കൊലകൊമ്പനേയും വരച്ച വരയിൽ നിർത്തി ചോദ്യം ചെയ്ത കഥകൾ സഹൃദയലോകത്തിന് നൽകി. ജീവിതത്തിന്റെ വെളിമയിൽ നിന്ന് അകാലത്തിൽ യാത്രപറഞ്ഞ ജീവിതകാമനയുടെ എഴുത്തുകാരനായ, ആലനഹള്ളി. ഗ്രാമത്തിന്റെ നാമ്പായ കൃഷ്ണക്ക് ഞങ്ങളുടെ ആദരാഞ്ജലികൾ.

നാടക വേദിയുടെ അപൂർവ്വ സാദ്ധ്യതകൾക്കായി തീവ്രമായി അനുധ്യാനം ചെയ്യുകയും അവയ്ക്ക് വ്യാപകമായ അന്വേഷണ മുഹൂർത്തങ്ങൾ തേടുകയും ചെയ്തുകൊണ്ട് ജീവിച്ച ശങ്കരപിള്ള, വരും കാലങ്ങളിൽ പലതരത്തിൽ വിലയിരുത്തപ്പെട്ടേക്കാം. വ്യക്തി എന്നതിലുപരി ഒരു പ്രസ്ഥാനമായിരുന്ന, സംഘാടകനായിരുന്ന, നാടകാദ്ധ്യാപകനായിരുന്ന, മലയാള നാടകവേദിയിലെ കരുത്തനായ ഒററയാനായിരുന്ന മഹാനായ നാടകകലാകാരന് ആദരപൂർവ്വം അന്ത്യാഞ്ജലികൾ.



കരുത്തനായ ഒററയാൻ



ഉത്തരം കാണാത്ത ജീവിതയാത്ര

ജീവരക്തത്തിൽ നിന്നൂറുന്ന ആശയങ്ങൾക്കൊണ്ട കൃതികളുടെ കർത്താവായ ഒബ്രിയെനൻ ആകാശത്തിനു ചുവട്ടിലുള്ള എന്തിനേയും അലസമായി കാണാനും ആക്ഷേപഹാസ്യം കലർന്ന വാക്കുകളിൽ വിലയിരുത്താനും പ്രഗത്ഭനായിരുന്നു. ഉത്തരം തേടിയുള്ള ജീവിതയാത്രയിൽ “ഹൃദയത്തിനുള്ളിൽ ഒരു [illegible]”വുമായി കേരളത്തിലെത്തി ഒരു വൃക്ഷത്തിന് വളമായിത്തീരണമെന്നുള്ള അപൂർവ്വമായ അന്ത്യാഭിലാഷം സാധൂകരിച്ച കേരളക്കരയിൽ വേരുകളുള്ള ആ ലോകപ്രശസ്ത ആംഗലസാഹിത്യകാരന് ഞങ്ങളുടെ ആദരാഞ്ജലികൾ.

"ഓരോ വേർപാടും നമുക്കൊരു നഷ്ടമാണ്". ഓരോ മനുഷ്യന്റെ മരണവും നമുക്കൊരു കുറവുവരുത്തുന്നു"

എൺപത്തൊൻപതാമത്തെ വയസ്സിൽ, സാൽവദോർ ഡാലി അന്തരിച്ചപ്പോൾ പിക്കാസോവിനുശേഷം, ഈ നൂറ്റാണ്ട് കണ്ട ഏറ്റവും സർഗധനനായ ചിത്രകാരന്റെ യുഗത്തിനു തിരശ്ശീല വീണു. അക്കാദമിക്ക് റിയലിസം തൊട്ട് പ്രാദേശിക ക്യൂബിസം വരെയുള്ള തലങ്ങളിൽ അദ്ദേഹം ചിത്രങ്ങൾ രചിച്ചു. ഒടുവിൽ 1924ൽ സർറിയലിസത്തിന്റെ ഉദയത്തിനു ശേഷം ആ പ്രസ്ഥാനത്തിൽ ശ്രദ്ധകേന്ദ്രീകരിച്ച്, മാസ്റ്റർ പീസുകൾ തീർത്തു. നമ്മുടെ അസ്വസ്ഥമായ നൂറ്റാണ്ടിന്റെ ഏറ്റവും പ്രവചനാത്മകമായ പ്രതിച്ഛായകൾ പെയിന്റ് ചെയ്ത, 'അർഹദമൊള്ളാറസ്സി'ന് സ്മരണാഞ്ജലികൾ.



ചിത്രകലയിലെ യുഗപുരുഷൻ



വിമർശക പ്രതിഭ

മലയാളം എന്നും ഓർക്കുന്ന പ്രൗഢങ്ങളായ പല കൃതികളുടേയും കർത്താവായ കൊടുപ്പുന്ന ഈ ലോകം വിട്ടുപോയി. ക്ലാസിക് പാരമ്പര്യത്തിൽ നിന്നു നേടിയ കാവ്യസംസ്കാരത്തിന്റെ ഉടമയായിരുന്നെങ്കിലും വിമർശകനെന്ന നിലയിൽ തികഞ്ഞ റൊമാന്റിക്കായിരുന്നു ആ വിമർശക പ്രതിഭയ്ക്ക് ആദരാഞ്ജലികൾ.

നിർഭയമായ സത്യാന്വേഷണത്തിന്റെ പാതയിൽ മുന്നേറാൻ ബുദ്ധിജീവികളുടെ പുതിയ തലമുറയ്ക്ക് മനക്കരുത്തേകി, കവി, പ്രബന്ധകാരൻ, നിരൂപകൻ, സ്വാതന്ത്ര്യചിന്തകൻ എന്നീ നിലകളിലെല്ലാം അതുല്യനായ ഒറ്റയാനായി വർത്തിച്ച്, മുന്നിൽ നടന്ന പതാകാവാഹകനായിരുന്ന എം. ഗോവിന്ദനും നമ്മെ വിട്ടുപോയി. മലയാള സാഹിത്യത്തിലെ ആധുനികരുടെ ആചാര്യനായിരുന്ന അദ്ദേഹത്തിനു സ്മരണാഞ്ജലികൾ.



ആധുനികരുടെ ആചാര്യൻ

മലയാളത്തിലെ ജനകീയ നോവൽ പ്രസ്ഥാനത്തിന്റെ വക്താവും പ്രശസ്ത സാഹിത്യകാരനും പത്രപ്രവർത്തകനുമായ ശ്രീ. മുട്ടത്തുവർക്കി, മുൻ നിയമസഭാസ്പീക്കറും സാഹിത്യകാരനും കോൺഗ്രസ്സ് നേതാവുമായ ശ്രീ. അലക്സാണ്ടർ പറമ്പിത്തറ, ഷേക്സ്പിയർ കഥാപാത്രങ്ങൾക്ക് ഷേക്സ്പിയറോളം അനശ്വരത പകർന്ന അഭിനയ ചക്രവർത്തി സർ ലോറൻസ് ഒളിവർ, ലാററിനമേരിക്കൻ കവി നിക്കൊളാസ് ഗില്ല്യൻ, പ്രമുഖ നാടകകൃത്തും നടനും മാതൃകാദ്ധ്യാപകനും സാംസ്കാരിക-സാഹിത്യ രംഗത്തെ സമുജ്ജ്വല വ്യക്തിപ്രഭാവവുമായിരുന്ന ശ്രീ. കൈനിക്കര കുമാരപിള്ള, തമിഴ് സാഹിത്യത്തിനും സംസ്കാരത്തിനും തന്റെ പഠനങ്ങളിലൂടെയും ഗവേഷണങ്ങളിലൂടെയും വിലപ്പെട്ട സംഭാവനകൾ നൽകിയ പ്രമുഖ പണ്ഡിതനും ഗ്രന്ഥകർത്താവും പത്രാധിപരുമായ ശ്രീ. കെ. വി. ജഗന്നാഥൻ, ജ്ഞാനപീഠം നേടിയ ഗുജറാത്തി സാഹിത്യകാരനും കേന്ദ്രസാഹിത്യ അക്കാദമിയുടെ മുൻ പ്രസിഡന്റുമായ ശ്രീ. ഉമാശങ്കർ ജോഷി, മലയാള നോവലിസ്റ്റും സിനിമാ സംവിധായകനുമായ ശ്രീ. മൊയ്തു പടിയത്ത്, റേഡിയോ നാടകങ്ങളിലൂടെ ശ്രദ്ധപിടിച്ചുപറ്റിയ സാഹിത്യകാരനായ കെ. ജി. സേതുനാഥ് എന്നിവരും നമ്മോട് വിടപറഞ്ഞവരാണ്. അവർക്കും ഞങ്ങളുടെ ആദരാഞ്ജലികൾ.

## അമ്മ



ഒരു കഥ പറയൂ...............

ഒരിടത്തൊരു രാജാവില്ലായിരുന്നു,

ഇല്ലാത്ത രാജാവിനു് മന്ത്രിയില്ലായിരുന്നു.

ഇല്ലാത്ത മന്ത്രിക്കു് പ്രജകളുമില്ലായിരുന്നു.

ഒരിടത്തൊരിടമില്ലായിരുന്നു.

പിന്നീടു്......................

പണ്ടു് കുന്നിൻമുകളിലൊരു പരുന്തു് വന്നിരുന്നു,

പാടാൻ ശ്രമിച്ചു. പക്ഷേ, പാടാൻ കഴിയാതെ

പരുന്തു് പിടഞ്ഞു ചത്തു.

കാക്ക ചത്താൽ കാക്കകൾ കൂട്ടം.

പരുന്തു് ചത്തിട്ടാരുകൂടാൻ.

എന്നിട്ടു്

പിന്നീടു്, ഞാൻ നിന്റെ അച്ഛനെ വിവാഹം കഴിച്ചു.

പിന്നീടു്,

പിന്നീടില്ല മോളെ, ഇപ്പോഴും.

രാജേഷ് സി. കെ.

രണ്ടാം വർഷ ബി. എസ്‌സി.

(രസതന്ത്രം)

# ജയിലിൽനിന്നുള്ള കത്തുകൾ



നസിം ഹിക്മെത്ത്

1

ഒടുവിലത്തെ കത്തിൽ, എന്റെ പ്രിയസഖി,
നീ പറയുന്നു:
''എന്റെ തല വേദനിക്കുന്നു. ഹൃദയം ഭയവിഹ്വലമാകുന്നു''
നീ പറയുന്നു:
അവർ നിന്നെ തൂക്കിക്കൊല്ലുകയാണെങ്കിൽ
നീയെനിക്ക് നഷ്ടപ്പെടുകയാണെങ്കിൽ
ഞാൻ പിന്നെ ജീവിച്ചിരിക്കില്ല.
എന്റെ പ്രിയപത്നി, നീ ജീവിച്ചിരിക്കണം
ആകാശത്തെപ്പുകപടലം പോലെ
എന്നെക്കുറിച്ചുള്ള സ്മരണകൾ മാഞ്ഞുപോകും
എന്റെ മനസ്സിന്റെ മനോഹരിയായ കൂട്ടുകാരി,
നീ ജീവിച്ചിരിക്കണം
ഈ നൂററാണ്ടിൽ മരണദുഃഖം നീണ്ടു നിൽക്കും,
—ഒരു വർഷത്തേക്കുമാത്രം മരണം....
കയറിന്റെ തുമ്പിൽ തൂങ്ങിയാടുന്ന വെറുമൊരു ശവം.
ഇത്തരമൊരു മരണത്തിന്
എന്റെ മനസ്സാക്ഷി പണയപ്പെടുത്താൻ എനിക്കു വയ്യ.
എന്നാൽ, എന്റെ പ്രിയപ്പെട്ട കൂട്ടുകാരി,
എന്നെ വിശ്വസിക്കുക;
ആരാച്ചാരുടെ രോമാവൃതമായ കരം
എന്റെ കഴുത്തിൽ കയറിടുമ്പോൾ
ഭീതി കാണാൻ, നസീമിന്റെ നീല നേത്രങ്ങളിൽ
അവർ നോക്കുന്നതു് വെറുതെയാണ്, വെറുതെ
എന്റെ അന്ത്യപ്രഭാതത്തിന്റെ അരണ്ട വെട്ടത്തിൽ
എന്റെ സഖാക്കളെയും നിന്നെയും ഞാൻ കാണും.
ശവക്കുഴിയിലേക്ക് ഒരേയൊരു ദുഃഖം മാത്രം
ഞാൻ കൊണ്ടുപോകും.
പൂർത്തീകരിക്കാത്ത ഒരു ഗാനത്തെക്കുറിച്ചുള്ള ദുഃഖം.
എന്റെ പ്രിയപത്നി,
എന്റെ സ്വന്തം മൃദുല മാനസയായ ചിത്രശലഭമേ,
തേനിനേക്കാൾ മധുരമായ കണ്ണുകളോടു കൂടിയവളേ,
മാനവർ വിധിച്ചതു് വധശിക്ഷയാണെന്ന്
ഞാനെന്തിന് നിനക്കെഴുതി? വിചാരണ തുടങ്ങുന്നതേയുള്ളു
ഒരു ചെറുനാരങ്ങപോലെ പറിച്ചെടുക്കാവുന്നതല്ലല്ലോ
മനുഷ്യന്റെ തല.
ദുർബ്ബലമായ ചിന്തകൾ നിന്നെ ദുഃഖിപ്പിക്കരുതു്.
ഇതെല്ലാം വെറും ഊഹങ്ങൾ മാത്രം,
നിന്റെ പക്കൽ പണം വല്ലതുമുണ്ടെങ്കിൽ
എനിക്ക് കമ്പിളിയുടുപ്പുകൾ വാങ്ങുക
കാലിൽ വാതത്തിന്റെ വേദന തോന്നാറുണ്ട്
നിനക്കറിയാമല്ലോ.
ഒരു തടവുകാരന്റെ ഭാര്യ
എപ്പോഴും പ്രസന്നചിത്തയായിരിക്കണം

2

ഈസ്താംബുളിലെ ദുരിതങ്ങൾ — അവർ പറയുന്നു
വിവരണാതീതമാണെന്ന്
പട്ടിണി — അവർ പറയുന്നു—
കൊയ്തെടുക്കുകയാണെന്ന്.
ക്ഷയം രോഗം—അവർ പറയുന്നു

സർവ്വവ്യാപിയായിരിക്കുന്നെന്ന്
ചെറിയ പെൺകുട്ടികൾ—അവർ പറയുന്നു
ഇടവഴികളിലും തിയേറ്ററുകളിലുമാണെന്ന്
വൃത്തികെട്ട വാർത്തകളാണ്
എന്റെ വിദൂരമാത്ര മാതൃനഗരത്തിൽ നിന്ന് കേൾക്കുന്നത്
സത്യസന്ധരും അദ്ധ്വാനികളും ദരിദ്രരുമായ മനുഷ്യരുടെ
യഥാർത്ഥ ഈസ്താംബൂളിൽ നിന്ന്.
എന്റെ ഓമനേ, നീ ജീവിക്കുന്ന നഗരം ഇതാണ്.
ഞാൻ നാട് കടത്തപ്പെട്ട നാടുകളിലെല്ലാം
ഞാൻ ജയിലിലടയ്ക്കപ്പെട്ട നാടുകളിലെല്ലാം
എന്റെ പുറത്തു തൂങ്ങുന്ന ഭാണ്ഡത്തിൽ
ഞാൻ ഏറ്റിക്കൊണ്ടു നടന്ന നഗരം ഇതാണ്.
എന്റെ മകന്റെ മരണത്തിന്റെ
തീക്ഷ്ണ വേദനപോലെ മനസ്സിൽ ഞാൻ
പേറിക്കൊണ്ടു നടന്ന നഗരം ഇതാണ്

3

കണ്ണുകളിൽ നിന്റെ രൂപംപോലെ ഇക്കാലമത്രയും ഞാൻ
സ്വപ്നം കണ്ടുനടന്ന നഗരം ഇതാണ്!
നമ്മുടെ മകന് സുഖമില്ല.
അവന്റെ അച്ഛൻ തടവറയിൽ
ക്ഷീണിതമായ കരങ്ങളിൽ വേദനിക്കുന്ന ശിരസ്സ് താങ്ങി
ദുഃഖിതയായി നീ ഇരിക്കുന്നു.
ഇപ്പോൾ ഒരേസ്ഥിതിയിലാണ് നാം; ഈലോകവും നമ്മളും,
ഈ ദുഷ്കാലത്തിൽ നിന്ന് സ്വാതന്ത്ര്യകാലത്തേക്ക്
മനുഷ്യർ മനുഷ്യരെ നയിക്കും
നമ്മുടെ മകൻ സുഖമാവും,
അവന്റെ അച്ഛൻ ജയിലിൽ നിന്ന് പുറത്തുവരും.
സുവർണ്ണമായ നിന്റെ മിഴികളിൽ
ആഴമേറിയ പുഞ്ചിരി വിടരും,
ഒരേ സ്ഥിതിയിലാണ് നാം; ഈ ലോകവും നമ്മളും.

4

ഇന്നലെ നിന്നെ ഞാൻ സ്വപ്നം കണ്ടു.
തലയുയർത്തി തരള നേത്രങ്ങളാൽ നീയെന്നെ നോക്കി.
നനവാർന്ന നിന്റെ ചുണ്ടുകൾ ചലിക്കുന്നുണ്ടായിരുന്നില്ല.
പക്ഷേ, നിന്റെ ശബ്ദം എനിക്ക് കേൾക്കാമായിരുന്നു.
പാതിരാത്രിയിൽ, വിജയവാർത്തകൾപോലെ
എവിടെയോ മണി മുഴങ്ങുന്നു, എനിക്ക് കേൾക്കാം;
വായുവിൽ അനശ്വരതയുടെ മർമ്മരം; രാപ്പാടിയുടെ കൂട്ടിൽ
നിന്നു വരുന്ന
''മേമോവിന്റെ ഗാനം''
ഉഴുതൊരുക്കിയ വിളനിലത്തിലും
ഭൂമിയുടെ തോടു പിളർന്ന് വിത്തുകൾ മുളക്കുന്ന നാദം
നഗര വീഥിയിൽ നീതിക്കുവേണ്ടി ഒരു ജനക്കൂട്ടത്തിന്റെ
മഹത്തായ ആരവം
നനവാർന്ന നിന്റെ ചുണ്ടുകൾ ചലിക്കുന്നുണ്ടായിരുന്നു.
പക്ഷെ നിന്റെ ശബ്ദം എനിക്ക് കേൾക്കാമായിരുന്നില്ല.
പ്രതിജ്ഞ ആവർത്തിച്ചു കൊണ്ടു ഞാനുണർന്നു.
പുസ്തകത്തിന്മേൽ വീണ് ഞാനുറങ്ങി പോയിരുന്നു.
ഈ ശബ്ദങ്ങൾക്കെല്ലാമിടയിൽ
നിന്റെ ശബ്ദവും ഞാൻ കേട്ടിരുന്നില്ലേ.?

**ജയിലിൽനിന്നുള്ള കത്തുകൾ**



നസിം ഹിക്മെത്ത്

വചനം
ചോരയിൽ പിറന്നു വീണു,
ഇരുണ്ട ഉടലിൽ സ്പന്ദിച്ചു വളർന്നു,
ചുണ്ടിലൂടെ, വായിലൂടെ, പറന്നിറങ്ങി.

അതു് അടുത്തടുത്തുവന്നു—
അകലെയകലെ നിന്നു്, മരിച്ച പിതാക്കളിൽ നിന്നു്,
നാടോടി വംശങ്ങളിൽനിന്നു്,
ദരിദ്രഗോത്രങ്ങൾ കണ്ടു് മനം തകർന്നു്
പാറയിലേയ്ക്കു് മടങ്ങിയ നാടുകളിൽ നിന്നു്,

ദുരിതം തെരുവുകളോടിടപഴകി.
കുടിയേറ്റക്കാർ പുറപ്പെട്ടു, എത്തിച്ചേർന്നു,
പുതിയ നാടുകളും ജലവും വീണ്ടും ഒന്നിച്ചു,
അവർ വീണ്ടും വചനം വിതച്ചു,
അതെ, ഇതാകുന്നു പൈതൃകം,
ഇതാകുന്നു മരിച്ചുപോയവരെയും
വെളിച്ചം കാണാത്ത പുതുജീവന്റെ പുലരിയേയും
നമ്മോടുബന്ധിച്ചു നിർത്തുന്ന തരംഗദൈർഘ്യം

ഭയത്തിന്റെയും നെടുവീർപ്പിന്റെയും ഉടുപ്പണിഞ്ഞ
ആദിവചനത്തിൽ ഇന്നും അന്തരീക്ഷം വിറകൊള്ളുന്നു.
അതു് ഇരുൾ പൊട്ടിപ്പുറത്തു വന്നു,
ആ വചനത്തിന്റെ, ആദ്യമായി ഉച്ചരിക്കപ്പെട്ട വാക്കിന്റെ,
ഇരമ്പുമുഴക്കംകൊണ്ടു മുഴങ്ങുന്ന ഒരിടിവെട്ടും
ഇതുവരെപ്പിറന്നിട്ടില്ല.
ആദ്യമാദ്യം അതൊരു തുള്ളി, ഒരല, മാത്രമായിരുന്നിരിക്കാം
എങ്കിലും അതിന്റെ പെരുവെള്ളച്ചാട്ടം ഇന്നും തുടരുന്നു.

പിന്നെപ്പിന്നെ വാക്കിൽ അർത്ഥം വന്നുനിറയുന്നു.
അതെന്നും ഗർഭിണിയായിരുന്നു, ജീവിതങ്ങൾ
അതിൽ വന്നു. നിറഞ്ഞു.
പിറവികളും നാദങ്ങളുമായി ബന്ധപ്പെട്ടിരിന്നു എല്ലാം
വിശ്വാസം, തെളിമ, കരുത്തു്
നിഷേധം, വിനാശം, മരണം—
പിന്നെ ക്രിയ എല്ലാ അധികാരവും ഏറ്റെടുത്തു
സൗന്ദര്യത്തിന്റെ വൈദ്യുതിയിൽ
സത്തയും ആസ്തിത്വവും വിളക്കിച്ചേർത്തു.
മനുഷ്യവചനം, പദം
പരത്തിയിട്ട വെളിച്ചത്തിന്റെയും

## വചനം



പാബ്ലോ നെരൂദ

വെള്ളിപ്പറവികളാറേന്റെ കരവിരുതിന്റെയും സംയോഗം.
രക്തത്തിന്റെ സംവേദനങ്ങളെല്ലാം സംഭരിച്ചുവെക്കുന്ന
പാരമ്പരാഗതമായ പാനപാത്രം—
ഇതിലാണ്‌ മനുഷ്യ വചനത്തിന്റെ സമ്പൂർണ്ണതയിൽ
മൗനം ഒന്നിച്ചേർക്കപ്പെട്ടത്‌—
മൗനമെന്നാൽ മനുഷ്യത പൂർണമെന്നാണർത്ഥം.

ഭാഷ മുടിനാരുവരെപ്പടർന്നു കിടക്കുന്നു.
ചലനമറിയില്ലെങ്കിലും വായ്‌ സംസാരിക്കുന്നു—
കണ്ണുകൾ പെട്ടെന്ന്‌ വാക്കുകളായി രൂപം മാറുന്നു.
ഞാൻ വചനത്തെ ഒരു വെറും മനുഷ്യാകാരമായിക്കാണുന്നു
ഓർമ്മിക്കുന്നു,
അതിന്റെ സംവിധാനങ്ങൾ എന്നെ അന്ധാളിപ്പിക്കുന്നു,
വായ്‌ മൊഴിയുടെ ഓരോ അവസ്ഥാന്തരങ്ങളിലൂടെയും
ഞാൻ കടന്നു പോകുന്നു,
ഉച്ചരിക്കുമ്പോൾ ഞാൻ ഞാനാകുന്നു,
മിണ്ടാതിരിക്കുമ്പോൾ ഞാൻ വാക്കിന്റെയും മൗനത്തിന്റെയും
അതിർത്തിയോടടുക്കുന്നു,

ഞാനിതാ വാക്കിനുവേണ്ടിക്കുടിക്കുന്നു.
ഒരു വാക്ക്‌, തിളങ്ങുന്ന ഒരു കോപ്പ,
ഉയർത്തിപ്പിടിച്ചു കൊണ്ട്‌,
ഞാൻ അതിൽ ഭാഷയുടെ വിശുദ്ധമായ വീഞ്ഞു കുടിക്കുന്നു,
വചനങ്ങളുടെയെല്ലാം മാതൃസ്രോതസ്സായ ജലം,
വററാത്ത ജലം

കപ്പും വീഞ്ഞും വെള്ളവും ചേർന്ന്‌
എന്റെ ഗാനത്തിനുയിർ നൽകുന്നു.
കാരണം,
ക്രിയയാകുന്നു ഉറവിടം,
ഉണർച്ചയററ ജീവിതമത്‌—
അതു രക്തം
കാതൽ പുറത്തുകാട്ടി
സ്വയം ചുരുൾ വിടരുന്നതിന്റെ
സൂചന നൽകുന്ന രക്തം
വചനം

പളുങ്കിനെ പളുങ്കാക്കുന്നു,
ചോരയെ ചോരയാക്കുന്നു.
ജീവിതത്തെ ജീവിതമാക്കുന്നു.

## വചനം



പാബ്ലോ നെരൂദ

## കണ്ണ്

നിറഞ്ഞ വിഷക്കോപ്പയുമായി
നിയോൺ വെളിച്ചത്തിലെ ഈ രാത്രി
എഴുത്തുമേശക്കരുകളിൽ
ചത്ത ചിന്തയുടെ ചുഴലിക്കുന്നിൽ, വരണ്ട കാഴ്ചയിൽ
പാതികരിഞ്ഞ തീപ്പെട്ടിക്കൊള്ളികൾക്കും
സിഗരറ്റുകുററികൾക്കും ചെതമ്പലുകൾക്കുമിടക്ക്
കോറിമുറിച്ചിട്ട കടലാസുകഷ്ണങ്ങൾക്കിടയിൽ
രണ്ട് കണ്ണുകൾ തുറിച്ചുനിൽക്കുന്നു.
സിററൗട്ടിൽ അല്പം കാററുകാത്ത്
കസേരയിൽ മലർന്നുവീഴുമ്പോൾ
ചെന്നിയിലെ ഞരമ്പുകളിൽ വിയർപ്പും മഞ്ഞും.
ട്രാഫിക് ഐലൻറിന്റെ വൃത്തത്തിൽ
മഞ്ഞിൽക്കുളിച്ച പൂക്കാലം.
അടഞ്ഞ ജനൽവിരിക്കു പുറകിൽ
മങ്ങിയ നീല കിടപ്പറവെളിച്ചത്തിൽ
കുതറിച്ചാടുന്ന അടക്കിയ സ്റ്റീരിയോ സംഗീതം
രാത്രി വണ്ടിയുടെ കിതപ്പ്
ഇരുട്ടിലേക്ക് തുളച്ചുതുളച്ചുപോകുന്ന
സിഗ്നൽ വിളക്കുകളുടെ
മഞ്ഞച്ച പച്ചച്ച ചുവന്നപൊട്ടുകൾ
ഓളങ്ങളില്ലാത്ത കറുത്ത തടാകത്തിലെ
സ്വർണമൽസ്യങ്ങൾപോലെ നക്ഷത്രങ്ങൾ!!
നക്ഷത്രങ്ങൾ! പറിച്ചെടുത്ത ഞരമ്പിന്റെ
ചോരപടർന്ന വേരുകളോടെ കത്തിയെരിയുന്ന
രണ്ട് നക്ഷത്രങ്ങൾ
താഴോട്ട് പതിക്കുന്നു.
സിററൗട്ടിന്റെ ഒരു കോണിൽ
ചുട്ടപഴുത്ത പരിഹാസവുമായി രണ്ടുകണ്ണുകൾ
ഓ! പൊള്ളുന്ന മഞ്ഞ്
വരണ്ട റോഡിനുമേലെ പൊള്ളുന്ന മഞ്ഞിൽ
നിരനിരയായി നിയോൺ കുരിശുകൾ
വെളിച്ചത്തിന്റെ കുരിശിൻ സൂചികൾ നിറഞ്ഞ നഗരം
താഴോട്ട് വിയർത്തു പതിക്കുന്ന പടവുകളിറങ്ങി
നടപ്പാതയിൽ, വഴിവാണിഭക്കാരന്റെ ഭാണ്ഡത്തിൽ,
വിശപ്പിൽ, എച്ചിൽക്കൂനകളിൽ
നഗരവികസന അതോറിററി ആപ്പീസിൽ
നഗരം ചുരുണ്ടു മയങ്ങുമ്പോൾ
ദുസ്സഹമായ ഉണർച്ചയായി രണ്ടു കണ്ണുകൾ
കമ്പനിപടിക്കലെ പൂതലിച്ച സത്യാഗ്രഹപന്തലിൽ
റെയിൽവെയാർഡിലെ കൽക്കരിപ്പൊടിപുരണ്ട
നിദ്രാഹീനമായ ചാരായഗന്ധത്തിൽ വിയർപ്പിൽ
ഓടിത്തളർന്ന ബസ്സുകൾക്കുകീഴെ കരിയണിഞ്ഞ
തെമ്മാടികളുടെ ഉമിനീരൊലിക്കുന്ന മയക്കത്തിൽ
വില്പനനികുതി ഓഫീസിന്റെ വരാന്തയിലെ
മെഴുക്കുപുരണ്ട നിഴലുകളുടെ കെട്ടുപിണഞ്ഞ മോഹത്തിൽ
പഞ്ചനക്ഷത്ര സ്യൂട്ടുകളിൽ സേഠിന്റെ
നിസ്സഹായമായ പൗരുഷത്തിൽ



സുന്ദരരാജൻ

## കണ്ണ്



സുന്ദരരാജൻ

ലയൺസ് ക്ലബ്ബിലെ നര ചിതറിയ മേശകളിൽ
ചിതറിയിട്ട ഒരു കള്ള ചീട്ടുപോലെ
നഗരം പലയാടിത്തളരുമ്പോൾ
സംഹാരത്തിന്റെ പ്രത്യക്ഷത്വമായി രണ്ടു കണ്ണുകൾ
വിശ്രുതമായൊരു സൗഹൃദത്തിന്റെ
തിളങ്ങുന്ന നെററിയിൽ മുഖം പൂഴ്ത്തി
അലയുന്ന പകലുകൾക്കായി
ഹൃദയത്തിൽനിന്നു വലിച്ചെടുത്ത ഞരമ്പാൽ
തലച്ചോറിലേക്ക്, പ്രത്യാശയുടെ ലംബരേഖതീർക്കുമ്പോൾ
ചോരയൊലിക്കുന്ന രണ്ടു കണ്ണുകൾ
കാഴ്ചകളെ കീഴ്മേൽ മറിക്കുന്നു.
ഈ കണ്ണുകളുടെ ചൂണ്ടപ്പാടിന്നപ്പുറം
മനസ്സിനൊരു മതിലു കെട്ടണം.
കാലുഷ്യത്തിന്റെ കരിങ്കല്ലിൽ, വെറുപ്പിന്റെ
നിർവ്വികാരതയുടെ സിമന്റും മണലും ചേർത്തു്
വാക്കുകളുടെ കുപ്പിച്ചില്ലു നിരത്തി...,
അക്ഷരങ്ങൾ കുപ്പിച്ചില്ലുകളായി ചിതറിക്കിടക്കുന്നു
കടലാസിൽ കമഴ്ത്തിയിട്ടിരുന്ന നെററിയിൽനിന്നും
ചോര പൊടിയുന്നു.

ഈ കണ്ണുകൾ പൊരിച്ചുതിന്നണം
എണ്ണയിൽ വറുത്തു്, നാലായി കീറി
ഉപ്പും കുരുമുളകുപൊടിയും വിതറി
വെണ്ണ പുരട്ടി ചെരിച്ചുമുറിച്ച റൊട്ടിക്കഷ്ണങ്ങൾക്കൊപ്പം
ഫോർക്കിന്റെ മുനകൾ രസനയിലേക്കു്.
ഒരൊന്നാന്തരം 'നോൺവെജിറേററിയൻ ബ്രേക്ക്ഫാസ്റ്റ്'!
പൊടുന്നനെ, അഴുക്കുപിടിച്ച ഇരുട്ടിന്റെ നഖങ്ങളിൽ
ഒരു ഇലക്ട്രിക് പോസ്റ്റിൽ കൊഴിയുന്ന -
കറുത്ത തൂവലുകൾക്കുള്ളിലെ അഴുകിയ ജഡംപോലെ
നഗരം തൂങ്ങിയാടി

നക്ഷത്രങ്ങൾ ഞരമ്പുകളുഴന്ന കണ്ണുകളായി
അനന്തമായി ഭൂമിയിൽ പതിച്ചുകൊണ്ടിരിക്കുന്നു.
മനസ്സിന്റെ നരച്ച ചുമരുകൾ പിളർന്നു്
മുന്നിലെ ഓരോ അക്ഷരങ്ങളും വാക്കുകളും വരികളും
എണ്ണമററ കണ്ണുകളായി
തിരിച്ചറിവിന്റെ ഒടുങ്ങാത്ത വേദനയായി
ഉയിർത്തെഴുന്നേൽക്കുന്നു.
എല്ലാം ഒന്നുചേർന്നു് നഗരം ഇപ്പോൾ
മുനകൂർത്ത രണ്ടു കണ്ണുകളാണ്
തിരിച്ചെടുക്കാനാകാത്ത കണ്ടെത്തലിന്റെ
ഈ കണ്ണുകൾ ആർക്കു നൽകും?
വെള്ളെഴുത്തു വന്ന മേലധികാരിക്കു്
തടവറയിലെ വിപ്ലവകാരിക്കു്
കാത്തിരുന്നു കണ്ണുനരച്ച നാലുപെററ കാമുകിക്കു്
മഞ്ഞപിത്തം പിടിച്ച അദ്ധ്യാപകനു്
മാററിമറിക്കാമെന്നു് പറഞ്ഞു്
മഴക്കാടുകളിൽ മറഞ്ഞുപോയ സുഹൃത്തിനു്.

## realm



O

Like a monument of grief
She sleeps there, under a may-
flower tree
Besides the overwhelming distress-
Of the leaf blades in the meadow

O

My Morose face mirrored
On a dew
Dripping from a subtle petal
Which had been frozen by the queer,
Shortened, breathess night.
Then the dew-drop bursted
Into a million droplets.
And they gained huge size.

O

Frightened, with its immense night
I ran away from her
Towards the source of dawn.

O

It was a forgone glimpse.
I believe in the mercy of great God
Like a sun which beams
On the molested face of hope.

O

Then at the door yard
Fusing a broken image
And after some uncertain moments
Growing big and big
To the rest of house.
Engrossing me frantically
Make me remember
A feminine fanting bosom
Once inturned with mine
It is so sullen feeling ?
It's all what then I ventured
Into the intricate truth
Of that brief past, like a dream.

Rajesh T. R.
I PDC II Group




# കുചേലന്റെ യാത്ര

കുചേലന്റെ ചേരിത്തെരുവ്. മഞ്ഞിന്റെ അവസാനത്തെ തുള്ളിയെയും ഉൾക്കൊണ്ട് നനുത്ത കാററ് ആ ചേരി മുഴുവൻ ഞരക്കങ്ങൾ ഉയർത്തി വിട്ടപ്പോൾ ഭാര്യ കുചേലനെ വിളിച്ചുണർത്തി. തന്റെ ചുററും തളർന്നുറങ്ങുന്ന എല്ലിൻകൂടങ്ങളിൽ സതീർത്ഥ്യനേയും കലാലയ ദിനങ്ങളേയും കണികണ്ട കുചേലൻ ഭാര്യ പൊതിഞ്ഞേൽപ്പിച്ച അവിൽപ്പൊതിയുമായി നഗരത്തിലേയ്ക്ക് യാത്ര തിരിച്ചു. ഇനിയും ഉണരാനിരിക്കുന്ന ചരൽപ്പാതകളിലൂടെ, കരിയിലയും കണ്ണീരും വീണ വഴികളിലൂടെ കുചേലൻ നടന്നുനീങ്ങി. അയാളുടെ നെററിയിൽ നമസ്ക്കാരത്തിടമ്പുകൾക്കു പകരം വിഷാദചിന്തകളുടെ കെട്ടുപിടിച്ച ചുളിവുകളും പുറത്ത് ചാട്ടവാറേററ പാടുകളും കീറിയ തുണിയിഴകളിൽ വിയർപ്പുകറയും. തന്റെ യാത്രകളിലെവിടെയോ ഋതുക്കളും വർഷവും അകന്നകന്നുപോകുന്നതായി അയാൾ കണ്ടു.

മുന്നിലുള്ള തനിക്കജ്ഞാതമായ ഭോരക ഹൃദയത്തിന്റെ കോണുകളിൽ തരംഗങ്ങൾ സൃഷ്ടിക്കുന്നതയാൾ അറിഞ്ഞു. ആ തരംഗങ്ങൾ ശബ്ദമായി പരിണമിക്കുന്നതും പിന്നെ ഒരു തലമുറയുടെ ആരവമായി മാറുന്നതും അയാളറിഞ്ഞു.

പ്രിയപ്പെട്ട സുഹൃത്തേ, നിന്നെ തിരക്കി ഞാനീ ഊഷരഭൂമികളിലലയുന്നു. കലാലയ ദിനങ്ങളുടെ മാധുര്യമുള്ള നിനക്കായി സ്നേഹിതാ, ഞാനീ നഗരവീഥികളിലലയുന്നു. നിന്റെ കാമുകിയുടെ പേരുള്ള കൂററൻ ദുർഗ്ഗത്തിന്റെ കനത്ത കവാടങ്ങൾ എനിയ്ക്കുനേരെ കൊട്ടിയടയ്ക്കപ്പെട്ടതായും അവയ്ക്ക് കാവൽ നിൽക്കുന്ന നിന്റെ ഭടന്മാർ അവരുടെ കുന്തത്തിന്റെ കൂർത്ത മുള്ളുകൾ എന്റെ മനഃസാക്ഷിയ്ക്കു നേരെ ചൂണ്ടുന്നതായും ഞാനറിയുന്നു. നിന്റെ സഖിയുടെ ലിപ്സ്റ്റിക്കിട്ട ചുണ്ടുകളോടൊപ്പം നിന്റെ പരിഹസിക്കുന്ന മിഴികളും ഞാൻ കാണുന്നു. എങ്കിലും പ്രിയസുഹൃത്തേ, ഞാൻ ദുഃഖിക്കുന്നില്ല. നരച്ച മുടിയിഴകളിലും ഇരുണ്ട പ്രഭാതങ്ങളിലും നിലാവസ്തമിച്ച നിശകളിലും അമർത്തപ്പെട്ട എന്റെ അസ്തിത്വത്തെ നിന്റെ കൂററൻ നിഴലുകൾ ചവിട്ടിയരയ്ക്കുന്നതു് ഞാനറിയുന്നു. നിന്റെ ചാട്ടവാറുകൾ എന്റെ വ്രണങ്ങളിൽ ആർത്തുപുളയുമ്പോൾ, ദുഃഖങ്ങളുടെ ഭാണ്ഡവും പേറിയ എന്റെ, നേരെ നിന്റെ ഉണ്ണികൾ കല്ലെറിയുമ്പോൾ ഞാൻ കരയുന്നില്ല. കൂട്ടുകാരാ നിന്റെ ഗരുഡന്റെ വളഞ്ഞുകൂർത്ത നഖങ്ങൾ എന്റെ കരൾ പിച്ചിച്ചീന്തുമ്പോൾ, എന്റെ ചീഞ്ഞഴുകുന്ന പ്രേതത്തെ കോട്ടയുടെ പരിധികളിൽ നിന്നു മാററാൻ നീ നിന്റെ ഭൃത്യന്മാരോട് കല്പിക്കുമ്പോൾ ഞാൻ വിലപിക്കുന്നില്ല. നീ വിധി കർത്താവും ഞാൻ വിധിക്കപ്പെടേണ്ടവനുമാണല്ലോ.

കുചേലൻ സ്വപ്നങ്ങളിൽ നിന്നുണർന്നു തളർന്ന കാലുകൾ വലിച്ചുവച്ച് അയാൾ തന്റെ ചേരിയിലേക്ക് നടന്നു. വീഥിയിലും തന്റെ വീട്ടിലും അജ്ഞാതമായ ഏതോ വസന്തത്തിന്റെ പൂക്കൾ വിരിഞ്ഞതായി അയാളറിഞ്ഞു. തന്റെ കുടിൽ നഗര ശുചീകരണക്കാരാൽ ഇടച്ചു മാററപ്പെട്ടതും തന്റെ ഭാര്യയുടെ അവസാന സത്ത അവർ പിഴിഞ്ഞു കുടിക്കുന്നതും അയാൾ കണ്ടു. തന്റെ കുട്ടികൾ ഓവുചാലുകളിൽ നീന്തിത്തുടിക്കുന്നതിന്റെ ശബ്ദം അയാൾക്ക് കേൾക്കാമായിരുന്നു. പിന്നെ കുചേലൻ കാലത്തിന്റെ ഒഴുക്കിനൊത്തു നീന്താൻ ആ ഓവുചാലുകളിലേക്കിറങ്ങി.

ജ്യോതിമോൻ എബ്രഹാം
ഒന്നാം വർഷ പ്രീഡിഗ്രി

# സലാം ബോംബെ ആർക്കുവേണ്ടി?

ഇന്ത്യൻവിഷയങ്ങളെ അടിസ്ഥാനപ്പെടുത്തി വിദേശീയരും വിദേശ ഇന്ത്യക്കാരുമായ സംവിധായകർ നിർമ്മിക്കുന്ന ബഹുഭൂരിപക്ഷം ചിത്രങ്ങളിലും ശ്രദ്ധേയവും എന്നാൽ അവിതർക്കിതവുമായ ഒരു രാഷ്ട്രീയ ഏകസ്വരതയുണ്ട്. പൗരസ്ത്യ സംസ്കാരത്തെപ്രതി അതിന്റെ ഇരുണ്ടതും അപരിഷ്കൃതവുമായ വശത്തെ മന:പൂർവ്വം ആവിഷ്ക്കരിക്കുന്നവയേറെ ചിത്രങ്ങൾക്കും പുറമെയാണിവ. ഈ രാഷ്ട്രീയ ഏകസ്വരത അങ്ങനെ പാശ്ചാത്യ പ്രേക്ഷകന്റെ രുചിബോധത്തെ പ്രീണിപ്പിക്കുന്നതിനുള്ള അനുകൂല ഉപാധിയായിത്തീരുന്നു. കാൻഫിലിംഫെസ്റ്റിവലിൽ 'സലാം ബോംബെ' വഴി വിദേശ ഇന്ത്യൻ സംവിധായകയായ മീരാനായർ ഒരു കതിരപ്പന്തയമടിച്ചു എന്നുതന്നെ പറയാം.

മീരാനായർ അമേരിക്കയിലാണ് തന്റെ ചലച്ചിത്ര അഭ്യാസം പരിശീലിച്ചത്. രാജിയുടെ കുടുംബം (Raji's Family), ഇന്ത്യാ കാബെറെ (India Cabaret) എന്നീ രണ്ട ഡോക്യുമെന്ററി ചിത്രങ്ങൾ ഇവർ എടുത്തിട്ടുണ്ട്. ആദ്യചിത്രം ന്യൂയോർക്ക് നഗരത്തിലെ ഒരിന്ത്യൻ കുടുംബത്തിന് അഭിമുഖീകരിക്കേണ്ടി വരുന്ന അനിശ്ചിതത്വങ്ങളെ അവലംബിച്ചുള്ളതാണ്. ഇന്ത്യൻ കുടിയേററപാർപ്പുകാരെക്കുറിച്ചുള്ള ആദ്യത്തെ ആധികാരിക പഠനമെന്ന് മീരാനായർ ഈ ചിത്രത്തെപ്പററി അവകാശപ്പെടുന്നു. പക്ഷേ ആർക്കും അതങ്ങനെ തോന്നുകയില്ല. രണ്ടാമത്തേത് ഇന്ത്യൻ സ്ത്രീത്വത്തെ പല നിലയ്ക്കും അധിക്ഷേപിക്കുന്ന ഒന്നാണ്. ഏറെ സങ്കീർണ്ണമായ ഒരു വിഷയം കൈകാര്യം ചെയ്യുമ്പോൾ അനുവർത്തിക്കേണ്ട ആത്മാർത്ഥത ഈ ചിത്രത്തിനില്ല. ഇന്ത്യൻ സന്ദർഭത്തിൽ തികച്ചും പീഢനാത്മകമായ തൊഴിൽ ചെയ്യാൻ നിർബ്ബന്ധിതരാവുന്ന കാബറെ നർത്തകികളുടെ ഉൾപ്രേരണകളിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ വേണ്ട സമഗ്രത അവർക്കില്ലെന്നതാകാം കാരണം. എന്തായാലും 'ഇന്ത്യാകാബെറെ' ദൃഷ്ട്ട ലാക്കുള്ള ഒരു സിനിമയായി കലാശിച്ചു. ഇന്ത്യക്കകത്തും പുറത്തും വനിതാ പ്രസ്ഥാനങ്ങൾ ഈ ചിത്രത്തെ വിപുലമായി വിമർശിച്ചു. മൂന്നുവർഷം മുമ്പ് ഈ ചിത്രം ഇന്ത്യയിൽ പ്രദർശിപ്പിച്ച സന്ദർഭത്തിൽ ഇന്ത്യയിലെ സ്ത്രീകളും വ്യാപകമായ പ്രതിഷേധം രേഖപ്പെടുത്തി.

ഈ രണ്ട ഡോക്യുമെന്ററികളുടെ പിൻബ ത്തിൽ ഏഴപതു ലക്ഷത്തോളം ഡോളർ 'സലാം ബോം ബെ'ക്കവേണ്ടി മൂലധനസമാഹരണം നടത്താൻ മീരാ നായർക്ക് പ്രയാസമുണ്ടായില്ല. കൂട്ടനിക്ഷേപ വ്യവ സ്ഥയിൽ ബ്രിട്ടീഷും അമേരിക്കനുമായ രണ്ട് നിർ മ്മാതാക്കളോടൊപ്പം ഇന്ത്യൻ ഫിലിം ഡെവലപ്പ് മെൻറ് കോർപ്പറേഷനും (NFDC) ഇതിൽ പങ്കാളിയായി.

സലാം ബോംബെ ഒരു രണ്ടാംകിട ഉൽപ്പന്നമാണ്. അർഹമായ മര്യാദകളൊന്നും പാലിക്കാതെ 'പിക്സോട്ട്' (Pixote) എന്ന ബ്രസീലിയൻ ചിത്രത്തിൽനിന്നും അപഹരിച്ചെടുത്തത് — പിക്സോട്ടിന്റെ ഒനിശ്ചിത നിഴൽപ്പതിപ്പ്. റിയോ—ഡി—ജാൻസിറോ (Rio-de Janciro) യിലെ വേശ്യകളുടെയും പിമ്പുകളുടേയും കഥ പറയുന്നു, പിക്സോട്ട്. അതിന്റെ ശൈലിയാകട്ടെ, മറയില്ലാത്ത നിരവധി ലൈംഗിക ദൃശ്യങ്ങളടങ്ങിയ ഒരുതരം തുടർവൈകാരിക നാടകീയതയുടെ പ്രയോഗമാണ്. സാമൂഹ്യ പരാമർശങ്ങൾ സമർത്ഥമായ ആഖ്യാനഘടനയ്ക്കകത്ത് മറച്ച് കബളിപ്പിക്കുന്നു. സ്ഥലനിർണ്ണയം (Location) ഇതിലൊരു നിർണ്ണായകഘടകമേയല്ല. ഏഴ വർഷം മുമ്പ് പുറത്തിറങ്ങിയ ഈ ചിത്രത്തിന് അവകാശപ്പെടാവുന്ന ഒരേയൊരു ഗുണം ഈയൊരൊററ കാര്യമാണ്. എന്നാൽ 'സലാംബോംബെ'യെ സംബന്ധിച്ചിടത്തോളം സ്ഥലനിർണ്ണയം—ബോംബെയിലെ ചുവന്ന തെരുവ്—ചിത്രത്തിന്റെ സർവ്വപ്രധാനമായ നിർണ്ണയോപാധിയായി മാറുന്നു. ഇതിവൃത്ത പ്രധാന്യം ഇതോടെ അപ്രധാനമായി പിൻതള്ളപ്പെടുന്നു. ഇവിടെവച്ച് ഈ സിനിമയുടെ സാമൂഹ്യാംശ്യ (Social comment) മെന്തെന്ന് സ്വയം മറ നീക്കി വെളിപ്പെടാൻ തുടങ്ങുന്നു. ഇവിടെവച്ചുതന്നെയാണ് അത് വിദേശത്തെ ശരാശരി പ്രേക്ഷകന് ഇന്ത്യയെ വിൽക്കാൻ വഴിമാറിക്കൊടുക്കുന്നതും.

രൂപപരമായി, അതിദുർബലമായ ഒരു ഡോക്യു-ഡ്രാമ (Docu-Drama) യുടെ സങ്കേതമാണ് സലാം ബോംബെയിൽ സ്വീകരിച്ചിട്ടുള്ളത്. എന്നാൽ ഈ സങ്കേതത്തിനിണങ്ങിയതും അനുയോജ്യവുമായ ഒരു ശില്പഘടന വികസിപ്പിച്ചെടുക്കാൻ അവശ്യം വേണ്ട



തായ സമന്വയോപാധികളൊന്നും (Synehronising effort) പ്രയോജനപ്പെടുത്താതെയാണ് ഇത് നിർവ്വഹിക്കുന്നത്. അതുകൊണ്ട് ആവിഷ്കാര പ്രക്രിയയിൽ പലതും പ്രേക്ഷകനിൽ സ്പർശിക്കാതെ കടന്നുപോകുന്നു. ഉദാഹരണത്തിന് സിനിമയുടെ അന്ത്യരംഗത്ത് വിജനതയിൽ പമ്പരം ചുറ്റുന്ന അനാഥബാലൻ ഭ്രമണത്തിന്റെ യാതൊരു അർത്ഥസംവേദനവും ജനിപ്പിക്കുന്നില്ല. മറിച്ച്, അതുവരെ സിനിമയുടെ ദൃശ്യക്ഷമതയെ തകർത്തുകളഞ്ഞ വിരസബിംബങ്ങളുടെ പരിസമാപ്തി കണ്ടല്ലോ എന്ന ആശ്വാസമാണ് കടന്നുവരുന്നത്.

നടീനടന്മാരില്ലാതെയാണ് 'സലാംബോംബെ' എടുത്തതെന്ന മീരാനായരുടെ അവകാശവാദവും വസ്തുതകൾക്ക് നിരക്കുന്നതല്ല. രഘുവീർയാദവ്, അനിതകൻവർ, നാനാപഥേക്കർ, ഷൗക്കത്ത് ആസ്മി തുടങ്ങി ഇന്ത്യൻ സിനിമയിൽ പേരെടുത്ത ഒരു നിര ഇതിൽ പ്രത്യക്ഷപ്പെടുന്നു. അഭിനയിച്ച കുട്ടികളാകട്ടെ, ബെറി ജോൺ ബോംബെയിൽ നടത്തിയ നാടകശില്പശാലയിൽ പങ്കെടുത്തവരും.

ആഖ്യാനഘടനയുമായി ഇണങ്ങിപ്പോകാൻ ബദ്ധപ്പെടുന്ന ഒരു കഥാഗതിയും 'സലാം ബോംബെ'ക്കുണ്ട്. പ്രധാനമായും ഏഴ് കഥാപാത്രങ്ങളെ കേന്ദ്രീകരിച്ചുള്ള ഒരു പ്ലോട്ടാണിത്. ഒരു ശരാശരി ഹിന്ദിപടത്തിൽ കണ്ടുമുട്ടുന്ന അയഥാർത്ഥ കോലങ്ങളുടെ അസ്സൽ (Proto type) കൾ തന്നെ. നല്ലവളായ വേശ്യ, ക്രൂരനായ പിമ്പ്, അവരുടെ കൊച്ചുമകൾ, കാട്ടയിൽ നിഷ്കളങ്കനായ അനാഥബാലൻ, മയക്കുമരുന്നിന്റെ അടിമയായി തകരുന്ന മനുഷ്യൻ, വേശ്യാലയത്തിലെത്തിയിട്ടും ശരീരം വിൽക്കാൻ വിസമ്മതിക്കുന്ന പെൺകുട്ടി, മനുഷ്യത്വം തീരെ തീണ്ടാത്ത വേശ്യാലയ നടത്തിപ്പുകാരി. പ്ലോട്ടിന്റെ വികാസത്തിനുവേണ്ടി മാത്രമെന്നോണം അവർ പരസ്പരം ഇടപഴകുന്നു. കഥ കഴിയുമ്പോഴാകട്ടെ തുടക്കത്തിൽ കണ്ട ഈ കഥാപാത്രങ്ങളുടെ മൗലികസ്ഥാനങ്ങളിൽനിന്നും അവർ സ്ഥാനഭ്രഷ്ടരാക്കപ്പെടുന്നു. വേശ്യ ജനക്കൂട്ടത്തിനിടയിൽ നഷ്ടപ്പെടുന്നു. പിമ്പിന് കുത്തേൽക്കുന്നു. കൊച്ചുമകൾ അനാഥാലയത്തിൽ എത്തപ്പെടുന്നു. അനാഥബാലൻ ശൂന്യതയിലേക്ക് ഓടിപ്പോകുന്നു. മയക്കുമരുന്നിന്റെ അടിമ മരിക്കുന്നു. ശരീരം വിൽക്കാൻ വിസമ്മതിച്ചുകൊണ്ടിരുന്ന പെൺകുട്ടി അവളെത്തേടി വരുന്ന ആദ്യത്തെ പതിവുകാരന്റെ കൂടെത്തന്നെ പോകുന്നു — ഇതോടെ വേശ്യാലയ നടത്തിപ്പുകാരി സന്തുഷ്ട. സമകാലീന ബോംബെ സിനിമ പടക്കുന്ന പത്തിലെട്ട് ഹിന്ദിചിത്രങ്ങളുടെയും അതേ അനുഷ്ഠാനം തന്നെയാണിത്. ഇവിടെ നമുക്കിപ്രകാരം ചോദിക്കേണ്ടിവരുന്നു: എന്തുകൊണ്ട് ഒരു സാധാരണ ഹിന്ദിചിത്രത്തേക്കാൾ ആപൽക്കാരിയും പ്രതിലോമകാരിയുമായി ഈ സിനിമ മാറുന്നു? 'സലാം ബോംബെ' ഒരു സാധാരണ ഹിന്ദിചിത്രത്തേക്കാൾ അപകടകരമായ രാഷ്ട്രീയം ഉയർത്തുന്നുണ്ടോ? ഈ ചിത്രം അതിലെ ചേഷ്ടക(Actions)ളത്രയും എത്രയും യഥാർത്ഥമാണെന്ന് നടിക്കുന്നു–കാര്യത്തിന്റെ ഗൗരവവും അതുതന്നെ.

സിനിമ യഥാർത്ഥമാവരുതെന്ന് ഇവിടെ വാദിക്കുകയല്ല. യാഥാർത്ഥ്യത്തിന്റെ ചിത്രീകരണം ആരുടെ കാഴ്ചപ്പാടിൽനിന്നുകൊണ്ട് എന്നതാണ് മുഖ്യപ്രശ്നം. സ്ത്രീവിരുദ്ധ കാഴ്ചപ്പാടിൽ 'ഇന്ത്യാകാബെറെ' മാതിരിയുള്ള ചിത്രമെടുത്ത ഒരു സംവിധായിക

യാണ് മീരാനായരെന്ന് ഓർക്കുക. ഇതിനോട് സാദൃശ്യമുള്ള കാഴ്ചപ്പാട് (ഇഴകളൊക്കെ) തന്നെയാണ് തെരുവുകുട്ടികളുടെ ശിഥില യാഥാർത്ഥ്യം പകർത്തുന്നുവെന്ന ഭാവത്തിൽ അവർ 'സലാം ബൊംബെ' യിലും അനുവർത്തിക്കുന്നത്. ഇതുവഴി മനുഷ്യോദ്യമങ്ങളുടെ നിഷേധാത്മക ബിംബങ്ങളെ ഈ സിനിമ പ്രചരിപ്പിക്കുന്നു. ദാർശനിക തലത്തിലാണെങ്കിൽ ഈ ചിത്രം 'പെസ്സിമിസ' മാണ് ഉൽപ്പാദിച്ചെടുക്കുന്നത്.

മൂന്നാം ലോകരാജ്യങ്ങളിലെ യാഥാർത്ഥ്യങ്ങളെ വളച്ചൊടിച്ച് കാണിക്കാനുള്ള അനാരോഗ്യ പ്രവണത വിദേശ സംവിധായകരിലുണ്ട്. ഡേവിഡ് ലീനിനെക്കുറിച്ചും, സർ റിച്ചാഡ് അറ്റൻബറോയെക്കുറിച്ചും ഇത് സത്യമാണെങ്കിൽ മീരാനായരെക്കുറിച്ചും സത്യം വേറൊന്നല്ല. ഇന്ത്യക്കാരിയാണെന്ന് അവകാശപ്പെടുന്നുണ്ടെങ്കിലും പടിഞ്ഞാറൻ കുത്തകമുതലാളിത്തത്തിന്റെ ആശയക്കുരുക്കിലാണവർ: എന്തു വിലയായാലും വേണ്ടില്ല കമ്പോളത്തിൽ വ[illegible]ക്കപ്പെടണം. ഫ്രഞ്ച് സംവിധായകനായ ലൂയി മാലിന്റെ (Louis Malie) ഇന്ത്യയെക്കുറിച്ചുള്ള വിവാദ ചിത്രം ഓർക്കുക, ഇന്ത്യൻ യാഥാർത്ഥ്യങ്ങളെ വികലമാക്കി എന്നതിന്റെ പേരിൽ നമ്മുടെ സർക്കാർ ആ പടം നിരോധിക്കുകയായിരുന്നു. എന്നാൽ മാധ്യമ ബോധത്തിൽ മാലിന്റെ പടം മീരാനായരുടേതിനേക്കാൾ എത്രയോ മികച്ചതാണ്. ഒരു പടം തമസ്കരിക്കപ്പെടുമ്പോൾ അതുപോലുള്ള മറ്റൊന്ന് ഒരു കൊച്ചു മാസ്റ്റർപീസായി പ്രകീർത്തിക്കപ്പെടുന്നു. നമ്മുടെ സാഹചര്യത്തിലെ തീഷ്ണമായൊരു വൈപരീത്യം തന്നെയാണിത്.

മൂന്നാം ലോക രാജ്യങ്ങളിലെ കുട്ടികളുടെ പരിതാവസ്ഥക്കെതിരെ വാദിക്കുന്ന ഒരു ശബ്ദമായി 'സലാം ബോംബെ'യെ പാശ്ചാത്യലോകം എഴുന്നള്ളിക്കുമെന്ന് നമുക്ക് നിശ്ചയമായും വിശ്വസിക്കാം. എന്നാൽ ഇന്ത്യൻ പാരമ്പര്യബിംബങ്ങളെ (Traditional Images) കമ്പോളവൽക്കരിക്കാനൊരുമ്പെട്ട ഒരു സിനിമയാണിതെന്ന് ബാക്കി നിൽക്കുന്നു. കൊളോണിയൽ സമയത്ത് ഇന്ത്യൻ യജമാനവർഗ്ഗം അസംസ്കൃത വിഭവങ്ങൾ ഇവിടെനിന്നും ഇംഗ്ലണ്ടിലെ വൻനഗരങ്ങളിലേക്ക് കയറ്റുമതി ചെയ്ത് അവ ചരക്കുകളാക്കി തിരിച്ചുകൊണ്ടുവന്ന് നമുക്കുതന്നെ വിറ്റുപോന്നു. ഈ ആവർത്തനം ഇന്നും പാശ്ചാത്യലോകം മറ്റൊരു ഭേദത്തോടെ തുടരുന്നു. ഇന്ത്യൻ സന്ദർഭത്തിൽ നിന്നും അവർ ആശയങ്ങൾ അസംസ്കൃത രൂപത്തിൽ ഇറക്കുമതി ചെയ്ത് സ്വന്തം രുചി ബോധത്തിൽ ചിട്ടപ്പെടുത്തി നമുക്കുതന്നെ വിൽക്കുന്നു, ഇന്ത്യൻ സാംസ്കാരിക പൈതൃകങ്ങളുടെ ആധികാരിക ആശാന്മാർ തങ്ങളാണെന്ന മിടുക്കോടെ.

'സലാം ബോംബെ' ഒരു ഗൂഢാലോചനയിലെ നാലാമത്തെ കോണാണ്. മൂന്നാം ലോകരാജ്യങ്ങൾക്കെതിരെ പൊതുവിലും ഇന്ത്യയ്ക്കെതിരെ പ്രത്യേകിച്ചും ചലച്ചിത്ര—നാടക മാധ്യമങ്ങളിൽ നടന്ന ദീർഘചതുരമായ ഗൂഢാലോചനയിലെ (Rectangular Conspiracy) നാലാമത്തെ കോൺ, പീറ്റർബ്രൂക്കിന്റെ "മഹാഭാരതം" അറ്റൻ ബറോയുടെ 'ഗാന്ധി' ഡേവിഡ് ലീനിന്റെ "പാസേജ് ടു ഇന്ത്യ' എന്നിവയാണ് മറ്റു മൂന്നു കോണുകൾ.

അവസാനം യാതൊരു വ്യാഖ്യാനവും ആവശ്യമില്ലാത്ത വിധത്തിൽ ഇതാ ഇതു കൂടി; ലോകമെമ്പാടും അമേരിക്കൻ ധനതാല്പര്യങ്ങൾ ശ്രദ്ധിച്ചുപോരുന്ന രണ്ട് അമേരിക്കൻ ഫൗണ്ടേഷനുകളുടെ പേരുകളും 'സലാം ബോംബെ'യുടെ ക്രെഡിറ്റ്സിൽ വക കൊള്ളിച്ചുകൊടുത്തിട്ടുണ്ട്.

ദീപക് റോയ്

With Best Compliments From:

**MANAKIL TOURIST HOME**
**NEAR SHIPYARD RAILWAYE GATE**
**COCHIN—15**



# ഒക്ടോബർ വിപ്ളവത്തിന്റെ മാതാവ്

## വർഗ്ഗ വൈരുദ്ധ്യങ്ങളുടെ തഴച്ചുവളരൽ

ലോക ചരിത്രത്തിൽ പൊതുവേയും യൂറോപ്യൻ ചരിത്രത്തിൽ പ്രത്യേകിച്ചും ദൂരവ്യാപകമായ ഫലങ്ങളുളവാക്കിയ ഒരു സാമൂഹ്യ വിപ്ളവമായിരുന്നു 1789-ൽ ഫ്രാൻസിൽ നടന്നത്. സാമൂഹ്യവികാസത്തിന്റെ പുതിയൊരു ഘട്ടത്തിനു നാന്ദികുറിക്കുകയായിരുന്നു ഫ്രഞ്ചു വിപ്ളവം. ജനകീയ ഭരണക്രമവും നിയമവാഴ്ചയും നിലവിൽ വരികയും ചെയ്തത് ഫ്രഞ്ചുവിപ്ളവത്തോടുകൂടിയാണ്. പത്തൊമ്പതാം നൂറ്റാണ്ടിൽ വളർന്നു വികാസം പ്രാപിച്ച മുതലാളിത്ത സമ്പദ്ഘടനയും സോഷ്യലിസ്റ്റ് ആശയങ്ങളും അരങ്ങൊരുക്കിയതും ഈ വിപ്ളവം തന്നെയാണ്.

ലൂയി പതിനാറാമൻ അദ്ദേഹത്തിന്റെ മുൻഗാമികളും ചെയ്യാൻ മടിച്ച ഒരു വിഡ്ഢിത്തം ചെയ്യതാണ് ഉപരിപ്ളവമായി വീക്ഷിച്ചാൽ 1789 മേയ് മാസത്തിൽ ഫ്രാൻസിൽ വിപ്ലവം ആരംഭിക്കാൻ ഇടയാക്കിയത്. നൂറ്റിഎഴുപത്തഞ്ചു കൊല്ലമായി സമ്മേളിക്കാതിരുന്ന സ്റ്റേറ്റ്സ് ജനറൽ എന്ന ഫ്രഞ്ചു പാർലമെന്റ് വിളിച്ചു ചേർക്കാൻ അയാൾ നിർബന്ധിതനായി. ഈ പാർലമെന്റ് സമ്മേളനം സാമൂഹ്യശക്തികളുടെ അപ്രതിരോധ്യമായ സംഘട്ടനത്തിന്റെ വേദിയായിത്തീർന്നു.

കർഷകവൃന്ദവും നഗരവാസികളായ പ്രഭുക്കന്മാരും തമ്മിൽ സായുധ സംഘട്ടനങ്ങൾ നടക്കുന്നത് നിത്യസംഭവമായിരുന്നു ഫ്രാൻസിൽ. ഈ മുഖ്യ വൈരുദ്ധ്യത്തെ പ്രോൽസാഹിപ്പിക്കുകയാണ്, ബൂർഷ്വാസിയും മറ്റു മദ്ധ്യവർഗ്ഗ പരിഷ്കർത്താക്കളും ചെയ്തത്. പ്രഭുഭവനങ്ങളിലേക്ക് ധാന്യശേഖരവുമായി നീങ്ങിയിരുന്ന സംഘങ്ങളെ കർഷകർ ആക്രമിച്ചു ധാന്യം കവർച്ച ചെയ്യുന്ന നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

ജൂൺ 17-ന് സ്റ്റേറ്റ്സ് ജനറലിലെ സാധാരണക്കാർ കൂടിച്ചേർന്ന് ഒരു ദേശീയ നിയമസഭ നിലവിൽ വന്നിരിക്കുന്നതായി പ്രഖ്യാപിച്ചു. ബലപ്രയോഗത്തിലൂടെയായാലും വേണ്ടില്ല സ്റ്റേറ്റ്സ് ജനറലിനെ തങ്ങളുടെ നിയന്ത്രണത്തിൽ കൊണ്ടുവരണമെന്ന് പ്രഭുക്കന്മാർ തീരുമാനിച്ചു.

## ടെന്നീസ് കോർട്ട് പ്രതിജ്ഞ

ജൂൺ 20 ന് നിയമസഭാ മന്ദിരത്തിന്റെ കവാടങ്ങൾ അടഞ്ഞുകിടക്കുന്നതാണ് സമ്മേളിക്കാനെത്തിയ പ്രതിനിധികൾ കണ്ടത്. അവർ അടുത്തുള്ള ഒരു ടെന്നീസ് കളിസ്ഥലത്ത് ഴാങ്ങ്സിൽവിയൻ ബെയ്‌ലിയുടെ അദ്ധ്യക്ഷതയിൽ ഒത്തുകൂടുകയും ഒരു ഭരണഘടന എഴുതി ഉണ്ടാക്കിയതിനുശേഷമേ പിരിഞ്ഞുപോവുകയുള്ളുവെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്തു.

## പൊതുജനങ്ങളുടെ എതിർപ്പ്

രാജഭക്തന്മാരുടെ ഒരു ബദൽ സമ്മേളനം വിളിച്ചുചേർത്ത് അതാണ് ശരിയായ സ്റ്റേറ്റ്സ് ജനറൽ എന്നു വരുത്തിത്തീർക്കുവാൻ രാജാവ് ഒരു ശ്രമം നടത്തുകയുണ്ടായി. പ്രഭുക്കന്മാർ സായുധമായി ഇടപെടുന്നതിനു മടിക്കില്ലെന്നു മനസ്സിലാക്കിയ രാജാവ് തന്റെ ഉദ്യമത്തിൽ നിന്നും പിന്തിരിഞ്ഞു.



ദിദെറോട്ട

സൈന്യത്തെ ഉപയോഗിച്ച് ദേശീയനിയമസഭയെ പിരിച്ചുവിടാനുള്ള ഭരണവർഗത്തിന്റെ നീക്കത്തെ ഏതുവില കൊടുത്തും ചെറുത്തു തോല്പിക്കുവാൻ സാധാരണക്കാർ സന്നദ്ധരായിരുന്നു.

രാജാവിന്റെ സാമ്പത്തിക കാര്യ ഉപദേഷ്ടാവായിരുന്ന നെക്കർ ജൂലായ് പന്ത്രണ്ടിനു പിരിച്ചുവിടപ്പെട്ടു.

പിരിച്ചുവിടലിൽ പ്രതിഷേധിച്ച് പാരീസ് തെരുവീഥികളിൽ വമ്പിച്ച പ്രകടനങ്ങൾ നടന്നു.

അധികാരത്തിന്റെ ഏതു പ്രതീകത്തെയും തച്ചുതകർക്കുവാൻ പൊതുജനം തയ്യാറായി.

പുരോഹിതന്മാരായാലും പ്രഭുക്കന്മാരായിരുന്നാലും രാജകീയ വിദ്വേഷത്തിനു ഇരയായവരെല്ലാം തുറുങ്കിലടക്കപ്പെട്ടതു ബാസ്റ്റൈൽ എന്ന തടവറയിലാണ്.

രാജാവിനോടുള്ള വിരോധം അതിന്റെ പാരമ്യത്തിലെത്തിയപ്പോൾ ആക്രമിക്കപ്പെട്ടതു ഈ തടവറയായിരുന്നു.

1789 ജൂലായ് 14 നു തടവറയുടെ അധിപനായിരുന്ന ബർനാഡ് ജോർദാൻ നിസ്സഹായനായി നോക്കിനിൽക്കെ മലവെള്ളം പോലെ ഇരമ്പി വന്ന ആൾക്കൂട്ടം ഭിത്തികൾ തകർത്തുകൊണ്ട് തടവറക്കുള്ളിലേക്ക് പാഞ്ഞു കയറി.

അനന്തര തലമുറയെ സംബന്ധിച്ചിടത്തോളം ഈ വ്യവസ്ഥിതിയുടെ പതനമായിട്ടാണ് ബാസ്റ്റൈലിന്റെ പതനം അനുഭവപ്പെട്ടത്.

## ഭൂപ്രഭുത്വത്തിനെതിരെ

നഗരവാസികളായ ബൂർഷ്വാസി കേന്ദ്രഭരണം അവസാനിപ്പിക്കുന്നതിന് നേതൃത്വം കൊടുത്തപ്പോൾ ഗ്രാമപ്രദേശങ്ങളിൽ അധികാരശക്തികളെ ഉന്മൂലനം ചെയ്തതു കർഷകരായിരുന്നു. കടുത്ത പട്ടിണിയും തൊഴിലില്ലായ്മയും കാരണം പൊറുതിമുട്ടിയ ഈ ജനവിഭാഗങ്ങൾ ഗ്രാമപ്രദേശങ്ങളിൽ അലഞ്ഞു നടക്കുന്ന കാഴ്ച സർവ്വസാധാരണമായിരുന്നുവത്രെ. ധാന്യക്കലവറകൾ കൊള്ളയടിക്കുകയും പ്രഭുഭവനങ്ങൾ കൊള്ളിവയ്ക്കുകയും ചെയ്യുന്നതു നിത്യസംഭവമായി. പ്രഭുഭവനങ്ങൾ കൊള്ളിവയ്ക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം കരക്കുടിശ്ശിക സംബന്ധിച്ച രേഖകൾ നശിപ്പിക്കുക എന്നതായിരുന്നു. ഭീതമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിൽ ഈ സംഭവങ്ങൾ നിർണ്ണായകമായ പങ്കുവഹിച്ചു.

പ്രവിശ്യകളിൽ പുതിയ ഭരണസംവിധാനങ്ങൾ നിലവിൽ വന്നു. രാജകീയ പ്രതിപുരുഷന്മാർ അപ്രത്യക്ഷരായി. നികുതി പിരിവിനാളില്ലാതായി. രാജാധികാരം അങ്ങനെ തുടച്ചുനീക്കപ്പെട്ടു. അതിന്റെ സ്ഥാനത്തു് പുതിയ മുനിസിപ്പൽ ഭരണക്രമം നിലവിൽ വന്നു. രാജകീയ പ്രതിപുരുഷൻമാർക്കുപകരം ജനപ്രതിനിധികൾ നയിക്കുന്ന സ്വയംഭരണ യൂണിറ്റുകളായി ഗ്രാമങ്ങളും ഇടത്തരം പട്ടണങ്ങളും അതിവേഗം മാറുകയായിരുന്നു. കാർഷികോല്പാദനരംഗത്തെ അഴിച്ചുപണി പൂർത്തിയാവുകയായിരുന്നു. കർഷകനു കൃഷിഭൂമി സ്വന്തമായി കിട്ടുകയെന്ന സ്ഥിതിവന്നു. പ്രഭുക്കന്മാരുടെ കീഴിൽ തളച്ചിടപ്പെട്ടിരുന്ന അടിമകൾ നിയന്ത്രണമുക്തരാക്കപ്പെടുകയും അവരുടെ അധ്വാനശക്തി ഇഷ്ടം പോലെ വിനിയോഗിക്കാനുള്ള സ്വാതന്ത്ര്യം ലഭിക്കുകയും ചെയ്തു. ഭൂവുടമ സമ്പ്രദായത്തിൽ മാറ്റം വന്നുവെങ്കിലും സ്വത്തുടമാവകാശത്തിനു അംഗീകാരം നൽകപ്പെട്ടു. ദേശീയ നിയമസഭ പാസാക്കിയ നിയമങ്ങളിലൊക്കെ ഈ അവകാശം അംഗീകരിച്ചിട്ടുണ്ട്. ഫ്യൂഡൽ സ്വത്തുടമാബന്ധത്തിന്റെ സ്ഥാനത്ത് മുതലാളിത്തത്തിന്റെ ആദിരൂപങ്ങൾ പ്രത്യക്ഷപ്പെടുകയായിരുന്നു.

## മനുഷ്യാവകാശ പ്രഖ്യാപനം

1789 ആഗസ്റ്റ് നാലാം തീയതി രാത്രി വളരെ വൈകുവോളം ദേശീയ നിയമസഭ സമ്മേളിച്ചു. ഫ്യൂഡൽ ഉല്പാദന ബന്ധങ്ങളിൽ സമൂലമായ മാറ്റം വരുത്തിക്കൊണ്ടുള്ള നിരവധി നിയമനിർമ്മാണങ്ങൾ സഭ അന്നു നടത്തുകയുണ്ടായി. ഉല്പാദന ബന്ധങ്ങളിൽ വന്ന മാറ്റത്തിനനുസൃതമായി ഉപരിഘടനയിൽ മാറ്റം വരുത്തുക എന്ന കാ



ഡി. അലെംബർട്ട്

മാണ് നിയമസഭ ചെയ്തത്. അതിന്റെ പാരമ്യമാണ് സുപ്രസിദ്ധമായ മനുഷ്യാവകാശ പ്രഖ്യാപനം. ഭാവിതലമുറയ്ക്കാകമാനം അഭിമാനിയ്ക്കാവുന്നതും യുഗങ്ങളോളം ഏറ്റുവിളിക്കാവുന്നതുമായ ചില സദ്‌വിചാരാശയങ്ങളെ ഉണർത്തിവിടുന്നതിന് ഈ പ്രഖ്യാപനത്തിന് കഴിഞ്ഞു. ഐക്യരാഷ്ട്രസംഘടനയുടെ പല പ്രഖ്യാപനങ്ങൾക്കും പ്രചോദനം ഫ്രഞ്ചുവിപ്ലവകാലഘട്ടത്തിലെ മനുഷ്യാവകാശ പ്രഖ്യാപനമായിരുന്നു.

പ്രഭുക്കന്മാരുടെ ഫ്യൂഡൽ അവകാശങ്ങൾ അവസാനിപ്പിക്കുന്നതിന് പരിഹാരമെന്ന നിലയിൽ സ്വത്തവകാശം സംരക്ഷിക്കപ്പെടണമെന്ന് ഒരു വിഭാഗം ശക്തിയായി വാദിച്ചു. അങ്ങനെയാണ് സ്വകാര്യ സ്വത്ത് സംരക്ഷിക്കുന്നതിനുള്ള അവകാശവും വ്യക്തിസ്വാതന്ത്ര്യവും വ്യക്തിസംരംഭങ്ങളും അംഗീകരിക്കപ്പെട്ടത്. നിയമത്തിന്റെ മുമ്പിൽ എല്ലാവരും തുല്യരാണെന്ന പ്രഖ്യാപനം, നിയമ നിഷേധത്തിനു മാത്രമേ ശിക്ഷ പാടുള്ളുവെന്ന നിയമം, ശിക്ഷ നൽകുന്നതിനു മുൻപ് വിചാരണ എന്ന നടപടിക്രമം തുടങ്ങിയ നിരവധി പരിഷ്ക്കാരങ്ങൾ പരിശോധിച്ചാൽ നാടുവാഴിത്തത്തിൽ നിന്നും മുതലാളിത്തത്തിലേക്കുള്ള അതിദ്രുത പരിവർത്തനമാണ് ഫ്രാൻസിൽ നടന്നിരുന്നത് എന്ന മനസ്സിലാവും.

സാമ്പത്തിക സംവിധാനത്തിൽ വന്ന മാററത്തെ നിയമവിധേയമാക്കുന്നതിനുള്ള പരിഷ്ക്കാരങ്ങളും നിയമസഭ പാസാക്കുകയുണ്ടായി. ഗിൽഡു സമ്പ്രദായവും അതിൻകീഴിലെ ഉല്പാദന കുത്തകയും നിർത്തൽ ചെയ്തു. ആർക്കും ഏതു തൊഴിലും ചെയ്യാമെന്ന നിലവന്നു. ദേശീയ കമ്പോളം നിലവിൽ വന്നു. ചുങ്കം, നികുതി മുതലായ തടസ്സങ്ങൾ ഒഴിവാക്കി ഉല്പന്നം രാജ്യത്തിന്റെ ഏതു ഭാഗത്തു കൊണ്ടുചെന്നും വിൽക്കാമെന്ന സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടു. മുതലാളിത്ത കമ്പോളം രൂപപ്പെടുത്തുന്നതിന്റെ ഭാഗമായി ഫ്യൂഡൽ നികുതികളും നിയന്ത്രണങ്ങളും നിർത്തൽ ചെയ്യപ്പെട്ടു. ശ്രദ്ധിക്കപ്പെടേണ്ട ഏററവും പ്രധാനപ്പെട്ട വസ്തുത പണിമുടക്കുകൾ നിരോധിക്കപ്പെട്ടുവെന്നതും സംഘം ചേരുന്നത് നിയമവിരുദ്ധമായിത്തീർന്നുവെന്നതുമാണ്.

## മതത്തിനു നിയന്ത്രണം

മുൻകാല ഭരണകൂടത്തിന് ആദ്ധ്യാത്മിക പരിവേഷം നൽകിയിരുന്ന കത്തോലിക്ക മതത്തിന്റെ മേധാവിത്തം തകർക്കപ്പെട്ടതാണ് മറെറാരു പ്രധാനപ്പെട്ട സംഭവം. പരമ പവിത്രമായ മതസ്ഥാപനങ്ങളും പൂജ്യപുരുഷന്മാരായ പുരോഹിതന്മാരും പുതിയ ഭരണകൂടത്തിന് വിധേയമായി വേണം പ്രവർത്തിക്കാനെന്ന് ബൂർഷ്വാസി തീരുമാനിച്ചു. നികുതി ചുമത്താൻ നിവൃത്തിയില്ലാതിരുന്ന ദേവാലയസ്വത്ത് കണ്ടുകെട്ടി രാജ്യത്തിന്റെ വകയാക്കി. പോപ്പിന്റെ മേൽക്കോയ്മയെ തള്ളിക്കളയുകയും മതം രാജാധികാരത്തിനു വിധേയമായിരിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്തു. പുരോഹിതന്മാരെ നിയമിക്കുന്നത് ഭരണകൂടമായിരിക്കും. അവർ ഭരണഘടനയോടു കൂറു പ്രഖ്യാപിക്കുന്ന ഒരു പ്രതിജ്ഞയെടുക്കണം. പ്രതിജ്ഞയെടുക്കാത്തവർക്ക് മതഭരണത്തിൽ സ്ഥാനമുണ്ടാവില്ലായെന്ന നിലവന്നു. അങ്ങനെ മതത്തെയും മതസ്ഥാപനങ്ങളെയും ഭരണകൂടത്തിനു വിധേയമാക്കുകയെന്ന മുതലാളിത്ത നടപടി ഫ്രാൻസിൽ പൂർത്തിയാക്കപ്പെട്ടു. മതത്തിന്റെ ഫ്യൂഡൽ സ്വഭാവം നിലനിർത്താൻ കഴിയാത്ത ഒരവസ്ഥ സൃഷ്ടിക്കുകയും സാമൂഹ്യമാററത്തിനനുസൃതമായി ആ സ്ഥാപനത്തെ പരിവർത്തനം ചെയ്യുകയുമാണ് ഇതുമൂലം ഉണ്ടായത്.

വിപ്ലവത്തിന്റെ പ്രഥമഘട്ടത്തിൽ പ്രഭുവർഗം ബൂർഷ്വാസിയുമായി സന്ധിചെയ്യുകയെന്ന നയമാണ് അവലംബിച്ചത്. സ്വയരക്ഷയ്ക്ക് അത് അവശ്യമാണെന്ന് അവർക്ക് ബോധ്യമായിരുന്നു. എന്നാൽ എല്ലാററിനേയും തച്ചുതകർത്തുകൊണ്ട് സമൂഹത്തിന്റെ മുഖ്യ

ഷയെതന്നെ മാററാനുള്ള ബൂർഷ്വാസിയുടെ നയത്തോടു് വളരെക്കാലം അവർക്കു യോജിക്കാനായില്ല. മാത്രമല്ല, ഉണർന്നെണീററ കർഷകരും നിയന്ത്രണമുക്തരാക്കപ്പെട്ട അടിമകളും കൈവേലക്കാരുമെല്ലാം ഒററക്കെട്ടായി അണിചേർന്നപ്പോഴും തങ്ങളുടെ താല്പര്യം വർഗ്ഗസഹകരണംകൊണ്ടു് സംരക്ഷിക്കാൻ കഴിയില്ലായെന്നു് അവർക്കു ബോദ്ധ്യപ്പെട്ടു. അതിനാൽ രക്ഷാമാർഗ്ഗമെന്ന നിലയ്ക്കു് അവർ അവലംബിച്ചതു് യുദ്ധത്തെയാണു്. ആഭ്യന്തരയുദ്ധംകൊണ്ടു് രക്ഷപ്പെടാൻ കഴിയില്ലായെന്നു് അനുഭവത്തിലൂടെ അവർക്കു ബോദ്ധ്യമായി. എങ്കിൽപ്പിന്നെ വിദേശീയാക്രമണം ക്ഷണിച്ചുവരുത്തുക തന്നെയെന്നു് അവർ തീരുമാനിച്ചു. ലൂയി പതിനാറാമന്റെ രാജ്ഞി മേരി അന്റോയിനററ് ആസ്ട്രിയൻ ചക്രവർത്തി ലിയോപ്പോൾഡിന്റെ സഹോദരിയായിരുന്നു. അതുവഴി ലൂയിയെ രക്ഷിക്കാനെന്ന നിലയ്ക്കു് ആസ്ട്രിയ ഫ്രാൻസിനോടു് യുദ്ധപ്രഖ്യാപനം നടത്തി. അടുത്ത കുറെ വർഷങ്ങൾ ഇടവിട്ടിടവിട്ടാണെങ്കിലും ഫ്രാൻസ് അയൽരാജ്യങ്ങളുമായി നിരന്തരം യുദ്ധത്തിലായിരുന്നു.

## ഭീകരവാഴ്ച

ആഭ്യന്തര ഉപജാപങ്ങളിലൂടെയും വിദേശീയാക്രമണങ്ങളിലൂടെയും ബൂർഷ്വാസി സ്ഥാപിച്ചെടുത്ത ഭരണക്രമത്തെ അട്ടിമറിക്കാനുള്ള പ്രതിവിപ്ലവ ശക്തികളുടെ ശ്രമത്തെ എന്തു വിലകൊടുത്തും നേരിടുകയെന്ന ലക്ഷ്യത്തോടെയാണു് 1793 മുതൽ കടുത്ത ചില പ്രയോഗങ്ങൾ നടത്താൻ അവർ തീരുമാനമെടുത്തതു്. ചരിത്രകാരന്മാർ ഭീകരവാഴ്ചയെന്നു് മുദ്രകുത്തിയ ആ കാലഘട്ടത്തിൽ കുറെയധികം കൊലകൾ നടന്നുവെന്നുള്ളതു് സത്യമാണു്. 1793 ആദ്യം ലൂയി പതിനാറാമനും അതേ വർഷം അവസാനം രാജ്ഞിയും കൊല്ലപ്പെട്ടു. ഭരണഘടന അനുശാസിക്കുന്ന നടപടിക്രമങ്ങളെല്ലാം പാലിച്ചുകൊണ്ടുള്ളതായിരുന്നു പ്രസ്തുത വിചാരണയും ശിക്ഷാനടപ്പിലാക്കലുമെല്ലാം. രാജഭരണത്തെ താങ്ങിനിർത്തിയിരുന്ന ജിറോണ്ടുകൾ എന്നറിയപ്പെട്ടിരുന്ന പ്രഭുവർഗ്ഗം പ്രതിക്കൂട്ടിലായി. അവരുടെ പ്രതിവിപ്ലവ ശ്രമത്തെ തകർക്കുന്നതിനാണു് പൊതുരക്ഷാസമിതി രൂപീകരിച്ചു് കുററവാളികളെ പിടികൂടി വിചാരണനടത്തി കഴുവേററിയതു്. ബൂർഷ്വാ ജനാധിപത്യ സംവിധാനം നിലനിർത്തുന്നതിനു് ഇത്ര കടുത്ത പ്രയോഗം വേണ്ടി വന്നുവെന്നുള്ളതാണു് വാസ്തവം. രാജകന്മാർ അതിനെ ഭീകരഭരണമെന്നു് മുദ്രകുത്തി അധിക്ഷേപിച്ചു. പിൽക്കാല ചരിത്രകാരന്മാർ അതു് ആവർത്തിച്ചു. അന്നത്തെ ഫ്രഞ്ചുസമൂഹത്തിൽ നിലനിന്നിരുന്ന വർഗ്ഗബന്ധങ്ങൾ പരിശോധിച്ചാൽ ഉന്മൂലനനയം സ്വീകരിച്ചെങ്കിൽ മാത്രമേ പുതുതായി സ്ഥാപിച്ച ബൂർഷ്വാഭരണം നിലനിർത്തുവാൻ കഴിയുമായിരുന്നുള്ളുവെന്നു് മനസ്സിലാകും.



വിശന്നുവലഞ്ഞ വിപ്ലവകാരികൾക്കു് ഉണർവ്വേകുവാൻ സ്വാതന്ത്ര്യ ദേവത അനാവരണം ചെയ്ത മാറിടവുമായി ആയുധവും ധരിച്ചെത്തുന്നു. ഫ്രഞ്ചുവിപ്ലവകാലത്തെ ഒരു ചിത്രം

## വിദേശ ഇടപെടൽ

ആദ്യം മുതൽ തന്നെ ഇംഗ്ലീഷുകാരടക്കമുള്ള യൂറോപ്യൻ രാജഭരണങ്ങൾ ഫ്രഞ്ചുവിപ്ലവത്തെ എതിർക്കുകയാണുണ്ടായതു്. എന്നാൽ എല്ലാ രാജ്യങ്ങളിലും ഉയർന്നു വരികയായിരുന്ന ലിബറൽബൂർഷ്വാസി വിപ്ലവത്തെ പൊതുവേ സ്വാഗതം ചെയ്തു. പ്രത്യേകിച്ച് അതിന്റെ ആരംഭഘട്ടത്തിൽ ഉയ



മൊണ്ടെസ്ക്യൂ

ർത്തിയ സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ മുദ്രാവാക്യങ്ങൾ അവരെ പുളകം കൊള്ളിച്ചു. ഇംഗ്ലണ്ടിലെ പ്രശസ്തരായ പല കാല്പനിക കവികളും ഫ്രഞ്ചുവിപ്ലവത്തെ വാനോളം പുകഴ്ത്തി. എന്നാൽ പുകഴ്ത്തിയതിന്റെ ഇരട്ടി വേഗത്തിൽ വിപ്ലവാനന്തര സംഭവവികാസങ്ങളെ അവർ ഇകഴ്ത്തുകയും ചെയ്തു. അധികാരം നിലനിർത്തുന്നതിനുവേണ്ടി ബൂർഷ്വാസി ഏതു കടുത്ത പ്രയോഗങ്ങളും നടത്താൻ മടി കാട്ടില്ലായെന്നുള്ള വസ്തുത കാല്പനിക ബുദ്ധിജീവികൾക്ക് മനസ്സിലാക്കാൻ കഴിയാത്തതുകൊണ്ടാണ് അവർ ആവേശഭരിതരായതിന്റെ ഇരട്ടി വേഗത്തിൽ ഹതാശരായതും. എങ്കിലും ഇക്കാലത്ത് അരങ്ങേറിയ പല സംഭവവികാസങ്ങളും ന്യായീകരിക്കാൻ കഴിയാത്തവയാണ്. ഹാലിളകിയ ഒരു ജനക്കൂട്ടം വിധികർത്താക്കളായി മാറുന്ന ഒരു പരിതസ്ഥിതിയിൽ സംഭവിക്കാവുന്ന സീമാതീതമായ എല്ലാ രംഗങ്ങളും പാരീസിൽ ഇക്കാലത്ത് അരങ്ങേറുകയുണ്ടായി.

വളരെ പണിപ്പെട്ട് സ്ഥാപിച്ചെടുത്ത ഭരണകൂടത്തിന് അപചയം സംഭവിക്കുമെന്നും അത് തങ്ങളുടെ ലക്ഷ്യത്തിനു ഹാനികരമാണെന്നും മനസ്സിലാക്കിയ ബൂർഷ്വാസി ഭീകരപ്രവർത്തനത്തിന് അറുതി വരുത്തി. 1795-ൽ പൊതുരക്ഷാസമിതി പിരിച്ചുവിട്ട് ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ള ഒരു പുതിയ ഭരണക്രമം ഏർപ്പെടുത്തി. തെരുവുജനതയുടെ കൈകളിൽ വിപ്ലവത്തിന്റെ അന്തസത്ത ചോർന്നുപോകാതിരിക്കുന്നതിന് അത്തരം ഒരു ഘടനാമാറ്റം അനിവാര്യമായിരുന്നു. എന്നാൽ അതുകൊണ്ടും രക്ഷയില്ലായെന്നു മനസ്സിലാക്കിയപ്പോഴാണ് ബൂർഷ്വാ ഭരണകൂടത്തെ നിലനിർത്താൻ സൈനികനടപടികളാണ് ആവശ്യമെന്നു മനസ്സിലാക്കി നെപ്പോളിയനെ അധികാരത്തിലെത്തിച്ചതു്. 1799-ൽ ഭരണ സാരഥ്യത്തിലെത്തിയ നെപ്പോളിയൻ അടുത്ത ഒന്നരദശാബ്ദം കൊണ്ട് ഫ്രാൻസിൽ മുതലാളിത്ത ഭരണക്രമവും സമ്പദ്ഘടനയും വിദ്യാഭ്യാസവുമെല്ലാം അരക്കിട്ടുറപ്പിച്ചു. അദ്ദേഹത്തിന്റെ ആക്രമണപരമ്പരകൾ യൂറോപ്പിലാകമാനം ബൂർഷ്വാവിപ്ലവത്തിന്റെ സന്ദേശമെത്തിക്കുകയും തുടർന്നുള്ള ദശാബ്ദങ്ങൾ വിപ്ലവപരമ്പരകൾക്കു സാക്ഷ്യം വഹിക്കുകയും ചെയ്തു.

## കലയുടെ പ്രസക്തി

നവോത്ഥാന യുഗത്തിലുണ്ടായ വിസ്ഫോടനത്തിനുശേഷം സാഹിത്യാദി കലകളിൽ അതിനോടുപമിക്കാവുന്ന ഒരു വിസ്ഫോടനമുണ്ടായതു് ഫ്രഞ്ചുവിപ്ലവത്തിന്റെ പ്രേരണയും പ്രചോദനവും കൊണ്ടാണ്. ഫ്രഞ്ചുവിപ്ലവത്തിന്റെ ചൈതന്യം സ്വന്തം സൃഷ്ടിയിലേക്കാവാഹിച്ച പ്രതിഭാശാലിയത്രെ ബിറ്റ്ഹോഫൻ.

ഏറ്റവുമധികം വിപ്ലവവീര്യം വിജൃംഭിച്ചതു് സംഗീതത്തിലും സാഹിത്യത്തിലുമാണ്.

1789 മുതൽ 1868 വരെയുള്ള കാലത്തു് കലാപ്രപഞ്ചത്തിൽ ഒരു വിപ്ലവം തന്നെ സംഭവിച്ചു. അമേരിക്ക മുതൽ റഷ്യവരെയുള്ള വിശാലമായ പ്രദേശത്തു പല ഭാഷകളിൽ അതികായന്മാരും കവികളും കഥാകൃത്തുക്കളും അവതരിച്ചു പ്രഭചൊരിഞ്ഞ ഒരു കാലമാണതു്.

ഹംഗേറിയൻ, പോളിഷ് തുടങ്ങിയ ഭാഷകളിൽ സാഹിത്യരചനയുടെ ആരംഭമുണ്ടായതുതന്നെ ഇക്കാലത്താണ്.

ഈ വിപ്ലവയുഗത്തിൽ പല നാട്ടുഭാഷകൾക്കും നാവു കിട്ടി.

അന്ന് ഏറ്റവും പുഷ്ടി പ്രാപിച്ച രണ്ടു സാഹിത്യരൂപങ്ങൾ നോവലും ആഖ്യാനകവിതയുമാണ്.

ജീവിതത്തിന്റെ നാനാമേഖലകളെയും നാനാതലങ്ങളെയും മനുഷ്യമനസ്സിന്റെ സൂക്ഷ്മഭാവങ്ങളെയും സമഗ്രമായും അവഗാഢമായും കലാസൗഭഗം കിനിയുന്ന രീതിയിൽ, ശില്പസൗഷ്ഠവത്തിനു് ലോപമില്ലാതെ അവതരിപ്പിക്കുന്ന വിദ്യ ആദ്യമായി പ്രയോഗിച്ചതു് ആ യുഗത്തിലെ മഹാരഥന്മാരാണ്.



മൈക്കലാഞ്ജലൊ

നോവൽ പദ്യത്തിലുമെഴുതാം എന്നു സ്ഥാപിച്ച ''യൂജിൻ ഒണെഗിൻ'' എന്ന കാവ്യത്തിന്റെ കർത്താവായ പുഷ്കിനെ ഇത്തരുണത്തിൽ സവിശേഷം സ്മരിക്കേണ്ടിയിരിക്കുന്നു.

റൊമാന്റിക് കവിത ഉദ്ഭവിച്ചതും ഇക്കാലത്തുതന്നെ പാരമ്പര്യത്തിൽ നിന്നും പള്ളിക്കോയ്മയിൽ നിന്നും രാജവാഴ്ചയിൽ നിന്നും മുക്തിനേടാനുള്ള ഉൽക്കടമായ അഭിലാഷം, സ്വാതന്ത്ര്യത്തിനും ജനാധിപത്യത്തിനും പുരോഗതിക്കും വേണ്ടിയുള്ള ദാഹം, മാനവശക്തിക്ക് അതിരില്ല എന്ന വിശ്വാസം, ഇങ്ങനെ ചിലതാണ് ഈ കവിതകളിൽ ത്രസിക്കുന്നതു്.

''റൊമാന്റിക്കു''കൾ എന്നു സ്വയം വിശേഷിപ്പിച്ച ഒരു കൂട്ടം ജർമ്മൻ കലാകാരന്മാരാവട്ടെ. ഫ്രഞ്ചു വിപ്ലവത്തെ അനുകൂലിക്കുകയുണ്ടായില്ല. സങ്കുചിതമതത്തിലേക്കും മധ്യശതകങ്ങളിലേക്കും ആണ് അവർ പ്രത്യാശപ്പൂർവ്വം ഉറ്റുനോക്കിയത്. ഫ്രഞ്ചുവിപ്ലവം കെട്ടഴിച്ചുവിട്ട ജനാധിപത്യാഭിനിവേശവും സമത്വാദർശവും മറ്റും ജർമ്മൻറൊമാന്റിക്കുകൾക്ക് ഉണ്ടായിരുന്നു,

1789 ആഗസ്റ്റ് 26ലെ 'മനുഷ്യന്റെയും പൗരന്റെയും അവകാശപ്രഖ്യാപനം' 18—ാം നൂറ്റാണ്ടുവരെ മനുഷ്യൻ നേടിയ സാമൂഹ്യപുരോഗതിയുടെ ഏറ്റവും ഉയർന്ന പടിയായിരുന്നു.

പുരോഹിത വർഗത്തിന്റെ അതിക്രമങ്ങൾ അവസാനിപ്പിക്കുക മാത്രമല്ല ഫ്രഞ്ചുവിപ്ലവം ചെയ്തതു്. വിപ്ലവത്തിന്റെ മൂർധന്യതയിൽ മതവിശ്വാസം തന്നെ ഇല്ലാതാക്കാൻ ശ്രമിച്ചു. വ്യാവസായിക വിപ്ലവത്തിനും മുതലാളിത്തത്തിന്റെ പൂർണ്ണ വളർച്ചക്കും, പാർലമെന്ററി ജനാധിപത്യത്തിനും, കോളനി വാഴ്ചക്കും, സാമ്രാജ്യത്വ യുദ്ധങ്ങൾക്കും, ഫ്രഞ്ച് വിപ്ലവം വഴിയൊരുക്കി.

ലൂയി 16—ാമന്റെ ശിരച്ഛേദനത്തിനും ബൂർഷ്വാസിയുടെ പ്രജായത്ത—ഏകാധിപത്യ ഭരണാധികാരി മാക്സിമിലിയൻ റോബെസ്പിയറുടെ വധത്തിനും ഇടയ്ക്കുള്ള കാലഘട്ടത്തിൽ ഒരു ലക്ഷത്തിൽ പരം ആളുകൾ ഗില്ലററിൻ വഴിയുള്ള വധശിക്ഷക്കിരയാക്കി.

''ഫ്രഞ്ച് വിപ്ലവവും അന്നത്തെ സാമൂഹ്യ വർഗങ്ങൾ തമ്മിലുള്ള സമരവും റഷ്യൻ ബോൾഷെവിക്ക് വിപ്ലവത്തിന് ജന്മം കൊടുത്തു.

ഫ്രഞ്ച് ബൂർഷ്വാസി അവരുടെ കോളനികളെല്ലാം സ്ഥാപിച്ചതു് ഫ്രഞ്ച് വിപ്ലവത്തിനു് ശേഷമാണ്.

സ്റ്റാലിന്റെ മരണത്തെയും ചൈനയിലെ പട്ടാള നടപടിയേയും എതിർക്കുന്ന മുതലാളിത്ത ലോകനേതാക്കൾ ഇന്നു് പാരീസിൽ ഫ്രഞ്ച് വിപ്ലവത്തിനു് പ്രണാമം അർപ്പിക്കുന്നു.

ലൂയി പതിനാറാമന്റെ വധം സാർ ചക്രവർത്തിയുടെ കൊലപാതകം പോലെ രാജാധികാരത്തിനെയും പ്രഭുവർഗത്തിനെയും തകർക്കാനുള്ള ഏകമാർഗമായിരുന്നു ഫ്രഞ്ച് വിപ്ലവത്തിന്റെ പാഠങ്ങൾ വർഗസമൂഹ ചരിത്രത്തിലെ എല്ലാ വിപ്ലവങ്ങൾക്കും പ്രതിവിപ്ലവങ്ങൾക്കും ബാധകമാണ്. 'ഒക്ടോബർ വിപ്ലവത്തിന്റെ മാതാവ്'' എന്നാണ് ചരിത്രകാരന്മാർ ഫ്രഞ്ച് വിപ്ലവത്തിനെ വാഴ്ത്തുന്നതു്.

തങ്കച്ചൻ പി. എം.

രണ്ടാംവർഷ സോഷ്യോളജി



# വിപ്ലവത്തിന്റെ കലണ്ടർ

1787 മുതല്ക്കേ കലാപം തുടങ്ങിയിരുന്നു. തുടങ്ങിവച്ചതു് അഭിജാത വിഭാഗത്തിൽപെട്ടവരായിരുന്നു. ബജററ് കമ്മി നികത്താൻ അഭിജാതരുടെ മേൽ പുതിയ നികുതി ചുമത്താൻ ധനവകുപ്പിന്റെ കൺട്രോളർ ജനറൽ 1787 ഫെബ്രുവരിയിൽ നടപടികൾ കൈക്കൊണ്ടതോടെയാണ് തുടക്കം. അതു് പല നഗരങ്ങളിലേക്കും ക്രമത്തിൽ പടർന്നുപിടിച്ചു. 1788–ലെ മോശമായ വിളവ് ഇതിനു് ആക്കം കൂട്ടി. കൃഷിക്കാരുടെ കലാപം ആളിപ്പടർന്നു.

1789 ജനുവരി–ഏപ്രിൽ : മൂന്നാം എസ്റ്റേററിലേക്ക് തിരഞ്ഞെടുപ്പ്–300 അഭിജാതരും 300 പുരോഹിതരും.

മേയ് 5: എസ്റ്റേററ്സ് ജനാലിന്റെ യോഗം

ജൂൺ 20: രാജാവിനെ ധിക്കരിച്ച് മൂന്നാം എസ്റ്റേററ് ടെന്നീസ് കോർട്ടിൽ സമ്മേളിച്ചു.

ജൂലായ് 14: ബാസ്റ്റിൽകോട്ട ജനങ്ങൾ പിടിച്ചടക്കുന്നു. രാജാവിന്റെ ദുർഭരണം തകർക്കുന്നതിന്റെ പ്രതീകം.

ജൂലായ് 20 – ആഗസ്റ്റ് 6 : കൃഷിക്കാർക്കിടയിൽ ഭയങ്കര ഭയത്തിന്റെ കാലം.

ജൂലായ് 4 : കോൺസ്റ്റിററ്യുവന്റ് അസംബ്ലി ഫ്യൂഡൽ അവകാശങ്ങൾ റദ്ദാക്കി.

ആഗസ്റ്റ് 21; മനുഷ്യന്റെയും പൗരന്റെയും അവകാശ പ്രഖ്യാപനം അസംബ്ലി അംഗീകരിച്ചു.

ഒക്ടോബർ 5 : സ്ത്രീകൾ വെഴ്സായി കൊട്ടാരത്തിലേക്ക് മാർച്ചു ചെയ്ത് രാജാവിനെ പാരീസിലേക്കു കൊണ്ടുവരുന്നു.

നവംബർ 2 : പുരോഹിതരുടെ സ്വത്ത് ഗവൺമെന്റ് കണ്ടുകെട്ടുന്നു.

ഡിസംബർ 19 : ഈ സ്വത്തുക്കളിൽ കുറേഭാഗം ലേലം ചെയ്യു.

ഡിസംബർ 22 : രാഷ്ട്രീയാധികാരം ന്യൂനപക്ഷം വരുന്ന സ്വത്തുടമകൾക്കായി പരിമിതപ്പെടുത്തുന്ന നിയമം ഏർപ്പെടുത്തി.

1790 ഫെബ്രുവരി 13 : സന്യാസി മഠങ്ങൾ നിരോധിച്ചു.

ജൂലായ് 12 : അസംബ്ലി കത്തോലിക്കാസഭയെ പുനഃസംഘടിപ്പിക്കാൻ തീരുമാനിച്ചു.

നവംബർ 27 : എല്ലാ പുരോഹിതന്മാരും പുരോഹിതന്മാർക്കുള്ള സിവിൽ ഭരണഘടനയോട് കൂറ് പ്രഖ്യാപിക്കണമെന്ന് കോൺസ്റ്റിററ്യുവന്റ് അസംബ്ലി ആവശ്യപ്പെട്ടു.

1791 മാർച്ച് 10 : ഏപ്രിൽ 13 : മാർപ്പാപ്പ ഇതിനെ അധിക്ഷേപിച്ചു. സഭയും വിപ്ലവ ഗവൺമെന്റും തമ്മിലുള്ള അകൽച്ച പൂർണമായി.

ജൂൺ 21 : രാജാവ് നാടുവിട്ടോടുന്നു.

ജൂൺ 22 : രാജാവ് അറസ്റ്റിലാകുന്നു.

ജൂൺ 25 : രാജാവിനെ തിരികെ പാരീസിലേക്കു് കൊണ്ടുവരുന്നു.

ആഗസ്റ്റ് 27 : ഹാബ്സ്ബർഗ് ചക്രവർത്തിയും പ്രഷ്യൻ രാജാവും വിപ്ലവ ഗവൺമെന്റിനോട് യുദ്ധം പ്രഖ്യാപിക്കുന്നു.

# വിപ്ലവത്തിന്റെ കലണ്ടർ

സെപ്തംബർ 14 : രാജാവ് രാഷ്ട്രത്തോട് കൂറ് പ്രഖ്യാപിക്കുന്നു. പക്ഷേ, രാജാവിനെ ആർക്കും വിശ്വാസമില്ല.

1792 ആഗസ്റ്റ് 10 : രാജവാഴ്ച അവസാനിപ്പിച്ച കലാപം; 1791-ലെ ഭരണഘടന റദ്ദാക്കപ്പെട്ടു.

സെപ്റ്റംബർ 2-6– ജനങ്ങൾ പാരീസിലെ ജയിലുകൾ ആക്രമിച്ച് തടവുകാരെ കൊല്ലുന്നു.

സെപ്റ്റംബർ 20 : പുതിയ പാർലമെന്റായ കൺവെൻഷൻ തിരഞ്ഞെടുക്കപ്പെടുന്നു.

ഡിസംബർ 26 : രാജാവിന്റെ വിചാരണ തുടങ്ങി.

1793 ജനുവരി 21 : രാജാവ് ലൂയി പതിനാറാമൻ തൂക്കിക്കൊല്ലപ്പെട്ടു.

ഫെബ്രുവരി 1 : കൺവെൻഷൻ ഇംഗ്ലണ്ടിനും സ്പെയിനിനും മററുമെതിരായി യുദ്ധം പ്രഖ്യാപിക്കുന്നു.

ഒക്ടോബർ മുതൽ 'ഭീകര വാഴ്ച.'

ഒക്ടോബർ 16 : രാജ്ഞി മേരി അന്റോയിനററ് വധിക്കപ്പെടുന്നു.

കത്തോലിക്കാ സഭയ്ക്കും പള്ളികൾക്കും എതിരായി വിപ്ലവ ഗവൺമെന്റും കമ്മ്യൂണുകളും നടപടിയെടുക്കുന്നു.

പാരീസിലെ പല പള്ളികളും അടച്ചിടുന്നു.

ഡിസംബർ 6 : ആരാധനാസ്വാതന്ത്ര്യം കൺവെൻഷൻ പുനഃസ്ഥാപിക്കുന്നു.

1793 ഡിസംബർ – 1794 ജൂലായ് : വിപ്ലവഗവൺമെന്റിന് സ്ഥിരത ലഭിക്കുന്നു. റോബസ്പിയറും സാങ്ജസ്ററും വിപ്ലവത്തിന്റെ അടിസ്ഥാന തത്വങ്ങൾ ആവിഷ്കരിക്കുന്നു; വിവിധ നിയമങ്ങൾക്ക് രൂപം നല്കുന്നു.

1794 മാർച്ച്, ഏപ്രിൽ : റോബസ്പിയറുടെ നേതൃത്വത്തിലുള്ള വിപ്ലവ ഗവൺമെന്റിനെ മറിച്ചിടാൻ നോക്കിയ, ഡാന്റൺ, കാമിൻ ഡെസ്മൗളിൻസ് തുടങ്ങിയവർ ചെറുത്തു തോല്പിക്കപ്പെടുന്നു, ഗില്ലട്ടിൻ ചെയ്യപ്പെടുന്നു.

ഏപ്രിൽ–ജൂലായ് : ഭരണത്തിന്റെ ഭീകരത ശക്തിപ്പെടുത്തുന്നു.

ജൂൺ 10 : മഹാഭീകരതാ നിയമം പാസ്സാക്കുന്നു. ഇത് വിപ്ലവ ഗവൺമെന്റിന് ജനപിന്തുണ ഗണ്യമായി നഷ്ടപ്പെടാൻ ഇടയാക്കുന്നു.

ജൂലായ് : റോബസ്പിയർ ഗ്രൂപ്പിനെതിരെ മററ് വിഭാഗങ്ങളുടെ വിമർശനം.

ജൂലായ് 26 : റോബസ്പിയർ ഹായർ പ്രശ്നം കൺവെൻഷനു മുമ്പിൽ അവതരിപ്പിക്കുന്നു. മററ് വിഭാഗങ്ങളെ അദ്ദേഹം കടന്നാക്രമിക്കുന്നു.

ജൂലായ് 27 : മററ് വിഭാഗങ്ങൾ അദ്ദേഹത്തിനെതിരെ ഒന്നിക്കുന്നു. അദ്ദേഹത്തെ അറസ്റ്റ് ചെയ്യാൻ ഉത്തരവിടുന്നു.

ജൂലായ് 28 : റോബസ്പിയറും സാങ്ജസ്റ്റും അവരുടെ അനുയായികളും വിചാരണ കൂടാതെ ഗില്ലട്ടിൻചെയ്തു കൊല്ലപ്പെടുന്നു. അതോടെ ഫലത്തിൽ വിപ്ലവത്തിന്റെ അന്ത്യം കുറിക്കപ്പെടുന്നു.

# പത്രസ്വാതന്ത്ര്യത്തിനു് വെല്ലുവിളി

പത്രങ്ങളിൽക്കൂടെയുള്ള അഭിപ്രായ സ്വാതന്ത്ര്യം നിലനിർത്തേണ്ടതു് ഇന്ത്യയിൽ ജനാധിപത്യം നിലനിൽക്കുന്നതിനു് അത്യാവശ്യമാണ്. വ്യത്യസ്തമായ അഭിപ്രായങ്ങൾ പറയാനും പ്രകടിപ്പിക്കാനും സ്വാതന്ത്ര്യമുണ്ടെന്നുള്ളതു് ജനാധിപത്യത്തിൽ ബോധവൽക്കരണത്തിനു് ഒഴിവാക്കാനാകാത്ത അവസ്ഥയാണ്. ഒരു പത്രത്തിന്റെ ഉല്പാദനച്ചെലവിൽ 70 ശതമാനത്തോളം ന്യൂസ്പ്രിന്റിനാണ് വരുന്നതു്. കേന്ദ്ര സർക്കാർ ഏകപക്ഷീയമായി പ്രഖ്യാപിച്ചിരിക്കുന്ന പത്രക്കടലാസ് വിലവർദ്ധനവു് മൂലം ഇന്നു് പല പത്രങ്ങളും പൂട്ടിയിടലിന്റെ വക്കത്തെത്തി നിൽക്കുന്നു. പൊടുന്നനെ പത്രക്കടലാസിന്റെ വില കുത്തനെ വർദ്ധിപ്പിക്കാൻ ഉണ്ടായ കാരണം തികച്ചും രാഷ്ട്രീയമാണെന്നാണ് പത്രവ്യവസായരംഗത്തെ ഭരണകക്ഷിയോടു് തന്നെ ചായ്‌വുള്ള പ്രമുഖർ പറയുന്നതു്. ആഭ്യന്തരവിപണിയിലും വിദേശകമ്പോളങ്ങളിലും ന്യൂസ്പ്രിന്റിന്റെ വില മാറ്റമില്ലാതെ തുടരുമ്പോഴാണ് ഈ വർദ്ധനവ്. പുതിയ സാഹചര്യത്തിൽ പിടിച്ചു നിൽക്കാൻ പത്രങ്ങൾ വില കൂട്ടുകയോ പേജുകൾ കുറയ്ക്കുകയോ അല്ലെങ്കിൽ ഇതു രണ്ടുമോ ചെയ്യേണ്ടിയിരിക്കുന്നു. താങ്ങാനാകാത്ത വിലകൊടുത്തു് ഒരു ശരാശരി ഇന്ത്യക്കാരനും പത്രം വാങ്ങിക്കുവാൻ തയ്യാറാവില്ല. ഇതുമൂലം വർത്തമാനപത്രങ്ങളും ജനങ്ങളും തമ്മിൽ അകൽച്ചയുണ്ടാകുന്നു. വാർത്തകളറിയാൻ സർക്കാരിന്റെ കുത്തക മാദ്ധ്യമങ്ങളായ റേഡിയോവിനേയും ദൂരദർശനേയും ആശ്രയിക്കേണ്ടി വരുന്ന അവസ്ഥ സംജാതമാകുന്നു. അതാണ് രാജീവ് സർക്കാരിനു് വേണ്ടതും. ഇതിനായി ഇന്ത്യയിൽ പത്രക്കടലാസുല്പാദനം ബോധപൂർവ്വം വെട്ടിക്കുറച്ചുകൊണ്ടിരിക്കുന്നു. ചില കമ്പനികൾ ന്യൂസ്പ്രിന്റ് ഉല്പാദനം നിർത്തി പുസ്തകങ്ങൾ അച്ചടിപ്പിക്കുന്ന വൈറ്റ്പ്രിന്റ് ഉല്പാദിപ്പിച്ചു തുടങ്ങിയിരിക്കുന്നു. വിദേശ രാജ്യങ്ങളിൽ ഒരു ടൺ ന്യൂസ്പ്രിന്റിനു് 6000 രൂപ വരെ മാത്രമേ വിലയുള്ളൂ. അവ വാങ്ങി, ഇരട്ടി വില ചേർത്തു് ഇന്ത്യയിൽ വിൽക്കുന്നു. സർക്കാരിന്റെ അഴിമതികൾ പുറത്തു കൊണ്ടുവന്നപ്പോൾ പത്രങ്ങളുടെ വായ് മൂടിക്കെട്ടാൻ കൊണ്ടുവന്ന 'അപകീർത്തി ബിൽ' പരാജയപ്പെട്ടപ്പോൾ കണ്ടുപിടിച്ച ഉപായമാണ് ഈ കൃത്രിമ പത്രക്കടലാസ് ക്ഷാമം. പത്രസ്വാതന്ത്ര്യത്തിനുവേണ്ടി എന്നും ശക്തിയായി വാദിച്ചിരുന്ന ജവഹർലാൽ നെഹ്റുവിന്റെ ജന്മശതാബ്ദി വർഷത്തിൽത്തന്നെയാണ് കൊച്ചുമകൻ രാജീവിൽ നിന്നും ഇത്തരമൊരു നീക്കമുണ്ടായിട്ടുള്ളതു്. ജനറേഷൻ ഗ്യാപ്പെന്നു് വിളിക്കുന്നതു് ഇതിനെയാവും.



## FORWARD BIASING IN EDUCATION

*Educati:n is the manifestation of perfection already in man (Swami Vivekananda)*

Teacher-Student relationship is at the core of any system of education. But the condition of this important tie at present is deplorably slackening. Very often a teacher fails to recognize his own students. Even if the recognizes, it may be in terms of their roll numbers. It seems that the process of dehumanization of the computerised techonocratic society of ours has crept into the field of education too.

Is this alienation healthy? Is not teacher—student relationship of vital importance? What are the ways to ameliorate the present situation?

A teacher is always looked upon by his students as a model, as a guide and as a friend. But often this disposition of the students is not properly reciprocated. It may be because of the fact that the teacher is not always in a position to do so. An ideal teacher - student relationship is perhaps one of mutual faith, of mutual love, of mutual friendship, of mutual respect and of mutual learning

A teacher should conceive the idea that every learner is a gem of a student. He should be sensitive enough to discern the unique qualities of each of his students and he should enhance it through proper guidence. He should educe in his students the qualities of keen odservation, scientifica nd discriminative reasoning, divergent and creative thinking, inference drawing and generalization.

Co-curricular acteviteas such as NSS, NCC, Quiz club, Debate club, Sports & Games create another important room for better interaction between teachers and students. These can be turned objects in to which the excess of the energy in the students can be channelised. This will often chisel and polish the so called rebellions and aggressive students.

In actuality, is there a set of students of aggressive disposition as some of us complain or aren't they the products of the circumstances? Very often a teacher does not try to understand the baekgrounds of their studdents. Perhaps an attempt to see the students in their individual backgrounds may help him to keep better relations with his students. If a student is found indifferent and careless, let us conceive that he is a less cared one and if a student is adjudged useless and beyond improvement, we will be turning away from the fact that he is a less used one.

GEORGEKUTTY JOSEPH
Physics dept.

# ഇനി ഫാക്സ്



നമ്മളാഗ്രഹിക്കുന്ന ആളിന് ഒരു കടലാസ്സിന്റെ തനിക്കോപ്പി, അയാൾ എത്ര ദൂരത്താണെങ്കിൽപ്പോലും നിമിഷങ്ങൾക്കകം എത്തിച്ചുകൊടുക്കാൻ ഫാക്സിമിലി (ഫാക്സ്) എന്ന ഉപകരണത്തിനു കഴിയുന്നു. ടെലിപ്രിന്ററിന്റെയോ ടെലക്സിന്റെയോ സഹായമില്ലാതെ തന്നെ കൃത്യം നിറവേററപ്പെടുന്നു. ഈ യന്ത്രം ഇന്ത്യയിൽ പ്രചാരത്തിലെത്തിയിട്ട് ഒരു വർഷമാകുന്നു. ഒരു പോർട്ടബിൾ ടൈപ്പ്റൈററിനോളം മാത്രം വലിപ്പമുള്ള ഇതിന് ഏററവും വലിയ രേഖ അയയ്ക്കാമെന്നറിയുമ്പോൾ "മൈക്രോ ചിപ്പ് ടെക്നോളജി"യെ പ്രശംസിക്കാതെ തരമില്ല. ടെലിഫോൺ നമ്പറിനോടൊത്ത് ഫാക്സ് നമ്പറും ലെററർ പാഡുകളിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിരിക്കുന്നു.

"ചാർജ്ജ്-കപ്പിൾഡ് ഡിവൈസുകൾ" എന്നറിയപ്പെടുന്ന ഇലക്ട്രോണിക് സർക്യൂട്ടുകൾ, കടലാസിനെ കറുത്തതും വെളുത്തതുമായ പുള്ളികളായിട്ട് കാണുന്നു. അവ ടെലിഫോൺ ലൈനിലൂടെ അയയ്ക്കപ്പെടുന്നു. മറേറയററത്തിരിക്കുന്ന ഫാക്സ് യന്ത്രം ഈ പുള്ളികളെ "തെർമൽ പേപ്പർ" എന്നറിയപ്പെടുന്ന കടലാസ്സിലേക്ക് പകർത്തുന്നു. കടലാസിൽ കറുപ്പുനിറം ആവശ്യമുള്ളിടത്തെല്ലാം 'ഫാക്സ്' ചൂടാക്കുന്നു. ഫാക്സുമായി ഘടിപ്പിച്ചിരിക്കുന്ന ടെലിഫോൺ സാധാരണപോലെ ഉപയോഗിക്കാം.

ഒരു കോഡ് നമ്പർ ഉപയോഗിച്ചാൽ സന്ദേശങ്ങൾ മററാരും കാണുമെന്ന് സംശയിക്കേണ്ട. ഓട്ടോമാററിക് റീ-ഡയൽ സൗകര്യം ഈ യന്ത്രത്തിനുണ്ട്. നമ്മുടെ വാർത്താ വിനിമയ ശൃംഖലയിൽ ഒരു നവീന അദ്ധ്യായം തുടങ്ങിവെക്കാൻ ഫാക്സ് യന്ത്രത്തിനു കഴിയുമെന്ന് നമുക്കാശിക്കാം.

ശശി എൻ. നായർ
രണ്ടാം വർഷ പ്രീഡിഗ്രി

അറബിക്കഥകളുടെ രസം കിനിഞ്ഞു നിന്നിരുന്ന
ബാല്യത്തിൽ നിന്നും—
ശിപായി ലഹളയുടെ ആവേശ ഗീതങ്ങൾ കേട്ട്
യൗവ്വനത്തിന്റെ ശോസന്ധികളിലൂടെ
ചെന്നെത്തുകയായിരുന്ന ജവഹർ.
പ്രിയപ്പെട്ട ഹാരോസ്കൂൾ
കേംബ്രിഡ്ജിലെ ട്രിനിറ്റി കോളേജിന്റെ അനന്തമായ
ഇടനാഴികൾ
അവയുടെ മർമ്മരങ്ങൾ ഏറ്റുവാങ്ങിയ പഠന
നിരതമായ
ശാന്തിജീവിതം
നിരവധി സുഹൃത്തുക്കളുടെ ആലംബനം
ലോകത്തെക്കുറിച്ചുള്ള വിശാലമായ കാഴ്ചപ്പാട്
കേംബ്രിഡ്ജ് ബിരുദധാരി. ബാരിസ്റ്റർ. ശാസ്ത്രജ്ഞനും
ഇന്ത്യയുടെ സമര വിശ്രാന്തികളിലേക്ക്
ആനന്ദഭവന്റെ മട്ടുപ്പാവ് വിട്ടിറങ്ങി.
സ്വാതന്ത്ര്യ തൃഷ്ണകളുടെ പടനിലത്ത് അടരാടി.
ഗാന്ധിജിയുടെ നിസ്സഹരണ പ്രസ്ഥാനത്തിന്റെ
ശക്തിയിലും, യുക്തിയുടെ കൗശലത്തിലും
അഹിംസയുടെ പൊരുൾ തേടി. വിചിന്തനത്തിന്റെ
കർമ്മ പാടവങ്ങൾ ഉരുവിട്ട്.
ഏറെതകിലുമൊരു രാഷ്ട്രീയ തത്വശാസ്ത്രത്തിന്റെ രൂപ
മാതൃകയുമായി
യുമായി ഒത്തിണങ്ങി നിൽക്കുന്ന ഒന്നല്ല അഹിംസാ
സിദ്ധാന്തമെന്ന കണ്ടു.
അലഹബാദ് മുൻസിപ്പൽ ചെയർമാനെന്ന
ഭരണാധിപനായി,
സ്വതന്ത്ര ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രിയായി.
ഇന്ത്യയെ കണ്ടെത്താനുള്ള സമീരണ പ്രയത്നത്തിൽ;
അന്താരാഷ്ട്ര ബന്ധങ്ങളിലും രാഷ്ട്ര പുനർനിർമ്മാണ
പ്രവർത്തനത്തിലും ഗ്രാമ വികസനത്തിലും ശാസ്ത്രസാ
ങ്കേതിക പുരോഗതിയിലും ഉജ്ജ്വല നേതൃത്വമായി
ചുവപ്പിന്റെ മനസ്സായി തിളങ്ങി—പനിനീർപ്പൂക്ക
ളെയും, കുഞ്ഞുങ്ങളെയും സ്നേഹിച്ചിരുന്ന ചാച്ചാ
നെഹ്റു.
ജന്മശതാബ്ദി വർഷത്തിൽ സ്മരണാഞ്ജലികൾ.

# കോളേജ് യൂണിയൻ റിപ്പോർട്ട് 1988–89

സംഘർഷം വിടപറഞ്ഞ നിമിഷങ്ങളിൽ, മാററത്തിന്റെ നാന്ദിയായിട്ടാണ് കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകൾ നടന്നത്. കേരളം മുഴുവൻ പുരോഗമനാശയങ്ങളെ സ്നേഹിക്കുന്നവരുടേതായപ്പോൾ നമ്മുടെ കലാലയവും ആ മാററം ഉൾക്കൊള്ളാൻ തയ്യാറായി. വരണ്ട ആശയങ്ങളും വിരസങ്ങളായ ദിനങ്ങളും കണ്ടുമടുത്ത വിദ്യാർത്ഥികൾ 'ഉദ്ഘാടന–സമാപന'ങ്ങളിൽ മാത്രമൊതുങ്ങാത്ത പ്രവർത്തനങ്ങളെ സ്വപ്നം കണ്ടാണ് തെരഞ്ഞെടുപ്പിനെ നേരിട്ടത്.

## 1988 സെപ്തംബർ 30

ആയിരത്തി തൊള്ളായിരത്തി എൺപത്തിയെട്ട് സെപ്തംബർ മുപ്പതാം തിയതി നടന്ന കലാലയ യൂണിയൻ തെരഞ്ഞെടുപ്പിൽ എൺപത്തിയെട്ട്–എൺപത്തിയൊമ്പതിലെ യൂണിയൻ ഭാരവാഹികളായി താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| ചെയർമാൻ | — മനോജ്കുമാർ സി. എം. |
| വൈസ്ചെയർമാൻ | — ബീന കെ. |
| ജന:സെക്രട്ടറി | — ബൈജി മാത്യു |
| എഡിററർ | — പ്രശാന്ത് ബാലചന്ദ്രൻ |
| ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി | — ദേവദാസ് |
| യൂണി. യൂണി. | — മനോജ് ബി. |
| കൗൺസിലർമാർ | — ജോമി ജോസഫ് |
| വനിതാപ്രതിനിധികൾ | — മേരി ജോസഫ്<br>സിമി ആന്റണി |

## 1988 നവംബർ 1

കോളേജ് യൂണിയന്റെ ഒരു വർഷത്തെ പ്രവർത്തനങ്ങൾക്കുള്ള ഔപചാരികമായ തുടക്കം കുറിച്ചത് റിട്ട: ജസ്റ്റീസ് ശ്രീ: ടി. ചന്ദ്രശേഖരമേനോനായിരുന്നു. ചെയർമാൻ, മനോജ് കുമാർ. സി. എം.ന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജന:സെക്രട്ടറി ബൈജി മാത്യു സ്വാഗതം ആശംസിച്ചു. ചടങ്ങിൽ, ദേശാഭിമാനി ചീഫ് എഡിററർ ശ്രീ. അപ്പുക്കുട്ടൻ വള്ളിക്കുന്ന്, പ്രശസ്തകവി. ശ്രീ. എസ്. രമേശൻ, പ്രിൻസിപ്പാൾ റവ: ഫാ: ഡോ: ഡാൻ തോട്ടക്കര എന്നിവർ ആശംസകൾ നേർന്നു. മാഗസിൻ എഡിററർ പ്രശാന്ത് ബാലചന്ദ്രൻ നന്ദി പ്രകാശിപ്പിച്ചു. ഉച്ചയ്ക്കുശേഷം പ്രശസ്ത പിന്നണി ഗായകൻ തോപ്പിൽ ആന്റോ നയിച്ച ഗാനമേള നവംബർ ഒന്നിന്റെ മദ്ധ്യാഹ്നത്തെ സംഗീതത്തിന്റെ ധാരയിലലിയിച്ചു.

കോളേജ് യൂണിയൻ ഉദ്ഘാടന ദിനത്തിലുണ്ടായ ചില അപ്രതീക്ഷിത സംഭവങ്ങൾ കാമ്പസിൽ അസ്വസ്ഥതയുടെ വിത്തുപാകി. അക്രമവും അശാന്തിയും സ്വഭാവമാക്കിയ സാമൂഹ്യ വിരുദ്ധരുടെ പ്രവർത്തനങ്ങൾ യൂണിയൻ സംയമനത്തോടെ നോക്കിക്കണ്ടു. പിന്നീടുള്ള ദിനങ്ങൾ പ്രശ്നരഹിതങ്ങളാക്കി. എങ്കിലും ഒരാഴ്ചയോളം കോളേജ് അടച്ചിടുവാൻ നിർബന്ധിതമായി.

## 1988 നവംബർ

കോളേജ് കലാകാരന്മാരുടെ വേദി ഉദ്ഘാടനം ചെയ്തത് കലാമണ്ഡലം കല്യാണിക്കുട്ടിയമ്മയായിരുന്നു. അനുഭവങ്ങളുടെ ആഴങ്ങളിൽ നിന്ന് പഴമയുടെ മുത്തുകൾ ചികഞ്ഞെടുത്തുകൊണ്ടായിരുന്നു. ശ്രീമതി. കല്യാണിക്കുട്ടിയമ്മ ആർട്ട്സ് ക്ലബ്ബ് ഉദ്ഘാടനം ചെയ്തത്. മൂന്നു ദിവസങ്ങളിലായി നടന്ന ആർട്സ് ഫെസ്റ്റിവലിന് തംബുരുവിൽ ശ്രുതി ചേർത്തുകൊണ്ട് പ്രശസ്ത ഗായകൻ ശ്രീ. കെ. ജി. മാർക്കോസ് തുടക്കം കുറിച്ചു.

തുടർന്നു നടന്ന കോളേജിലെ അദ്ധ്യാപകരുടേയും അനദ്ധ്യാപക – വിദ്യാർത്ഥി ഗായകരുടേയും ഗാനമേള കഴിവിന്റെ മാററുതെളിയിച്ച വേദിയായി.

## 1988 നവംബർ

മൂന്നു ദിവസങ്ങളിലായി നടന്ന ആർട്ട്സ് ഫെസ്റ്റിവലിൽ വിവിധ മത്സരങ്ങളിലായി കോളേജിലെ കലാകാരന്മാരും കലാകാരികളും കഴിവുകൾ തെളിയിച്ചു. എങ്കിലും ഉന്നതതലങ്ങളിൽ നമ്മുടെ കലാലയത്തിന് പറയത്തക്ക നേട്ടങ്ങളുണ്ടാക്കാൻ കഴിഞ്ഞില്ല എന്നത് കാലങ്ങളായി നമ്മെ പിന്തുടരുന്ന ചില പ്രവണതകളുടെ നാമ്പുകളെ വെളിപ്പെടുത്തുന്നു.

## 1989 ജനുവരി 18

ആർട്സ് ഫെസ്റ്റിവൽ വിജയികളായ വിദ്യാർത്ഥികളുടെ ഇനങ്ങളെ കോർത്തിണക്കിക്കൊണ്ടുള്ള 'സ്റ്റുഡന്റ്സ് ഈവ്'ൽ സർവ്വകലാശാല മത്സരങ്ങളിൽ നമ്മുടെ കലാലയത്തെ പ്രതിനിധീകരിക്കുന്ന കലാകാരന്മാർ പരിപാടികൾ അവതരിപ്പിച്ചു.

## 1989 ജനുവരി 19

കോളേജ് യൂണിയനുകൾ പുതിയ മാനങ്ങൾ തേടുന്നതിന്റെ ഭാഗമായി, കലാലയത്തിന്റെ ചുമരുകൾക്കു പുറത്തെ കാല്പനികതകളിലേക്ക് എത്തിനോക്കാൻ, ജനുവരി പത്തൊൻപതു മുതൽ ഇരുപത്തിയൊന്നു വരെ നടന്ന 'ദൃശ്യോൽസവ 89' കൊണ്ടു സാധിച്ചു.

എല്ലാ ദിവസവും ഉച്ചക്കു ശേഷം മലയാളത്തിലെ നാല് അവാർഡ് ചിത്രങ്ങൾ—ദേശാടനക്കിളി കരയാറില്ല, ഓർമ്മയ്ക്കായി, മണിയൻപിള്ള അഥവാ മണിയൻപിള്ള, ചെമ്മീൻ – പ്രദർശിപ്പിച്ച ഫിലിം ഫെസ്റ്റിവൽ തിരുഹൃദയ കലാലയത്തിൽ രണ്ടാമത്തെ സംരംഭമായിരുന്നു. എൺപത്തിയൊമ്പതിന്റെ തുടക്കത്തിൽ നമുക്ക് നഷ്ടമായ സഫ്ദർഹാഷ്മി, പ്രേംനസീർ എന്നീ കലാകാരന്മാർക്ക് സമർപ്പിക്കപ്പെട്ട ഫെസ്റ്റിവൽ ദിവസങ്ങളോളം നീണ്ടുനിന്ന കഠിനയത്നങ്ങളുടെ ഫലമായിരുന്നു. ദേശീയതലത്തിൽത്തന്നെ സിനിമയ്ക്കു നഷ്ടമായിക്കൊണ്ടിരിക്കുന്ന ജനസമ്മതി, സാമ്പത്തികമായി ഞങ്ങളെ ബാധിച്ചുവെങ്കിലും സഹകരിച്ചവരെ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു. യൂണിയൻ പ്രവർത്തനങ്ങൾക്കുള്ള ധനാഗമ മാർഗ്ഗമായിരുന്നെങ്കിലും സാമ്പത്തികമായി ഞങ്ങളെ നിരാശരാക്കി.

## 1989 ജനുവരി 25

നമുക്ക് നഷ്ടമാകുന്ന ദേശീയ ഐക്യത്തിന്റെ മന്ത്രമുണർത്തിക്കൊണ്ട് കോളേജ് യൂണിയൻ നടത്തിയ പൂക്കളമത്സരം കോളേജ് ആഡിറ്റോറിയത്തിൽ വർണ്ണങ്ങളുടെ സുഗന്ധം പരത്തി. ക്ലാസ്സ് അടിസ്ഥാനത്തിൽ നടത്തിയ മത്സരത്തിൽ നാൽപതോളം ടീമുകൾ സജീവമായി പങ്കെടുത്തു. ഫണ്ട് ധൂർത്തടിക്കുന്ന യൂണിയനുകൾക്ക് അപവാദമായി, വിജയികൾക്ക് ക്യാഷ് അവാർഡ് നൽകിക്കൊണ്ട് യൂണിയൻ ചരിത്രത്തിൽ ഒരു പൊൻതൂവൽകൂടി തുന്നിച്ചേർത്തു.

## 1989 ഫെബ്രുവരി 1

കുട്ടായ്മയുടെ സംഗീതജ്ഞൻ എന്നറിയപ്പെടുന്ന സംഗീതചക്രവർത്തിയായിരുന്ന ശ്രീ. എം. ബി. ശ്രീനിവാസന്റെ ഓർമ്മയ്ക്കായി യൂണിയൻ നടത്തിയ സംഘഗാനം സംഘചേതനകളുടെ തുടികളുയർത്തി. നമ്മുടെ യൂണിവേഴ്സിറ്റിക്ക് കയർ ടീം ഒരുക്കിയ ശ്രീ. എം. ബി. എസി.ന്റെ സ്മരണയുണർത്തിയ മത്സരത്തിൽ പത്തോളം ടീമുകൾ പങ്കെടുത്തു.

## 1989 ഫെബ്രുവരി 2

ആഫ്രിക്കയിലെ വർണ്ണവെറിയിലെ വിശക്കുന്ന വയറുകളുടെ ദൈന്യം നമ്മുടെ കോളേജിലും അനുഭാവത്തിന്റെ തിരകളുയർത്തി. ദരിദ്രരായ കുഞ്ഞുങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നടത്തിയ ''യൂണിസെഫ് പിക്ചർ കാർഡ്''കളുടെ പ്രദർശനവും വില്പനയും യൂണിയൻ സംഘടിപ്പിച്ചു, കോളേജ് യൂണിയന് സേവനത്തിന്റെ പുതുകരം നൽകി.

## 1989 ഫെബ്രുവരി 4

സർവ്വകലാശാല യൂണിയനുകളും സാഹിത്യ അക്കാഡമികളും മാത്രം പരീക്ഷിച്ചിട്ടുള്ള ഒരു മേഖലയ്ക്ക് ചരിത്രത്തിലാദ്യമായി ഒരു കോളേജ് യൂണിയൻ നേതൃത്വം നൽകി. സാഹിത്യത്തിൽ ആഭിമുഖ്യമുള്ള തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കു വേണ്ടി യൂണിയൻ സംഘടിപ്പിച്ച സാഹിത്യശില്പശാലയിൽ നാൽപതോളം പേർ സജീവമായി പങ്കെടുത്തു. കഥ മരിച്ചു – തുടങ്ങിയ വാദങ്ങൾ മലയാളസാഹിത്യത്തിൽ ഉയർന്നുവന്നിട്ടുള്ള ഈ സാഹചര്യത്തിൽ ശില്പശാലയിൽ ഉയിർകൊണ്ട പല ആശയങ്ങളും ശ്രദ്ധേയമായി. ''കഥ മരിച്ചിട്ടില്ല. മരിക്കുന്നുവെന്നതൊരു പൊള്ളയായ വാദമാണ്'' എന്നു പറഞ്ഞുകൊണ്ടാണ് യുവകഥാകൃത്തും ചെറുകഥയ്ക്കുള്ള സാഹിത്യ അക്കാഡമി അവാർഡു ജേതാവുമായ ശ്രീ. ഹരികുമാർ ശില്പശാല ഉദ്ഘാടനം ചെയ്തു. ചെയർമാൻ മനോജ്കുമാർ സി. എം. ന്റെ ആഭിമുഖ്യത്തിൽ കൂടിയ ചടങ്ങിൽ മലയാളം വിഭാഗത്തിലെ ശ്രീ. നാരായണൻ നമ്പൂതിരി ആശംസകൾ നേർന്നു. തുടർന്ന് പ്രശസ്ത സാഹിത്യകാരന്മാരായ സേതു, ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി, എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് സംസാരിച്ചു. പത്രങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റിയ ശില്പശാല തികച്ചും ഒരു പുതുമയുള്ള അനുഭവമായിരുന്നു. വായിച്ചുമാത്രമറിഞ്ഞ സാഹിത്യനായകന്മാരെ നേരിലറിയാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.

## 1989 ഫെബ്രുവരി 15

മഹാത്മഗാന്ധി സർവ്വകലാശാലയിലെ എഴുപതോളം കലാലയങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് യൂണിയൻ നടത്തിയ "ഇന്റർ കോളേജിയറ്റ് ക്വിസ്" മത്സരം മുഴുവൻ വിദ്യാർത്ഥികളുടേയും ശ്രദ്ധ പിടിച്ചുപറ്റുന്നൊന്നായിരുന്നു. ഇംഗ്ലീഷ് വിഭാഗത്തിലെ "പ്രൊഫ. ടി. ടി. ജോസഫ്" നയിച്ച പ്രശ്നോത്തരിയിൽ മൂവാറ്റുപുഴ നിർമ്മല കോളേജിന് ഒന്നാം സ്ഥാനവും നമ്മുടെ കോളേജിന് രണ്ടാം സ്ഥാനവും എറണാകുളം മഹാരാജാസ് കോളേജിന് മൂന്നാം സ്ഥാനവും ലഭിച്ചു.

## 1989 ഫെബ്രുവരി 21

കോളേജ് യൂണിയന്റെ ആഭിമുഖ്യത്തിൽ "സ്പോർട്ട്സ് സ്റ്റുഡന്റ്സ്" സംഘടിപ്പിച്ച ഫാൻസി ഡ്രസ്സ് കോംപറ്റീഷൻ' കോളേജിന് രസകരമായ കുറെ നിമിഷങ്ങളെ സമ്മാനിച്ചു. ഭാവന വിടർത്തിയ ഫാൻസിഡ്രസ്സ് മത്സരത്തിൽ വിവിധ വ്യക്തികളും സംഘടനകളും നൽകിയ സമ്മാനങ്ങൾ നൽകി.

## 1989 ഫെബ്രുവരി 28

കോളേജ് യൂണിയനുകളെ എന്നും പ്രതിസന്ധിയിലാക്കിയിട്ടുള്ള പ്രവണതകൾ ഈ യൂണിയനേയും നിരുൽസാഹപ്പെടുത്തിയിട്ടുണ്ട്. എങ്കിലും ആ പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ഒരു അദ്ധ്യയന വർഷം സാമാന്യം സജീവമായി പ്രവർത്തിക്കാൻ യൂണിയനു സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ഞങ്ങളിലേല്പിച്ച വിശ്വാസങ്ങളേയും പ്രതീക്ഷകളേയും യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞുവോ എന്ന് ഞങ്ങൾക്കറിയില്ലായെങ്കിലും നിങ്ങൾ അസംതൃപ്തരല്ല, നിരാശരല്ല എന്ന് ഞങ്ങൾക്കുറപ്പുണ്ട്. പൊയ്മുഖങ്ങളുടെ നാട്യങ്ങളും ജാഡകളുടെ പൊങ്ങച്ചങ്ങളും കണ്ടുമടുത്ത നിങ്ങൾക്ക് കുറെ നല്ല നിമിഷങ്ങളെ സമ്മാനിക്കാൻ കഴിഞ്ഞു എന്ന ചാരിതാർത്ഥ്യത്തോടെ സ്മരിക്കട്ടെ— ഈ നിമിഷങ്ങളെ ഒരുക്കുവാൻ ജീവനും രക്തവുമായി ഞങ്ങളെ സഹായിച്ച നിങ്ങളോരോരുത്തരോടും ഞങ്ങൾക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കൂടാതെ—

എൺപ്പത്തിയൊമ്പതിനു നഷ്ടമായ എല്ലാ ജീവിതങ്ങളേയും ഞങ്ങൾ ആദരാഞ്ജലികളോടെ ഓർക്കുന്നു— നാടകവേദിക്ക് ജീവിതമർപ്പിച്ച കൈനിക്കര കുമാരപിള്ള, ജി. ശങ്കരപിള്ള എന്നീ ആചാര്യന്മാർ, കാപാലികരുടെ മർദ്ദനമേറ്റ് മരിച്ച സഫ്ദർ ഹാഷ്മി, മലയാള സിനിമയുടെ പ്രേംനസീർ, സംഗീതലോകത്തിനു നഷ്ടമായ എം. ബി. എസ്., കെ. എസ്. ജോർജ്, പുരോഗമന പ്രസ്ഥാനത്തിന് നഷ്ടമായ കെ. കെ. എൻ. പരിയാരം, നമ്മുടെ കലാലയത്തിന് ആത്മാവും സൃഷ്ടിച്ച മുൻ പ്രിൻസിപ്പാൾ, റവ: ഫാ: വിക്ടോറിയൻ എന്നിവരെ ആദരവോടെ സ്മരിക്കുന്നു.

ഈ റിപ്പോർട്ട് നിങ്ങൾക്കു മുന്നിൽ സമർപ്പിച്ചുകൊണ്ട് നിർത്തുന്നു—

അഭിവാദനങ്ങൾ

ജനറൽ സെക്രട്ടറി.

### INCOME AND EXPENDITURE ACCOUNT OF THE SACRED HEART COLLEGE UNION '88 — '89

| Sl No. | Expenditure | Amount | Sl. No | Income | Amount |
|---|---|---|---|---|---|
| 1 | To Election | 1040 | 1 | By Union Fund | 3200 |
| 2 | ,, Inauguration | 3400 | 2 | ,, Film Festival | 262 |
| 3 | ,, Arts Club | 1500 | 3 | ,, Excess of Expenditure Over income | 12465 |
| 4 | ,, Associations | 450 | | | |
| 5 | ,, Film Festival | 4500 | | | |
| 6 | ,, Sahitya Camp | 262 | | | |
| 7 | ,, Quiz Competition | 50 | | | |
| 8 | ,, Pookalam Competition | 50 | | | |
| 9 | ,, Music Competition | 25 | | | |
| 10 | ,, Union day | 4020 | | | |
| 11 | ,, Miscellaneous | 450 | | | |
| | TOTAL | 15927.00 | | TOTAL | 15927.00 |

INCOME AND EXPENDITURES CHECKED AND APPROVED BY THE COLLEGE UNION

Thevara

27th February 1989

Sd/-

GENERAL SECRETARY

അഭിനയിച്ച ചിത്രങ്ങളുടെ എണ്ണം കൊണ്ടും ജനപ്രീതി കൊണ്ടും വിപുലമായ മാനങ്ങൾ നേടിയെടുത്ത ചലച്ചിത്രകാരനായിരുന്ന പ്രേം നസീർ. കടിൽ മുതൽ കൊട്ടാരം വരെ ജനലക്ഷങ്ങൾ അദ്ദേഹത്തിൽ കോരിച്ചൊരിഞ്ഞ താരാരാധനയുടെ വെള്ളിവെ നസീറിനെ സിനിമയിലെ മഹാത്ഭുതമാക്കി. അഭിനയ പടുവായിരുന്ന സത്യനോട് ജനാദരത്തിൽ കിടനിൽക്കാൻ നസീറിന് കഴിഞ്ഞതു് നിരൂപകർക്ക് പോലും പിടികിട്ടാത്ത ഗൂഢരഹസ്യമായിരുന്നു. ക്ഷന്ന പ്രഭാചഞ്ചലമായ പരിവേഷം ഈ കാലയളവിലത്രയും നിലനിർത്തുവാൻ അദ്ദേഹത്തിന് കഴിഞ്ഞു.

അദ്ദേഹത്തിന്റെ അന്ത്യം മലയാള ചലച്ചിത്രത്തിലെ ഒരു കാലഘട്ടത്തിന്റെ കൂടി അന്ത്യം കുറിച്ചു.

പ്രേം നസീറിന് ഞങ്ങളുടെ ആദരാഞ്ജലികൾ.



## CHEMISTRY

Our Association was inaugurated by **Dr. Paul V.** Vattakencherry, head of Applied Chemistry Department of Cochin University, on 16th Jan. 1989. The function was presided over by Prof. K. N. Aravindakshan and our Principal Rev Father Dr. Dan Thottakkara gave felicitations. The inaugu al speach was on the 'History of Petrol'. The function was attended by a l the members.

*Secretary*
*Johnson. K. Jose*
*Final B Sc.*

## PHYSICS

The Physics Association was inaugurated by Prof. V. J. Antony of Cochin Coll ge. Our department hea l and Our Principal atte ded the function. The Students made the function a grand su cess.

*Jose. K. Yohannan*
*Final B Sc.*

## MATHEMATICS

The inauguration of the Mathematics Association was held on 30th November, 1989 Dr. M. Jatharadan, Department of Mathematics and statistics, Coch n University, inaugurated the association. Prof. P. O. Devasy presided over the function. Our guest spoke on this occasion about. "Fluid Mechanics". Our principal Rev. Fr. Dan Thottakara also addressed to the stud nts. This was followed by various entertainm nts. A sociation secretary gave the vote of thanks.

*Secretary,*
*Thankachan P. V.*
*II B Sc.*

## BOTANY

Ou association was inaugurated by Mr. V. Markose [Director of Coconut development Board E. K. M.] on December 6—89' Prof: Appachan (Head of the Dept. of Botany) welcomed the gathering and the secretary thanked the gathering. The college union Chairman, the staff an the non teaching staff of the Botony Dept. we e also present in the function. Various entertainment, pre ented by the members, made the function colourful.

*Secretary,*
*Radhakrishnan, K.*
*II B Sc.*

## ZOOLOGY

The Zoology Association was inaugurated by Mr. M. K. Ravindran Nair (Chief instructor, C.I.F.N.E.T.) on 8th Dec. 1988. Among others who were present in the function were, Principal. Rev. Dr. Dan Thottakkara and Prof. N. Appukuttan. Activities of the association included re-opening of the musium.

*Secretary*
*Vijil V, Nath*
*Final B Sc,*

## ECONOMICS

Our Association was inaugurated on 1st Dec. 1988 by Prof Aruja Antony (Dept: of Economics St. Albert's College) for the year 1988-89. Prof: K. J. Joseph presided over the function. Various entertainment programmes were presented later.

*Secretary*
*Sunder. G*
*Final B.A,*

## COMMERCE

The Commerce Association was inaugurated on Nov: 2 rd 1988 by Mr Venugopal C. Govind FCA. Our Principal Rev. Dr. Dan Thottakkara presided over the function. The Head of Dept. of the Commerce, Prof. C.J. George was present on the occassion. The gathering was welcomed by Mr. Allen B'Vera and the Secretary thanked the gathering.

*Secretary*
*Krishnan Y.*
*Final B com.*

## SOCIOLOGY

Sociology Association was inaugurated on 22nd Feb. 1989 by Dr. C. M. George, School of Management, Cochin University The function was presided over by our Principal, Dr. Dan Thottakkara. It was followed by a seminar on Social classification by Fr. K. V. George, Lyolla College, Trivandrum, (23rd Feb. 1989). We gave a warm fare well to our department head, Prof. Nalina Babu on 16th March 1989. Various entertainments were presented by the members.

*Secretary*
*Thankachan. P. A.*
*II B. A.*



COLLEGE UNION

| | | |
|---|---|---|
| Chairman | — | Manoj Kumar C. M. |
| Gen Secretary | — | Beji Mathew |
| Vice-Chairman | — | Beena K. |
| Editor | — | Prasanth Balachandran |
| Uni-Uni. Councillors | — | Manoj B., Jomy Joseph |
| Arts. Club Secretary | — | Devadas N. |
| Lady Representatives | — | Simy Antony, Mary Joseph |





CLASS REPRESENTATIVES

Thomson. E. A. ( Gen. Captain )

Sameer K. M. ( I p. d. c )

Rajen ( II d. c. )

Sabu Cyriac ( I d. c. )

Ravi ( III d. c. )

Tom ( II p.g )

Sajuthomas ( I p. g )





യൂണിയൻ ഉദ്ഘാടനം



ചെയർമാന്റെ സത്യപ്രതിജ്ഞ
റിട്ട. ജ. ചന്ദ്രശേഖരമേനോൻ
യൂണിയൻ ഉദ്ഘാടനം നിർവ്വഹിക്കുന്നു.
ഉദ്ഘാടന പ്രസംഗം.
ആശംസ—ശ്രീ. അപ്പുക്കുട്ടൻ വള്ളിക്കുന്ന്.
—ശ്രീ. എസ്. രമേശൻ
കൃതജ്ഞത — പ്രശാന്ത് ബാലചന്ദ്രൻ







ആർട്സ് ക്ലബ്ബ് ഉദ്ഘാടനം



യുവജനോത്സവ ഉദ്ഘാടനം
ശ്രീ. കെ. ജി. മാർക്കോസ്
ആർട്സ് ക്ലബ്ബ് ഉദ്ഘാടനം
ശ്രീ. കല്ല്യാണിക്കുട്ടിയമ്മ
യൂണി. യൂണി. യുവജനോത്സവ
വിജയികൾ
സതീഷ്ഭട്ട്
(ലളിതസംഗീതം)
മഹാദേവൻ ആർ.
(ഇംഗ്ലീഷ് കഥ)
ആന്റൺ ഐസക്
(വെസ്റ്റേൺ സോളോ)
സൂസൻ എബ്രഹാം
(മലയാള ഉപന്യാസം)



സാഹിത്യക്യാമ്പ്

സാഹിത്യക്യാമ്പ് ഉദ്ഘാടനം—
ശ്രീ. ഇ. ഹരികുമാർ
ശ്രീ. ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി
ശ്രീ. സേതു
എന്നിവർ ക്ലാസ്സെടുക്കുന്നു.
നന്ദി—
ശ്രീ. നാരായണൻ നമ്പൂതിരി
സദസ്സ് ഒരു വീക്ഷണം.









യൂണിയൻ ദിനം

സ്വാഗതം — മനോജ്. ബി.
അദ്ധ്യക്ഷപ്രസംഗം — ചെയർമാൻ
മേയർ സി. എ. മാധവൻ
ഉദ്ഘാടനം ചെയ്യുന്ന
മേയറിന്റെ ഉദ്ഘാടനപ്രസംഗം
കൃതജ്ഞത — ബെജി മാത്യു
ഗാനമേള — കൊച്ചിൻ കോറസ്















കോളേജ് ദിനം



പ്രിൻസിപ്പാൾ റിപ്പോർട്ട്
സമർപ്പിക്കുന്നു.
മുഖ്യാതിഥി
കൊച്ചിൻ യൂണിവേഴ്സിറ്റി
വൈസ് ചാൻസലർ
ഹർഷ്ഗുപ്ത സംസാരിക്കുന്നു.
കോളേജ് യൂണിയൻ
സംഘടിപ്പിച്ച
പൂക്കളമത്സരത്തിൽ നിന്ന്—
യൂണിസെഫ് കാർഡ് പ്രദർശനം
ഇന്റർ കോളേജിയറ്റ്
പ്രശ്നോത്തരമത്സരം—







സോവിയറ്റ് യൂണിയന്റെ
പ്രധാനമന്ത്രിയായിരുന്ന
ആന്ദ്രേ ഗ്രോമിക്കോ അന്തരിച്ചു.
ഒരു പ്രത്യേക കാലഘട്ടത്തിലൂടെ
രാഷ്ട്രം കടന്നുപോകുമ്പോഴാണ്
ഗ്രോമിക്കോവിന്റെ അന്ത്യം.
പക്വതയും ദീർഘവീക്ഷണവും ഒത്തിണങ്ങിയ
ഒരു വ്യക്തിത്വം കൂടി സോവിയറ്റ് നേതൃത്വത്തിന് നഷ്ടപ്പെട്ടു.
അന്തരിച്ച സോവിയറ്റ് നേതാവിന്
ഞങ്ങളുടെ പ്രണാമം





ഇറാൻ ഭസ്മമായാലും ഇറാഖിനെ
വിടില്ലെന്നു് ദൈവത്തിന്റെ പേരിൽ ആണയിട്ട
ഇതിഹാസകഥാപാത്രം.
ഒരു രാജ്യത്തെ പൗരനെ വധിക്കാൻ
കല്പിക്കുക, അതിനു് വലിയ പാരിതോഷികം
വാഗ്ദാനം ചെയ്യുക, ആ ശ്രമത്തിനിടയിൽ
കൊല്ലപ്പെടുകയാണെങ്കിൽ അവരെ
വിശുദ്ധരെന്നു് കണക്കാക്കുമെന്നു് പ്രസ്താവനയിറക്കി
ആധുനിക ലോകത്തു് അത്ഭുതമുളവാക്കിയ
വ്യക്തി—
ഖൊമേനിയുടെ മരണം ഒരർത്ഥത്തിൽ
ലോകത്തെ രക്ഷിച്ചു.

ഇടമറിയാതിരമ്പിയാർത്തൊഴുക-
ന്നാറുകൾ ചോന്നസ്വപ്നങ്ങളായ്
വർഷം, കരിനമൈന്നോളുന്നു, കരി-
മേഘക്കീറുകളിഴയുന്നു, പിടയുന്നു_
കല്പകാലമായ് പേറുന്ന രാത്രിഞ്ചര-
ഗർഭമേഴിയുന്നു; കൊഴിയുന്ന
സ്വദലപുടങ്ങളിലഗ്നിപാത-
ഘോഷരവം; തലതല്ലിയാർക്കുന്നു-
നെഞ്ചകം പൊട്ടിയീമാതൃഹൃദ-
ന്തത്തിൻ മണിവീണക്കമ്പികൾ
എവിടെയെന്മകൻ? കിനാവിന്റെ
നോവിയ നൂലിഴ പൊട്ടിച്ചെറി-
ഞ്ഞാദ്യനൊമ്പരം മധുരംപുര-
ണ്ടീറനായാർദ്രസുസ്മിതം.
നാളെതൻ പ്രതീകമായ്
ചിരകാല മോഹങ്ങൾ കത്തിയമരുന്ന
ചിതകളിലീയാമ്പാററയായ്
മീനവിലാപത്തിന്നന്ത്യഞരക്കമാ-
യൊടുങ്ങുന്നൊരെന്മകൻ?
മാനാഭിമാനത്തിൻ ഗോപുര-
ദ്വാരങ്ങളിൽ കരുത്തുമായ്
നൊണ്ടുപെറെറാരീ ഹതഭാഗ്യതൻ
തപ്തമാനസം കുളിർപ്പിക്കേണ്ടോൻ
ആപണങ്ങളിലന്തിച്ചരക്കായ്
വിലപേശുമടപ്പിറന്നോർക്ക-
ന്ധകാരത്തിരശ്ശീല മാററും
ശുക്രനക്ഷത്രമായ് കാക്കേണ്ടോൻ
ഉഷരശ്രുതീരങ്ങളിലൊരിററു
ദാഹജലം തേടി, ചുണ്ടുപിളർക്ക-
ലേഴകൾക്ക തണലേകേണ്ടോൻ
എവിടെയെന്മകൻ, തെരുവോര-
ങ്ങളിലടരുന്ന സ്വപ്നങ്ങളിൽ;
ശൃംഖലകളിൽ കാലത്തിന്റെ
നിഴലായ് വീണടിയുമെന്മകൻ
ആദർശരാജ്യത്തിന്നിന്നരം വീണ
ദുർഗ്ഗങ്ങളിലസ്ഥിശിലയായ്
അടിയുമെൻ പൊന്മകൻ?

## ഭൂമി ഗീതം



നീന, സീ. ജെ.
ഒന്നാം വർഷ പ്രീഡിഗ്രി




എപ്പോഴോ ഉണരുമ്പോൾ, താഴ്‌വരകളിൽ പതിവായുയരാറുള്ള ശബ്ദഘോഷങ്ങൾ ഉച്ചസ്ഥായിയിലെത്തിയിരുന്നു. മേലോട്ടുകൾക്കു മുകളിൽ താളംമുറിഞ്ഞു വീഴുന്ന മഞ്ഞുതുള്ളികൾ. ചിത്രപ്പണിചെയ്ത ജനൽപ്പഴുതിലെ പഴമയും തകർന്ന് പുലരിപുണർന്ന പുൽക്കാടുകളിൽ മിഴിയുറപ്പിച്ചപ്പോൾ അകലെ അരുവിയിൽനിന്നുയർന്ന ചെറുകാററിന്റെ മർമ്മരം. കിഴവനരയാലിന്റെ ഇഞ്ചത്തെവിടെയോ മരവിച്ചുകിടന്ന വെയിൽനാളങ്ങൾക്ക് ചോപ്പുനിറം.

കിഴവനരയാൽ—

മഞ്ഞും മഴയും പെയ്യണഞ്ഞിയ ഋതുക്കളും, കളിരും നിലാവും അനുഭവിച്ച യുഗങ്ങളും, കടന്നെവിടെനിന്നോ പറന്നെത്തി. വൃദ്ധതകളിലേയ്ക്കുള്ള പ്രണീതപ്രയാണം! തലമുറകളുടെ ചാമ്പലുകളിൽ കണ്ണീരിന്റെ നനവുമാത്രം ബാക്കിനിൽക്കേ, പൊളിഞ്ഞ തറയിലെ പോടുകളിൽ നിന്നിണചേർന്നിറങ്ങിയ നാഗത്താന്മാരുടെ പകപുരണ്ട ശീൽക്കാരങ്ങളും നെഞ്ചിൽ പ്രേമത്തിന്റെ കിതപ്പുകളും പേറിയെവിടെനിന്നോ പറന്നെത്തി ശാഖികളിൽ ചേക്കേറിയ ദേശാടനക്കിളികളുടെ വ്യഥിത മോഹങ്ങളും മധുരമായ അലോസരങ്ങളായി— കണ്ണിൽ സ്വപ്നത്തിന്റെ കനിവും കൊണ്ടെത്തുന്ന ഇണയെ തിരഞ്ഞൊററയായ പെൺകിളിയുടെ ദൈന്യതയും പതിരിയായി കത്തിയ രാവുകൾക്ക് സാക്ഷിയായി, പുലരികൾക്കും പൂക്കൾക്കും കാതോർത്ത് ഒരു കാത്തിരിപ്പിന്റെ ചാക്രിക പ്രവാഹം. എത്ര പ്രഭാതങ്ങൾ?

ജാലകത്തിനു പുറത്തെ കാലത്തിന്റെ തണുത്ത സ്പന്ദനം കണ്ണിലൊപ്പിയെടുക്കുമ്പോഴും വാക്കത്ഭുതമായി., ഇന്നേറെ വൈകിയോ?

കിഴവനരയാലിന്റെ കൊമ്പിൽ നിന്നൊരു മൈനക്കിളിയിരതേടിയിറങ്ങുന്നു—ഒരു തിരിച്ചുവരവിന്റെ അനിശ്ചിതത്വവുമായി. അമ്മക്കിളിയുടെ കൂടേററങ്ങിയ കുഞ്ഞിക്കിളിയുടെ സ്വാസ്ഥ്യം അസ്വാസ്ഥ്യത്തിന്റെ തുടക്കമായവർക്ക് തോന്നി. ഇന്നത്തെദിനം വഴികളിലലിഞ്ഞുചേരുന്നവരുടേതാണ്. ഇന്നു യാത്രതുടങ്ങുന്നവർ അവസാനമറിയാത്ത വഴിയോരങ്ങളിലവസാനിയ്ക്കും. പാതയോരത്തെ പേരറിയാത്ത മരത്തിന്റെ പൊത്തിലൊന്നിൽ ക്രൗര്യവുമായി കാത്തിരിയ്ക്കുന്ന ആൾപ്പിടിയൻ പക്ഷിയുടെ മുരളൽ.

വാതിൽപ്പടികളിലാരോ മുട്ടി. ഓടാമ്പൽ നീക്കി വാതിൽതുറന്നപ്പോൾ പേടിച്ചരണ്ട് നീണ്ട കൈകളിൽ കാപ്പിത്തട്ടം. നഖങ്ങളിൽ ചായമിട്ട, സുമദ്ദ്രേടത്തിയുടെ കൊലുന്നനേയുള്ള കൈകൾ. അവൾക്കു ചിരിവന്നു.

"ഇങ്ങനേണോ ഒരു പേടി? ഞാനെന്താ ആളേപ്പിടിയൻ പക്ഷ്യാ? എടത്തിയ്ക്കുള്ള വന്നൂടെ?"

അടഞ്ഞ വാതിൽപ്പാളികൾക്കുള്ളിലെഇരുളും നിശബ്ദതയും

ഏടത്തിക്ക് ഭയമാവുന്നുണ്ടാവും, പുറത്തെ വെളിച്ചത്തിലേക്ക് നോക്കി ഇരുട്ടിലേയ്ക്ക് നീങ്ങിനിന്നുകൊണ്ട് വെറുതെ ചോദിച്ചു—

'ഏടത്തിക്കുകണ്ണു വന്നൂടെ?'

മറുപടിയായി, അകന്നുപോയ നിഴലിൽ നിന്ന് അടക്കിയ തേങ്ങലിന്റെ ചീളുകൾ ചിതറിത്തെറിച്ചു. വസന്തങ്ങൾക്കും നിറങ്ങൾക്കും കടന്നുവരാനാവാത്ത ഏതോ ഭ്രാന്തങ്ങളുടെ ലോകത്താണ് താനെന്നവൾക്കുതോന്നി. എല്ലാ സ്വപ്നങ്ങളും മരഗോവണികയറിയിവിടെ എത്തുമ്പോഴേയ്ക്കും കരിയുന്നു. കൊട്ടിയടച്ച വാതിലുകൾക്കു മുന്നിൽ ശബ്ദവും ഗന്ധവും വഴിമുടങ്ങി നിന്നു.

ഏടത്തിതന്നിട്ടുപോയ കാപ്പിത്തട്ടത്തിൽ ഇഷ്ടപലഹാരങ്ങൾ, എന്നിട്ടുമത് തട്ടിമറിക്കാനാണ് തോന്നിയത്. വിശന്നെത്തിയ എറുമ്പുകളുടെ കുഞ്ഞിക്കണ്ണുകളിൽ ആർത്തിയുടെ തിളക്കം, അവർക്കുത്സാഹമേറി. ഒന്നിനു പുറകെ ഒന്നായി നീളുന്ന എറുമ്പുകളുടെ നിരകൾ— 'എത്രയുണ്ടാവും?' — കടൽത്തിരകളെണ്ണാൻ ശ്രമിയ്ക്കുമ്പോലെ വിഡ്ഢിത്തമായിട്ടും—

'നീയ്യാകാപ്പിത്തട്ടം മറിച്ചോ?' ജനലഴികൾക്കിടയിൽസ്വരംമാത്രം. 'ഉച്ചേടത്തീ എറുമ്പുകൾക്കുംവെശക്കില്ലെ?' എന്നു ചോദിയ്ക്കണമെന്നുണ്ടായിരുന്നെങ്കിലും, മൗനമായിരുന്നു മറുപടി.

നിശ്ശബ്ദതയുടെ മടുപ്പ് അവശേഷിപ്പിച്ചുകൊണ്ടുപോകുന്ന പാദപതനം മരഗോവണിയെ കരയിച്ചുകൊണ്ട്.

അകലെ താഴ്വരകളിൽ നിന്നിടംതെറ്റിയെത്തിയ ശബ്ദഘോഷങ്ങൾ, പെരുമ്പറകൾ, ആർപ്പുവിളികൾ — പിന്നെ എന്തൊക്കെയോ. കാറ്റിലിളകുന്ന ആട്ടുകട്ടിലിന്റെ തുരുമ്പിച്ച ചങ്ങലക്കണ്ണികൾ അശാന്തിയുടെ സംഗീതമുയർത്തി. നടുമുറ്റത്തു വളർന്നുനിൽക്കുന്ന കൃഷ്ണ തുളസിയുടെ നേർത്ത ഗന്ധം. അരയാൽക്കൊമ്പിൽ ഉണങ്ങിയ കണ്ണീർപ്പാടുകളുമായി അമ്മക്കിളിയുടെ കാവൽ.

കുഞ്ഞിക്കിളിയോടവൾക്കസൂയതോന്നി. അകാലത്തിലലിഞ്ഞുപോയ ഒരു വാത്സല്യത്തിന്റെ സുഖം. നാലുകെട്ടിന്റെ മരഭിത്തികളിൽ മാറാലയായ താരാട്ടിന്റെ നേർത്ത വീചികൾ അനാഥമായ ഒരു പുഷ്പകാലത്തിന്റെ സുഗന്ധം.

ഇലത്തുമ്പുകളിൽ അവശേഷിച്ചിരുന്ന മഞ്ഞുതുള്ളിയും മണ്ണിലൊരു



സുഖകരമായ നനവുപടർത്തിക്കൊണ്ടലിഞ്ഞു. കാപ്പിത്തട്ടം പൊതിഞ്ഞു നിറഞ്ഞ എറുമ്പുകളുടെ എണ്ണമറ്റ നിരകൾ.

'ഏച്ചി വാതില് തൊറക്ക്'
വാതിൽപ്പാളികളിൽ മുറുകിയ കുഞ്ഞിത്താളം — ഉണ്ണി

'എന്തിനാ ഉണ്ണിച്ചെക്കാ?'

'എനിയ്ക്കേച്ചീടടുത്ത് വരാൻ'

സാക്ഷനീക്കി വാതിൽ തുറക്കുമ്പോഴേയ്ക്കും ഉണ്ണി സുഭദ്രേട്ടത്തിയുടെ കൈകളിലായിക്കഴിഞ്ഞിരുന്നു. 'നിന്നോടിവിടെ വരരുതെന്ന് പറഞ്ഞിട്ടില്ലേ?' ചോദ്യം മുഴുമിക്കാനാവാതെ ഉണ്ണിയോടൊപ്പം ഏട്ടത്തിയും വിതുമ്പി.

പാലം പോലെ എവിടെ നിന്നോ പാഞ്ഞെത്തിയ എറുമ്പുകൾ മുറിയാകെ നിറഞ്ഞു—ഉണ്ണി കരിക്കട്ടകൾകൊണ്ട് കോറിയിട്ട ചിത്രങ്ങൾ പോലെ.

ഏതോ കാവിൽനിന്ന് കാറ്റിനൊപ്പമൊഴുകിയെത്തിയ [illegible]വേലപ്പാട്ടിന്റെ ശീലുകൾ. ഉറഞ്ഞു[illegible]ന്ന നാഗരാജാവും നാഗയക്ഷിയും. [illegible]ന്ന് മുത്തശ്ശിയെ കെട്ടിപ്പിടിച്ചുറ[illegible]ിയ ബാല്യകാല രാവുകൾ.

മരഗോവണിയ്ക്ക് ജീവൻ വച്ചു. വീണ്ടുമാരാവും?

ജനലിന്റെ പുകപിടിച്ച ചില്ലുപാളിയിലൂടെ അപ്പുറം കാണാൻ നന്നേ ബുദ്ധിമുട്ടി.

അച്ഛന്റെ കൺകോണുകളിൽ നോവിന്റെ നീരുറവ. നരച്ചചുണ്ടുകളിൽ വിതുമ്പലിന്റെ കഷ്ണങ്ങൾ മനസ്സിൽ സാന്ത്വനത്തിന്റെ നാരുകളുമായി ഒന്നും പറയാതെ പടികളിറങ്ങി. ഗതകാല കിനാവുകൾ അച്ഛന്റെ മനസ്സിൽ ഒരു നേർത്ത താമരനൂലായി.

ഒന്നുമില്ലെന്നലറാനവൾക്കുതോന്നി. സഹതാപങ്ങളുടെ മിഴിനീർക്കണങ്ങളിൽ അവൾക്കവളെ നഷ്ടമായി. കിഴവനരയാലിന്റെ കൊമ്പിൽ ചേക്കേറാനെത്തിയ കിളികളുടെ എണ്ണമേറി. കരകൾക്കും കടലുകൾക്കപ്പുറത്തുനിന്ന് പറന്നെത്തിയ കിളികൾ കൊക്കിൽ കൊക്കുരുമ്മി. കനൃതി പകുത്ത്, പ്രണയം പകർന്ന് ഒരാൾക്കു മറ്റൊരാൾ കാവലിരുന്നു. ചിലർ പറന്നകന്നപ്പോഴേയ്ക്കും മറ്റു ചിലർ. ഇതുവരെ കണ്ടിട്ടില്ലാത്ത കിളികൾ—മറ്റൊന്നുമായില്ലെങ്കിലും ഒരു കിളിയാവാനെങ്കിലും കഴിഞ്ഞെങ്കിൽ. കടലും

കരയും കടന്ന് ശാഖികളിൽ നിന്ന് ശാഖികളിലേയ്ക്ക്, കൂടുകളിൽ നിന്ന് കൂടുകളിലേയ്ക്ക്, താവളങ്ങളിൽനിന്ന് താവളങ്ങളിലേയ്ക്ക് നീണ്ടുപോവുന്ന അയനങ്ങൾ. ഒരിണക്കിളിയുടെ വരവുംകാത്തവളിരുന്നു. ഏകാന്തതയുടെ മുറിവുകളിൽ ആശ്വാസം പുരട്ടാൻ അവനെത്താതിരിക്കില്ല.

ഉണ്ണിച്ചെക്കനും അന്യനായിക്കഴിഞ്ഞു. സുഭദ്രേടത്തിയുടെ വിലക്കുകൾ അവനെ ഭയപ്പെടുത്തിയിരിക്കും. എത്രയായാലും അപ്പൂപ്പനരയാലിന് മറക്കാനാവില്ലല്ലോ,? ആ തണലിൽ പിച്ചവച്ച ബാല്യകൗമാരങ്ങളെത്ര വേഗം മറക്കാനാവില്ലല്ലോ?

ഒന്നുമാകാതെ, പൊട്ടിപ്പൊളിഞ്ഞ ആൽത്തറയിലെ പടം പൊഴിയ്ക്കുന്ന മണിനാഗമായി നൂറും പാലും നുകരാൻ, പെൺകിളിയായ് ഇണയുടെ പ്രേമത്തിന്റെ സംഗീതമറിയാൻ കഴിഞ്ഞെങ്കിൽ—

അപ്രതീക്ഷിതമായെത്തിയ ഒരു മയക്കത്തിന്റെ കരവലയത്തിലവളമർന്നു. ദിനരാത്രങ്ങളുടെ ആവർത്തനങ്ങളിലെങ്ങോ കൈമോശം വന്ന മയക്കം. ജാലകത്തിനരികിലേയ്ക്ക് തലനീട്ടിയ ആര്യവേപ്പിന്റെ ഗന്ധവും നുകർന്ന്, അരയാലിലകളുടെ കിന്നാരം കേട്ട്, ചേക്കേറിയ കിളികളുടെ കൊഞ്ചലറിഞ്ഞ് മുത്തശ്ശിക്കഥയിലെ കിന്നരിത്തലപ്പാവു വച്ച രാജകുമാരനേയും കാത്ത്. സ്വപ്നങ്ങളുടെ ചുവടുമായൊരു മയക്കം. ഏഴുകടലും കടന്ന്, പഞ്ചവർണ്ണക്കിളിയുടെ നെഞ്ചിലെ മന്ത്രവും ചൊല്ലി രാക്ഷസനെ കൊന്ന് സുന്ദരിയായ രാജകുമാരിയെ വീണ്ടെടുക്കാൻ കുതിരപ്പുറത്തേറിയ രാജകുമാരന്റെ വരവായി—

കിഴവനരയാലിനരികിൽ കുളമ്പടികളവസാനിച്ചു. മാളികമുകളിലെ ചിത്രജാലകം തുറക്കുന്നതും കാത്ത് രാജകുമാരൻ നിന്നു.

'ചിറകുകളുണ്ടായിരുന്നെങ്കിൽ-' പറന്നുചെല്ലാൻതോന്നി അവൾക്ക്. ഉറക്കത്തിന്റെ ചിമിഴുകളെ തഴുകി രാജകുമാരന്റെ ചുടുനിശ്വാസങ്ങൾ.

ഗോവണിപ്പടികളിൽ വീണ കാലടികളുടെ ശബ്ദം മയക്കം മുറിച്ചു.

ഒരുവേള;

അത് രാജകുമാരനാവണേയെന്നവൾ മോഹിച്ചു. സ്വർണ്ണത്തേരിലിരുന്ന് സ്വർഗ്ഗത്തേയ്ക്കുള്ള യാത്ര!

കവിളിൽ മുട്ടുന്ന കുളിരിനോടൊപ്പമെത്തിയ അസുഖകരമായ തീവ്രഗന്ധം. കണ്ണുതുറന്നപ്പോൾ ജനലഴികളിലൂടെ നീണ്ടെത്തിയ നായാട്ടുതോക്കിന്റെ കുഴൽ കവിളത്തു മുട്ടി



നില്ക്കുന്നു.

അവൾ പിടഞ്ഞെഴുന്നേറ്റ് ഇരുളിലേയ്ക്ക് നീങ്ങിനിന്നു. തെറ്റമീശയിൽപ്പൊതിഞ്ഞ വക്രച്ചിരിയുമായി അയാൾ ജനലഴികളോട് ചേർന്നുനിന്നു. അയാളുടെ ചിരിയ്ക്ക് ചിരുതയുടെ വാറ്റുപുരയിലെ റാക്കിന്റെ മണമായിരുന്നു. വിയർപ്പിന് ചിരുതയുടെ ഗന്ധം.

'വാതില് തൊറക്ക്'

കുഴഞ്ഞ നാവിന്റെ അസഹ്യമായ ശബ്ദം.

'തൊറക്കാൻ'

'ഇല്ല'

'തൊറക്കെടീ, നെന്നെ കെട്ടാമ്പോണോനാ ഞാൻ. നിനക്ക് ഞാ കൊണ്ടുവന്ന പ്രസന്റു കാണണ്ടേ?'

'എനിക്കൊന്നും വേണ്ട, ശല്യപ്പെടുത്താണ്ട് പോ'

അയാളുടെ ചിരി ഏഴാംകടലിനക്കരെ, കോട്ടയിലെ രാക്ഷസന്റെ ചിരിയെപ്പോലെ.

ജനലഴികളിലൂടെ ഉയർന്ന അയാളുടെ കൈകളിൽ ഒലിച്ചിറങ്ങിയ ചോരപ്പാടുകൾ. ഇരതേടിയിറങ്ങിയ അച്ഛൻ കിളിയുടെ ഇനിയുമവസാനിയ്ക്കാത്ത നെഞ്ചിന്റെ താളം. ജനൽപ്പടികളിൽ ചോരയുടെ വൃത്തങ്ങൾ.

'പോ—പോ—ഏട്ടാ'—

അവൾ കട്ടിലിൽ വീണുരുണ്ടു— കണ്ണുകളിറുക്കിയടച്ചു. ഓർമ്മകൾ നിലവറപ്പുരയിലെ മഴ വീണ തണുത്ത ഒരു ദിനത്തിന്റെ അവശിഷ്ടങ്ങളിലേയ്ക്ക് പെയ്തിറങ്ങി. മൗനം മുറിഞ്ഞ നിമിഷങ്ങളിൽ കിടക്കവിരിയിലെ ചുളിവുകൾക്കൊപ്പം അവശേഷിച്ച കറ കപ്പി വളപ്പൊട്ടുകൾ, മരപ്പടികളിൽ പെരുമ്പറകളുടെ മുഴക്കമുയർത്തിയകന്ന ബൂട്ട്സുകൾ. തലയിണ നനച്ചൊഴുകിയ കണ്ണീരിന് ചാരായത്തിന്റെ ഛർദിച്ച മണം. മുഖമാകെപ്പടർന്ന സിന്ദൂരം.

ഓർമ്മകളിൽനിന്നുണർന്നപ്പോഴവൾ ജനൽപ്പാളികൾ കൊട്ടിയടച്ചു. നിനവിൽ കിഴവനരയാലിന്റെ കൊമ്പത്തെ അനാഥമായ കിളിക്കൂട്. രണ്ട് ദൈന്യങ്ങൾ—ഇനിയുമെത്താത്ത ശുഭക്കാഴ്ചകൾ നിറങ്ങൾക്കും കാതോർത്ത്.

പിന്നീടെപ്പോഴോ സുഭദ്രേടത്തി ചിത്രജാലകപ്പാളികൾ തള്ളിത്തുറക്കുമ്പോൾ, മുറിയിലെ നിശ്ശബ്ദതയിൽ കുറെ തൂവലുകൾ മാത്രം ബാക്കിയായി.

ബി. മനോജ്
ബി. എ. മൂന്നാം വർഷം

# Reincarnation-Ancient Beliefs and Modern Theories

Reincarnation is a belief in the soul in one or more successive existences which may be human, animal or in some instances Vegetable and usually found in Asian religion and philosophies. The belief in reincarnation is sometimes refered to as the 'Trasmigration of souls' METEM PSYCHOSIS (More properly METEM SOMATOSIS—The changing of bodies) or PALINGENESIS (-To have an origin again) also been found in the religions and philosophical thoughts of primitive religions of some of the near east. Countries (eg. Greak orphic Mystery of salvation) The same is found in the Manichean philosophy and Gnosticism as well as in some Modern religious movements as Thesophigal society.

In Prim tine relegion, belief in Multiple soul is common. POSOALFAS of CELEBAS in Indonesa has the conceot of three souls. The "INOSA" or Vital principle, The 'ANGGA' or the intelluctual Principle and 'TANOANA,' the d vine element that leaves during sleep and are of the same nature in plants and animals. The VENDA of south Africa believe that when a person dies the soul stays near the grave for a short time and then seeks a new resting place in another body. Among the ancient Greek Orphism held that a preexistant soul survives bodily death and is latter reincarnated in a human or other body eventually recieving release from the cycle of birth and death and regaining its former pure state. Such types of beliefs are also found in Nigeria as Ogba Nje, The Incas of Perul, The Masai of Africa, The Bella Coola Indians of Central British Colombia, the tribal people in Zambezi region, The Mohane Indians, the Druzes of Lebonon etc believe in rein carnation.

## Religious Beliefs:

Raligionas like Hindusm, Jainsm, Buddhism and sikhism have a belief in reincarnation They all hold in common a doctrine of Karma. (effects) the law of course and effect, which states that what one does in the present life will have its effects in the next life. The transmigration of souls is endless until on achieves Moksha or salvation by realising the truth that liberates ie, the individual soul (atma) and the absolute soul. (Brahman) are one

## Doctrines ot Transmigration : In Hinduism

ശൈലിയുടെയും ബിംബങ്ങളുടെയും സൗന്ദര്യം ഉറഞ്ഞുകൂടി ഒരു ഭാവഗാനത്തിന്റെ തലത്തിലെത്തിനിൽക്കുന്ന 'ഖസാക്കിന്റെ ഇതിഹാസ'മാണല്ലോ ഒ. വി. വിജയന്റെ മറ്റു സർഗ്ഗസൃഷ്ടികളുടെ മാറററിയുന്നതിനുപയോഗിക്കുന്ന ഉരകല്ല്. 'ഇതിഹാസത്തിന്റെ' അനുഭൂതി നിറഞ്ഞുനിൽക്കുന്നവയാണ് വിജയന്റെ മികച്ച രചനകളിൽ പലതും. വിജയന്റെ കഥകളിലൂടെയും നോവലുകളിലൂടെയും കടന്നുപോകുമ്പോൾ ഇതിഹാസത്തിന്റെ പശ്ചാത്തലവും ബിംബങ്ങളും ആവർത്തിക്കുന്നതായി കാണാം. ഒരു ചിത്രകാരന്റെ പ്രിയപ്പെട്ട നിറക്കൂട്ടുകൾ പോലെ, രേഖാ വിന്യാസങ്ങൾ പോലെയാണ് കഥാകാരൻ ഇവയെ ആവർത്തിക്കുന്നത്.

നട്ടപ്പറമ്പുകളിൽ ഭൂതങ്ങളെപ്പോലെ ആകാശത്തിലേക്ക് കൈകളുയർത്തി നിൽക്കുന്ന കരിമ്പനകളും കരിമ്പനപ്പട്ടകളിൽ വീശിയടിക്കുന്ന പാലക്കാടൻ കാററും ഖസാക്കിന്റെ പശ്ചാത്തല സൃഷ്ടിയിലെ പ്രധാന ഘടകങ്ങളാണ്. ഈയൊരു പശ്ചാത്തല ദൃശ്യം വിജയന്റെ ചില സമീപകാല കഥകളിൽ പോലും കടന്നുവരുന്നു. ഉദാഹരണമായി "കടൽത്തീരത്ത്". ഭാവമാററം പോലെയാണ് കരിമ്പനപ്പട്ടകളിൽ കാററുപിടിക്കുന്നത്. ഈ ഭാവമാററം കഥാപാത്രങ്ങളുടെ മനസ്സു തുറന്നുകാട്ടുന്നു എന്നതാണ് വിജയന്റെ രചനാരീതിയുടെ മികവ്. ഖസാക്കിന്റെ ഇതിഹാസത്തിൽ രവിയുടെ മനസ്സു പ്രതിഫലിച്ച അതേ പശ്ചാത്തലം, കടൽത്തീരത്തിൽ വെള്ളായിയപ്പന്റെ ഉൾത്തലങ്ങളിലെ പിടച്ചിൽ വെളിവാക്കുന്നു. "ചവട്ടടിപ്പാതക്കിരുവശവും നിന്ന കരിമ്പനകളിൽ കാററുപിടിച്ചു. പട്ടകളിൽ കാററിരമ്പുന്നതു വെള്ളായിയപ്പന് അന്നാദ്യമായി അപരിചിതമായി തോന്നി. പനമ്പട്ടകൾ സംസാരിക്കുന്നപോലെ. പനമ്പട്ടകളിൽ ഉരുട്ടുദൈവങ്ങളും കാരണവന്മാരും സംസാരിക്കുന്ന പോലെ" ഇവിടെ ഈ ആവർത്തനം ഒരു ധാരാളിത്തമായല്ല അർത്ഥവത്തായാണനുഭവപ്പെടുന്നത്.

കടലാണ് ഇതുപോലെ ആവർത്തിക്കുന്ന മറെറാരു പശ്ചാത്തലം. കടലും കടൽത്തീരവും കടപ്പുറത്തെ സായാഹ്നവും കാത്തുനിൽപ്പും പലപ്പോഴും ഓർമ്മകളിലേക്ക് ഊഴ്ന്നു നീങ്ങുന്നു. കടലെന്ന പശ്ചാത്തലം തുടരെ കടന്നുവരുന്ന ഒരു ബിംബവുമായി കൂടിയിണക്കപ്പെടുന്നതു കാണാം. "സായാഹ്നയാത്രകളുടെ അച്ഛൻ" സായാഹ്നത്തിന്റെ ദീപ്തിയിൽ അച്ഛന്റെ ചെറുവിരലിൽ തൂങ്ങിക്കൊണ്ട് പ്രപഞ്ചരഹസ്യങ്ങളെ അറിഞ്ഞ് അത്ഭുതപ്പെടുന്ന, പിതൃസന്നിധിയിൽനിന്ന് ഒഴുകുന്ന അറിവിന്റെ കാരുണ്യം ഉൾക്കൊള്ളുന്ന കുട്ടിയെ വിജയന്റെ പല സൃഷ്ടികളിലും കണ്ടെത്താം. ഖസാക്കിന്റെ ഇതിഹാസത്തിൽ രാജാവിന്റെ പള്ളിയുടെ ഇറംത്തടത്തിൽ രോഗാധീനനായികിടക്കുന്ന രവി. ആലസ്യത്തിന്റെ ബോധാബോധങ്ങളിൽ അച്ഛന്റെ വാത്സല്യം അയാളുടെ ഓർമ്മകളിലൂറുകയാണ്. "അച്ഛൻ മുതുക തലോടിത്തരികയാണ്, നെററിയിലെ വിയർപ്പുപൊടികൾ തുടച്ചുതരികയാണ്. അച്ഛന്റെ കൈത്തണ്ടകളിൽ കിടന്നുറങ്ങിപ്പോകുന്നു. ഉണരുമ്പോൾ അസ്തമനമാണ്. അച്ഛന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് നടക്കാനിറങ്ങുന്നു. വിജനമായ ചുവന്ന പാത. കാപ്പിച്ചെടിയിലെ സാന്ധ്യതീവ്രത." ആ സായാഹ്നയാത്രയിലാണ് ഇന്നൽക്കാരൻ പക്ഷിയുടെ ഇലകൾ കൂട്ടിത്തുന്നിയ കൂടും നീലപ്പുള്ളികളുള്ള ചെറിയ മുട്ടയും അയാൾ കാണുന്നത്. അത് ഗർഭത്തിന്റെ കരുണയിലേക്കും പുനർജ്ജനിയുടെ ഓർമ്മകളിലേക്കും വളരുന്നു.

ഗുരുസാഗരത്തിൽ, കുന്തിപ്പുഴയുടെ തീരത്തും കൽക്കട്ടയിലെ ബസ്തികൾക്കപ്പുറത്തെ ചതുപ്പുകളുടെ ഓരത്തും അച്ഛനോടൊപ്പം നടന്നായിരുന്നു കുഞ്ഞുണ്ണി അവയുടെ തീരത്തെരിയുന്ന ചിതകളിലൂടെ ഏതോ വൈദിക രഹസ്യങ്ങളുടെ പൊരുളറിയുന്നത്. ഇവിടെ ആ വെളിപ്പാടിൽ പിതൃസാന്നിധി ഗുരുസാന്നിധിയാവുകയാണ്. ആ ഗുരുകാരുണ്യം തലമുറകളിലേക്കും—കുഞ്ഞുണ്ണിയിൽ നിന്ന് കല്ല്യാണിയിലേക്ക്—സംക്രമിക്കുന്നു. അങ്ങിനെ ഈ ബിംബം വളർച്ചയുടെ മറെറാരു ഘട്ടത്തിലേക്ക് കടക്കുന്നു.

"സായാഹ്നയാത്രകളുടെ അച്ഛൻ" വിജന്റെ ചെറുകഥകളിലേക്കും ക

ണവരുന്നു. "അസ്തമയം ഇളംചൂട് തൊടീച്ച പാറകളിൽ ചവിട്ടി നടക്കുമ്പോൾ താഴ്‌വരകൾക്കപ്പുറത്തെ ശിവക്ഷേത്രം കാണാമായിരുന്നു. അച്ഛന്റെ ചെറുവിരലിൽ ഒന്നുകൂടി അമർത്തിപ്പിടിച്ചുകൊണ്ട് ഗംഗാമോഹൻ ചോദിച്ചു—"അച്ഛാ, ഞാനും ക്ഷേത്രം വരെ പോരട്ടെ?" (പാറകൾ—വിജയന്റെ കഥകൾ.) മരിച്ചുപോയ അമ്മയുടെ വാത്സല്യം പകർന്നുതന്ന വിഗ്രഹങ്ങളെ അടുത്തറിയാനായിരുന്നു അവൻ അച്ഛന്റെ അനുവാദം തേടിയതു്. അച്ഛൻ അതു വിലക്കുകയാണ്. ഇവിടെ തെളിയുന്ന സായാഹ്നയാത്രയിൽ അച്ഛൻ മൃതിയുടെ പ്രതീകമാകുന്നു.

'കടൽത്തീരത്തി'ൽ കണ്ണൂരിലേയ്ക്ക് വണ്ടികാത്തിരിയ്ക്കുന്ന വെള്ളായിയപ്പനിൽ അസ്തമയത്തിന്റെ ദൃശ്യം മകന്റെ ഓർമ്മകളുണർത്തുന്നു. മുണ്ടകപ്പാടത്തിന്റെ വരമ്പത്ത് തന്റെ ചെറുവിരലിൽ പിടിച്ചുകൊണ്ട് അസ്തമയത്തിന്റെ പക്ഷികളെ നോക്കി അത്ഭുതപ്പെട്ട മകനെ വെള്ളായിയപ്പൻ ഓർക്കുന്നു. ഗ്രാമീണന്റെ നിഷ്കളങ്കതയാണ് ഈ പിതൃപുത്ര ബന്ധത്തിൽ തെളിഞ്ഞുനിൽക്കുന്നതു്. ഈ നിഷ്കളങ്കതയും മകന്റെ ഇപ്പോഴത്തെ അവസ്ഥയും പൊരുത്തപ്പെടുത്താനാവാതെ വ്യഥയനുഭവിക്കുന്ന വൃദ്ധമനസ്സിന്റെ ആകുലത മുഴുവൻ ആ ഇരുളുന്ന സന്ധ്യയിലേയ്ക്ക് പകർത്തപ്പെടുന്നുണ്ട്.

പിതൃവാത്സല്യത്തിന്റെ, കരുണയുടെ ഓർമ്മകളിലേയ്ക്കു് കൂട്ടിക്കൊണ്ട് പോകുന്ന നിമിത്തമായി കടൽ മാറുന്നതു് പലയിടത്തും കണ്ടെത്താം. സ്കൂളിൽ പരിശോധനയ്ക്കെത്തിയ വൃദ്ധനായ ഇൻസ്പെക്ടറുടെ താടിവടിച്ചിട്ടില്ലാത്ത മുഖവും അഴിവിന്റെ ഗന്ധവും രവിയിൽ അച്ഛന്റെ ഓർമ്മകളുണർത്തുന്നു. ഒടുവിൽ അതു് പൂർണ്ണമായിത്തീരുന്നതു് കടപ്പുറത്തെ തണുത്ത മണലിൽ ഒരു സായാഹ്നത്തിലാണ്.

കടലിനും വർഷപാതത്തിനുമിടയിലുള്ള ജീവന്റെ യാത്രികചലനത്തെപ്പറ്റിയുള്ള പരാമർശം കടന്നുവരുന്നുണ്ട് കുഞ്ഞുണ്ണിയും കല്യാണിയുമായുള്ള സംസാരത്തിൽ. ആ പലനത്തിന്റെ അർത്ഥമാരാഞ്ഞ കുഞ്ഞുണ്ണിയ്ക്ക് കല്യാണിയിൽ നിന്നു് മറുപടി കിട്ടുന്നു.

"പിതൃക്കളോട സ്നേഹം". (ഗുരുസാഗരം)

ആ യാത്രയിൽ ബീഡൻസ് ട്രീറ്റ് എന്ന നഗരവീഥി കുതപ്പുഴയുടെ അരികിലൂടെ കടന്നുപോകുന്ന ചുവന്ന ചരൽപ്പാതയായി. കുഞ്ഞുണ്ണി കുഞ്ഞുണ്ണിയുടെ അച്ഛനായി.

ഇരയൊരു ബന്ധം പൂർണ്ണത പ്രാപിച്ച് കഥയുടെ മർമ്മമായി തീരുന്നതു് 'കടൽത്തീരത്തി'ൽ കണ്ടെത്താം. തൂക്കിലേറ്റപ്പെട്ട മകന്റെ ജഡം ഏറ്റുവാങ്ങി കൈപ്പടം തൊട്ട് അനുഗ്രഹിച്ച് വെള്ളായിയപ്പൻ നടന്നലഞ്ഞെത്തുന്നതു് കടൽത്തീരത്താണ്. അപാരതയുടെ ആദർശനത്തിൽ കൈയ്യിലിരുന്ന പാഥേയത്തിന്റെ സാന്നിദ്ധ്യംകൊണ്ട് അലിവു നിറഞ്ഞവനായി മകനു് ശ്രാദ്ധമൂട്ടുന്നു. വാത്സല്യം ചിറപ്പൊട്ടി ഒഴുകുകയാണ്. അതിന്റെ സ്വീകാര്യതയെന്നോണം അലിവിന്റെ ബലിക്കാക്കകൾ അന്നം കൊത്താൻ ഇറങ്ങിവരുന്നു.

ഇമേജുകളുടെ ആവർത്തനം പോലെ വാക്കുകളുടെ ആവർത്തനവും വിജയന്റെ രചനാശൈലിയുടെ ഒരു പ്രത്യേകതയാണ്. ഇവിടെ ഈ ആവർത്തനത്താൽ അയഞ്ഞ താളത്തിൽനിന്നു് ഉച്ചസ്ഥായിലേയ്ക്കുയർന്നു് വികാരമൂർച്ഛ അനുഭവപ്പെടുത്താൻ കഴിയുന്നു. ഉദാഹരണങ്ങൾ നിരവധിയുണ്ട്. ഇരുവരുടെയും ഉടലുകളിലൂടെ പ്രസരം പറ്റിപ്പടർന്നുതുടങ്ങി. നിറങ്ങൾ അവരുടെ ചുററിലുമുയർന്നു. നിറങ്ങൾ പൊട്ടി മഹോത്സവമായി; നിറങ്ങൾ കത്തിപ്പൊലിഞ്ഞു. (പാറകൾ)

വാക്കുകളെ ആവർത്തനം കൊണ്ട് ഭാവമുളവാക്കുന്ന ഈ രീതി 'കടൽത്തീരത്തി'ന്റെ ഒടുവിലും പ്രയോഗിച്ചിരിയ്ക്കുന്നതു് കാണാം. സർവ്വനാമങ്ങൾ ഒഴിവാക്കി വെള്ളായിയപ്പൻ എന്നുതന്നെ ആവർത്തിയ്ക്കുന്നതു് ഒടുവിൽ ഒരു നദീപ്രവാഹത്തിന്റെ ശക്തിയാർജ്ജിയ്ക്കുന്നു. ധർമ്മപുരാണത്തിന്റെ അവസാനത്തിൽ പരാശരന്റെ പ്രലാപത്തിൽ ഒരു കൊടുങ്കാറ്റിന്റെ ആരവമുളവാക്കുന്നതും ഒടുവിൽ ശാന്തതയുടെ ഉറവ കണ്ടെത്തുന്നതും ഈ രീതിയിലൂടെ തന്നെയാണ്.

അനാഥനായ പരാശരന്റെ മുകളിൽ അപാരമായ ആ വട വൃക്ഷം പടർന്നു നിന്നു. പരാശരന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

പരാശരൻ മരത്തിന്റെ മുന്നിൽ മുട്ടുകുത്തി—
പരാശരൻ മരത്തെ കെട്ടിപ്പിടിച്ചു.
പരാശരൻ അലമുറകൊണ്ടു.
സിദ്ധാർത്ഥാ, രാജാവേ ഇതങ്ങാണോ?

ചില മൂലികകൾ ആവർത്തനത്തിൽ ശക്തിനേടുന്നതു് പോലെയാണീരീതി. എന്നാൽ ഈ ആവർത്തനം വിരസതയുളവാക്കുന്നില്ല മറിച്ച് ഒരു പൊൻനൂലുപോലെ ഈ കഥകളെ ബന്ധിപ്പിക്കുകയും നൈരന്തര്യം ഉണ്ടാക്കുകയും ചെയ്യുന്നു.

സാംസൺ ഡേവിസ്
സുവോളജി വിഭാഗം

## Funny Views

I read alot of postmortems on Tamil Nadu election and its aftermath somehow,. I could not swallow them and hence decided to find out the goings-on, myself.

First, I approached Rajiv Gandhi and asked him about the political fall-out of Tamil Nadu election: well, Rajiv said "First it was weepy Singh who wept his way to a victory at Allhabad, now Karunanidhi has cornered all the karuna available in TamilNadu, beyond that........ we are taking many steps to counter this trend, Party machinery is being geared up to meet this challenge. I have divested myself of all major portfolios so that I can concentrate on political work"

"Any other steps?"

"Yes, we are launching a programme of daily prayers to seventeen different Gods, a sub committee has been appointed to chalk out a list of Gods"

As I have obtained an exclusive interview with R. G., which is far more difficult than obtaining a new ration card. I decided to ask a few more questions: "How about the Punjab problem? Now that terrorists are on the run........"

"After operation Blue Star and Black Thunder, we are launching operation Satyam, Shivam, Sundaram" says Rajiv. "We are planning to present a T. V. Set to every known terrorist. No doubt Doordarshan will bore them to death.

From Racecource Road I go to V. P. Singh's place.

"Mr Singh, after your recent victory, how are you planning to consolidate this gain?"

"Corruption has spread like cancer in our society, it has to be removed" replies Singh.

"Yes, but how can you go about it without power?"

"corruption has to be removed from the grassroots of our Society", says Singh.

"Are you sure that present opposition will not be more corrupt than the present govt.?"

I ask my final question

"Corruption has no cast or creed. It is omnipresent and omnipotent. IT HAS TO BE WIPED OUT," thunders Singh.

Seeing that V. P. Singh is suffering from an anti-corruption delirium, I leave him and proceed to meet Chandrasekhar.

In answer to my enquiry, Chandrasekhar reveals a masterplan that will revitalise the opposition.

"I am going on a Kashmir-to-Kanyakumari padyatra. On the way I am going to sneer at Rajiv Gandhi in particular and all opposition leaders in general.

"No doubt, you will be passing through Bangalore" I add unncessarily.

"Yes, it is high time to create a few more problems there" concludes Chandrasekhar.

Next I meet Atalbihari Bajpai.

"Bajpayi, It seems that you are quite 'a'al' on idea of seperate identity for your party?"

"Yes, but we would welcome seat adjustments for a common front"

"How about a common leader?"

"We will fight that out as soon as the joint front wins the election"

By this time I was feeling quite out of tune with what I had heard and expected to hear, so I decided to call it quites after making Maneka Gandhi my last prey.

She comes up with a really bright suggestion: "Let Rajiv lord over the real Cabinet. We, of the opposition must from a Shadow Cabinet. Then all the opposition leaders can indulge in as much of shadow boxing they can manage. We can watch them and find out who has stamina to last out till the coming general election" AMEN.



BHAVANA MEHTA
M. Sc. Final [ZOOLOGY]

# PRINCIPAL'S REPORT FOR THE ACADEMIC YEAR 1988-89

Reverend Father Manager, Honourable chief guest Dr Harish K. Gupta, Vice-Chancellor of Cochin University of Science and Technology, members of the teaching and non-teaching staff and my beloved students!

With immense joy and profound gratitude to God I stand before you to present the report of the activities of the College for the year 1988-89. I am glad to say that with the collaboration of the staff and students, we have had a fruitful and peaceful academic year.

There are two sets of trinity in the educational process. An external trinity consisting of the family, the society at large and the mass communication media influences the student to a large extent. But we do not have much control over this trinity. The teaching faculty, the non-teaching staff and the students are the other trinity. They are directly involved in the teaching-learning process. If any one of the three does not cooperate we cannot succeed in what we set out to do. It is a matter of joy to report that all the above mentioned bodies, barring a few minor irritants do cooperate in our efforts to run the college smoothly. We have a fine body of competent and energetic teachers, a committed non-teaching staff and a vibrant student community - all working together for the same goal: the formation of a new generation of committed young people of Kerala.

THE STUDENT COMMUNITY There are 2144 students on the roll of the college today of whom 920 are boys and 1224 are girls. Course-wise distribution: 890 students are in the Predegree course; 1081 in the degree classes and 173 are in the post-graduate classes.

THE STAFF There are 106 dedicated teachers on the staff. Although we have eight graduate and six post-graduate courses in the college, we have only five doctorate degree holders and seven MPhil's on the staff. I am glad that our young lecturers are aware of this draw-back and many of them are already working towards higher qualification. Fourteen of our lecturers are either doing research or trying to register for part-time research leading to PhD. In a few years we will have enough doctorate degree holders in our college to start research centres in many of our departments.

We are happy to welcome the following newly appointed teachers: Dr. Joy P. Joseph and Mr. Roy Zacharias of Botany Department; Mr. C. S. Francis and Mr. P. J. Philip of the English department; Rev Fr. Saviance and Mr. Alphonse Ligori T. O. of the Economics Department; and Mr. Siby Mathew of the Physics Department.

Five of our eminent professors will be retiring from service at the end of the academic year. Prof N. Appukuttan of the Zoology Dept, who has 33 years of teaching behind him has been the head of the department since 1974. Prof P O Devassy of the Mathematics Dept too has put in 33 years of service. He became the head of the department in 1981. Prof. P J Chacko of the Hindi Dept has 24 years of service. Prof K P Narayanan Nair of the English Dept. has served the college for 23 years and Prof Nalina Babu of the Sociology Dept has 23 years of service. He became the head of the dept in 1970. These professors, some of whom have served under as many as ten principals, have contributed much to the growth of this college, have guided the destiny of this institution in turbulent times and endeared themselves to the student community by their dedicated service and academic excellence. On behalf of the management, staff and students, I record my warm-hearted appreciation of their long and meritorious services and pray that God may grant them health and happiness during their retired life.

From among the non-teaching staff, Sri K J Varghese, attender of the Physics dept retired from service during this academic year. He has served the college for 32 years. In his retirement the Physics department has lost a dedicated, loyal and hard-working hand. On behalf of the Management, staff, and students I extend to him our heart-felt thanks and wish him well in his retired life.

It is a matter of joy for us that, the Botany department has been recognized by the Mahatma Gandhi University as a research centre. With two Ph D's in the Department – Dr Joseph Jose and Dr Joy P Joseph – we are allowed to have four research students. On account of inadequate facilities we have only two research scholars right now. We have applied for introducing the MSc degree course in Physics. We have two eminent doctorate degree holders in that department. Once MSc degree in Physics is sanctioned. the Physics Dept too could be a research centre. The Sociology department is

anning to introduce M. A. degree in Sociology.

<u>IE RESULTS</u> Our college as usual, has kept its glorious tradi-
on of academic excellence. 434 students appeared for the
re-degree examination. The percentage of pass is 82% of whom
36 got first class and 68 second classes.

At graduate level, the pass percentage is as follows.
3% in Economics: 83.3% in Sociology: 93.75% in Physics:
5.2% in Mathematics: 88.8% in Chemistry: 91.4% in Botany:
3.75% in Zoology and 57.6% in Commerce.

At the post-graduate level the percentage of pass is as
llows. 100% in English with 6 second classes; 93.6% in
conomics with 2 first Classes 5 second classes, 91.6% in
hemistry with 10 first classes and one second class; 91.6%
Botany with 9 first classes and two second classes; 90%
Zoology with 6 first classes and 3 second classes; and
2.3% in Commerce with 7 first classes and 2 second classes.

I am happy to report that four students of our college
ecured ranks in the university examinations held in April/May
988.

| | |
|---|---|
| Rema L.P | First Rank in MSc (Zool). |
| Rita Bhandari | First Rank in MSc (Zool). |
| Jayasree M | Third Rank in MSc (Chem). |
| Elizabeth George | Second Rank in MA (Econ). |

I take this opportunity to congratulate the students, especi-
lly the rank holders, who have brought laurels to their institution
nd I thank the teachers who guided and motivated them and
e parents who cooperated with us in this effort.

<u>CHOLARSHIPS AND STIPENDS</u> Out of 2,144 students [illegible] enjoy
cholarship from various sources.

| | | No. of students |
|---|---|---|
| i) | National Merit Scholarship | 97 |
| ii) | State Merit Scholarship | 56 |
| iii) | National Loan Scholarship | 44 |
| iv) | Hindi Scholarship | 42 |
| v) | Other various scholarships | 16 |
| vi) | Educational concession to SC/ST | 18 |
| vii) | do do OEC/OBC | 204 |
| viii) | Educational concession under [illegible] | 146 |

<u>HE LEARNING RESOURCES CENTRE</u> The management has spent
s. 2,35,000 to extend the library to get more space for book-



ആ കണ്ണുകളിൽ രോഷമല്ല കാണുന്നതു്.
പഴിയ്ക്കുകയാണു്.
യാചന നിഷ്ഫലമാകുമ്പോഴും,
കണ്ണീരിനു് അതിന്റെ വ്യാപ്തി നഷ്ടപ്പെടുമ്പോഴും
വാക്കുകൾ പൊട്ടിത്തെറികളല്ലാതാകുമ്പോഴും,
മൗനത്തിന്റെ ഭാഷയിൽ നമ്മെ കുററപ്പെടുത്തുന്നു.

നിലനില്പിനു വേണ്ടിയുള്ള സമരത്തിൽ
നമ്മോടൊപ്പം പങ്കാളികളാകാൻ
അവരെ ക്ഷണിക്കാം,
അങ്കത്തട്ടിൽ നമുക്കു് വേണ്ടി അവരും പൊരുതും.

ഭൂരിപക്ഷം യാചിയ്ക്കുമ്പോഴും,
പൊട്ടിത്തെറിയ്ക്കുമ്പോഴും
ന്യൂനപക്ഷത്തിനു് ദീർഘായുസ്സ്.



ഫുട്ബോൾ മാന്ത്രികനായ പെലെയ്ക്കു ശേഷം ലോക ഫുട്ബോൾ തകരുമെന്ന് കരുതിയിരുന്ന കായികപ്രേമികൾക്ക് തെററുപററി. ഫുട്ബോൾ കളിക്കളത്തിൽ മാറായനായ ഡീഗോ മാറഡോണക്കെതിരെ ഉയർന്നു വരുന്ന താരമാണ് ഗള്ളിററ്. കളിക്കളത്തിൽ ഓൾറൗണ്ടറായ ഗള്ളിററ് ഗോൾകീപ്പിംഗ് ഒഴിച്ച് ഏതു സ്ഥാനത്തും തന്റെ കഴിവ് പ്രകടമാക്കുന്നു. അദ്ദേഹത്തിന്റെ അസാധ്യമായ ഫുട്ബോൾ ശൈലിയുടെ ഭംഗിയും വൃത്തിയും പ്രശംസാർഹമാണ്. കളിക്കളത്തിൽ മാത്രം ഷൈൻ ചെയ്യുകയും പുറംലോകത്ത് പകൽമാന്യന്മാരായും നടക്കുന്ന ഇന്നത്തെ പ്രശസ്തരായ പല കളിക്കാർക്കും ഒരു അപവാദമാണെന്നു പറയാം ഗള്ളിററ്. സമുന്നതമായ ഒരു വ്യക്തിത്വത്തിനുടമയായ അദ്ദേഹം തന്റെ പ്രാഗത്ഭ്യം സംഗീതത്തിൽ തെളിയിച്ചിട്ടുണ്ട്; ഒരു ഗിററാറിസ്റ്റ് കൂടിയാണ് റൂഡ് ഗള്ളിററ്.

പണക്കൊഴുപ്പിൽ ആടിത്തിമർത്തു നടക്കുന്ന കളിക്കാരനല്ല ഗള്ളിററ്. കൃഷകർക്കും മർദ്ദിതർക്കുമെതിരെ പോരാടുന്ന നെൽസൺ മണ്ടേലക്ക് തന്റെ ഫുട്ബോളർ അവാർഡ് അദ്ദേഹം സമർപ്പിച്ചിരിയ്ക്കുകയാണ്.

ബാഴ്സലോണയിൽവെച്ച് "സ്റ്റാച്യു ബുക്കാറസ്റ്റി" നെതിരെ അദ്ദേഹം പ്രയോഗിച്ച തന്ത്രങ്ങൾ മറക്കാവതല്ല. റൂഡ് ഗള്ളിലൂടെ ഡച്ച് ടീമിന്റെ ഉയിർത്തെഴുന്നേല്പ് നമുക്ക് പ്രതീക്ഷിക്കാം. വരുന്ന റോം ലോകകപ്പിൽ ഡീഗോ മാറഡോണയ്ക്കൊരു വെല്ലുവിളിയായേയ്ക്കും റൂഡ് ഗള്ളിററ്.

തോമസ് ററി. വർഗ്ഗീസ്
രണ്ടാം വർഷ ബി. കോം.

# റൂദ് ഗള്ളിററ്-പുതിയ പ്രതീക്ഷ

# winter has come

Alone in the field
My dear, my dear
My mate is long dead.
In the sorrow.
OH ! Dear
I forgot the winter is near
The wind is so fierse
and the food so scarce.
My child !
How will you survive this fear
Tragedies always come together
For I first broke my wings
Then heaven broke my heart
Isn't it too cruel
Oh ! God.
I have no energy to fly
My child, my child
To get you food
And for mine
Cold is piercing my body
And fear filling my soul.
Alas !
My child too is dead
Dear ones,
When shall I meet you again.



Lal Thyparambil
I P D C IV Group

കേരളത്തിന്റെ കലയാണ് കഥകളി.

ഭാവമാററം വിളിപ്പുറത്തു നിൽക്കുന്ന പ്രതിഭ

കലാമണ്ഡലം കൃഷ്ണൻ നായരും.

നാട്യാചാര്യന്റെ ആത്മകഥയിലെ ഒരു ഭാഗമാണ്

വരും പേജുകളിൽ



ഞാൻ വാ[illegible]പ്പെട്ടു. ഗുരുനാഥന്റെ അവസ്ഥകളെല്ലാം വിസ്തരിച്ചു പറഞ്ഞു കേൾപ്പിച്ചു. നാരായണൻകുട്ടി എഴുന്നള്ളിയേടത്തു നിന്ന് സഹതാപപൂർവ്വം പറഞ്ഞു. "എന്താ ചെയ്യാ മാരാരേ ഇതര് അനുഭവിക്കേണ്ടിവന്നത് അനുഭവിക്കാതെ കഴിയോ? അപ്പോൾ നീ എന്നാണ് പോണത്? പൈസ വല്ലതും വേണമെങ്കിൽ തരാം.

"അടിയനിപ്പോൾ പൈസയൊന്നും വേണ്ട മാരാത്ത തന്ന ഉറപ്പികയുണ്ട് അതിൽ നിന്ന് അമ്മയ്ക്ക് ചെലവിനുള്ള പണവും കൊടുക്കാൻ തികയും".

ഞങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ വെള്ളിയോട്ട തിരുമേനിയും അവിടെ ഉണ്ടായിരുന്നു. അദ്ദേഹത്തിന് ജോത്സ്യവും മറ്റും നല്ലനിശ്ചയമുള്ള ആളാണ്. അദ്ദേഹം ഒരു നല്ല ദിവസം നിശ്ചയിച്ച് ഇന്ന സമയത്ത് പുറപ്പെടാൻ നല്ലതാണെന്നു പറഞ്ഞു. അതിനുശേഷം വീട്ടിൽ വന്ന് അമ്മയെ കണ്ട് വിവരം പറഞ്ഞിട്ട്, അഛന്റെ വീട്ടിലേക്ക് പോയി വിവരമറിയിച്ചിട്ട് അന്നു [illegible] കിടന്നു. പോകാൻ നിശ്ചയിച്ച ദിവസം കാലത്തെ പോകേണ്ട [illegible] സാധനങ്ങളും [illegible] യിലാക്കി [illegible] യാത്ര പറഞ്ഞ് വാരനാട്ടേക്ക് [illegible] അവിടെയുള്ള എല്ലാവരോടും [illegible] യാത്ര പറഞ്ഞ് അദ്ദേഹം [illegible] വള്ളത്തോളിന്റെ എഴുത്തിൽ [illegible] ദേശ പ്രകാരം ഞാൻ തീവണ്ടി കേറി മുളംകുന്നത്തുകാവ് സ്റ്റേഷനിൽ എത്തി. അവിടെയടുത്ത് തിരുത്തിപ്പറമ്പ് എന്ന പ്രദേശത്താണ് കലാമണ്ഡലം തുടങ്ങിയിരിക്കുന്നത്. സ്റ്റേഷനിൽ നിന്ന് ഉദ്ദേശം ഒന്നര നാഴിക നടന്ന് പോകണം. നാട്ടുകാരോട് വഴി തിരക്കി അന്വേഷിച്ച് എന്നസ്ഥലത്തെത്തി. അപ്പോഴേക്കും നല്ല വിശപ്പും ദാഹവും തോന്നി ഒരു ചായക്കടയിൽ കയറി ചായയും പലഹാരവും കഴിച്ചു. ചായക്കടക്കാരൻ കലാമണ്ഡലം നടത്തുന്ന സ്ഥലം പറഞ്ഞുതന്നു അവിടെ അടുത്തുതന്നെയാണ്. സമനിരപ്പിൽ നിന്നും കുറെ ഉയർന്ന സ്ഥലത്താണ് കലാമണ്ഡലം തുടങ്ങിയിരിക്കുന്ന കെട്ടിടം സ്ഥിതിചെയ്യുന്നത്. അത് മുകുന്ദരാജാവിന്റെ സ്വന്തം കെട്ടിടമാണ്. ഇപ്പോൾ ഈ ആവശ്യത്തിന് വിട്ടുകൊടുത്തിരിക്കുകയാണ്.

ഞാൻ അവിടെ ചെന്നപ്പോൾ ഒരു രാമക്കുറുപ്പും ഒരു പരദേശി നായരുമാണ് അവിടെ ഉണ്ടായിരുന്നത്. രാമക്കുറുപ്പ് അവിടത്തെ കാര്യസ്ഥനാണ്. ആശാന്മാരൊന്നും എത്തി കഴിഞ്ഞിരുന്നില്ല. ബംഗ്ലാവിനോട് ചേർന്ന് ഓലമേഞ്ഞ ഒരു കളരി പുതുതായി കെട്ടിയുണ്ടാക്കിയിട്ടുണ്ടായിരുന്നു. ഞാൻ രാമക്കുറുപ്പിനോട് വിവരങ്ങളെല്ലാം പറയുകയും മഹാകവി അയച്ച എഴുത്ത് കാണിച്ചുകൊടുക്കുകയും ചെയ്തു. അവിടെ നിന്നും രണ്ട് ഫർലോങ് അകലെയാണ് വള്ളത്തോൾ താമസിക്കുന്നതെന്ന പറഞ്ഞ് അദ്ദേഹം എന്നെ കൂട്ടി വള്ളത്തോൾ താമസിക്കുന്നടത്തേക്ക് പോയി. മഹാകവി [illegible] [illegible] വരണേ" എന്ന ചോദിച്ചു. [illegible]"

"ഓ നന്നായി വഴി [illegible]യൊന്നും ചിയ്ക്കാതെ ഇവിടെ എത്തിയല്ലോ"

പിന്നീട് രാമക്കുറുപ്പ് എന്നെ കൂട്ടി അകത്തേക്ക് ചെന്ന് വള്ളത്തോളിന്റെ ഭാര്യ മാധവിയമ്മയെ കണ്ടു എന്നെ പരിചയപ്പെടുത്തി. എന്നെ കണ്ടത് അവർക്ക് വളരെ സന്തോഷമായി എനിക്ക് ചായയും പലഹാരവുമെല്ലാം തന്നു. അതുകഴിഞ്ഞ് ഞങ്ങൾ ഉമ്മറത്തേക്കുതന്നെ വന്നു വള്ളത്തോളിന്റെ മക്കളിൽ ചിലരെല്ലാം അവിടെ ഉണ്ടായിരുന്നു. അവരുമായും പരിചയപ്പെട്ടു. ഉച്ചയ്ക്കത്തെ ഊണും അവിടെയാണ് കഴിച്ചത്. വൈകുന്നേരമായപ്പോൾ രാമക്കുറുപ്പിനൊന്നിച്ച് കലാമണ്ഡലത്തിലേക്ക് പോന്നു.

ഞാൻ ചെന്നതിന്റെ പിറ്റേദിവസമായിരുന്നു കലാമണ്ഡലത്തിന്റെ ഉൽഘാടനം നിശ്ചയിച്ചിരുന്നത്. അവിടെ കഥകളിയൊന്നും അന്ന് നിശ്ചയിച്ചിരുന്നില്ല. അന്ന് കലാമണ്ഡലം ഭാഗ്യക്കുറിയുടെ ടിക്കറ്റ് ഗുരുവായൂരമ്പലത്തിൽ വച്ച് എടുക്കുകയായിരുന്നു. പ്രധാന ചടങ്ങ് അന്നും പിറ്റേന്നും ഗുരുവായൂർ ക്ഷേത്രനടയിൽ കഥകളിയും നടത്തി. എനിക്കും ഒരുവേഷ മുണ്ടായിരുന്നു. അവിടെ മമ്മാദ്യം എത്തിയിരുന്നു.

തിരുത്തിപ്പറമ്പിൽ കലാമണ്ഡലം തുടങ്ങുന്നതിനുമുമ്പ് കക്കാട്ട കാരണപ്പാട്ടിലെ വകയായി കക്കാട്ടാപ്പാടിൽ വച്ച് കുറെ വിദ്യാർത്ഥി

കളെ പഠിപ്പിച്ചിരുന്നു. കൊപ്പൻ നായരായിരുന്ന ആശാൻ. ഭീകണ്ഠാജാവിന്റെ അച്ഛനാണ് കക്കാട്ടുകാരണപ്പാട്. അദ്ദേഹം വലിയ പണ്ഡിതനും സഹൃദയനും കഥകളിയിൽ വലിയ ഗ്രാഹ്യവുമുണ്ടായിരുന്ന ആളുമായിരുന്നു. 'വാമനാവതാരം' എന്നൊരു ആട്ടക്കഥ അദ്ദേഹം രചിച്ചിട്ടുണ്ട്. ആ കഥ അനവധി തരങ്ങളിൽ കളിച്ചിട്ടുമുണ്ട്. കക്കാട്ടു കളരിയിൽ അന്നു പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ മാധവൻ, ശങ്കരൻ എന്നിവരെ തിരുത്തിപ്പറമ്പിലേക്ക് വരുത്തിയിട്ടുണ്ടായിരുന്നു. കലാമണ്ഡലത്തിൽ അഭ്യാസം തുടങ്ങിയപ്പോൾ ഞാനും ഈ രണ്ടു പേരും ഉൾപ്പെടെ ആകെ അഞ്ചുപേരായിരുന്നു. മററു രണ്ടുപേർ ആരൊക്കെയാണെന്ന് ഇപ്പോൾ ഓർമ്മയില്ല.

അഭ്യാസം തുടങ്ങിയപ്പോൾ കവളപ്പാറ നാരായണൻ നായരാശാനും കുഞ്ചുക്കുറുപ്പാശാനുമായിരുന്നു അദ്ധ്യാപകന്മാർ. ഞങ്ങൾ വിദ്യാർത്ഥികളെല്ലാവരും മുമ്പ് കച്ചകെട്ടിയവരായിരുന്നതു കൊണ്ട് അതിനു വേണ്ടതായ പ്രത്യേക ചടങ്ങുകളൊന്നും വേണ്ടിയിരുന്നില്ല. ഉഴിച്ചിൽ, അഭ്യാസം, ചൊല്ലിയാട്ടം എന്നിവ മുറയ്ക്ക് ആരംഭിച്ചു. കുഞ്ചുക്കുറുപ്പാശാൻ ഉഴിയാൻ വരാറില്ല. അത് അദ്ദേഹത്തിന് അറിയായ്കകൊണ്ടാണോ വയ്യായ്കകൊണ്ടാണോ എന്നറിയില്ല. ചൊല്ലിയാട്ടസമയത്തു മാത്രം അദ്ദേഹം വന്നിരിക്കും. രസാഭിനയം ഒരു മണിക്കൂർനേരം പഠിപ്പുണ്ട്. അതിന് കുഞ്ചുക്കുറുപ്പാശാനാണ് പഠിപ്പിക്കാൻ വരുന്നത്. ഉച്ചയ്ക്ക് ഊണുകഴിഞ്ഞ് രണ്ടുമണി മുതൽ മൂന്നുമണി വരെ സാഹിത്യക്ലാസ്സാണ്. അതെടുക്കുന്നത് കുട്ടികൃഷ്ണമാരാരാണ്. മൂന്നു മുതൽ ആറുമണിവരെ ചൊല്ലിയാട്ടമാണ്. ഏഴുമുതൽ ഒമ്പതുവരെ കണ്ണുസാധകം ...രു കാണിച്ച് അഭിനയത്തോടുകൂടെ യോജിപ്പിക്കൽ. ഇങ്ങനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ പട്ടിക്കാംതൊടി രാവുണ്ണി മേനോനാശാനെക്കൂടി വരുത്തിയാലെന്താ എന്ന് ചിലർക്ക് അഭിപ്രായമുണ്ടായി. ഈ ആലോചന വള്ളത്തോളിനോട് പറഞ്ഞപ്പോൾ വലിയ അനുകൂലമായ പ്രതികരണമായിരുന്നില്ല. "എയ് അയാളെക്കൊണ്ട് മുഖത്തൊരു സാധനവും പുറപ്പെടില്ല" എന്നാണ് വള്ളത്തോൾ പറഞ്ഞത്. എന്നാൽ അഭ്യസിപ്പിക്കുവാനുള്ള ആശാന്റെ സാമർത്ഥ്യത്തെപ്പററി അദ്ദേഹത്തിനും അഭിപ്രായവ്യത്യാസമുണ്ടായിരുന്നില്ല. എല്ലാവരും കൂടി പറഞ്ഞപ്പോൾ അങ്ങനെ ആവാമെന്ന് അദ്ദേഹം സമ്മതിക്കുകയും ചെയ്തു. അധികം താമസിയാതെ രാവുണ്ണിമേനോനാശാൻ വന്ന് ചാർജ്ജെടുത്തു. അഭ്യാസങ്ങളെല്ലാം മുറയ്ക്കു നടന്നുതുടങ്ങി. അക്കാലത്താണ് ഗോപിനാഥൻ പിള്ളയും (പിൽക്കാലത്ത് ഗുരുഗോപിനാഥ്), ശിവരാമനും, (പിൽക്കാലത്ത് ആനന്ദശിവറാം) വന്ന് വിദ്യാർത്ഥികളായി ചേർന്നത്. എന്നാൽ ശിവരാമനും മാധവനും ഗോപിനാഥനും രാവുണ്ണി മേനോനാശാന്റെ അഭ്യാസ ശിക്ഷണത്തെപ്പററി നല്ല അഭിപ്രായമില്ലായിരുന്നു. കുറുപ്പാശാന്റെ പഠിപ്പിക്കലാണ് അവർക്ക് ഇഷ്ടപ്പെട്ടത്. വാസ്തവത്തിൽ രാവുണ്ണിമേനോനാശാന്റെ ശാസ്ത്രീയമായ അഭ്യാസക്രമങ്ങളോ ചിട്ടകളോ ആയിരുന്നില്ല കുറുപ്പാശാന്റെ അഭ്യാസത്തിന്. കുറുപ്പാശാന്റെ രീതിപോലെ മുഖത്ത് രസാഭിനയത്തിന് പ്രാധാന്യം കൊടുക്കണമെന്നായിരുന്നു ശിവരാമന്റെയും മാധവന്റെയും അഭിപ്രായം. എന്നെ സംബന്ധിച്ചിടത്തോളം ഒരു പ്രത്യേക പക്ഷപാതിത്വം ഉണ്ടായിരുന്നില്ല. കഥകളിക്ക് രണ്ടും ആവശ്യമാണെന്ന് ഞാൻ വിശ്വസിച്ചു. എന്തായാലും രാവുണ്ണിമേനോനാശാന്റെ വരവോടുകൂടി കളരിയിലെ ചിട്ടകളും അഭ്യാസക്രമങ്ങളുമെല്ലാം മാറി. ചൊല്ലിയാട്ടത്തിന് പാടുവാൻ കുട്ടൻമൂത്താൻ ഭാഗവതരായിരുന്നു. അദ്ദേഹത്തിന് ബുദ്ധിക്ക് അല്പം അസുഖമുണ്ടായിരുന്നുവെങ്കിലും പ്രവർത്തിയിൽ മിടുക്കനും യോഗ്യനുമായിരുന്നു. ശിങ്കിടിയുടെ സഹായമില്ലാതെ ഒററയ്ക്ക് ചെണ്ടകൊട്ടി ചൊല്ലിയാടിച്ചിരുന്നത്. പാട്ടുപഠിപ്പിക്കുന്നതിന് സാമിക്കുട്ടി ഭാഗവതരായിരുന്നു. മൂന്നുപേരാണ് പാട്ടു പഠിപ്പിക്കുവാൻ ഉണ്ടായിരുന്നത്. നമ്പീശൻ, മാധവൻ പിന്നെ അല്പം പ്രായമായ ഒരു മേനോൻ. അന്ന് ചെണ്ട പഠിക്കാൻ ആരും ഉണ്ടായിരുന്നില്ല. മദ്ദളം പഠിക്കുന്നതിന് മൂന്നാലു വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. എല്ലാ വിഷയങ്ങൾക്കും പഠിക്കാൻ ആളുണ്ടെങ്കിൽ അതിനുള്ള സ്ഥലസൗകര്യം അവിടെ ഇല്ലായിരുന്നു. എന്തായാലും അഭ്യാസം മുറയ്ക്ക് നടന്നുകൊണ്ടിരുന്നു. കവളപ്പാറ ആശാൻ കളരിയിൽ വന്നിരിക്കാറുണ്ട് പക്ഷേ പ്രവർത്തനം രാവുണ്ണിആശാന്റെതാണ്. കഥകളി പഠിക്കാൻ വേറെ ചില വിദ്യാർത്ഥികളും വന്നുചേർന്നു. ഞാനും കേളുനായരും മാധവനും ശിവരാമനുമായിരുന്നു സീനിയർ വിദ്യാർത്ഥികൾ. വാവ്, പ്രതിപദം അഷ്ടമി എന്നിവ അനദ്ധ്യായ ദിവസങ്ങളാണ്. ഉഴിച്ചിൽ മാത്രം അന്നു നടത്താറുണ്ട്. കുറച്ചു നാൾ കൂടി കഴിഞ്ഞപ്പോൾ വെങ്കിച്ചൻ സ്വാമിയെ അദ്ധ്യാപകനായി നിയമിച്ചു. സ്ഥലപരിമിതി കാരണം വെളുപ്പിനു മൂന്നുമണി മുതൽ അവിടെ ആകെ ബഹളമാണ്. മദ്ദളം, പാട്ട്, ചൊല്ലിയാട്ടം, ഉഴിച്ചിൽ എന്നിവയെല്ലാം കൂടി ഈ ചെറിയ സ്ഥലത്തുവേണം നടത്താൻ. ഭാഗ്യത്തിന് ആ ബംഗ്ലാവിനടുത്തെങ്ങും ആരും താമസമില്ലായിരുന്നു. ഉണ്ടായിരുന്നെങ്കിൽ അവർ കുഴങ്ങിയതു തന്നെ.

ഇതുമായപ്പോൾ കലാമണ്ഡലത്തിന് സ്വന്തമായ കോപ്പ് ഉണ്ടാക്കണമെന്നുള്ള വിചാരം വന്നു. കോപ്പുപണി തുടങ്ങി. പക്ഷേ, മോഹം പോലെ അതു മുന്നോട്ടു കൊണ്ടുപോ

കാൻ സാധിച്ചില്ല. സാമ്പത്തികമായ ബുദ്ധിമുട്ടുകളായിരുന്നു കാരണം. ഭാഗ്യക്കുറിയിൽനിന്ന് ആകെ കിട്ടിയതു് 72,000 രൂപയാണ്. ആ തുക നിലമ്പൂർ തമ്പുരാനെ ഏല്പിച്ചിരിക്കുകയാണ്. അദ്ദേഹം ആ തുകയുടെ പലിശ കലാമണ്ഡലത്തിൽ ഏല്പിക്കും. അദ്ധ്യാപകരും വിദ്യാർത്ഥികളുമായി മുപ്പതോളംപേരുണ്ട്. അവർക്ക് ചിലവിനു കൊടുക്കണം. പലിശകൊണ്ട് അതിനു തന്നെ തികയുകയില്ല. മഹാകവിയുടെ കാര്യവും പന്തിയല്ലായിരുന്നു. അദ്ദേഹത്തിന് ഒമ്പതു മക്കളുണ്ട്. കവിതാപുസ്തകം വിററു കിട്ടുന്നതു കൊണ്ടുവേണം അദ്ദേഹത്തിന് ഒരു വലിയ കുടുംബം പുലർത്താൻ. കലാമണ്ഡലത്തിൽ അധികം വേണ്ടിവരുന്ന ചെലവുകൂടി നടത്താൻ അതുകൊണ്ട് സാധിക്കുകയില്ല. മഹാകവി മുകുന്ദരാജാവുമായി ആലോചിച്ച് നടന്ന് പണം പിരിക്കുവാൻ തീരുമാനിച്ചു. ചില ദിവസങ്ങളിലും അവർ പണപ്പിരിവിനുപോകും. പണക്കാരുടെ കുടുംബങ്ങളിലെല്ലാം കേറി ചോദിക്കും. കലാമണ്ഡലത്തിനുവേണ്ടി യാചിക്കുവാൻ മഹാകവിക്കോ രാജാവിനോ അഭിമാനക്കുറവൊന്നും തോന്നിയിരുന്നില്ല. താൻ ചെല്ലുന്നുണ്ടെന്നറിഞ്ഞാൽ പലരും നേരത്തെ സ്ഥലം വിടാറുണ്ടെന്ന് മഹാകവി പറഞ്ഞിട്ടുണ്ട്. പക്ഷേ, അദ്ദേഹം പിന്മാറില്ല. ചിലപ്പോൾ ഉടമസ്ഥൻ തിരിച്ചുവരുന്നതുവരെ ആ വീട്ടിൽ ഇരുന്നുവെന്നുംവരാം. ഒരു കാര്യം തീർച്ച അദ്ദേഹത്തിനെ നേരിട്ടു കണ്ട് സംസാരിച്ചാൽ മുഖത്തു നോക്കി ആരും 'ഇല്ല' എന്നോ 'തരില്ല' എന്നോ പറയാൻ ധൈര്യപ്പെട്ടില്ല. ആളുകണ്ടാൽ ആജാനുബാഹു അന്തസ്സും ആഭിജാത്യവും സ്ഫുരിക്കുന്ന നോട്ടവും വാക്കും പോരാത്തതിനു് കേരളത്തിലേയെന്നല്ല ഭാരതത്തിലെ സമുന്നത സ്ഥാനമലങ്കരിക്കുന്ന മഹാകവി ഒരു ലക്ഷം ജനങ്ങൾ കൂടുന്ന സദസ്സിലും മഹാകവിയുടെ ശിരസ്സ് ഉയർന്നുതന്നെ നിൽക്കും. അത്രയ്ക്കു ചൈതന്യമുള്ള ഒരു മഹാനായിരുന്നു മഹാകവി വള്ളത്തോൾ. ചിലർ അകത്തുകയറി ഒളിച്ചിരുന്നിട്ട് താൻ അവിടെ ഇല്ല എന്നുപറയാൻ ഏർപ്പാടുചെയ്യുകയും ചെയ്യും. പക്ഷേ മഹാകവിയുടെ ശബ്ദം കേട്ടാൽ പിന്നെ അയാൾക്ക് അവിടെ ഇരിക്കാൻ ഉറപ്പുണ്ടാകുകയില്ല. ഒരു മാന്ത്രികശക്തി കൊണ്ടെന്നപോലെ ആൾ പുറത്തുവന്ന് അദ്ദേഹത്തെ വന്ദിച്ച് ബഹുമാനിച്ചിരുന്നു. വശ്യമായ സംഭാഷണം കൊണ്ട് അയാൾക്ക് കഴിവുള്ളതു സംഖ്യ കലാമണ്ഡലത്തിലേക്ക് സംഭാവന ചെയ്യിച്ചിട്ടേ മഹാകവി തിരിച്ചുപോരുകയുള്ളൂ. ജീവിതത്തിന്റെ സിംഹഭാഗവും കലാമണ്ഡലത്തിന്റെ ഉദ്ധാരണത്തിനും അഭിവൃദ്ധിക്കും വേണ്ടി ഉഴിഞ്ഞുവെച്ചവരാണ് വള്ളത്തോൾ, മുകുന്ദരാജാവ് എന്നീ രണ്ടു മഹാപുരുഷന്മാർ. കലാമണ്ഡലത്തിന്റെ ബാല്യദശയിൽ ഇവർ രണ്ടുപേരുമാണ് ആ സ്ഥാപനത്തെ പാലൂട്ടിവളർത്തിയതു്. അന്ന് കലാമണ്ഡലത്തിൽ ഉണ്ടായിരുന്നവർക്കു മാത്രമേ ഈ ത്യാഗത്തിന്റെ വിലയെത്രയായിരുന്നു എന്നറിയുവാൻ കഴിഞ്ഞിട്ടുള്ളൂ.

ആയിടയ്ക്ക് മൈസൂർരാജാവിന്റെ കൊട്ടാരത്തിൽ ഒരു കളി നടത്തണമെന്നു പറഞ്ഞ് കലാമണ്ഡലത്തിലേയ്ക്ക് ഒരു എഴുത്തുവന്നു. നടത്താമെന്നേററ് മറുപടിയും അയച്ചു. കളി ഒരു മണിക്കൂർ നേരംമതി. കളി നിശ്ചയിച്ച ദിവസം കലാമണ്ഡലം സെററ് മൈസൂറിൽ എത്തി. മുകുന്ദരാജാവും എലിയങ്ങാട്ടു രാജാവുമായിരുന്നു ട്രൂപ്പിനെ നയിച്ചിരുന്നതു്. കഥ ഉത്തരാസ്വയംവരമെന്നാണ് നിശ്ചയിച്ചിരുന്നതു്. രാവുണ്ണിമേനോനാശാനാണ് ആദ്യവസാന വേഷത്തിനായി പോയിരുന്നതു്. പാട്ടിന് വെങ്കിടകൃഷ്ണ ഭാഗവതരും, കൊട്ടിന് മൂത്തമന നമ്പൂതിരിയും വെങ്കിച്ചൻ സ്വാമിയും. രാവുണ്ണി മേനോനാശാനാണ് ആദ്യവസാന വേഷത്തിനായി പോയിരുന്നതു്, പാട്ടിന് വെങ്കിടകൃഷ്ണ ഭാഗവതരും, കൊട്ടിന് മൂത്തമന നമ്പൂതിരിയും വെങ്കിച്ചൻ സ്വാമിയും രാവുണ്ണിമേനോനാശാനുമുള്ളപ്പോൾ ദുര്യോധനന്റെ വേഷം ആരുവേണമെന്നുള്ളതിനെപ്പററി തർക്കമുണ്ടാവില്ലല്ലോ. "മേദിനീപാല വീരന്മാരെ" എന്ന ദുര്യോധനന്റെ പദം വെങ്കിടകൃഷ്ണ ഭാഗവതർ മുറിയടന്തയിൽ മുറുകിയ കാലത്തിൽ പാടിത്തുടങ്ങി ആശാൻ തിരിഞ്ഞ് സംഹാരരുദ്രനെപ്പോലെ ഭാഗവതരുടെ നേരെ ഒന്നു നോക്കി വെങ്കിടകൃഷ്ണ ഭാഗവതർ അതു കണ്ടില്ലെന്നു നടിച്ച് ആ കാലത്തിൽ തന്നെ പാട്ടു തുടർന്നു. ആശാൻ കൈകൊട്ടിക്കളി സമ്പ്രദായത്തിൽ ആട്ടം തുടങ്ങി. ഇതുകണ്ട് എലിയങ്ങാട്ടു തമ്പുരാനും മുകുന്ദരാജാവും സാമാന്യത്തിലധികം മുഷിഞ്ഞു. ദേഷ്യവും വന്നു. കളി കഴിഞ്ഞപ്പോൾ അവർ രണ്ടുപേരും ആശാനോട് കുറെ കയർത്തു സംസാരിച്ചു. കലാമണ്ഡലം ആദ്യമായിട്ട് കേരളത്തിനു പുറത്തുപോയി ഒരു കളി നടത്തിയതാണ്. അതും ഒരു മഹാരാജാവിന്റെ കൊട്ടാരത്തിൽ വച്ച്. ആദ്യരംഗത്തിൽ തന്നെ അതും ആദ്യവസാനവേഷം ഇത്ര അവജ്ഞാപൂർവ്വം പെരുമാറിയതു് കലാമണ്ഡലത്തിനും അതു നടത്തുന്നവർക്കും അപമാനം വരുത്തിവച്ചെന്നും അവർ ആശാനോടു പറഞ്ഞു. ചിട്ടയിൽ നിന്ന് കടുകിടെ മാറാൻ കൂട്ടാക്കാത്ത ആളാണ് രാവുണ്ണിമേനോനാശാൻ. അങ്ങേററം അഭിമാനിയുമാണ്. ഒട്ടും സംശയിക്കാതെ അദ്ദേഹം മറുപടി പറഞ്ഞു "പാട്ടിനനുസരിച്ചുള്ള കളിയാണ് ഞാൻ കളിച്ചതു. വേണ്ടരീതിയിൽ പാടിയാൽ അതു പോലെ ഞാൻ ആടും. ഇവിടെ പാടിയതു് കൈകൊട്ടിക്കളിക്കുള്ള പാട്ടാണ്. അതിനനുസരിച്ച് ഞാനും കളിച്ചു. ഇതു കഥകളിയാണെന്നുള്ള കാര്യം അതു കൈകാര്യം ചെയ്യുന്നവർ മറക്കാതിരിക്കുകയാണുവേണ്ടതു്." ഈ മറുപടി രണ്ടുപേർക്കും നല്ലപോലെ ഉള്ളിൽ കൊണ്ടു അവരുടെ ശുണ്ഠിയും വർദ്ധിച്ചു. ഈ വിവരങ്ങൾക്ക് വള്ളത്തോളിന് അവർ അപ്പോൾത്തന്നെ കമ്പി അടിച്ചു.

## PRESENT CONDITION OF STRATOSPHERE.

For the most, it is the struggle for the basic needs of life For others, it is a pursuit of affluence. Together man has been relentlessly exploiting natures resources and even altering its face. Nature's reaction has been show and has gone largely unnoticed or ignored for long because the immediate gains were good.

Although invisible, it is a fact that our atmosphere is a queen mixture of a large number of gases in verious proportions, the majority of which are essential to sustain life on the surface of the earth. This atmosphere is being continuously disturbed by pollutants produced by both human and natural activities. In case of natural disturbances



the right proportion of atmospheric constituents are rather quickly restored through natural process and hence of not much importance to us. The present concern is about some man made disturbances which may in the long rin cause environmental upsets.

For convinience, atmospheric scientists divide up the atmosphere notionally into layers. These layers are most simply described in terms of the variation of temperature at various altitudes, but the boundaries between them are never as sharp as the labels assigned by the scientists might imply.

The air, close to the surface of the earth usually appears warm. But it is not because of the direct presence of the sun light, but because of the fact that vegetation, land and sea absorb these rays and radiates the heat back to the air. And the wavelength of this radiation is much longer than the sunlight in the infra-red part of the spectrum. The warming effect falls off with the height, upto an altitude of about 11 km where the temperature is roughly 60°c. The layer of atmosphere below this is called the Troposphere and the maximum point, the Tropopause upto 50 km approximately the temperature increases with altitude that height above the ground, although this is nearly as warm as the air at sea level. This layer is the Stratosphere. Above the Stratopause to about 80 kms the Mesosphere where atmosphere cools once again.

In the Stratosphere oxygen seeping up from the troposphere below, absorbs energy from the sun. The solar radiations break the two atoms of Oxygen in a molecule apart, leaving each one free to link with another molecule of di-atomic oxygen, and forming two molecules of Ozone, as a result, Ozone ( $O_3$ ) is a trace of gas located mainly in the stratosphere. Although the concentration of this species never exceeds a few parts per million of total atmospheric gas density, its destruction to any significant degree may cause Sinister biological and climatic effects because it prevents harmful radiations from reaching the surface of the earth The radiation emitted from the sun contains all the wave lengths from very small rays to large radio waves Of these the radiations shorter than 2950°A are harmful, but never reach the surface of the earth for



they are absorbed by the different gases present in the atmosphere The ozone layer starts absorbing the radiations from wave length of about 3200°A and does not allow any radiations of wave length shorter than 2950°A to pass through.

When these ultra - violet radiations are absorbed by ozone, it splits into oxygen molecule and single oxygen. Most of the single oxygen atoms produced this way quickly combine with another oxygen molecule and re-form molecule of ozone There has been little effect on the chemistry of the Stratosphere - But in fact that there has been an overall absorbtion of solar energy, making the Stratosphere warmer But there are other reactions going on as well which do convert the ozone back into oxygen. Free atoms of oxygen produced by the interaction with ultra - violet radiations may meet another ozone molecule with the resulting of two molecules

$$O_3 + O \longrightarrow O_2 + O_2$$

of oxygen, and there is a whole family of chemical reactions of the kind, Nitric oxide (NO acting with Ozone forming Nitrogen peroxide ($NO_2$) and oxygen molecule. This nitrogen peroxide attacks an oxygen atom to form Nitric oxide again and oxygen molecule which do the same job with the aid of a catalyst in this case one of the oxides of nitrogen (NO) which is returned to the atmosphere at the end of the reaction. This is important because, in such a process one molecule of NO can go round and round the cycle many times, scavenging ozone from the air and convert it into oxygen, while staying unchanged itself An equivalent pair of reactions with chlorine in place of the NO would be very effective at scavenging ozone. But chlorine had been rare in the stratosphere, until man started releasing chloro fluoro carbons or CFC's (2001 - March 1989, John Gribbin).

The most important contributions are Tri Chloro Fluoro methane $CFCl_3$ ( $Freon_{11}$ ) and Dichloro Fluoro methane $CF_2$ $Cl_2$ ( $Freon_{12}$ ). They are also denoted as C F M. Being unreactive these componds can remain in the atmosphere for a period of 40 to 150 years. It seems most of the C F.M's ever released have accumulated in the atmosphere and part of them is regularly reaching the stratosphere. There is evidence that they are being photo-dissociated producing chlorine atoms which have a potential of catalitically reducing ozone. The existence of Cl and



Clo has been detected in the Stratosphere (Science Reporter August, 1979)

A reduction in the Ozone density allows a greater amount of rays of shorter wave length like the ultra violet radiations to pass througo. (The radiations in the wave length band of 3200" - 2950"A is called the U. V B. It is to this U. V. B. that the skin of many people is vulnerabre' prolonged exposure to it causes sun burns and skin cancer Studies show that a decrease of 1% in the Ozone content would make a 20% increase in the U. V. -B flux. This in turn would lead to about 10'000 additional cases of skin cancer per year; Besides Photosynthesis of plants is inhibited and their growth is reduced and some plants even die due to the increase of U.V. radiations. In addition, the atmosphere temperature will change in the climate.

Another factor that damages the present day atmosphere is the increase in the Carbon dioxide content of the atmosphere. Sun's radiations raise the temperature of the Earth, but the earth maintains a heat balance by reflecting the radiations. (The absorption of radiation causes movement in the atmosphere and decides the climate, Carbon dioxide in the atmosphere lets in the sun's radiation but absorbs the reflected heat which is at a onger wave length. The higher the carbon dioxide concentration in the atmosphere, th greater the heat retained ) This is known the green house effect. This change in temp erature also depends on cloudiness During 1880 - 1940, the Earths mean annua temperature rose by 0 4°C of this 0.1°C to 0.2°C is accounted for by the increase in Carbon dioxide concentration in the air.

Further, by burning an enormous amount of fossil fuels, which heats the atmosphere man adds to the earths heat balance. Till now this effect has been insignificant, but an increase in power production at the rate of 7% a year can raise the earths temperature by 1% in another aircraft flying normally through the lower part of the stratosphere, release exhaust gases which contain water vapour, Carbondioxides, Nitrogen Oxides, Sulphuric dioxides and gaseous hydrocarbons causing further destruction to the atmosphere. These effluents not only spread by the wind rather rapidly but also remain in the atmos phere as long as 3years in the skies of all other nations of the same hemisphere, Northern or Southern' in which they fly. Unless we find an effective way for controlling the Ozone depletion and the Zone of Carbondioxide in the atmosphere we have to face sinister and dramatic changes in the climatic and environmental conditions of this green planet, Earth.

RAMNATH KUDVA
II B Sc Botany

## സ്നേഹത്തിന്റെ ബലിപ്പാടുകൾ




അശോകൻ. എം എസ്
ഒന്നാം വർഷ പ്രീഡിഗ്രി


സ്നേഹമെന്ന വാക്കിന്റെ അർത്ഥം തിരയുമ്പോൾ
തേർ തെളിച്ചെത്തിയ വ്യാഖ്യാനങ്ങൾ
ചോര നിറഞ്ഞ, പൊരിമണലിൽ
തേർചക്രങ്ങൾ പായുമ്പോൾ
ചോരച്ചാലുകൾ ഉറവെടുക്കുന്ന
കുതിരയുടെ കാലും തേർച്ചക്രവും

സ്വാർത്ഥതക്കു ജീവൻ വയ്പ്പിച്ച തമ്പുരാൻ,
തെററായ പ്രവർത്തിയെ പഴിക്കുന്ന
ന്യായവിചാരണ ചെയ്യുന്ന പാവങ്ങൾ
ആദർശം മുറുകെപ്പിടിക്കുന്ന അവർ
മുംവടിയിലും ചമ്മട്ടിയിലും ആനന്ദം കണ്ടെത്തുന്നു
ഒടുവിൽ അവരും ചോരമരവിച്ച് ആറടി മണ്ണിലേയ്ക്ക്

സ്നേഹത്തിന്റെ വായു നിറച്ച ബലൂണുകൾ
വീർക്കുമ്പോഴും അവർ ഓർക്കുന്നില്ല
സൂചിമുനകൾ തലോടുകയാണെന്ന കരുതി
അവർ അതിനേയും സ്നേഹിച്ചു.
ഒടുവിൽ.......................ഒടുവിൽ

തമ്മിലിടഞ്ഞ കണ്ണുകളും
തമ്മിൽ ചേർന്ന മുഖവുമായ്
കിന്നാരം ചൊല്ലിനിന്ന ഇതിഹാസത്തിലെ മാൻപേടകൾ
സ്നേഹമെന്തെന്നറിയാത്ത
വിഷംപുരട്ടിയ അമ്പുകളെക്കാൾ, വിഷമാർജ്ജിച്ച
മനസ്സിന്റെ വലിയ ഉടമകൾ
അവർ ചെയ്ത അപരാധത്തിന്റെ
അന്ധകാരത്തിലെ പിൻമുറക്കാർ

കൊക്കുരുമ്മിയിരുന്ന ഇണകളെ
അമ്പെയ്ത കാട്ടാളനെ എതിർത്ത കവിപാടി
മാനിഷാദ...........
മരംകയററം മറന്ന അണ്ണാനെ
സ്വപ്നംകണ്ട പാവം കവി

പകൽ തെളിച്ചുകൊണ്ട്
അങ്ങ് കിഴക്ക ചേക്കേറുന്ന
സൂര്യനെ കണ്ട്, ചിരിച്ചാർത്ത,
അസ്തമനത്തെക്കുറിച്ചറിയാത്ത,
അറിഞ്ഞാലും ഇല്ലെന്ന നടിക്കുന്നവരെ
കവി സംബോധന ചെയ്ത
വെളിച്ചം ദുഃഖമാണുണ്ണി............

പരസ്പര സ്നേഹം സ്പൃഹ മനഃസാക്ഷിയിൽ നിന്നും അപ്രത്യക്ഷമാകുന്നതു കണ്ട കവി

''........ സാഹോദര്യഘടനതൻ
കഴുത്തിൽ ചുററിക്കെട്ടാൻ,
കയർ ഞാനെടുത്തേയ്ക്കും
മർദ്ദകർക്കൊരു കൊല—
ക്കയറായതു പുളഞ്ഞലറിച്ചിരി
ച്ചേക്കും.''

എന്നു് ''രമണന്റെ ശവകുടീരത്തിൽ'' എന്ന കവിതയിൽ പറയുന്നുണ്ടു്.

മനുഷ്യസ്നേഹത്തിന്റെ പ്രാധാന്യത്തെ ചിത്രീകരിക്കുന്ന രംഗങ്ങൾ മലയാള കവിതകളിൽ ഉണ്ടായിട്ടുണ്ടു്; ഇന്നും ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. എന്നാൽ വർഗ്ഗസമരം എന്ന ലക്ഷ്യം കവിതകളിൽ പ്രതിഫലിപ്പിക്കാൻ ശ്രമിച്ചവർ ഇലോം ഇല്ലമാണു്. മനുഷ്യരാശിയുടെ ചരിത്രവും ബൗദ്ധിക പ്രവർത്തനങ്ങളും കവിയുടെ പരിഗണനയും പരിചിന്തനത്തിനും വിഷയീഭവിക്കണമെന്ന ചിന്താഗതിക്കാരനായിരുന്ന വയലാർ രാമവർമ്മ. അതുകൊണ്ടുതന്നെയാണല്ലോ ''ബലികുടീരങ്ങൾക്കു് സ്മാരപുളകങ്ങളുടെ സിന്ദൂരമാലകൾ ചാർത്താൻ'' കവി നേതൃത്വം നൽകിയതു്.

മനുഷ്യശക്തിയ്ക്കു് കീഴടക്കാൻ കഴിയാത്തതായി യാതൊന്നുമില്ലെന്നു് അറിയാമായിരുന്ന കവി

''നീരവനീലാകാശ മേഘലക
ളിൽ, നാളെ
താരകേ, നിന്നെക്കൊണ്ടു നർ
ത്തനം ചെയ്യിയ്ക്കും ഞാൻ''

എന്നു് ആത്മവിശ്വാസത്തോടെ പറയുന്നു. അതേ ആശയം തന്നെയാണു് ''ദൈവം വീട്ടിൽ വന്നിരുന്നു.'' എന്ന കവിതയിലും അടങ്ങിയിരിയ്ക്കുന്നതു്: -

''ഞാനീ പ്രപഞ്ചം വളർത്തിടുന്നു
ഞാനീ പ്രപഞ്ചം നയിച്ചിടുന്നു
സർഗ്ഗലയസ്ഥിതികാരകൻ ഞാൻ
സത്യസ്വരൂപി ഞാൻ;
ഞാൻ മനുഷ്യൻ''

''ഇരുപതിലെത്തിയ കാമാക്ഷിക്ക
ത്തിനു

കരളിൽ കേറുന്ന പാ...
പൂമല തുള്ളിപ്പ മിന്നുന്ന...
പൂച്ചക്കണ്ണുമായ് മാനിനി...
—തുടങ്ങിയ വരികൾക്കെഴുതി...
''വാചാലനായ കവിയാണ്
വർമ്മ''യെന്നു് വൈക്കം ച...
രൻ നായർ അഭിപ്രായപ്പെട്ടു്...

പുതുമകളെ പുണരാൻ വെമ്...
ഇന്നത്തെ പല കവികളും, ...
തത്തോടു് ഇഴുകിച്ചേരാൻ ശ്രമി...
തന്ന വയലാർക്കവിതകളെ ...
ലാക്കാതെ പോകാറുണ്ടു്. മി...
ത്തിൽ നിന്നും അകന്നുപോകുന്ന...
ഹങ്ങളായി മാറിക്കൊണ്ടിരിക്കു...
കവിതകളായിരുന്ന അദ്ദേഹ...
ത്തെറ്റതെങ്കിൽ

''മാനവ പ്രയത്നത്തിന്റെ
ക്തിയെ, ചൈതന്യ...
മാനിക്കാൻ ശീലിയ്ക്കാ...
ങ്ങളിത്തിരിനേരം''

എന്നു് നമ്മോടു് അഭ്യർത്ഥിക്കു...
യിരുന്നില്ലല്ലോ?

പ്രകാശ് എ. ജി.
രണ്ടാംവർഷ സസ്യശാസ്ത്ര...


With Best Compliments:-

GEO TAILORING HOUSE
GEO BUILDING
BROADWAY ERNAKULAM
COCHIN-682031

With Best Compliments:-

BEN MEDICALS
THEVARA
COCHIN-13

ഗോഹത്യക്കാരനും സാക്ഷിയായ്
പണ്ടൊക്കെ
മാതൃഹത്യക്കാരുണ്ടായിരുന്നു,
ഇന്നിപ്പോൾ
മാതൃഹത്യക്കാരെ
നാമെല്ലാം
വാഴിപ്പൂ, വാഴ്ത്തുന്നു
രാജാക്കളായ്!



തക്കർ കമ്മീഷൻ

ബ്ലൂസ്റ്റാർ ഓപ്പറേഷൻ നടന്നതിന്റ് തൊട്ടടുത്ത ദിവസം, 1984 ജൂൺ പത്താം തീയതി ഇന്റലിജൻസ് ബ്യൂറോ ഡയറക്ടർ ആർ. കെ. കപൂറിന്റെ വസതിയിൽ അതിപ്രധാനമായൊരു യോഗം ചേർന്നു. സുരക്ഷാ സംവിധാനത്തിലെ പ്രധാനികളെല്ലാം ആ യോഗത്തിൽ സംബന്ധിച്ചിരുന്നു. ബ്ലൂസ്റ്റാർ ഓപ്പറേഷൻ സിക്ഷകാരിൽ അമർഷം ജനിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ സുരക്ഷാ സംവിധാനത്തിലുള്ള എല്ലാ സിക്ക് കാരെയും ഉടനടി മാററണമെന്ന് യോഗത്തിൽ തീരുമാനിച്ചു. എന്നാൽ ഒൻപതു ദിവസത്തിനുള്ളിൽ അന്നെ, ജൂൺ പത്തൊൻപതിന്, സത്‌വന്ത്‌സിങ്ങിനെയും ബിയാന്ത്‌സിങ്ങിനെയും വീണ്ടും സുരക്ഷാഭടന്മാരായി കൊണ്ടുവന്നു. ആർ. കെ. ധവാനായിരുന്നു അതിന് കാരണക്കാരൻ. ധവാന്റെ ഈ നിലപാടിനെ എതിർത്തത് ഇപ്പോഴും സസ്പെൻഷനിൽ കഴിയുന്ന അഡീഷണൽ പോലീസ് കമ്മീഷണർ എച്ച്. ധി... പിള്ള മാത്രമാണ്.

പ്രധാനമന്ത്രിയുടെ വസതിയിൽവച്ച് അടിയന്തിര വൈദ്യസഹായം നൽകുന്നതിൽ വരുത്തിയ വീഴ്ചകളെക്കുറിച്ചും എ. ഐ. ഐ. എം. എസ്സിൽ വച്ച് വിദഗ്ധരെ വിളിക്കുന്നതിൽ സംഭവിച്ച കാലവിളംബത്തെക്കുറിച്ചും തക്കർ കമ്മീഷൻ രേഖപ്പെടുത്തുന്നുണ്ട്. ഇന്ദിരാഗാന്ധി വെടിയേററുവീണ രാവിലെ 9. 12നും എ. ഐ. ഐ. എം. എസ്സിലെ കാഷ്വാലിറ്റി വാർഡിൽ വച്ച് അവരെ ഡോക്ടർമാർ കാണുന്ന 9. 30നും ഇടയ്ക്കുള്ള സമയത്ത് അവർക്ക് വൈദ്യസഹായം ഒന്നുംതന്നെ നൽകിയിരുന്നില്ല. വെടിയേററപ്പോഴും ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോ. ആർ. ഒപ്... ഹ് വന്ന് ബോധാവസ്ഥയിലാക്കാനുള്ള ശ്രമം നടത്തിയെങ്കിലും ആംബുലൻസ് വരുത്തുകയോ എ.ഐ.ഐ.എം.എസ്സിനെ ജാഗ്രതയാക്കുകയോ ചെയ്തില്ല. അവസാനം ഒരു അംബാസഡർ കാറിലാണ് അവരെ ആശുപത്രിയിലെത്തിച്ചത്. പ്രധാനമന്ത്രിയുടെ വസതിയിലുള്ള ആംബുലൻസ് ഉപയോഗിച്ചിരുന്നെങ്കിൽ ഒൻപതര മണിക്ക് ആശുപത്രിയിൽ വച്ച് നൽകപ്പെട്ട കൃത്രിമ ശ്വാസോച്ഛ്വാസവും ജീവൻരക്ഷാ ഔഷധങ്ങളും അതിലും നേരത്തെ, ഒൻപതേകാൽ മണിക്ക് തന്നെ നൽകാമായിരുന്നു.

ഇന്ദിരാഗാന്ധിയുടെ സുരക്ഷാസംവിധാനത്തിലുണ്ടായ പാകപ്പിഴയാണ് പ്രധാനമന്ത്രിയുടെ വധത്തിന് പ്രധാനമായ കാരണമെന്ന് തക്കർ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നു. എന്നാൽ വിചിത്ര...

കാര്യം സുരക്ഷാസംവിധാനത്തിലുണ്ടായ ഈ വീഴ്ചക്കുത്തരവാദികളായവരെന്ന് കമ്മീഷൻ ചൂണ്ടിക്കാട്ടിയിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടിയൊന്നുമുണ്ടാകാതെ അവർക്കൊക്കെ പ്രമോഷൻ ലഭിച്ചുവെന്നതാണ്.

ഇന്ദിരാഗാന്ധിയുടെ പേഴ്സണൽ സെക്യൂരിറ്റി ഓഫീസറായിരുന്ന വ്യക്തിയാണ് അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ റാങ്കുള്ള ഡി. കെ. ഭട്ട്. ഇന്ദിരാഗാന്ധിയോടൊപ്പം ഉണ്ടാകേണ്ട ഈ പോലീസ് ഓഫീസർ 1984–ഒക്ടോബർ 31–ാം തീയതി കൊല നടക്കുമ്പോൾ രംഗത്തില്ലായിരുന്നു. സംഭവത്തിനു ശേഷം ഡെപ്യൂട്ടി പോലീസ് കമ്മീഷണറായി ഉദ്യോഗക്കയറ്റം കിട്ടിയ ഭട്ട് ഇപ്പോൾ അഡീഷണൽ ഡി. സി. പി. (സെക്യൂരിറ്റി) ആണ്.

സുരക്ഷാ സംവിധാനത്തിലെ മറ്റുരണ്ടുദ്യോഗസ്ഥർ ആർ. കെ. ഓഹ്റിയും (പോലീസ് സ്പെഷ്യൽ ബ്രാഞ്ച് അഡീഷണൽ കമ്മീഷണർ) യു. എസ്. രാമകൃഷ്ണനു(സ്പെഷ്യൽ ബ്രാഞ്ച് ഡി. സി. പി.)മാണ്. പോലീസ് ഐ. ജി. യായി സ്ഥാനക്കയറ്റം കിട്ടിയ ഓഹ്റി ഇപ്പോൾ അരുണാചൽപ്രദേശ് ഐ. ജി. പി. യാണ്. രാമകൃഷ്ണന് സ്ഥാനക്കയറ്റം നൽകി ഡെൽഹിയിൽ സ്പെഷ്യൽ ബ്രാഞ്ച് അഡീഷണൽ സി. പി. യായി നിയമിച്ചു.

പ്രധാനമന്ത്രിയുടെ ഔദ്യോഗിക വസതിയുടെ മൊത്തത്തിലുള്ള സുരക്ഷാച്ചുമതല ഇന്റലിജൻസ് ബ്യൂറോ ജോയിന്റ് ഡയറക്ടറായിരുന്ന എസ്. രാമമൂർത്തിയ്ക്കായിരുന്നു. സംഭവശേഷം അദ്ദേഹത്തിനും കിട്ടി പ്രമോഷൻ. ബോംബെ സി. ഐ. ഡി. വിഭാഗത്തിൽ അദ്ദേഹമിപ്പോൾ സേവനമനുഷ്ഠിക്കുന്നു. എസ്. സി. താണ്ഡൻ ഡെൽഹി പോലീസ് കമ്മീഷണറായിരിക്കുമ്പോഴാണ് വധം നടക്കുന്നത്. ഇന്റലിജൻസ് ബ്യൂറോയിൽ നിരവധി വർഷം അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രധാന മന്ത്രിയുടെ സുരക്ഷയ്ക്ക് അപകടം ഉണ്ടാവുമെന്ന് ആശങ്കയുണ്ടായിട്ടും അതിനനുസരിച്ചുള്ള നടപടികളെടുക്കുന്നതിനു പകരം ''രണ്ടു വർഷത്തിലൊരിക്കൽ പരിശോധന നടത്തണം'' എന്ന് ഫയലിൽ രേഖപ്പെടുത്തുക മാത്രമാണ് അദ്ദേഹം ചെയ്തത്. ഇന്ദിരാഗാന്ധിയുടെ വധത്തെത്തുടർന്ന് താണ്ഡനെ രാജസ്ഥാൻ സർവ്വീസിലേക്ക് തിരിച്ചയയ്ക്കുകയും തുടർന്നദ്ദേഹം രാജസ്ഥാൻ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ ചെയർമാനാവുകയും ചെയ്തു. 1987 ഡിസംബറിൽ താണ്ഡൻ സർവ്വീസിൽ നിന്നും വിരമിച്ചു.



തക്കർ കമ്മീഷൻ

കഥ



# അപരിചിത

ഇക്കാലമത്രയും യാത്രയായിരുന്നു. പട്ടണങ്ങളും, ഗ്രാമങ്ങളും, താണ്ടി എങ്ങോട്ടെന്നറിയാത്ത യാത്ര. ഏതോ വഴിയമ്പലത്തിൽ വച്ച് ഓർമ്മകളുടെ ഭാണ്ഡം അഴിച്ചപ്പോൾ അനേകരുടെ കഥകൾ.

മുട്ടിവിളിക്കുമ്പോൾ വാതിൽ തുറക്കുന്ന പരിചാരകന്മാർ, രാത്രികാലങ്ങളിൽ ചിറകുകളിൽ ചായം തേച്ചിറങ്ങാറുള്ള നിശാശലഭങ്ങൾ, വഴികൾക്കിരുപുറവും നിൽക്കാറുള്ള കഥപറയാൻ മാത്രം വിധിക്കപ്പെട്ട സാലഭഞ്ജികമാർ ദേശങ്ങളിൽ നിന്ന് ദേശങ്ങളിലേക്ക് കുടിയേറുന്ന ഇവരുടെ കഥകൾ ഓർത്തിരിക്കുക പോലും പ്രയാസമായിരുന്നു. എന്റെ ജീവിതത്തിന് നിർവ്വചനമില്ലായിരുന്നു. പിന്നിൽ ഭൂതവും, മുന്നിൽ ഭാവിയും, രണ്ടു സമാന്തര രേഖകൾ. ഈ യാത്രകൾക്കിടയിലും ഒരോ കാലത്തിനും ഓരോ ദേശത്തിനും മാറി മാറി ചായം തേക്കുകയായിരുന്നു. എല്ലാം കാലം കെട്ടിച്ച വൈവിധ്യമുള്ള വേഷങ്ങളായിരുന്നു. പക്ഷെ യാത്രയിലുടനീളം അന്വേഷിച്ചതു മാത്രം കണ്ടെത്താനായില്ല. അന്വേഷണത്തിനുമാത്രം ഓരോ ഒരേക രൂപമായിരുന്നു. എത്രയോ മുമ്പേ അതിനുത്തരം കണ്ടെത്തേണ്ടതായിരുന്നു? അമ്മയാരാണ്? എന്റെ അമ്മയാരാണ്? അഴുക്കുചാലുകളിൽ പ്രതിബിംബിച്ച രൂപങ്ങളിൽ എന്റെ അമ്മ ഉണ്ടായിരുന്നോ? എന്തിന്റെയൊക്കെയോ ലഹരിയിൽ പൊട്ടിച്ചിരിക്കയും പൊട്ടിക്കരയുകയും ചെയ്യു അനേകരിൽ എന്റെ അമ്മയുണ്ടായിരുന്നോ? ഫോംബെഡ്ഡുകളിൽ മുഖം പൂഴ്ത്തിക്കരയാൻ വിധിക്കപ്പെട്ടവരിൽ എന്റെ അമ്മയുണ്ടായിരുന്നോ? എനിക്കൊന്നുമറിയില്ല. അമ്മയുടെ ഗന്ധംപോലും എനിക്കറിയില്ല. എന്റെ ചോദ്യവും പേറി ഇന്നും അലയുകയാണ്. അലയാഴിയിലെ സഞ്ചാരിയെ പോലെ എനിക്കും ഏകാന്തതയുടെ വിരസമായ എന്റെ കഥകൾ.

രാജവീഥികളുടെ ഇരുണ്ട മൂലകളിൽ നടക്കാറുള്ള ജനനവും മരണവും ആരും അറിയാറില്ല. എന്റെ ജനനവും അങ്ങനെതന്നെ. ബാല്യം അവ്യക്തമായ മൂകമായിരുന്നു. അമ്മയില്ല. അച്ഛനില്ല. എന്നിട്ടും വളർന്നു. വേദനയും, ചൂടും കൊണ്ട് കരിവാളിച്ച മുഖങ്ങളിലെ, നിർജ്ജീവമായ കണ്ണുകളിൽ പോലും സ്നേഹത്തിന്റെ കണികകൾ, ഏക ആശ്വാസം. പകലുകൾ വന്നതിനേക്കാൾ വേഗത്തിൽ പോയി. രാത്രികളെ പേടിയായിരുന്നു. വൃത്തികേടുകളിൽ മുഖം പൂഴ്ത്തി ഉറങ്ങുന്ന തെരുവിന്റെ മക്കൾക്ക് രാത്രികളെ എന്നും ഭയമായിരുന്നു. എന്നിട്ടും ഉറക്കം തൂങ്ങുന്ന കൺപോളകളെ വിരലുകൾ കൊണ്ട് തുറന്നു വച്ച് ആർക്ക വേണ്ടിയോ കാത്തിരുന്നു. പക്ഷേ..........ആ 'പക്ഷേ'യുടെ അർത്ഥം. അതുകൊണ്ടു മാത്രം എന്നും നിറഞ്ഞ വയർ. എവിടെയൊക്കെയോ കയറിയിറങ്ങി. ആ ഇരുണ്ട അറകളിലെങ്ങും തണലുകൾ കണ്ടില്ല. ഹോസ്റ്റലുകളിലും, മണിമാളികകളിലും, ഹോട്ടൽ മുറികളിലുമെല്ലാം ചായം തേച്ച മുഖങ്ങൾ മാത്രം. ആ കണ്ണുകളിലൊക്കെ നാട്യമായിരുന്നു. അന്നാദ്യമായി ജീവിതത്തെ വെറുത്തു.

എല്ലാം ഉപേക്ഷിച്ചൊരു യാത്ര. കാലവും ദേശവും എല്ലാം എനിക്കു വഴിമാറിത്തന്നു. അനേകം വഴിയമ്പലങ്ങൾ കയറിയിറങ്ങി. ഈ യാത്രയിലെവിടെയോ വച്ചാണ് അവരെ കണ്ടത്; റിച്ചിയും ഗിരിജയും. നീണ്ട മുടിയും, വെള്ളക്കണ്ണുകളും, നീണ്ട മൂക്കും ഉള്ള റിച്ചി. അവന്റെ ഹൃദയത്തോടു പറ്റിക്കിടക്കുന്ന കീശകളിൽ പോലും അവൾക്കായി സൂക്ഷിച്ച പ്രേമമുണ്ടായിരുന്നു. ഇരുട്ടിയ പ്രാവുകൾക്ക് പിടിച്ചു നിൽക്കാനായില്ല. അല്ലെങ്കിൽത്തന്നെ റിച്ചിയുടെ പേഴ്സ് എപ്പോഴും കാലിയായിരുന്നു! ഉയരെയുള്ള മരക്കൊമ്പിൽ നിന്നും പ്രാപ്പിടിയന്മാർ അവരെത്തന്നെ തുറിച്ചു നോക്കിയിരുന്നു. അവർക്കായി വലവിരിച്ചിരുന്നു. കടപ്പുറത്തെ മല്ലാളന്മാർ അവർക്കായി കാത്തിരുന്നു.

ഒടുവിൽ വലയിൽ രണ്ടിണപ്രാവുകൾ വീണു കുരുങ്ങി. റിച്ചിയും ഗിരിജയും ഇപ്പോൾ ഒന്നല്ലാതെയായി. അല്ലെങ്കിൽ എല്ലാമായി മാറി.

ഇപ്പോൾ റിച്ചിയെ അവിടെങ്ങും കാണാനില്ല. അഴുക്ക് പിടിച്ചിരിക്കുന്ന നരച്ച ജീൻസിട്ട് അയാളെവിടെപ്പോകുന്നു?

# അപരിചിത



ഗിരിജ ഒന്നുമറിയുന്നില്ല. ഇപ്പോൾ അവളുടെ കൈകളിലെ നീല ഞരമ്പുകളിൽ ഏതെങ്കിലും വിഷം കേറി നടക്കുന്നുണ്ടാകും. എരിഞ്ഞു തീരാറായ സിഗരററ് അവസാനമായാസ്വദിക്കുന്ന ഏതെങ്കിലും ചെറുപ്പക്കാരന്റെ മടിയിൽ തളർന്നു കിടക്കുകയാവും അവളിപ്പോൾ.

ഗിരിജ, അവളെത്തന്നെ വിററു തുടങ്ങിയിരിക്കുന്നു.

ദുഃഖമൊന്നും തോന്നുന്നില്ല. മനസ്സിൽ ഒരു വികാരവും തോന്നുന്നില്ല. നിർവ്വികാരത മാത്രം. റിച്ചിയും ഗിരിജയുമെന്നെ മറന്നു തുടങ്ങിയിരുന്നു. എന്നെ കടപ്പുറത്തുവച്ച് കണ്ടാൽത്തന്നെ റിച്ചി ഒന്നും സംസാരിക്കാതെ തലതിരിച്ച് കടന്നു പോകുന്നു. ഗിരിജ, ഏതെങ്കിലും തകർന്നു വീഴാറായ ചെററക്കുടിലിൽ നിന്നും തല മേൽക്കൂരയിൽ തട്ടാതെ കൈമുട്ടുകളിലെ മണൽ തട്ടിക്കളഞ്ഞുകൊണ്ട് വരുന്നുണ്ടാകും. ഒരു വരണ്ട ചിരിമാത്രമാവും അപ്പോഴെന്റെ മുഖത്ത്. ആ ചിരിയുടെ അർത്ഥം എനിക്കുപോലുമറിയാതായിരുന്നു.

ഞാനങ്ങനെ ദിനങ്ങൾ തള്ളിനീക്കി; പൊള്ളി കത്തുന്ന വെയിൽ കടൽക്കാററിന് ഉപ്പുരസം. ചുട്ടുപഴുത്ത മണൽപ്പുറം. പശ്ചാത്തലത്തിൽ കടലിന്റെ വന്യമായ സംഗീതം. അകത്തും പുറത്തും ഗിരിജ.

ഈയിടെയായി എന്നെക്കാണുമ്പോൾ അവളുടെ കണ്ണുകളിൽ ഏതോ പ്രതീക്ഷ കത്തി നിൽക്കുന്നു. ഒരു മിന്നായം പോലെ തെളിയുന്നതാവാം. എന്റെ കാലടികൾ മുന്നോട്ട് ചലിക്കാത്തത് ഒരു പക്ഷെ അവളുടെ വിധിയാവാം.. അല്ലെങ്കിൽ എന്റെ വിധി.

എങ്കിലും യാത്രയാകുമ്പോൾ ഞാനവളെ കാണാനെത്തി. പച്ചമാംസത്തിന്റെ മണവും പിടിച്ച് വെട്ടമണയുമ്പോൾ ചെല്ലാറുള്ളവരെ പോലെ, ഞാനും ആ സന്ധ്യ മയങ്ങിയ നേരത്ത് മുറിയിൽ ചെന്നു. വാതിൽ അകത്തു നിന്നും അടച്ചിരുന്നില്ല. എന്തോ പ്രത്യേക ഗന്ധം. അകത്തെ മുറിയിൽ നിന്നായിരുന്നു അതിന്റെ ഉറവിടം. അവിടെ കട്ടിലിനു കീഴെ റിച്ചിയും ഗിരിജയും, നഗ്നരായ അവർ ഒരു അർദ്ധാലിംഗനത്തിലായിരുന്നു. അവളുടെ ചുരുണ്ട മുടിയിഴകൾ മുഖത്തേക്ക് വീണു കിടന്നിരുന്നു. അവളിൽ ചന്ദനവും ചാന്തും അലിഞ്ഞുചേർന്നതു പോലെ, റിച്ചിയുടെ കഴുത്തിലെ ഞരമ്പുകൾ തെളിഞ്ഞു നിന്നു. അവരുടെ പിടച്ചു നിന്നിരുന്ന നീല ഞരമ്പുകളിൽ സൂചി കുത്തിയിറങ്ങിയ അനേകം പാടുകൾ. നിറഞ്ഞതും നിറയാത്തതുമായ സിറിഞ്ചുകൾ കട്ടിലിൽ കിടപ്പുണ്ടായിരുന്നു. "ആർക്കും ഒന്നും ബാക്കിവയ്ക്കാതെ വന്നതു പോലെ തന്നെ അവർ മടങ്ങി.

ആ മുറിയുടെ ഒരു മൂലയിൽ ഒരു കാർഡ്ബോർഡ് പെട്ടി പൊടി പിടിച്ചിരുന്നിരുന്നു. അതു നിറയെ ഗിരിജയുടെ സമ്പാദ്യമായിരുന്നു. പൊടിപിടിച്ച കുറെ മിൽസ് ആന്റ് ബൂണുകൾ. അതിന്റെയെല്ലാം അടിയിൽ ഒരു പഴയ ഡയറി. ശൂന്യമായ പേജുകൾക്കു ശേഷം ഒരു ഡിസംബർ മൂന്നിന് അവൾ എഴുതിയിരുന്നു. "ഇന്നെന്റെ പിറന്നാളാണ്. എല്ലാ ബർത്ത്ഡേയും സർപ്രൈസ് ഗിഫ്റ്റുകൾകൊണ്ട് പൊട്ടിച്ചിരിപ്പിക്കാറുള്ള എന്റെ അമ്മ. ഒരിക്കലും നഷ്ടപ്പെടാത്തതെന്തെങ്കിലും ഉണ്ടെങ്കിൽ അതെന്റെ അമ്മയാണെന്ന് ഞാൻ വിശ്വസിച്ചു. അതിൽ ഞാൻ സന്തോഷിച്ചു. ഓരോ ഉരുളച്ചോറിനും ഓരോ കഥ പറഞ്ഞുതരാറുള്ള എന്റെ അമ്മ. ആ അമ്മ നഷ്ടപ്പെട്ടപ്പോൾ ..................." പിന്നീട് എഴുതിയിരുന്നതൊക്കെ പടർന്നു പോയിരുന്നു, കണ്ണുനീർ വീണ് ആ അക്ഷരങ്ങൾ മാഞ്ഞു പോയിരുന്നു.

ദേശങ്ങളിലൂടെയുള്ള യാത്ര ഗിരിജ ഈ യാത്രകളിലെനിക്ക് ആരായിരുന്നു? ഒരേ മാതൃത്വത്തിലുണ്ടായ രണ്ട് ബിന്ദുക്കൾ.

അവളുടെ അമ്മ എന്റെ അമ്മയായിരുന്നു. സ്വപ്നത്തിലെങ്കിലും അപരിചിതയായ ആ അമ്മയെ കണ്ടെങ്കിൽ എന്നു ഞാനാശിച്ചു. ആ പഴയ അഴുക്കുചാലുകളിലും മണിമാളികകളിലുമൊന്നും ഇനി എന്റെ അമ്മയെ തിരയേണ്ട ആവശ്യമില്ല. സ്വപ്നത്തിലെങ്കിലും എന്നെ തട്ടിയുണർത്തി മുലപ്പാല് നൽകാൻ എന്റെ അമ്മ വരും. എന്നെങ്കിലും എന്റെ അമ്മ വരും.


അലക്സാണ്ടർ നെബു
ഒന്നാം വർഷ ബി. എസ്. സി.

# അതിരാണിപ്പാടത്തെ സഞ്ചാരി

നർമ്മമധുരമായ ഭാഷയിൽകഥകൾ മിനഞ്ഞെടുക്കുന്നതിൽ അപാരമായ നൈപുണ്യം പുലർത്തിയിരുന്ന എസ്. കെ. പൊററക്കാട്ട് ഒരു സഞ്ചാരസാഹിത്യകാരൻ മാത്രമായിരുന്നില്ല കവിയുമായിരുന്നു. ആയിരത്തിതൊള്ളായിരത്തി എൺപതിലെ ജ്ഞാനപീഠപുരസ്കാരത്തിനു് 'ഒരു ദേശത്തിൻെറ കഥ' തിരഞ്ഞെടുക്കപ്പെട്ടു. ഈ ഒററ കൃതി മതി എസ്. കെയിലെ നോവലിസ്റ്റിനെ കണ്ടെത്താൻ. അദ്ദേഹത്തിൻെറ പല രചനകളും വിവർത്തന വിധേയമായിട്ടുണ്ടു്. ഒരു ദേശത്തിൻെറ കഥ, ''കഥാ ഏക് പ്രാന്തർ കീ'' എന്ന പേരിൽ വിവർത്തനം ചെയ്യുതും അദ്ദേഹത്തിൻെറ പത്തു് സുപ്രസിദ്ധ കഥകൾ, ''പൊററക്കാട്ട് കീ ശ്രേഷ്ഠ കഹാനീയാം'' എന്ന പേരിൽ പരിഭാഷപ്പെടുത്തിയതും ശ്രീ: പി. കൃഷ്ണൻ ആണു്.

## ഗുരുനാഥനും ഗുരുനാഥയും–

നോബേൽ സമ്മാനം കഴിഞ്ഞാൽ ലോകത്തിലെ ഏററവും വലിയ അവാർഡിനാൽ ആദരിക്കപ്പെട്ടപ്പോൾ പൊററക്കാട്ടിനെ മലയാളഭാഷ അംഗീകരിക്കുകയായിരുന്നു. 1928–ൽ ആയിരുന്നു അദ്ദേഹത്തിൻെറ ആദ്യകഥ പുറത്തുവന്നതു് – ''രാജനീതി''. ചെറുകഥാ രചനയുടെ ടെക്നിക്കുകളെക്കുറിച്ച് വിദഗ്ദ്ധോപദേശങ്ങൾ നൽകാനോ മററുപ്രകാരത്തിൽ പ്രോത്സാഹിപ്പിക്കാനോ ആരുമില്ലാത്ത സാഹചര്യത്തിലാണു് എസ്. കെ. സാഹിത്യക്കളരിയിൽ പ്രവേശിച്ചതും പുലർന്നു വന്നതും. ചെറുപ്പകാലത്തു്, ഉറങ്ങാൻ കിടക്കുമ്പോൾ മുത്തശ്ശിക്കഥകൾ കേൾക്കാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായില്ല. അനേകം അത്ഭുതകരങ്ങളായ സംഭവങ്ങളും വർണ്ണോജ്ജ്വലങ്ങളായ രംഗങ്ങളും അദ്ദേഹത്തിൻെറ മനസിൽ കെട്ടിപ്പെടുക്കുവാൻ പരിശീലിപ്പിച്ചതു് ചെറിയക്കൻ എന്ന ഗ്രാമീണനാണു്. സ്വർണ്ണക്കൊട്ടാരത്തിൻെറയും നാഗകന്യകയുടെയും മന്ത്രവാദികളുടെയും അത്ഭുതകഥകൾ ചെറിയക്കൻെറ മസ്തിഷ്ക ഭണ്ഡാരത്തിലുണ്ടായിരുന്നു. ചെറിയക്കനെക്കുറിച്ചു് എസ്. കെ. തന്നെ പറയുന്നു. ''ചേപ്പായൂർ പാടങ്ങളിലൂടെ കടന്നുപോകുമ്പോൾ ഇടക്കെല്ലാം ഞാൻ ചെറിയക്കനെ ഓർത്തുപോകും. അക്കാലത്തു് വിജന ഭീകരമായ ഒരു യക്ഷിസാമ്രാജ്യമായിക്കിടന്നിരുന്ന മായപ്പറമ്പിൽ ഇന്നു് പുതിയ മെഡിക്കൽ കോളേജിൻെറ മാളികക്കെട്ടിടങ്ങൾ പൊങ്ങിനിൽക്കുന്നു. ആ മണിമാളികക്കെട്ടിടങ്ങൾക്കപ്പുറം, ഒരു മായികമണ്ഡലത്തിൽ നാല്പത്തെട്ടു് കൊല്ലം മുമ്പു് ചെറിയക്കൻ നിർമ്മിച്ചു് കാട്ടിത്തന്ന തങ്കപ്രഭാതരളിതമായ സങ്കല്പസൗധശൃംഖലകൾ ഇപ്പോഴും എൻെറ മിഴികളെ എതിരേൽക്കാറുണ്ടു്.''

ചെറുകഥാരചനയിൽ അദ്ദേഹത്തിൻെറ ആദ്യത്തെ ഗുരുനാഥ കരുടിയായ ഒരു വൃദ്ധയായിരുന്നു. ഒരിക്കൽ, സ്കൂളിലേക്കു് ''ഹോം വർക്ക്'' ചെയ്തുകൊണ്ടിരിക്കെ പാവം ആ വൃത്തികെട്ട തള്ള [illegible] സ്റ്റേഷനറിപ്പീടികയിലെ മുളങ്കോലിൽ തൂങ്ങിക്കിടന്നേടത്തുനിന്നു് വാങ്ങിയ മണ്ണുപാററി മഞ്ഞച്ച. ഒരു വരയൻ ''കള്ളുകടലാസ്സും'' ഒരു മുറിപെൻസിലും ഒരു കയ്യിൽ പിടിച്ചു് മറെറ കൈകൊണ്ടു് കോണിപ്പടി തപ്പിത്തപ്പി മാളികയിലെ വരാന്തയിലേക്കു് കയറി വന്നു. അവർ വെറും കടലാസ് അദ്ദേഹത്തിൻെറ മേൽപ്പുറത്തു് സ്ഥാപിച്ചു്, നിലത്തു് മുട്ടുമടക്കിയിരുന്നു. തൻെറ കഷ്ടപ്പാടുകളും മകനുവേണ്ടി താൻ ചെയ്ത ത്യാഗങ്ങളും ഓരോന്നായി എണ്ണിയെണ്ണി അദ്ദേഹത്തെ കേൾപ്പിച്ചു. അവരുടെ കഥനകഥ എസ്. കെ യെ വികാരധീനനാക്കി. അവർ പറഞ്ഞതെല്ലാം പാകപ്പെടുത്തി, സ്വന്തം വകയായി ചില സരസ്വതീ വിലാസങ്ങളും ചേർത്തു് മടയനായ മകനു് അദ്ദേഹം തുടരെ തുടരെ കത്തുകൾ എഴുതിയയച്ചു. അതിനു ഫലമുണ്ടായി.

## –ഒരു ദേശത്തിൻെറ കഥ–

ഈ നോവൽ എസ്. കെയുടെ ജീവിത കഥയാണു്. അദ്ദേഹത്തിൻെറ കുടുംബത്തിൻെറയും കഥയാണു്; ഒരു ദേശത്തിൻെറയും. അതിരാണിപ്പാടത്തെ മൺമറഞ്ഞ മനുഷ്യരുടെ കഥ തികഞ്ഞ ആത്മാർത്ഥതയോടെ അതിൽ ആവിഷ്കരിച്ചിരിക്കുന്നു. ശൈശവ കൗമാര യൗവനാരംഭത്തിലെ നാനാതരം നേരുകളും നെറികേടുകളും നേരമ്പോക്കുകളും വിസ്മയങ്ങളും ധർമ്മതത്വങ്ങളും വിഢിത്തങ്ങളും വിഷാദസത്യങ്ങളും ഗ്രന്ഥകർത്താവിനു് വെളിപ്പെടുത്തിയിരുന്നവരാണു് അതിരാണിപ്പാടത്തുകാർ. ഈ നോവലിനെക്കുറിച്ചുള്ള ഗ്രന്ഥകാരൻെറ വാക്കുകൾ ശ്രദ്ധിക്കുക ''ഈ ലോകം ഒരു മഹാശ്മശാനമാണു്. തലമുറകളായി മരിച്ചു മണ്ണടിഞ്ഞവരുടെ പടലങ്ങൾക്കു മീതെ നമ്മൾ പാർക്കുന്നു. നമ്മൾക്കുശേഷം പിറകിലുള്ളവർ, അവരുടേതായ ഒരു ലോകം പടുത്തുയർത്തും. അതേ ശ്മശാനങ്ങൾക്കുമേൽ ശ്മശാനങ്ങൾ! അതിരാണിപ്പാടത്തും ഇതുതന്നെ സംഭവിക്കുന്നു.''

സത്യവും ധർമ്മവും ജീവിതമാക്കിയ കൃഷ്ണൻ മാസ്റററും തലമുറകളായി ഐശ്വര്യത്തിലും പ്രതാപത്തിലും

വർത്തിച്ച കേരളത്തെ തറവാട്ടിനെ നശിപ്പിക്കുകയും സ്വയം നശിക്കുകയും ചെയ്ത കണ്ടിക്കുളമേലാനും ജീവിച്ചിരുന്നവർ തന്നെ. കോരൻ ബട്ട്‌ലർ, പെരിക്കാലൻ അയ്യപ്പൻ, ആധാരം ആണ്ടി, തടിച്ചി കടിച്ചിയമ്മ—ഇവരെല്ലാം ആ ദേശത്തെ വെള്ളവും വളവുംകൊണ്ട് ആ അന്തരീക്ഷത്തിന്റെ ഇരുളും വെളിച്ചവും ചൈതന്യവും ചൂരുമേറ്റ് വളർന്ന മനുഷ്യ മഹാവൃക്ഷങ്ങളായിരുന്നു. ശ്രീധരനും അവരിലൊരാളായിരുന്നു—ആ ദേശത്തിന്റെ സന്താനം—അരനൂറ്റാണ്ടിനപ്പുറത്തെ ആ ജീവിത മണ്ഡലവും അന്തരിച്ചുപോയ അതിരാണിപ്പാടവുമാണ് ഈ നോവലിൽ അനാവരണം ചെയ്യുന്നത്.

## —'വിഷകന്യകയും' 'പുള്ളിമാനും'

'വിഷകന്യക' ഒരു കാലഘട്ടത്തിന്റെ കഥയാണ്. നോവൽ എഴുതുന്നതിനുമുമ്പ് ആറുമാസക്കാലം പൊറ്റെക്കാട്ട് വയനാട്ടിൽ പോയി താമസിച്ചിരുന്നു. ക്രൈസ്തവരുടെ ജീവിതവും നരകയാതനകളും നേരിട്ട് കണ്ടറിഞ്ഞതിനുശേഷമാണ് അദ്ദേഹം ഈ നോവൽ എഴുതി തുടങ്ങിയത്. അതുകൊണ്ട് തന്റെ 'വിഷകന്യക'യിലെ ഭാഷ തെക്കൻ തിരുവിതാംകൂറിലെ ക്രിസ്ത്യാനികളുടേതാണ്.

കുറെകാലം കടകിൽ താമസിച്ചതിനുശേഷം ബോംബെയിലെ ഒരു പാർക്കിൽ വച്ച് എഴുതിയതാണ് അദ്ദേഹത്തിന്റെ ഏറ്റവും പ്രസിദ്ധമായ 'പുള്ളിമാൻ' എന്ന കഥ.

## സഞ്ചാര സാഹിത്യകാരൻ

ചെറുപ്പത്തിലേ യാത്രചെയ്യാനുള്ള മോഹം എസ്. കെയ്ക്കുണ്ടായിരുന്നു. അദ്ദേഹം പറയുന്നു. ''യാത്ര ചെയ്താലേ അറിയൂ എത്ര അത്ഭുതകരമാണ് ഈ ലോകമെന്ന് ഇവിടെ കോടാനുകോടി മനുഷ്യരുണ്ട്. എന്നാൽ ഒരു മുഖവും മറ്റൊരു മുഖവും ഒരുപോലെയല്ല. അത്തരം കുറെ മുഖങ്ങൾകാണുക എന്നതുതന്നെ ഏതൊരു അനുഭവവും അനുഭൂതിയുമാണ്''.



യഥാർത്ഥ മനുഷ്യൻ എന്ന അസംസ്കൃത ജീവിയെ, പച്ച മനുഷ്യനെ കാണാൻ സാധിച്ചത് ആഫ്രിക്കയിലാണെങ്കിൽ പ്രകൃതി സൗന്ദര്യത്താൽ അദ്ദേഹത്തെ ആകർഷിച്ചരാജ്യം സ്വിറ്റ്സർലണ്ടാണ്. അറേബ്യൻ രാജ്യങ്ങളാകട്ടെ ആതിഥ്യവും സ്നേഹവും കൊണ്ട് അദ്ദേഹത്തിന്റെ മനം കവർന്നു.

## നാടൻ പാട്ടിന്റെ ലഹരി

എസ്. കെയുടെ പല കൃതികളിലും നാടൻ പാട്ടുകളുടെ ലഹരി നമുക്ക് ബോധ്യമാകും. മനുഷ്യ ഹൃദയത്തിലെ സ്വാഭാവിക ഗാനമാണ് നാടൻ പാട്ട്. നൈൽ നദിയിലൂടെ വള്ളം തുഴഞ്ഞു പോകുന്ന കാപ്പിരി യാത്രയ്ക്കിടയിൽ പാടുന്ന പാട്ടും കേരളത്തിലെ ഒരു തോണിക്കാരൻ തോണി തുഴയുമ്പോൾ പാടുന്ന പാട്ടും തമ്മിൽ സാമ്യത കാണും. ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും പൊങ്ങി വരുന്ന നാടൻ പാട്ടുകൾ ആരെയും ഹഠാദാകർഷിക്കും. എസ്. കെ. തന്റെ യാത്രക്കിടയിൽ, 'നെൽക്കതിരുകൾ കൊയ്യുമ്പോൾ കേരളത്തിലെ ഗ്രാമീണ വനിതകൾ പാടുന്ന നാടൻ പാട്ടുകൾ പോലെ ഈജിപ്പിലും കൊംഗോയിലും മറ്റും സ്ത്രീകൾ കൊയ്ത്തു സമയത്തു പാടുന്ന പാട്ടുകൾ കേട്ടിട്ടുണ്ട്.

സ്വന്തം നാടിന്റെ കഥ ഇത്രയും തന്മയത്വത്തോടെ കൈകാര്യം ചെയ്യാൻ കഴിഞ്ഞ മറ്റൊരു സാഹിത്യകാരനും മലയാളത്തിലുണ്ടായിട്ടില്ലെന്നു തന്നെ പറയാം. സഞ്ചാരസാഹിത്യരംഗത്തിലെ മുടിചൂടാമന്നനായിരുന്നു പൊറ്റെക്കാട്ട്.

മീര. ആർ. നാഥ്.
ഒന്നാം വർഷ രസതന്ത്രം.

PIONERS IN TRADE

25th YEAR OF SERVICE

# JOS BROTHERS DRYCLEANERS

**Collection Centres at**

1. Saree Kendra Ernakulam
2. Princess Super Market, Panampilly Nagar
3. Teemia Stores, Thoppumppady.
4. Suburban Stores, Mamangalam.
5. Grand Bazar, Abad Plaza, Ernakulam.
6. Grand Bazar, Hotel Abad; Chullickal
7. Jos Brothers, Tripunithura
8. Jos Brothers, Kottayam
9. Jos Brothers, N. Parur
10. Pudava Silks & Sarees, Angamally

CENTRAL OFFICE
JOS BROTHERS
JOS JUNCTION
COCHIN

# A Better - than - Cash Certificate!

Catholic Syrian Bank has a new gift idea for you : our Better - than - Cash Certificates. Why 'Better - than - Cash'? Because these certificates make your money work harder for your loved ones.... your wife, your son, your grand children.

How does the scheme work ? Well, suppose you've been thinking of gifting your grand daughter some money – give her a Better-than-Cash Certificate instead: You can pay for it in a lump sum or in instalments. After 10 years the certificate can be encashed for almost three times the amount you had orginally paid. And, because we want your gift to be remembered, we'll put your granddaughter's name on our computer and send her a birthday card every year.

For example: you pay a flat sum of Rs. 1489.60 or 12 instalments of Rs. 120 each for a Better-than-Cash Certificate worth Rs. 4000. This certificate can be encashed after 10 years. Of course, if you want to encash the certificate earlier or buy a certificate that matures more quickly, that's possible too!

Catholic Syrian bank's Better-than-Cash certificates: now, when you look at your granddaughter and say, "My! How she's grown!", you'll know your gift has grown as fast.

## CATHOLIC SYRIAN BANK

**The Catholic Syrian Bank Limited**

**H. O. : St. Mary's College Road, P.B. No.502**
**TRICHUR 680 020**

ANY STORAGE PROBLEM?
WE ARE AT YOUR SERVICE

WE PROV DE:-

1 Scientific storage facilities
2 Credit facilities on Warehouse receipts
3 Handling and Transport facilities
4 Port handling
5 Sale and distribution of Cement.
6 Orderly marketing
7 Insurance of stocks.
8 Disinfestation extension service & Soil fumigation.
9 Consultancy service for construction of godowns.
10 Special storage for Hygroscopic commodities

SCIENTIFIC STORAGE IS OUR MOTTO

KERALA STATE WAREHOUSING CORPORATION

ERNAKULAM, P. B. NO. 1727.

COCHIN-682 016.

PHONE NO. 369537 : 369269

With best compliemnts:-

ERNAKULAM BLOCKS

DESIGNERS AND BLOCK MAKERS

GOPALAPRABHU ROAD

ERNAKULAM.



ലോകമിന്ന് ഭീകരതയുടെ നിഴലാണ്
ഇരുപതാം നൂററാണ്ടിന്റെ ഈ
അന്ത്യഘട്ടത്തിൽ ലോക ചക്രവാളത്തിൽ
പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന ഇരുണ്ട
മേഘങ്ങളായി ഭീകരത
ഇന്ന് മാറിയിരിക്കുന്നു,
ലാററിനമേരിക്കൻ രാജ്യങ്ങളിലും മററും
സാമ്രാജ്യത്വകഴുകന്റെ നിഴലുകൾ
വീണിട്ട് നേരമെത്രയായി?
അശാന്തിയും അസ്വസ്ഥതയും
നിറഞ്ഞു നിൽക്കുന്ന മൂന്നാം
ലോകരാഷ്ട്രങ്ങൾ
ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന
ഭീകരപ്രവർത്തനങ്ങൾ ആരെയും
ഞെട്ടിക്കുന്നതാണ്.
കാശ്മീർ....ബോഡോ....കലാപം....പഞ്ചാബ്....
നിര നീളാതിരിക്കട്ടെ.





ദാരിദ്ര്യവും അജ്ഞതയും എങ്ങനെ ഒഴിവാക്കാനാണ്. ഒരു വശത്ത് പടർന്നു കൊണ്ടിരിക്കുന്ന അക്രമം. പട്ടിണികൊണ്ട് മരിച്ചു വീഴുന്ന ഒരു ജനത മറുവശത്ത്. എല്ലാ കരിനിയമങ്ങളും ധരിച്ചുകൊണ്ട് സർക്കാർ.

ഇതിനവസാനമില്ലേ?.......

ആധുനിക ഇന്ത്യയുടെ മറ്റൊരു മുഖം.

WE BUILD BETTER CONTAINERS..................BECAUSE WE BELIEVE
IT PAYS IN THE LONG RUN

BALMER LAWRIE & CO LTD.

(A Government of India Enterprise)
Marine Freight Containers Division
Industrial Development Area
Aroor-688 534 (Via) Cochin Kerala

Member of L B P-Balmer Lawrie Group of Companies

SEEMA AUDITORIUM
REFINERY ROAD, TRIPUNITHURA-682 301

★

AUDITORIA COMPLEX

DRISHYA SEEMA
FOR THEATRICAL PERFORMANCES
MANGALYA SEEMA
FOR WEDDING & OTHER FUNCTIONS

KALA SEEMA
FOR SEMINARS, ART EXHIBITIONS &
OTHER LIMITED AUDIENCE FUNCTIONS

CONVENIENT KITCHEN, UTENSILS,
FURNITURE, SPACIOUS RETIRING
ROOMS, ETC AVAILABSE

With Best Compliments From:

OSCAR T. V.

Coulour and Black and White

SOUTH INDIA PRODUCE, CO.

Jew Town,
Cochin – 682 002

# ദേശീയ സമ്പാദ്യ
## സർട്ടിഫിക്കററ്
### VIII ഇഷ്യൂ

കലാവധി 6 വർഷം. മുഖവില
100 രൂപ, 500 രൂപ, 1000 രൂപ,
5000 രൂപ, 10000 രൂപ.
നിക്ഷേപിക്കാവുന്ന തുകയ്ക്കു
പരിധിയില്ല

12 %
അർദ്ധവാർഷിക
കൂട്ടുപലിശ

വ്യക്തികൾക്കും സഹകരണേതര
സ്ഥാപനങ്ങൾക്കും നിക്ഷേപിക്കാം

12 % നിരക്കിൽ അർദ്ധ വാർഷിക
കൂട്ടുപലിശ

1000 രൂപാ കാലാവധിക്ക് 2015 രൂപയായി
വർദ്ധിക്കുന്നു

വ്യക്തികളുടെ നിക്ഷേപത്തിനും ഓരോ
വർഷവും ആർജ്ജിച്ച് പുനർനിക്ഷേപം
ചെയ്തതായി കണക്കാക്കപ്പെടുന്ന
പലിശക്കും ആദായ നികുതി നിയമം
'80c' വകുപ്പനുസരിച്ച് നികുതിയിളവ്

ഡയറക്ടർ
നാഷണൽ സേവിംഗ്സ്
ധനകാര്യ (എൻ. എസ്. ഡി.) വകുപ്പ്
തിരുവനന്തപുരം

# വൈദ്യുതി

## 1987-89 പുരോഗതിയുടെ 2 വർഷം

ഉപയോഗിക്കാത്ത വൈദ്യുതിയുടെ പണം തിരിച്ചുനൽകാൻ നടപടി സ്വീകരിച്ചു.

കറണ്ട് ചാർജ് കുടിശ്ശികക്ക് തവണവ്യവസ്ഥകൾ ഉദാരമാക്കി.

വൈദ്യുതി അപകടങ്ങൾക്കുള്ള നഷ്ടപരിഹാരത്തുക ഗണ്യമായി വർദ്ധിപ്പിച്ചു.

ഗ്രാമീണ വൈദ്യുതീകരണത്തിൽ സർവ്വകാലറെക്കോർഡ് കൈവരിച്ചു.

ഹരിജന-ഗിരിജനങ്ങൾക്കും സ്വാതന്ത്ര്യസമരസേനാനികൾക്കും വികലാംഗർക്കും കണക്ഷൻ നൽകുന്നതിൽ മുൻഗണന അനുവദിച്ചു.

ഇറക്കുമതിചെയ്യുന്ന വൈദ്യുതിയുടെ ഉയർന്ന നിരക്ക് പിൻവലിച്ചു.

പ്രസരണനഷ്ടം കുറയ്ക്കാനും വോൾട്ടേജ് വർദ്ധിപ്പിക്കാനും നടപടികളെടുത്തു.

കൃഷിക്കും വ്യവസായത്തിനും നിലവിലുണ്ടായിരുന്ന മിനിമം ഗാരണ്ടി 10,000 രൂപ വരെ ഒഴിവാക്കി.

പവർ അലോക്കേഷനുള്ള അധികാരം സെക്ഷൻ ഓഫീസുകൾക്ക് നൽകി.

3,15,617 പുതിയ കണക്ഷനുകൾ നൽകി.

'കുടീരജ്യോതി' പദ്ധതിപ്രകാരം 8,700 വീടുകൾക്ക് കണക്ഷൻ നൽകി.

535 ഹരിജന-ഗിരിജന കോളനികൾ വൈദ്യുതീകരിച്ചു.

8,874 തെരുവുവിളക്കുകൾ സ്ഥാപിച്ചു.

1,081 പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു.

6,078 കിലോമീറ്റർ എൽ.ടി. ലൈൻ, 781 കിലോമീറ്റർ 11 കെ.വി. ലൈൻ, 42.8 സർക്യൂട്ട് കിലോമീറ്റർ 110 കെ.വി. ലൈൻ, 94 കിലോമീറ്റർ 66 കെ.വി. ലൈൻ, 129.8 സർക്യൂട്ട് കിലോമീറ്റർ 220 കെ.വി. ലൈൻ എന്നിവ പൂർത്തിയാക്കി

9 സബ്സ്റ്റേഷനുകൾ പുതിയതായി പ്രവർത്തനമാരംഭിച്ചു

പബ്ലിക് റിലേഷൻസ്

കെ. എസ്. ഇ. ബോർഡ്

PHONE OFF : 366270
RESI : 361439

**Giri Pai**

**JEWELLERY**

*Jewellers & Precious Stone Merchants*

M G ROAD ERNAKULAM
COCHIN-682 035.
(SOUTH INDIA)

WITH BEST COMPLIMENTS FROM

**GOODLASS NEROLAC PAINTS LIMITED**

| | | |
|---|---|---|
| Pullapady Junction | Gayathri Building, | Beach Road |
| Jews Street | Power House Road | Opp. Lions park |
| Ernakulam | Chenthitta | Calicut |
| Cochin-682 035 | Trivandrum-695 036 | Pin-673 032 |
| Phone : 354104 | Phone : 75007 | Phone : 75118 |

Brilliant Colours. Excelent Finish. Lasting Quality

**NEROLAC PAINTS-ALWAYS A SHADE BETTER**

With Best Compliments From.

**TIMA RESTAURANT**

**AND**

**TIMA COLD STORAGE**

RAVIPURAM

COCHIN-16

Phone : 361834

With Best Compliments From

**SHALIMAR JEWELLERY**

BROADWAY ERNAKULAM

COCHIN

WITH BEST COMPLIMENTS FLOM

VICTORY FOOT WEAR

ANAND BAZAR

ERNAKULAM

COCHIN-682016

WITH BEST COMPLIMENTS FROM

**MODERN AGENCIES**

Dealers in Building Materials & Sanitaryware

Head Office :
Kateson Building,
M. G. Road,
COCHIN—682 035.

Phones : 354 619 &
355 619.

Branch :
'Vettuvazhi Chambers,
Sathamangalam'
TRIVANDRUM—695 010

Phones : 68467 & 655

## വ്യാഴാഴ്ചകൾ ഭാഗ്യദിവസങ്ങളായി മാറുന്നു.

എല്ലാ മാസവും ആദ്യവ്യാഴാഴ്ച
ഒന്നാം സമ്മാനം 10 ലക്ഷം രൂപയും
അംബാസിഡർ കാറും ഉൾപ്പെടെ
അൻപത് ലക്ഷം രൂപയുടെ 443920
സമ്മാനങ്ങളുമായി
**ഒരു മിനി ബംപർ ഭാഗ്യക്കുറിയും**

മററു വ്യാഴാഴ്ചകളിൽ
ഒന്നാം സമ്മാനം ഒൻപത് ലക്ഷം
രൂപ ഉൾപ്പെടെ നാൽപ്പത്തി രണ്ട്-
ലക്ഷം രൂപയുടെ 39803 സമ്മാന-
ങ്ങളുമായി സാധാരണ ഭാഗ്യക്കുറിയും-
സംവിധാനം ചെയ്ത്

## കേരള സംസ്ഥാന ഭാഗ്യക്കുറി

*എല്ലാ വ്യാഴാഴ്ചകളേയും*
*ഭാഗ്യ ദിവസങ്ങളാക്കി*
*മാററുന്നു.*

**ടിക്കററ് വില : അഞ്ചുരൂപ മാത്രം**

ഗ്രാം : KERLOT
Phone : 65230
65193

സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് (വികാസ് ഭവൻ 695033) തിരുവനന്തപുരത്ത് നിന്നു് പ്രസിദ്ധീകരിക്കുന്നതു്

## ഹാൻടെക്സ്

*ഏററവും മികച്ച കൈത്തറി തുണികൾ*
*നിത്യജീവിതത്തിനും വിശേഷവേളകൾക്കും*

*ഇണങ്ങുന്ന*

*കൈത്തറി വസ്ത്രങ്ങളുടെ വർണ്ണശാല*
*സർക്കാർ ജീവനക്കാർക്കു് തവണ വ്യവസ്ഥ*
*240-ൽപ്പരം വിൽപ്പനശാലകളും*
*ഒരു പ്രദർശന-വിൽപ്പന വാഹനവും*

കേരളാ സ്റേററ് കൈത്തറി നെയ്ത്ത്
സഹകരണ സംഘം ക്ളിപ്തം
തിരുവനന്തപുരം - 695 001

കേരളം വീണ്ടും മാതൃകയാകുന്നു..........

സ്കൂൾ കുട്ടികൾക്കുള്ള അപകട ഇൻഷുറൻസ് പദ്ധതി

ഇന്ത്യയിൽ ആദ്യമായി – കേരളത്തിൽ.....................

സംസ്ഥാനത്തെ 12, 200 വിദ്യാലയങ്ങളിലെ

59 ലക്ഷം കുട്ടികൾക്ക് സംരക്ഷണം.........................

അപകട മരണം..................

സ്ഥിരമോ താൽക്കാലികമോ ആയ വൈകല്യം................

ഇവയ്ക്കെതിരെ

24 മണിക്കൂറും ഇൻഷുറൻസ് സംരക്ഷണം.

മരണമടയുന്ന കുട്ടിയുടെ കുടുംബത്തിന് നഷ്ടപരിഹാരം 10,000 രൂപ.

അപകട ചികിത്സക്ക് പരമാവധി 500 രൂപ സഹായം.

യുണൈറ്റഡ് ഇന്ത്യാ ഇൻഷുറൻസ് കമ്പനിയുടെയും, സംസ്ഥാന ഇൻഷുറൻസ് വകുപ്പിന്റെയും സംയുക്ത സംരംഭം.

വിദ്യാർത്ഥികളുടെ പ്രീമിയം ഇക സർക്കാർ നൽകുന്നു.

ആനുകൂല്യത്തിന് അപേക്ഷ നൽകാൻ

പ്രധാനാധ്യാപകർക്ക് ചുമതല.........ലളിതമായ നടപടിക്രമങ്ങൾ.

പിഞ്ചോമനകളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താൻ

ഒരു ജനകീയ പദ്ധതി....................

ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ

തൊപ്പിയിൽ വർണാഭമായ മറ്റൊരു തൂവൽകൂടി............

പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ

WITH BEST COMPLIMENTS FROM:

# JOSE ELECTRICALS

**M. G. ROAD**
**ERNAKULAM**
**COCHIN**



## ഇന്ത്യൻ കായികരംഗം — ഒരവലോകനം

1988 സോൾ ഒളിമ്പിക്സ്........ ഇന്ത്യയിലെ കായിക രംഗത്തെ ഉത്തരവാദിത്വം തലയിലേററി നടന്നവർക്ക് വൻ പ്രതീക്ഷയായിരുന്നു. ഇന്ത്യയിലെ ജനങ്ങൾക്ക് പ്രതീക്ഷയൊന്നുമില്ലെങ്കിലും നീന്തലിൽ നെസ്സി സ്വർണ്ണം നേടിയപ്പോൾ സുരിനാം എന്നൊരു രാജ്യത്തെക്കുറിച്ച് നാം മനസ്സിലാക്കി. എന്നിട്ടും ഇന്ത്യയുടെ സ്ഥിതി ഹാ! കഷ്ടം.

ഏതാണ്ട് നൂറ് കോടിയോടടുത്ത ജനസംഖ്യ. സ്വാതന്ത്ര്യം ലഭിച്ചിട്ട് 47 വർഷങ്ങൾ പിന്നിട്ടു. എന്നിട്ടും ഇന്ത്യയിലെ കായികരംഗത്തെ സ്ഥിതി ശോചനീയമായി തുടരുന്നു. ഭരണാധികാരികളുടെ ഈ രംഗത്തെയും പൊതുവേ സാമ്പത്തിക രംഗത്തെയും വളരെ നല്ല ആസൂത്രണ നടപടികളുടെ അനന്തരഫലം. 1947 മുതൽ നമുക്ക് ഒന്ന് അവലോകനം ചെയ്തു നോക്കാം.

അന്നു മുതൽ ഹോക്കിയിൽ സ്ഥിരമായി ആധിപത്യം പുലർത്തിയിരുന്നു് ഭാരതീയരാണ്. ഇപ്പോഴത്തെ സ്ഥിതിയോ ആസ്ത്രേലിയ, ജർമ്മനി, പോളണ്ട്, ഇംഗ്ലണ്ട് എന്നിങ്ങനെയുള്ള രാജ്യങ്ങൾക്ക് ഇന്ത്യ ഒരു വെല്ലുവിളിയേ അല്ല. ധ്യാൻചന്ദിനേയും M.P. സിംഗിനേയും മററും ഉയർത്തി കൊണ്ടുവന്ന ഇന്ത്യൻ ഹോക്കി നാശത്തിലേക്ക് നീങ്ങുകയാണോ?

ഫുട്ബോളിലും സ്ഥിതി ഇതു തന്നെ പൂജ്യത്തിൽ നിന്നും കുറച്ച് മുമ്പോട്ടുപോയി വീണ്ടും പൂജ്യത്തിലേക്ക് എന്ന സ്ഥിതിയാണ്. പി. കെ. ബാനർജിയുടെ ടീം ഒളിംബിക്സ് സെമിയിൽ കളിച്ചതാണ് പറയാനുള്ള ബഹുമതി. അടുത്ത് പുനർജനിക്കുമെന്ന വിശ്വാസവും ആർക്കുമില്ല. തെക്കെ അമേരിക്കൻ രാജ്യങ്ങളും യൂറോപ്യൻ രാജ്യങ്ങളും ഇന്ത്യക്കാർ ഫുട്ബോൾ കളിക്കാറില്ല എന്നാണ് ധരിച്ചിരിക്കുന്നത്.

തമ്മിൽ ഭേദം ക്രിക്കററ് തന്നെ. ലോകത്ത് മികച്ച ടീമുകളിൽ ഒന്നായ നാം താഴോട്ട് പോകുകയാണോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. പട്ടൗഡിയേയും ബേദിയേയും, വിശ്വനാഥിനേയും. കപിൽദേവിനേയും ഗവാസ്കറെയും പോലുള്ള ലോകോത്തര ക്രിക്കററർമാരെ സംഭാവന ചെയ്ത ഇന്ത്യ വെറും ഗ്ലാമറിന്റെ പരിവേഷത്തിൽ കുടുങ്ങിപ്പോവുകയാണോ? കണ്ടറിയാം.

ടെന്നീസ്, ബാഡ്മിന്റൺ, വോളിബോൾ ബാസ്കററ്ബോൾ ടേബിൾ ടെന്നീസ് തുടങ്ങിയ മററു കായിക വിനോദങ്ങളിലും എത്തിനോക്കാതിരിക്കുകയാണ് ഭേദം. ലോകത്തിലെ ഒരു ചെറിയ ശക്തിപോലും ആകാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ നിലക്ക് പോകുകയാണെങ്കിൽ എത്താൻ കഴിയുമോ എന്ന കാര്യത്തിൽ പോലും സംശയിക്കേണ്ടിയിരിക്കുന്നു.

കൂട്ടത്തിൽ ഒരു കാര്യം പറയട്ടെ. വിശ്വനാഥൻ ആനന്ദ്, ഇന്ത്യയിലെ ആദ്യത്തെ ഗ്രാൻറ് മാസ്റ്റർ, സബ്ജൂനിയർ ചെസ്സിൽ അന്തർദ്ദേശീയ രാജാവ്. ലോകത്തിലെ ചെസ്സ് പ്രേമികളെല്ലാം ആ പയ്യനിൽ ഉററു നോക്കിക്കൊണ്ടിരിക്കുകയാണ്.

അത്ലററിക്സ് നോക്കാം. മിൽഖാസിംഗും, P. T. ഉഷയുമാണ് ഏതാണ്ട് ലോകശ്രദ്ധ പിടിച്ചുപററിയ ഇന്ത്യക്കാർ. ഏഷ്യാഡിലും മററും കുറച്ച് സ്ഥാനങ്ങൾ നേടിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും ആ സ്ഥാനവും വിദൂരത്താകുമോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. പറക്കും മിൽക്കയുടെയും ഉഷയുടെയും പിൻഗ



മാരാകവാൻ പോലും ആരും ഉയർന്നു കാണുന്നില്ലല്ലോ എന്നാണ് ഭാരതീയരുടെ സങ്കടം. കഴിഞ്ഞ ഒളിംപിക്സിനു മുമ്പ് ഇത്ര വേഗതയിൽ ഓടിയാലേ അല്ലെങ്കിൽ ഇത്രദൂരം ചാടിയാലേ ടീമിനെ പറഞ്ഞയക്കുകയുള്ളൂ എന്ന നിബന്ധന ഉണ്ടായിരുന്നു. ആ കടമ്പ കടന്ന ഒരു കായികതാരം പോലും ഇന്ത്യയിൽ ഉണ്ടായിരുന്നില്ല. അവസാനം കായിക രംഗത്ത് ചുമതലയുള്ളവർ അവരുടെ മിടുക്കു കാട്ടി. ചുരുങ്ങിയ വേഗത ഓടിയവരുടെ വേഗതയും ചുരുങ്ങിയ ദൂരം ചാടിയവരുടെ ദൂരവുമാക്കി. പിന്നെ പ്രശ്നമില്ലല്ലോ. നമ്മുടെ ദാരിദ്ര്യരേഖ താഴ്ത്തിയെടുത്തതുപോലെതന്നെ. നമ്മുടെ കയ്യിൽ നിന്നും നികുതിയായി മേടിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം വെറും ധൂർത്തിനായി ചെലവാക്കി അവസാനം നാണം കെട്ട് തിരിച്ചുപോന്നു.

നീന്തലിൽ ഇന്ത്യക്ക് തീരെ പ്രതീക്ഷയുണ്ടായിരുന്നില്ല. ഇനിയും പ്രതീക്ഷിക്കുവാൻ തരവുമില്ല. മാർക്ക്ബിയോണ്ടിയും ആൽബർട്ട് ഗ്രോസും പങ്കെടുത്ത മത്സരത്തിൽ നെസ്റ്റി എന്ന സുരിനാം കാരൻ സ്വർണ്ണവുമായി പോന്നത് നാം കണ്ടതാണല്ലോ. സാമ്പത്തിക രംഗത്തായാലും കായികപരമായും ഇന്ത്യയുടെ ഏഴയൽപക്കത്തു നിൽക്കാത്ത രിനാമിന് സ്വർണ്ണം. അടുത്ത ഒളിംപിക്സിൽ ദാരിദ്ര്യത്തിലും നിരക്ഷരതയിലും മത്സരം വച്ചാൽ ഇന്ത്യക്ക് രണ്ട് സ്വർണ്ണം ഉറപ്പാണ്.

നമ്മുടെ ഭരണാധികാരികൾ ഇനിയെങ്കിലും കണ്ണുതുറക്കണം. കായികരംഗത്ത് മാററങ്ങൾ ഉണ്ടാക്കാനുള്ള അടിത്തറ പണിയണം. മാററങ്ങൾ ഉണ്ടാകണമെങ്കിൽ ഈ അടിത്തറ ആവശ്യമാണ്. മത്സരത്തിന് ഇരുപതുദിവസംമുമ്പ് 'തമ്മിൽ മേടം തൊമ്മൻ' എന്ന കണക്കിൽ കുറച്ചാളുകൾക്ക് പരിശീലനം കൊടുത്ത് പറഞ്ഞയക്കുന്നതിനും മേടം പറഞ്ഞയക്കാതിരിക്കുന്നതാണ്. ഒരു പത്തു വർഷത്തെ മുന്നിൽകണ്ട് മനസ്സിലാക്കി ദീർഘദൃഷ്ടിയോടെ അർപ്പണ ബോധത്തോടെ കായിക രംഗത്ത് മാററങ്ങൾ ഉണ്ടാക്കുന്നതിനുവേണ്ടിയുള്ള നിരന്തര പ്രവർത്തനം ഇപ്പോഴേ തന്നെ ആരംഭിച്ചെങ്കിലെ അല്ലെങ്കിലും മാററങ്ങളുണ്ടാക്കാനാകൂ. കായിക ഭാരതത്തിന് നല്ലതു വരുമെന്നുള്ള പ്രത്യാശ ഭാരതീയർക്ക് നഷ്ടപ്പെടാതിരിക്കുവാൻ ശ്രമിക്കുക. ശ്രദ്ധിക്കുക, അവർ ആശ്വസിക്കട്ടെ. ഹൊ! ഭാരതത്തിനും സ്വർണ്ണം!

അശോക് കുമാർ
ഒന്നാം വർഷ ബികോം.


r all kinds of College Books and for all kinds of help.
EASE CONTACT
**HATJI BOOK STALL**
EAR S. R. COLLEGE, THEVARA



കോളേജിന്റെ പ്രാരംഭകാലം മുതൽ തന്നെ 'ഭട്ട്ജി' കോളേജ് ...ിസരത്തുണ്ട്. അന്നും ഇന്നും വിദ്യാർത്ഥിനി വിദ്യാർത്ഥികൾക്ക് ...സുഹൃത്തിനെപ്പോലെ..........പിതാവിനെപ്പോലെ..........ഭട്ട്ജി നി...കൊള്ളുന്നു. കോളേജിൽ നിന്നും പിരിഞ്ഞുപോകുന്ന എല്ലാവർക്കും ഭട്ട്ജി ...വിധ മംഗളങ്ങളും നേർന്നുകൊള്ളുന്നു.

With Best Compliments From :

*

PYARY PRODUCTS
(Soap Makers Since 1930)
COCHIN 682317, S. INDIA

MFRS OF : PYARY AYURVEDIC TOILET SOAP
PYARY RED SANDAL SOAP

WITH BEST COMPLIMENTS FROM

HOTEL YUVARAJ
PERUMANOOR,
COCHIN

WITH BEST COMPLIMENTS FROM

STUDIO FOTEX
OPPO. THEVARA MARKET
COCHIN-13

# Sports and Games 1988-89





- College Volleyball team.
- College Table-Tennis team.
- College Basket-ball team.





- David Philip (College athletic champion)
- Legi John (College athletic champion)
- Radhakrishnan P. A. (Mr. Thevara, Ball badminton)
- P. Jayaraj (Uni & Kerala State Cricket team)
- Vijayakumar P. G. (Uni. Ball-badmintion)
- Joshy Varghese Basket ball-Represented M. G Uni. and Kerala State
- Shaji Jose (Uni. Hand ball team)
- Saleem K. A. (Basket ball Kerala State and Uni)
- Krishnakumar P. (Ball badminton Uni)




തണുത്ത് വിറങ്ങലിച്ച എന്റെ മുറിയുടെ സ്വകാര്യതയിൽ ഞാനെന്റെ ചിന്തകളിലാണ്. എന്റെ മാത്രം വികാരങ്ങളുമായി. അവ്യക്തങ്ങളായ ആയിരം ചിത്രങ്ങൾ. എന്റെ കണ്ണുകൾക്ക് മുന്നിൽ ആരോ വേലികെട്ടിയിരിക്കുന്നു. മുറിയിൽ മങ്ങിയ വെളിച്ചം. അതിന്റെ വാതായനങ്ങൾ ഞാൻ തന്നെയാണടച്ചിട്ടത്.

എന്റെ സുഹൃത്തെപ്പോഴാണ് എന്നെ വിട്ട് പോയത്? അവൻ വന്നതിനെക്കുറിച്ച് മാത്രമോർമ്മയുണ്ട്. എന്തൊക്കെയോ പറഞ്ഞിരുന്നതായും. അവസാനം എന്ത് പറഞ്ഞാണവൻ പിരിഞ്ഞത്?

എന്റെ സ്നേഹിതരിൽ ആരോ ഒരാൾ ഈ മുറിയെക്കുറിച്ച് വാചാലനാകുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഇവിടെ നിറഞ്ഞു നിൽക്കുന്ന ആകാശത്തെക്കുറിച്ച്, വായുവിനെക്കുറിച്ച്, സൂര്യനെക്കുറിച്ച്, ജീവനെക്കുറിച്ച്.

നെററിയിൽ കണ്ണുകൾക്ക് മുകളിലായി വേദനയാരംഭിച്ച് ദേഹം മുഴുവൻ പടർന്ന് പന്തലിക്കുന്നു. എന്റെ ഓരോ അണുവിലും വേദനയുടെ വിത്തുകൾ പാകുന്നു. പക്ഷേ ഈ വേദനയും എന്റെ പ്രിയ സ്നേഹിതനായി മാറുന്നു.

പൂച്ചട്ടിയിൽ ഉണങ്ങിക്കരിഞ്ഞ പൂക്കൾ. വെള്ളം നനച്ചിരുന്നതിന്റെ വാടിയ ഗന്ധം. എന്റെ ഡയറി മേശപ്പുറത്ത് അനാഥമായി കിടക്കുന്നു. പാതിരാത്രിയുടെ ആലസ്യത്തിലും ഞാൻ കുറിച്ചിട്ട ചിത്രങ്ങൾ. അവയെല്ലാം ജീവൻ നേടി മുഖവും ശബ്ദവുമായി പേജുകൾക്കിടയിൽ നിന്നുമിറങ്ങി വരുന്നു. ഞാൻ മുഖം തിരിച്ചു.

പുറത്ത് അന്തരീക്ഷത്തിന് ഭാവമാററം. ചെറിയ കാററടിക്കുന്നുണ്ട്. ഒരു ചെറുകാററ് വാതിലിന്റെ വെൻറിലേററിലൂടെ കടന്ന് വന്ന് മുറിയിലെ മാറാലകളെ തൊട്ടുതലോടിക്കടന്ന പോയി.

ഇപ്പോൾ വേദനയ്ക്ക് കുറവുണ്ട്. വേദനയുടെ സാന്നിദ്ധ്യം എന്റെ തോന്നൽമാത്രമാണെന്ന് തോന്നുന്നു.

അകലെയുള്ള എന്റെ സ്നേഹിതന്റെ കത്ത് ഇന്ന് എനിയ്ക്ക് കിട്ടി. എനിക്കെന്തുപററിയെന്നവൻ ചോദിച്ചിരുന്നു. ഞാൻ വല്ലാതെ മാറിപ്പോയെന്നും അവൻ പരാതിപ്പെട്ടിരുന്നു. ഞാൻ ജീവിച്ചിരിപ്പുണ്ടെന്ന ഉറപ്പിലല്ല എഴുതുന്നതെന്നും അവൻ കളിയാക്കുന്നു. ഞാനവനോട് മറുപടി പറഞ്ഞിട്ട് നാളേറെയായി.

പുറത്ത് തകർത്ത് പെയ്യുന്ന മഴ. മഴ കാണാൻ ജനൽ തുറക്കേണ്ടെന്ന് തന്നെ ഞാൻ തീരുമാനിച്ചു. മേശയുടിയിലേക്ക് മാററിവച്ച ഒഴിഞ്ഞ മദ്യക്കുപ്പി മുറിയുടെ മൂലയിലെ കടലാസ്കൂനയിലേക്കെറിഞ്ഞു. ആരോടും തോന്നാത്ത ആത്മബന്ധം അതിനോടെനിക്ക് തോന്നുന്നു.

ഒഴിഞ്ഞ മദ്യക്കുപ്പികൾ ഒരു ദിവസം എന്റെ കാലിനു ചുററും, ഞാനിരുന്ന കസേരയ്ക്കു ചുററും നൃത്തം ചെയ്ത് തളർന്ന് കിടന്നിരുന്നു. അവൾക്ക് എന്നെ മനസ്സിലാകാതെ വന്ന നിമിഷം. അവളെന്നോട് പരിഭവിച്ചു. കോപിച്ചു. ഒരു കൊച്ചുകുഞ്ഞിനെപ്പോലെ ശാഠ്യം പിടിച്ചു.

ഞാൻ നോക്കിയിരുന്നു. അവളുടെ കണ്ണുകളിൽ മുട്ടകത്തി ഓരോന്നായി ചിത്രങ്ങളെ പെറുക്കിമാററുന്ന എന്റെ പെൺകുട്ടിയെ. അവളുടെ ചായം തേയ്ക്കാത്ത വെളുത്ത് കൊലുന്നനെ

...ളള്ള വിരലുകൾ. തോളിൽ നിന്നും ഊർന്നു വീണുകൊണ്ടിരുന്ന ഭാരം നേരെയിട്ടുകൊണ്ട് അവർ എന്നെ ശത്രുക്കളിൽ നിന്നും രക്ഷിക്കാൻ ശ്രമിച്ചു. അവരുടെ കണ്ണുകൾ നിറഞ്ഞിരുന്നുവോ?

ഓരോ പ്രാവശ്യം കാണുമ്പോഴും ആ കണ്ണുകളിൽ പ്രതീക്ഷയുടെ തിളക്കം. ഞാൻ നല്ലകുട്ടിയാകണമെന്ന പ്രാർത്ഥന.

എന്റെ ചിന്തകൾ വീണ്ടും എന്നെ വിഴുങ്ങുന്നു. മുന്നിൽ നിന്നും ഓടിയൊളിക്കാനാഗ്രഹിക്കുന്ന മുഖം വീണ്ടും മനസ്സിൽ.

ഞാൻ ഡയറിയെടുത്ത് മറിച്ചു നോക്കി..

ജനുവരി 9. ശനി

നഗരത്തിലെ നാടകശാലയുടെ തിരക്കുകളിൽ ആ കണ്ണുകൾ എന്നെ നോക്കി നിന്നിരുന്നു. അവരെയന്നോട് എന്താണ് പറഞ്ഞതു്? അടിമുടി വിഭ്രമിപ്പിച്ച ദിവസം.

ഞാനന്ന് നഗരത്തിലേതായലന്ത്. കടലിന്റെ ഉപ്പുരസമുള്ള കാറ്റേറ്റ് പാറിപ്പറന്ന മുടിയിഴകൾ ഒതുക്കിവയ്ക്കാൻ, ശ്രമിക്കാതെ വീഥികൾ മുഴുവൻ നടന്നുതീർത്തു. ആ കണ്ണുകളെന്നോട് എന്താണ് പറഞ്ഞതു്? ആ ചുണ്ടുകൾ എന്നോട് എന്താണ് മന്ത്രിച്ചതു്?

എന്റെ ഗ്രാമത്തിൽ ഞാനെത്തി. നെല്ലും വാഴത്തോപ്പും പഴയ പരിചയം കാണിച്ചു. ഞാനവരോട് ക്ഷമ ചോദിച്ചു. പിരിഞ്ഞതിൽ അവർക്ക് പരിഭവമില്ലായിരുന്നു. ഞാനത്ഭുതപ്പെട്ടു. എന്തേ എനിക്കീ മാററം. ഒരു പുഴയും ഒരു നദിയും കടന്നെത്തിയപ്പോൾ, ഒരു കുന്നും ഒരു വനവും പിന്നിട്ടപ്പോൾ എന്തേ എനിക്കീ മാററം? പുത്തരിവച്ചതും കഥ് കണ്ടതും പിന്നെ സ്നേഹവും തന്ന പഴംകഥകളുടെ വാത്സല്യം നുകരുമ്പോൾ ഞാനൊരു കുഞ്ഞാവുന്നു. അമ്മയുടെ മണിക്കുട്ടനാകുന്നു.

യാത്രയാകുമ്പോൾ മാതൃഹൃദയം വിതുമ്പി. കരികലർന്നൂടി കാച്ചെണ്ണ വച്ചു ചെമ്പിച്ച എന്റെ നെറുകയിൽ താരാട്ടിന്റെ ഈണം സ്പർശിച്ചു.




ഞാൻ ചിന്തകളിൽ വീണ്ടുമെത്തി. നഗരത്തിൽ നിന്നു മൊററപ്പെട്ട തുരുത്തിൽ നെൽപ്പാടങ്ങളുടെ നടുവിലെ സമ്മേളനഹാളിലെ സാഹിത്യസംവാദം. ഞാനെന്റെ ഡയറിയിലെഴുതി.

ജനുവരി 10 ഞായർ

സംവാദങ്ങൾ ചൂടുപിടിയ്ക്കുന്നു. എന്റെ മനസ്സിനെ പിടിച്ചു നിർത്തിയ താമരനൂലുകൾ പൊട്ടിപ്പോകുന്നു. ചിന്ത അതുമാത്രം. ആ കണ്ണുകളെന്നോടെന്താണ് പറഞ്ഞതു്?

കൂട്ടിൽ തിരിച്ചെത്തിയപ്പോൾ ഏകാന്തത അതിന്റെ എല്ലാ മനോഹാരിതയോടുംകൂടി എന്നെ സ്വീകരിച്ചു. മുലപ്പാലിന്റെ രുചി ചുണ്ടിൽ തട്ടിയ കുഞ്ഞിനെപ്പോലെ ഞാൻ ശാന്തനായി

എനിക്ക് മാത്രമെന്തേയീ മാറ്റം? കാറ്റും കോളും നിറഞ്ഞ മാനം പോലെ? വിഫലമായ ഉപദേശങ്ങൾക്ക് ശേഷം മനഃശാസ്ത്രജ്ഞന്റെ മുന്നിലെ വെള്ളനിറം പൂശിയ സ്റ്റൂളിൽനിന്നും എഴുന്നേൽക്കുമ്പോഴും പുറത്തെ ചാരുബെഞ്ചിൽ ദീർഘനേരം കാത്തിരുന്ന പിതാവിനെക്കാണുമ്പോഴും എനിക്കെന്തേ ഇതേ ഭാവം?

പുറത്ത് മഴ നിന്നിരുന്നു. ഇറ്റിററു വീഴുന്ന സ്ഫടികത്തുള്ളികൾ മാത്രം. ഞാൻ ജനലുകളും വാതിലുകളും തുറന്നിട്ടു. ശൈത്യം എന്നെ പൊതിഞ്ഞു. ''വരട്ടെ, അതു് വേഗമെത്തട്ടെ.''

മേശവലിപ്പിൽ നിന്നും ഞാനെന്റെ നിധി പുറത്തെടുത്തു. അകലെ നിന്നെങ്ങോ മന്ത്രധ്വനികൾ കാററിലൂടെ ഒഴുകിയെത്തുന്നതുപോലെ. ഞാനാചെപ്പ് തുറന്നു. ഒന്ന്....രണ്ട്.... മൂന്ന്....അസംഖ്യം മഞ്ചാടിക്കുരുക്കൾ വെള്ള നിറമുള്ള മഞ്ചാടിക്കുരുക്കൾ, ആയിരം മാതൃഹൃദയങ്ങൾ വിതുമ്പി. ഞാനവയെ എന്റെ മുഖത്തോടടുപ്പിച്ചു.


പ്രശാന്ത് ബാലചന്ദ്രൻ
രണ്ടാം വർഷ രസതന്ത്രം

# മഴ



മനോജ്കുമാർ സി. എം.
എം. എ. ഇംഗ്ലീഷ് ഒന്നാം വർഷം

അവശേഷിച്ച വെളിച്ചത്തിന്റെ
ദ്ദനാളവും.
ഇരുളിലലിഞ്ഞൊരു
പുരാണമായി തീരുന്നു.
മൃതിയുടെ
ജീർണ്ണ ഗന്ധം ചൂഴ്ന്നുനിൽക്കുന്ന,
ശവഗന്ധിപ്പൂക്കൾ മാത്രം
വിരിഞ്ഞു നിൽക്കുന്ന
ഈ വിജന തീരത്തിലേക്ക്
നീ എന്നോടൊപ്പം വരേണ്ടതായിരുന്നു.
മൃതി പോലെ മൂകമായി,
അല്ലെങ്കിൽ ചക്രവാതം പോലെ
പ്രചണ്ഡമായി
പട്ടിണിയുടേയും ദാരിദ്ര്യത്തിന്റേയും
വിളനിലമായ ഞങ്ങളുടെ ഗ്രാമം.
മോഹഭംഗത്തിന്റെ
ശ്യാമസൂനങ്ങൾ മാത്രം വിടരുന്ന
ശൈത്യ പ്രഭാതങ്ങൾ.
ഞങ്ങളുടെ താഴ്‌വര
എന്നും
ഇങ്ങനെയായിരുന്നു.
ഇവിടെ,
കിനാക്കളുടെ ശ്മശാനഭൂവിൽ
ഗതിയില്ലാതലയുന്ന ദുരന്താത്മാക്കളുടെ
ആത്മരോദനങ്ങളുണ്ട്.
എരിയുന്ന പകലിൻ
നെരിപ്പോടിലുരുകുന്ന
ദുരന്തങ്ങളുടെ
ഈ തെരുവീഥികളിൽ
വഴിയറിയാതുഴറും പഥികന്റെ
പാദമുദ്രകൾ പതിഞ്ഞു കിടപ്പുണ്ട്.
ഈ പാതിരാക്കാററ് മൂളമീണങ്ങളിൽ
പരശ്ശതം ഭഗ്നപ്രതീക്ഷകളുടെ
ശോക സങ്കീർത്തനങ്ങളുണ്ട്.

# മഴ

അറിവിന്നഗ്നിലിപികളിൽ
പകർത്തുക നീ
വ്യഥിത കൗമാര പ്രണയപ്രതീക്ഷകൾ.
മണ്ണട്ടകൾക്കിടയിൽ
മുളപൊട്ടുന്ന വിത്തുകളുടെ
ഹരിതസൗരഭം
സിരകളിൽ ലഹരിയായ് നിറയുന്നു.
ശിരോലിഖിതങ്ങളിൽ പൂക്കുന്ന
ഭാഗ്യനിർഭാഗ്യങ്ങളല്ല നാം.
വിധിക്ക് ബലിയായ് തീർന്നവർ,
വ്യഥതൻ ഘോരകാന്താരങ്ങളിലുഴറാൻ
പിറന്നവർ.
മഴമേഘക്കാട്ടുകൾക്കുള്ളിൽ
നിലാവസ്തമിക്കുന്നതും
നിദ്രാരഹിതമായ രാത്രിയുടെ
തമോ ഗർഭങ്ങളിൽ
തളിരിടും മുമ്പേ കരിഞ്ഞ കിനാക്കളും
പതിറ്റാണ്ടുകൾ സഹനം കൊണ്ട
സ്വാതന്ത്ര്യത്തിന്നാത്മരോഷവും
ചിന്തയിലെരിയുമ്പോൾ
മിഴിനീരച്ചസ്വാസ്ഥ സ്വപ്നവുമായ്
ഞാനുറങ്ങുവതെങ്ങിനെ?
മിഴി നിറയുന്നു
കടൽ കരയുന്നു.
ചിറകടിച്ചോടുന്ന
ഉപ്പുകാറ്റിന്റെ ലവണ തചികളിൽ
ഉഷ്ണപ്പുണ്ണും പകർച്ചവ്യാധിയും
ഒളിച്ചിരിക്കുന്നു.
ഊഷരങ്ങളിൽ തളിർക്കുന്ന
കള്ളിച്ചെടികൾ പോലും
ഉണങ്ങാൻ തുടങ്ങിയിരിക്കുന്നു.
ഒരു വസന്തവും വിരുന്നിനെത്താത്ത
ഈ ഇരുണ്ട തീരത്തേക്ക്
നീയെന്നാണ് കടന്നുവരിക?
വറ്റിയ തടാകങ്ങൾ,
വിണ്ടു കീറിയ പാടശേഖരങ്ങൾ
ഇവയൊന്നും നീ കാണുന്നില്ലേ?
മണ്ണിന്റെ തപിക്കുന്ന നാഭിച്ചുഴിയിൽ
പുറത്തുവരാൻ വെമ്പുന്ന
ഈയാം പാറ്റകളില്ലേ!
ഈ വരണ്ട മണ്ണിന്റെ
ദാഹം കെടുത്തുവാൻ
കനിവിൻ രാഗമേഘമായ്
നീയെന്നാണ് കടന്നു വരിക?



മനോജ് കുമാർ സി. എം.
എം. എ. ഇംഗ്ലീഷ് ഒന്നാം വർഷം



എന്റെ ശവം ചുമലിലേററിക്കൊണ്ടു പോകാൻ അനുയോജ്യനായ മനുഷ്യനെക്കാത്ത് എത്ര നേരമായിഞാനീ തീരത്തിരിക്കുന്നു. ഈ ചൂളിയടുക്കുന്ന ഈച്ചകളെയാട്ടിയകററി എന്റെ കൈ കഴഞ്ഞു. ഈ മണൽത്തീരത്തു് പുറംകടലിലെ മുക്കുവരുടെ പാട്ടുകേട്ടു എനിക്കു് മതിയായി.. എന്നിട്ടും, ഇത്ര നേരമായിട്ടും ആരും വരാത്തതെന്തു്? എന്നിൽ സംശയം വേരറച്ചു തുടങ്ങി. ആരുമെന്റെ ശവത്തെ കണ്ടിരിക്കില്ലേ?. അവരെല്ലാം എന്റെ ശവത്തിനരുകിലൂടെയാണല്ലോ കടന്നു പോകുന്നതു്. സംസാരിച്ചും പൊട്ടിച്ചിരിച്ചും നടന്നു പോകുന്ന അവരാരും എന്നെ കണ്ടില്ലേ? അവരെ കൈകൊട്ടി വിളിച്ചാലോ? എന്നിട്ടു് എന്റെ ശവത്തെ സ്വീകരിക്കാൻ ക്ഷണിച്ചാലോ?

പക്ഷേ എനിക്കു് തെററു പററുന്നു; അന്യരുടെ ശവം ചുമക്കാൻ ഈ ഇരുപതാംനൂററാണ്ടിൽ ആരാണു് തയ്യാറാവുക?.

എന്റെ ശവത്തെ ലക്ഷ്യമാക്കി ഉറുമ്പുകളുടെ നിരകൾ പല ഭാഗത്തു നിന്നും പുറപ്പെട്ടു കഴിഞ്ഞു. എനിക്കു് സന്തോഷമായി. ഉറുമ്പുകൾക്കെന്നെ ആവശ്യമുണ്ട്. ഏതായാലും അൽപ്പം നേരംകൂടിരിക്കാത്തിരിക്കാം.

രാവിലെ പററിയ അബദ്ധമാണു്. വെറുതെ നടക്കാനിറങ്ങിയ ഞാൻ, എന്റെ ശവം അനാഥമായി, മുനിസിപ്പാലിററിക്കാർ കൊണ്ടുവന്നു വച്ച കുപ്പത്തൊട്ടിയിൽ കണ്ടു. വിറങ്ങലിച്ച അതിന്റെ ദേഹത്താകെ അടുത്തുള്ള ഉഡുപ്പി ബ്രാഹ്മിൻസ് ഹോട്ടലിലെ പരിചയക്കാരൻ സ്വാമി കൊണ്ടുവന്നൊഴിച്ച സാമ്പാർ. ശവത്തെയെടുത്തു് തോളിലിട്ടു് ഓട്ടോറിക്ഷാകളുടെയും മാരുതിക്കാറുകളുടെയും നടുവിലൂടെ നടക്കാൻ നന്നേ ബുദ്ധിമുട്ടി. കടപ്പുറത്തേയ്ക്കായിരുന്നു എന്റെ യാത്ര. കാറേററ് ശവത്തോടു് വെടി പറഞ്ഞിരിക്കാ



മെന്ന തികച്ചും ലളിതമായ ഉദ്ദേശ്യം. കൂടെ ഒന്നു രണ്ട് പൊതി നിലക്കടലയും വാങ്ങി. പക്ഷെ എൻെറ ശവത്തിൽ നിന്നും എനിക്ക് യാതൊരു പ്രതികരണവും ലഭിക്കുന്നില്ല. എന്തെങ്കിലും രണ്ട് വാക്ക് അതിനെക്കൊണ്ട് പറയിപ്പാനുള്ള എൻെറ ശ്രമം ഞാൻ നിർത്തിവച്ചു കഴിഞ്ഞു. ശവത്തിനു മീതെ അരിച്ചുനടന്ന ഉറുമ്പുകളിൽ ചിലർ ഞാൻ കൊറിച്ചിട്ട കപ്പലണ്ടിതൊണ്ടുകളുമായി തങ്ങളുടെ വീടുകളിലേക്ക് സംതൃപ്തിയോടെ മടങ്ങി.

പടിഞ്ഞാറ് കടലിൽ ചുവപ്പ് തെളിഞ്ഞുതുടങ്ങി. അകലെയുള്ള കെട്ടിടങ്ങളിൽ ദീപാലങ്കാരം നക്ഷത്രങ്ങൾ പോലെ കണ്ടുതുടങ്ങി. രാത്രിയായി. ഞാനും എൻെറ ശവവും കടൽത്തീരത്ത് ഒറ്റയ്ക്കായി.

പ്രശാന്ത്. ജി
രണ്ടാം വർഷ പ്രീഡിഗ്രി

ഇതു് തെരഞ്ഞെടുപ്പ് വർഷമാണു്
അത്ഭുതങ്ങളൊന്നും സംഭവിച്ചില്ലെങ്കിൽ
1989 ഡിസംബർ മാസത്തിൽ ഇന്ത്യൻ ജനത
ഒരു പാർലമെൻറ് തെരഞ്ഞെടുപ്പിലൂടെക്കൂടി
കടന്നു പോകും.

ഒരു തെരഞ്ഞെടുപ്പ് നടത്താതിരിക്കാനുള്ള
സാഹചര്യമൊന്നും ഇപ്പോൾ ഇന്ത്യയിലില്ല.
കേന്ദ്രഗവൺമെൻറിൻെറ അവകാശവാദം ശരിയാണെങ്കിൽ
നിറഞ്ഞുകവിഞ്ഞ ധാന്യക്കലവറ.
കാര്യമായ പ്രശ്നങ്ങളൊന്നുമുണ്ടാകാത്ത കാശ്മീർത്താഴ്വര
രാജ്യത്തു് പടർന്നു് പന്തലിച്ചു് കിടക്കുന്ന
സർക്കാരിൻെറ മാധ്യമങ്ങളായ ദൂരദർശനം
ആകാശവാണിയും
സൗഹാർദ്ദപരമായ വിദേശബന്ധങ്ങളും
സാമ്പത്തികരംഗവും നന്നു്;
കടക്കെണിയിലാണു് രാജ്യമെങ്കിലും
ഇനിയും കടമെടുക്കാൻ കഴിയുമല്ലോ.
പിന്നെ അൽപ്പം പ്രശ്നമുണ്ടാക്കുന്നതു്
പഞ്ചാബാണു്.

പഞ്ചാബിൻെറ മുറിവു് ഇനിയുമുണങ്ങിയിട്ടില്ല.
അതിനു് വേണ്ട ഹീലിംഗ് ടച്ച് നൽകാൻ
ഭരണ കൂടത്തിനിനിയും കഴിഞ്ഞിട്ടില്ല.
ഇനി കഴിയുമെന്ന പ്രതീക്ഷയുമില്ല.
ഇപ്പോൾ വോട്ടവകാശം
പതിനെട്ടുവയസ്സാക്കി കുറച്ചിരിക്കുന്നു.
ഇന്നു് കാമ്പസിലുള്ള നമ്മൾ വോട്ടർമാരാണ്
നാളെ നമ്മെ ഭരിക്കേണ്ടതു്



ഏതാശയക്കാരെന്ന് തീരുമാനിക്കുവാനുള്ള
അവകാശം നമുക്കും.
നമുക്ക് വേണ്ടിയാണത്രെ "ജവഹർ റോസ്"ഗാർയോജന
ഇപ്പോഴുംത്തന്നെ നിലവിലുള്ള
ചെറുകിട തൊഴിൽ ദാന പദ്ധതികളെ
കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ളതാണിതെന്ന്
എന്നേ വ്യക്തമായി കഴിഞ്ഞു.
ഒന്ന് നമ്മളും പ്രഖ്യാപിക്കുന്നു.
നമുക്ക് വേണ്ടത്
ടെലിവിഷൻ സ്ക്രീനിലെ സുന്ദരമായ
മുഖമല്ല, കേട്ടുമടുത്ത ഹിന്ദിപ്രസംഗമല്ല.
നമുക്ക് വേണ്ടത് ഭാരതമാണ്.
പുരാണത്തിലെ രാമ രാജ്യമൊന്നുമല്ലെങ്കിലും
പട്ടിണി മരണങ്ങളില്ലാത്ത,
നിരക്ഷരതയില്ലാത്ത,
ഭീകരതയുടെ ഭീഷണിയില്ലാത്ത,
വെടിയൊച്ച കേൾക്കാത്ത പഞ്ചാബുള്ള
ഭാരതം.
രാഷ്ട്രനേതാക്കൾ തന്നെ
മോഷ്ടാക്കളായി മാറാത്ത ഭാരതം.
അത്തരമൊരു ഭാരത സൃഷ്ടിക്ക്
കരുത്തുറ്റവരുടെ കൂടെ
നമ്മളും നിൽക്കും.
ദേശത്തിന്റെ രക്ഷയ്ക്കും അഭിമാനത്തിനും വേണ്ടി
പിറക്കാനിരിക്കുന്ന മനുഷ്യക്കോട്ടകൾക്ക്
നമ്മളും ശിലകളാകും.
ജീവനും വികാരവുമുള്ള ശിലകൾ.



സാർവ്വദേശീയ രംഗത്തെ വൻശക്തികൾക്കിടയിലുള്ള, രാഷ്ട്രീയ പിരിമുറുക്കം അൽപ്പമൊന്നയഞ്ഞ വർഷമായിരുന്നു കഴിഞ്ഞു പോയതു്. സോവിയറ്റ്–അമേരിക്കൻ നേതാക്കൾ തമ്മിലുള്ള സംഭാഷണങ്ങൾക്ക് കഴിഞ്ഞ വർഷം സാക്ഷ്യം വഹിച്ചു. എടുത്തുപറയത്തക്ക വിധം ഈ രംഗത്ത് സംഭാവനകൾ വന്നതു് സോവിയറ്റ് നേതൃത്വത്തിൽ നിന്നാണ്. കഴിഞ്ഞ ഡിസംബറിൽ ഗവർണ്ണേഴ്സ് ദ്വീപിൽ വച്ച് റെയ്ഗൻ, ബുഷ് എന്നിവരുമായി ഗോർബ്ബച്ചോവ് നടത്തിയ ഉച്ചകോടി ഇരു വൻ ശക്തികൾക്കിടയിലുള്ള മഞ്ഞുരുകുന്നതിന് സഹായകമായിട്ടുണ്ട്. ഈ പുതിയ സാഹചര്യം റെയ്ഗൻെറ പിൻഗാമി എങ്ങനെ പ്രയോജനപ്പെടുത്തുമെന്നതിനെ ആശ്രയിച്ചിരിക്കുന്നു ഈ മേഖലയിലെ സമാധാനം.





ഇന്ത്യയുടെ അയൽപക്കം, ഭരണമാറ്റം കൊണ്ട് ശ്രദ്ധനേടി. പാക്കിസ്ഥാനിൽ സിയാഉൾഹഖിന്റെ ദാരുണമായ അന്ത്യത്തിനു ശേഷം, കാവ്യനീതിയെന്നപോലെ വധിക്കപ്പെട്ട മുൻ പ്രധാനമന്ത്രി, സുൽഫിക്കർ അലി ഭൂട്ടോയുടെ മകളും പ്രതിപക്ഷ നേതാവുമായ ബേനസീർ ഭൂട്ടോ അധികാരത്തിൽ വന്നു. സിയാഭരണകാലത്തെ അവശിഷ്ടങ്ങളായ ജനറൽമാരുടെ ഇടയിൽ ബേനസീറിന് എത്രത്തോളം മുന്നോട്ടുപോകാൻ കഴിയുമെന്ന് കാത്തിരുന്ന് കാണണം. വിദേശബന്ധങ്ങൾ മെച്ചപ്പെടുത്താനുള്ള ശ്രമത്തിലാണവരിപ്പോൾ.

ശ്രീലങ്കയിലെ പ്രശ്നത്തിന് ശാശ്വത പരിഹാരം അടുത്തെങ്ങും കാണുമെന്ന പ്രതീക്ഷ ആർക്കുമില്ല. ജയവർദ്ധനെയ്ക്ക് ശേഷം അധികാരത്തിലെത്തിയ പ്രേമദാസയുടെ ഇന്ത്യാവിരുദ്ധ നിലപാട് രാഷ്ട്രീയ നിരീക്ഷകരുടെ നെററി ചുളിപ്പിക്കുന്നു. ശ്രീലങ്കാ സർക്കാരിനെ ആദ്യം തള്ളിപ്പറഞ്ഞ പുതിയ ഭരണാധികാരി ഇപ്പോൾ ചർച്ചയ്ക്ക് തയ്യാറായിട്ടുണ്ട്. ശ്രീലങ്കയിൽ വർദ്ധിച്ചു വരുന്ന അക്രമത്തിന് ഒരു കുറവും കാണുന്നില്ല. ഏററവുമൊടുവിൽ തമിഴ് നേതാക്കളിൽ പ്രമുഖനായ അമൃതലിംഗം കലാപകാരികളുടെ തോക്കിനിരയായി. തീവ്രവാദി നേതാവായ പ്രഭാകരൻ കൊല്ലപ്പെട്ടെന്നും ഇല്ലെന്നും വാർത്തകൾ പ്രചരിക്കുന്നു.



നവംബർ മൂന്നിന് മാലിദ്വീപിലുണ്ടായ കലാപശ്രമത്തെ തകർക്കാൻ ഇന്ത്യ സൈന്യത്തെ അയച്ചു കൊടുത്തു. കൂലിപ്പട്ടാളത്തിന്റെ അട്ടിമറി ശ്രമത്തെ തോല്പിക്കാൻ നമുക്ക് കഴിഞ്ഞുവെങ്കിലും [illegible] വിജയം ലഭിക്കുന്നത് അമേരിക്കയ്ക്കായിരിക്കും. വിജയകരമായി മാറിയ ഇന്ത്യയുടെ ഇടപെടലിനശേഷം ഒരു നാവികത്താവളം സ്ഥാപിക്കാൻ അമേരിക്കയെ [illegible] ക്ഷണിച്ചുകൂടെന്നില്ല.





ഒരു സ്വതന്ത്ര പാലസ്തീൻ രാഷ്ട്രത്തിന്റെ ഉദയം കണ്ടുതുടങ്ങിയതും ഇക്കാലത്താണ്. ഇസ്രയേലിനെ അംഗീകരിക്കാതെ ആ മേഖലയിൽ പി. എൽ. ഒ. നേതാവ് യാസർ അറാഫത്തിന് എങ്ങനെ ഒരു രാഷ്ട്രത്തിന് നേതൃത്വം നൽകാൻ കഴിയുമെന്നതൊരു പ്രശ്നമാണ്.

കഴിഞ്ഞ വർഷം സോവിയറ്റ് യൂണിയനിലെ അർമേനിയായിലും അയൽ പ്രവിശ്യകളിലും സംഭവിച്ച ഭൂമികുലുക്കം ലക്ഷക്കണക്കിനാളുകളുടെ ജീവഹാനിക്ക് കാരണമായി.






*The cup that melted a million lips.*

Pledge 244/89

Caravan Ice Cream Parlour, Broadway South End, Ernakulam. Phone: 365510.

## പഞ്ചായത്ത്‌ രാജ്‌ ബില്ലിനെപ്പററി

ഇന്ത്യ സ്വീകരിച്ചിട്ടുള്ള ഭരണഘടനാപ്രകാരം നമ്മുടെ രാഷ്ട്രം പ്രായപൂർത്തിവോട്ടവകാശത്തിലധിഷ്ഠിതമായ ജനാധിപത്യ ഭരണസമ്പ്രദായമാണ്‌ സ്വീകരിച്ചിട്ടുള്ളത്‌. കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അടങ്ങുന്ന നിയമനിർമ്മാണസഭകളും അവയോട്‌ ഉത്തരവാദിത്വമുള്ള മന്ത്രിസഭകളും ഭരണം നടത്തുന്ന പാർലിമെന്ററി ജനാധിപത്യമാണ്‌ നമുക്കുള്ളത്‌. എന്നാൽ ജനങ്ങൾക്കുവേണ്ടി ജനങ്ങൾ നടത്തുന്ന യഥാർത്ഥ ജനകീയ ജനാധിപത്യം ഇന്നും ഒരു വിദൂരസ്വപ്നം മാത്രമാണ്‌. എൺപതുകോടിയിലേറെ ജനസംഖ്യയുള്ള ഭാരതത്തിൽ പാർലിമെന്റിലും സംസ്ഥാന നിയമസഭകളിലും കൂടിയായി ഏതാണ്ട്‌ ആറായിരം ജനപ്രതിനിധികൾ മാത്രമാണുള്ളത്‌. തന്മൂലം ഭരണതലത്തിൽ ജനതയുടെ ആവശ്യങ്ങൾ നിറവേററാൻ ഇടത്തട്ടുകാരെ ആശ്രയിക്കേണ്ടി വരുന്നുവെന്നൊരു വാദമുണ്ട്‌. ഈ വാദങ്ങളുടെ വെളിച്ചത്തിലാണ്‌, കേന്ദ്രഗവൺമെന്റ്‌ ഇപ്പോൾ കൊണ്ടുവന്നിട്ടുള്ള 'പഞ്ചായത്ത്‌ രാജ്‌'ബില്ലിനെ നോക്കി കാണേണ്ടത്‌.

ഈ അവസരത്തിൽ ഇന്ത്യയിലെ പ്രാദേശിക ഭരണസമ്പ്രദായത്തിന്റെ ചരിത്രപശ്ചാത്തലത്തിലേക്ക്‌ അല്പമൊന്നു കടക്കാം. ''ഇന്ത്യ അവളുടെ ഗ്രാമങ്ങളിൽ ജീവിക്കുന്നു'' എന്ന്‌ പറയാറുണ്ട്‌. ഭാരതീയ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും മുഖക്കണ്ണാടിയാണ്‌ ഭാരതീയ ഗ്രാമങ്ങൾ. ചക്രവർത്തിമാരും രാജാക്കന്മാരും ഭരണം നടത്തിയിരുന്ന കാലഘട്ടങ്ങളിലും ഭാരതീയ ഗ്രാമങ്ങളിൽ ജനകീയ ഭരണസമ്പ്രദായം നിലവിലിരുന്നു. ഗ്രാമപഞ്ചായത്തുകളാണ്‌ ഗ്രാമങ്ങളിലെ ഭരണകാര്യങ്ങൾ നോക്കിയിരുന്നത്‌. ഗ്രാമത്തിലെ പ്രമാണിമാരടങ്ങുന്ന ഒരഞ്ചംഗ സമിതിയാണ്‌ ഗ്രാമപഞ്ചായത്തുകൾക്ക്‌ നേതൃത്വം നൽകിയിരുന്നത്‌. ഇവ മിക്കപ്പോഴും ധനവാന്മാരുടെയും മേൽജാതിക്കാരുടെയും സ്വാധീനത്തിലും നിയന്ത്രണത്തിലുമായിരുന്നു. ഈ ഭരണസമിതികൾ നിയമാധിഷ്ഠിതമോ ഏകീകൃതസ്വഭാവമുള്ളതോ ആയിരുന്നില്ല.

ഇംഗ്ലണ്ടിൽ ഒരു നൂററാണ്ടിന്‌ മുൻപുതന്നെ നിയമാധിഷ്ഠിതമായ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നിരുന്നു. ബ്രിട്ടീഷ്‌ ഭരണം ഇന്ത്യയിലെ ഗ്രാമപഞ്ചായത്തുകൾക്കും നിയമാടിസ്ഥാനം നൽകുന്നതിന്‌ ചട്ടങ്ങൾ കൊണ്ടുവന്നു. ബ്രിട്ടീഷ്‌ ഭരണം നിലവിലിരുന്ന പ്രോവിൻസുകളിൽ 1920-കളിൽ നിയമാനുസൃത പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നിരുന്നു. സ്വാതന്ത്ര്യസമ്പാദനത്തിനുശേഷം ഇത്തരം സ്ഥാപനങ്ങൾവഴി അധികാരം ജനങ്ങളിലേക്ക്‌ കൈമാറുന്ന വിഷയം സജീവ ചർച്ചാവിഷയമായി. അധികാരം പാർലമെന്റിലും സംസ്ഥാനനിയമസഭകളിലും കേന്ദ്രീകരിക്കുന്ന ഭരണഘടനാ വ്യവസ്ഥകളാണ്‌ അന്ന്‌ നിലവിൽ വന്നത്‌.

സ്വാതന്ത്ര്യസമ്പാദനം തൊട്ട്‌തന്നെ വികസന പ്രവർത്തനങ്ങൾക്ക്‌ ജനപങ്കാളിത്തവും സഹകരണവും നേടേണ്ടത്‌ ആവശ്യമാണെന്ന അഭിപ്രായം പ്രബലമായിക്കൊണ്ടിരുന്നു. ആസൂത്രിത വികസന പ്രക്രിയ, മുകളിൽനിന്നടിച്ചേല്പിക്കലല്ല മറിച്ച്‌ താഴത്തെ തലത്തിൽത്തന്നെ ആരംഭിക്കലാണ്‌ ചെയ്യേണ്ടതെന്ന കാര്യം തർക്കമററ സംഗതിയാണ്‌. രണ്ടാം പഞ്ചവൽസരപദ്ധതിയുടെ ആരംഭഘട്ടത്തിൽത്തന്നെ അതായത്‌ 1957–ൽ ദേശീയ വികസനസമിതിയുടെ ശുപാർശപ്രകാരം പ്രാദേശിക ഭരണസംവിധാനം നടപ്പിലാക്കുന്ന കാര്യങ്ങളെക്കുറിച്ച്‌ ശുപാർശചെയ്യാൻ ബൽവന്ത്‌റായ്‌മേത്ത ചെയർമാനായി ഒരു കമ്മററി നിയമിക്കപ്പെട്ടു. പഞ്ചായത്ത്‌ തലത്തിൽ ജനങ്ങൾ നേരിട്ട്‌ തെരഞ്ഞെടുക്കുന്ന ഭരണസമിതിയും അതിനു മുകളിൽ ബ്ലോക്ക്‌തലത്തിൽ പഞ്ചായത്ത്‌ അംഗങ്ങളിൽനിന്ന്‌ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു ബ്ലോക്ക്‌ കൗൺസിലും ജില്ലാതലത്തിൽ ഉദ്യോഗസ്ഥാനുദ്യോഗസ്ഥൻ അടങ്ങുന്ന ഒരു ഉപദേശകസമിതിയും ഉൾക്കൊള്ളുന്ന പ്രാദേശികഭരണസമ്പ്രദായമാണ്‌ ബൽവന്ത്‌റായ്‌മേത്ത കമ്മററി വിഭാവനം ചെയ്തത്‌. എന്നാൽ ഈ ശുപാർശകൾ നടപ്പിൽ വരുത്തുവാൻ ഭരണം കയ്യാളിയിരുന്നവർ തയ്യാറായിരുന്നില്ല. ഉന്നത തലത്തിൽ കേന്ദ്രീകരിച്ചിട്ടുള്ള അധികാരം താഴത്തെ തലത്തിലേക്ക്‌ വിട്ടുകൊടുക്കുന്ന പ്രക്രിയയാണ്‌ അധികാര വികേന്ദ്രീകരണം. അധികാരം നേടിയാൽ അത്‌ കൈവിടുന്ന കാര്യത്തിലുള്ള വിമുഖത ഇക്കാര്യത്തിൽ പ്രകടമായിരുന്നു.

ഇരുപതുകൊല്ലത്തിനുശേഷം വീണ്ടും 1977–ൽ അധികാര വികേന്ദ്രീകരണത്തിനും പ്രാദേശിക ഭരണസംവിധാനത്തിനുമുള്ള ശുപാർശകൾ സമർപ്പിക്കുവാൻ അശോക്‌മേത്ത ചെയർമാനായി മറെറാരു കമ്മീഷൻ നിയമിക്കപ്പെട്ടു. ഒരു ത്രിതല പ്രാദേശിക ഭരണസംവിധാനം ശുപാർശചെയ്ത ഈ കമ്മീഷൻ റിപ്പോർട്ടും കടലാസിൽ സ്ഥാനംപിടിച്ചുമാത്രമേയുള്ളു. പിന്നീട്‌ 1989 വർഷാരംഭത്തിലാണ്‌ ഇത്തരം ഭരണസമ്പ്രദായങ്ങളെപ്പററി കാര്യമായെന്തെങ്കിലും പറഞ്ഞുകേൾക്കുന്നത്‌.

# बढते जाओ

तुम हो भारत के संतान ।
आगे कदम बढाना ।।
हताश, नीराश होके ।
रास्तेमे रुक ना जाना ।।
वह देखो उद्यान खीला है ।
लगता बहुत सुहाना ।।
पर मत जाना वहां ।
तुम नही उसके नीर्माता ।।
ढुंढके कीसी वीरान जगह को ।
छोटा सा एक बाग लगाना ।
मृत्यु की दुर्गंध हटाके ।
फुलो की खुशबु फैलाना ।।

**Bhavana Mehta**
M Sc. Final (Zoology)

---

नवीन बेकार व्यक्ति पैदा होते हैं उन सब के लिए काम नहीं ढूंढा जा सकता। इसलिए बेकारी की समस्या को दूर करने की दनता की माँग के बल पकडने पर भारत सरकार की पंचवर्षीय योजना के उद्देश्य के अनुसार कई लाख व्यक्तियों को रोजगार मिलने की सम्भावना है। अनुमान है की उनमें से ४० प्रतिशत व्यक्तियों को नगरों में रोजगर मिलेग और ५३ प्रतिशत व्यक्तियों को ग्रामों में रोजगार मिलेगा।

पर समस्या इतनी सरल नहीं कि इसको बातों से हल किया जा सके। देश की जनसंख्या प्रतिवर्ष बडे जोरों से बढ रही है जिस कारण प्रतिवर्ष तीस लाख से अधिक नए व्यक्तियों को काम देना सरल नहीं है। इस प्रकार यह स्पष्ट है कि समस्या को स्थायी रूप से सुलझाने के लिए देश की बढती हुई जनसंख्या को रोका जाए। बेकारी से प्रजाजन में असन्तोष फैल जाता है। कभी–कभी यह असन्तोष इतना भयंकर रूप धारण कर लेता है।

इस समस्या केलिए बहुत कुछ किया गया है और बहुत कुछ किया जाना बकी है।

# भारत में स्त्रीशिक्षा

कुछ समय पूर्व भारत में स्त्री शिक्षा को हानिप्रद समझा जाता था। आज भी स्त्रीशिक्षा के विरोधी कुछ लोग हैं। उनका कथन है कि शिक्षिता नारी आदर्श पत्नी और आदर्श माता नहीं बन सकती। क्योंकि विवाह के बाद उसका बहुत सा समय पुस्तकों कि पढाई में बीतने लगता है। जिससे उसके पास पतिसेवा और बच्चों के पालन के लिए अवकाश ही नहीं रहता। साहित्यिक रुची उसे घर के काम काज में लगने ही नहीं देती। शिक्षा नारी को उसे कर्त्तव्य पालन की भावना से शून्य बनाती है। और उगर यद सब सच है तो वह पति के लिए भारस्वरूप सिद्ध होगी। पति की सेवा ना करके वह पति से अपनी सेवा करवाएगी।

स्त्री का व्यक्तित्व (individuality) पुरुष के व्यक्तित्व से भिन्न है। यह जीवन संघर्ष में पडकर सफलता प्राप्त नहीं करती, क्योंकि स्त्री स्वभाव से कोमल भावनाओं से अलंकृत होती है। पुरुष कठोर और संघर्षो से पनपने वाला होता है। शिक्षा स्त्री को कोमल भावनाओं से शून्य करके उसमें पुरुष के प्रति घृणा का भाव भरती है। यह शिक्षा का कैसा मजाक है की उसे प्राप्त करके नारी अपने नीरत्व को हो रवो देती है।

स्त्रीशिक्षा के विरोधियों के उक्त कथन में कहाँ तक तथ्य (Facts) है, इस पर विचार करना चाहिए। क्या सूर्य का प्रकाश पुरुषों के लिए ही लाभप्रद है, स्त्रियों के लिए नहीं ? जो शिक्षा पुरुष के लिए हितवर है वह नारी के लिए हानिप्रद कैसे हो सकती है? सच्चाई तो यह है कि स्त्रीशिक्षा का जो विरोध किया जा रहा है उनका कारण केवल हमारे देश के सामान्य जन की पिछडी हुई मनोवृत्ति और अविद्या ही नहीं बलिक पुरुषों का स्वार्थ भी है। वे कदाचिद सहन नहीं कर सकते की कोई स्त्री उनका मुकाबला करे और उनसे आगे निकाले। भारत के पुरुष पन्द्रह प्रतिशत (15%) साश्रर (Literate) हैं और स्त्रियां चार प्रतिशत (4%)। ऐसी अवस्था में भारत के निरक्षर (Illecterate) जन स्त्रीशिक्षा का महत्व कैसे समझ सकते हैं ? बस, वे इतना ही जानते हैं कि शिक्षा से स्त्री बिगड जाती है। स्त्री की निर्बलता से लाभ उठाने वाले पुरुष की स्वार्थी और संकीर्ण विचारधारा भी स्त्रीशिक्षा के प्रचार में बाधक है। इन सब बातों से परे हटकर नारी के आदर्श बनने पर ही देश का भविष्य उज्ज्वल बन सकेगा। भारत उन्नति के पथ पर बढ कैसे सकता है, जब उसकी महिलाएँ अन्धकार और निरक्षरता के गढ़े में गिरी हों। स्त्रियों की अरिक्षा भारत की प्रगति (Piogress) में एक बहुत बडी बाधा है। एक पुरुष की शिक्षा तो उसी तक सीमित रहती है, पर नारी की शिक्षा उसके परिवार और उसके बच्चों में फैलती है स्त्रीशिक्षा आज प्रधान चर्चा का विषय है। भारत सरकार का शिक्षा विभाग आज स्त्रीशिक्षा के अधिक प्रचार केलिए सचेष्ट है।

कुछ लोगों का निश्चय है की घर का काम–काज करने, बच्चे पैदा करने और उनका पालन पोषण करने के लिए स्त्री का जन्म हुआ है। यह धारण झूठी है, क्योंकि स्त्री सुख–दुख की संगिनी है। पूर्ण शिक्षिता होने पर तो नारी अधिक आशा प्रयान करने वाली होगी। इसलिए स्त्री शिक्षा पारिवारिक सुख शान्ति के लिए और देश का गौरव बढाने के लिए परम आवश्यक है।

कमलेश कौर
II बी. कॉ.

# देश की रक्षा मे

यह देश है हमारा वीरों का
यह देश है किसानों का
कष्ठों में डूब दिन - रात,
न जाने वे अपना प्रतिफल ।
अनिष्ट सेवा है उनके
अंदा बना हमारे आंखे उनपर
यह नही बूलना भारतीय होकर
त्यागी बनों देश के निर्माण पर
सूरज रश्मी की तीव्र कम्तन्न से
उत्तेज हो देश कि रक्षा मे
महान है जो देश हमारा, सदैव अमर रहे ।
दिल पर खिला स्नेह का फूल
जगाए सब देश पौरों को
उठे सब कर्तव्य दायक बनकर
तब बहा गंगा वीर रक्त कि धाय से
रात दिन बीत गए, ठंडा, गरम, हवा उठा
पर निश्चिन्न रहे सिपाई देश रक्षा में
अब कहो सब माधुर्य वाणी उठाकर
"मैं करता हूँ देश की रक्षा"

**Sathyakeerthy T.**
II B Sc (Chemistry)



പ്രതിമയുടെ കൈകളും
തലയോടും, ഒപ്പം
കലാകാരന്റെ ശില്പചാതുരിയും
നമുക്ക് നഷ്ടമാകുന്നു.
ശില്പാവശിഷ്ടങ്ങൾ
ഫോസിലുകളായി രൂപം
പ്രാപിച്ചെങ്കിൽ എന്നാശിച്ചുപോകുന്നു.

—ഒററക്കൽ പ്രതിമ—



നിർമ്മാതാവിന്റെ
വൈഭവത്തെ പ്രശംസിയ്ക്കാൻ
ഒരുമ്പെടാതെ,
ദർശനമാത്രയിൽ
നമ്മിലുളവാകുന്ന ഉദ്ദീപന
ങ്ങളിൽ മുഴുകി
നാം
വിരാജിക്കുന്നു.

അന്ന്,
അമ്പലങ്ങളിലും
ഗോപുരങ്ങളിലും
സ്ഥാനം പിടിച്ചിരുന്ന
ബിംബങ്ങൾ
ഇന്ന്,
നാൽക്കവലകളിൽ
നോക്കുകുത്തികളാകുന്നു.



ഖജുരാഹോയിലെ ഒരു ശില്പം

നടരാജ വിഗ്രഹം



കലാസമ്പത്ത്
വിപണനരംഗത്ത് വരുമ്പോഴും
കലാകാരന്റെ സൂക്ഷ്മതയും
സാമർത്ഥ്യവും
അടിയറവ് പറയുന്നു.



ജപ്പാനിലേയ്ക്ക് കയറ്റി അയച്ച
അവലോകിതേശ്വര
പ്രതിമയുടെ നിർമ്മാണത്തിനിടയിൽ

സാങ്കേതിക വിദ്യകളുടെ
സഹായമില്ലാതെ,
അനേക വർഷങ്ങളുടെ
നിരന്തര പ്രയത്നത്തിന്റെ
ഫലമാണ്
ഈ ശില്പങ്ങൾ
അവ നഷ്ടമായിക്കൂടാ.......

പാമിറയിലെ ചില ശിൽപ്പങ്ങൾ



കാലങ്ങളൊക്കെ
അന്നും ഇന്നും വലിയ
മാറ്റങ്ങളുണ്ടായിട്ടില്ല.
ശില്പിയുടെ പക്വതയും
സാമർത്ഥ്യവും
സഹൃദയന്റെ
ആസ്വാദനാപാടവവും
ഇന്നില്ലാതായിരിക്കുന്നു.

നാം
തിരക്കിലാണല്ലോ അല്ലേ?
എല്ലാം ''ഇൻസ്റ്റന്റ്''ലാ
കലയാണ്
നമ്മുടെ കാഴ്ചയും
അതിനൊപ്പം"
വർത്തിക്കുന്നതിൽ
എന്തത്ഭുതം?



കലാലയത്തിൽ നിന്നും
ഇവർ വിരമിക്കുന്നു.

സൂവോളജി വിഭാഗത്തിലെ
പ്രൊഫ : അപ്പുക്കുട്ടൻ

ഇംഗ്ലീഷ് വിഭാഗത്തിലെ
പ്രൊഫ : നാരായണൻ നായർ

മാത്തമാററിക്സ് വിഭാഗത്തിലെ
പ്രൊഫ : ദേവസ്സി

............യാത്രാമംഗളങ്ങൾ

# സുരക്ഷിതമായ ഭാവിയുടെ സുനിശ്ചിതമായ മാർഗരേഖ

കേരള സർക്കാരിന്റെ **ഭദ്രത** സാമൂഹ്യ സുരക്ഷിതത്വ പദ്ധതി

- വെറും 60 മാസംകൊണ്ട് നിക്ഷേപം ഇരട്ടിക്കുന്നു.
- കാലാവധി പൂർത്തിയായ ശേഷവും 'നിക്ഷേപം ഇരട്ടിക്കുകയാണെങ്കിൽ നിക്ഷേപസംഖ്യക്ക് ആനുപാതികമായ തുക പ്രതിമാസം പെൻഷൻ
- മൂന്നു വർഷത്തിനുശേഷം എപ്പോൾ വേണമെങ്കിലും നിക്ഷേപം പലിശ സഹിതം പിൻവലിക്കാം.
- നിക്ഷേപങ്ങൾ ഗവൺമെന്റ് സെക്യൂരിറ്റിയായും, കെ.എസ്.എഫ്.ഇ. വായ്പാ പദ്ധതികൾക്കും ചിട്ടികൾക്കും ജാമ്യമായും സ്വീകരിക്കുന്നു.
- വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ പേരിൽ നിക്ഷേപം ആരംഭിക്കാം. കൂടാതെ അവകാശിയെ നാമ നിർദ്ദേശം നടത്തുവാനും സൗകര്യം.
- 100 രൂപയോ, അതിന്റെ ഗുണിതങ്ങളോ ആയി നിക്ഷേപം സ്വീകരിക്കുന്നു.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിന്റെ നൂറോളം ശാഖകളിൽ നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.

## KSFE

## കേരളാസ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്

പി. ബി. നമ്പർ 510 രജി : ഓഫീസ് 'ഭദ്രത'

മ്യൂസിയം റോഡ്, തൃശൂർ–680 020

INVEST IN BHADRATHA • INVEST IN BHADRATHA • INVEST IN BHADRATHA • INVEST IN BHADRATHA



**With Best Compliments From**

**ARUN MEDICALS**

Perumanur jn.

Cochin - 15

Phone : 361358

## ഞങ്ങളുടെ നന്ദി

സ്മരണികയ്ക്ക് രൂപവും ഭാവവും നൽകുമ്പോൾ
ഞങ്ങളെ സഹായിച്ചവരോടുള്ള
നന്ദി നിസ്സീമമാണ്.
ഇലസ്ട്രേഷൻ നിർവ്വഹിച്ച
എറണാകുളം ബ്ലോക്സിലെ ബോധൻ.,
കാമ്പസിലെ എ. ജി. പ്രകാശ്,
ബ്ലോക്കുകൾക്ക് രൂപം നൽകിയ
വിൻസന്റ്, റഫീക്ക്,
മുദ്രണം നിർവ്വഹിച്ച ഓറിയന്റ്
പ്രിന്റേഴ്സിലെ [illegible]
ബാലചന്ദ്രൻ, സഹപ്രവർത്തകർ
എന്നിവരോടുള്ള ഞങ്ങളുടെ കടപ്പാട്
ഒരു വാക്കിലൊതുക്കുന്നത് തെറ്റാണെന്നറിയാം..........എങ്കിലും നന്ദി.



ഇതൊരു പൂക്കാലം, മാത്രം,
വർഷത്തിനും വേനലിനും
മാറി മാറി അണയുന്ന
ദുഃഖക്കാലം വേർതിരിക്കാനാകാത്ത
പ്രതീക്ഷയുടെ പൂക്കാലം,
താമര നൂലുപോലെ....—

# COURSES FOR ANY KIND OF JOB CHALLENGE

## COMPUTER COURSE OF GOVERNMENT OF INDIA

For B.Sc./B.Com. Graduates and
PDC 1st, 2nd or 4th Group Passed



## DATA PREPARATION AND COMPUTER SOFTWARE

### OTHER COMPUTER COURSES

- POST GRADUATE DIPLOMA IN COMPUTER APPLICATIONS
- POST GRADUATE HONORS DIPLOMA IN COMPUTER APPLICATIONS
- POST GRADUATE DIPLOMA IN COMPUTER SCIENCE
- DIPLOMA IN COMPUTER SCIENCE
- DIPLOMA IN ADVANCED COMPUTER PROGRAMMING
- DIPLOMA IN COMPUTER APPLICATIONS
- COBOL PROGRAMMING
- BASIC PROGRAMMING
- COMPUTER CONSOLE OPERATOR
- d Base III
- d Base III plus
- WORD STAR
- LOTUS 1.2.3
- WORD PROCESSING

### I T I COURSES
(NCVT, GOVT. OF INDIA)

- DATA PREPARATION AND COMPUTER SOFTWARE
- STENOGRAPHY (ENGLISH)
- ELECTRONIC MECHANIC
- FITTER
- ELECTRICIAN
- SECRETARIAL PRACTICE
- PLUMBER
- DRAUGHTSMAN CIVIL

DAY AND EVENING BATCHES
DEGREE, PDC, SSLC STUDENTS/
EMPLOYEES CAN APPLY

REMIT RS. 10/- DIRECTLY
OR BY MO FOR PROSPECTUS.

### DEGREE COURSES
(Recognised by Central & State Govts)

- **AMIE** (All branches Studentship, Section A & B)
- **AMIETE** (Studentship, Section A, Section B)
- **AMAeSI** (Studentship, Section A, Section B)

### DIPLOMA COURSES

3 YEAR DIPLOMA IN ELECTRONICS (DIP IETE)

- DIPLOMA IN AUTOMOBILE ENGINEERING
- DIPLOMA IN ELECTRONICS
- TELEVISION & VIDEO SERVICING
- VIDEOGRAPHY

## SKILTEK EDUCATIONAL INSTITUTIONS

(Incorporating Skiltek Industrial Training Centre for Computer and Process Instrumentation, An affiliate of NCVT, Govt. of India.)

SIVARAMA MENON ROAD, LISIE JN., COCHIN-682 018.

TEL: 362736, 354527 GRAMS: SKILTEK. TELEX: 0885-6447 SKIT IN

*ULTIMATE GOAL-EXCELLENCE*